നിയമസഭ വൈകുന്നേരം 4.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. സുന്ദരൻ നാടാരുടെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ വീണ്ടും യോഗം ചേർന്നു.

# VI. നിയമനിർമ്മാണകാര്യം

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനും ഫീസ് നിശ്ചയിക്കുന്നതിനും ഉള്ള നടപടിക്രമവും) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനും ഫീസ് നിശ്ചയിക്കുന്നതിനും ഉള്ള നടപടിക്രമവും) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ആദ്യമായി സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജനകുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങൾക്ക് സംസാരിക്കാം. അഞ്ച് മിനിട്ടിൽ തീർക്കണം. അഞ്ച് മിനിട്ടുകൊണ്ട് പറയേണ്ടത് പറയാം. ഏഴരമണിക്കെങ്കിലും തീർക്കേണ്ടതുകൊണ്ടാണ് പറയുന്നത്.

ശ്രീ. മത്തായി ചാക്കോ: വിയോജനകുറിപ്പ് രേഖപ്പെടുത്തുന്നു. സർ, ഈ ബിൽ നിയമസഭയിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയും അതിനെ അനുകൂലിച്ചുകൊണ്ട് നിരവധി ഭരണകക്ഷി അംഗങ്ങളും വിശേഷിച്ചും ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ മുൻ വിദ്യാഭ്യാസമന്ത്രിയായ ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ ഉൾപ്പെടെയുള്ള അംഗങ്ങൾ സംസാരിച്ച കാര്യങ്ങളും അതിനുശേഷം ഗവൺമെന്റ് എടുത്ത നിലപാടും തമ്മിൽ വളരെയേറെ അന്തരമുണ്ട്. പ്രതിപക്ഷത്തിന്റെ കൂടി പിന്തുണയോടെ ഒരു സമവായം ഉണ്ടാക്കിക്കൊണ്ട് ഈ ബിൽ പാസാക്കുകയും അങ്ങനെ പാസാക്കുന്ന ബില്ലിന്റെ മേൽ മറ്റ് നിയമ കുരുക്കുകളൊന്നും വരാതിരിക്കാൻ ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽ പെടുത്താൻ പാർലമെന്റിൽ അത് അവതരിപ്പിച്ച് പാസ്സാക്കിയെടുക്കുന്നതിനും യോജിച്ച ഒരു നിലപാട് ഉണ്ടാകണമെന്ന നിലപാടാണ് ആദ്യം പറഞ്ഞത്. ആ നിലപാടിൽ നിന്ന് വഞ്ചനാപരമായ ഒരു സമീപനം സ്വീകരിച്ചുകൊണ്ട് ഭരണകക്ഷി കേരളത്തിലെ സ്വകാര്യ മാനേജ്മെന്റുകൾക്ക് പൂർണ്ണമായി കീഴടങ്ങിയ ലജ്ജാകരമായ അവസ്ഥയിലാണ് ഇപ്പോൾ സബ്ജക്ട് കമ്മിറ്റിയുടെ ഭേദഗതിയോടുകൂടി ഈ ബിൽ വീണ്ടും വന്നിരിക്കുന്നത്. ഇവിടെ കർണ്ണാടക സംസ്ഥാനത്ത് കോൺഗ്രസ് നേതൃത്വം ഭരിച്ചതും ഇപ്പോൾ മുന്നണിയായിട്ട് ഭരിക്കുന്നതും നാലു മാസം മുമ്പ് ഇവിടെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റി, ജസ്റ്റിസ് കെ. ടി. തോമസ് കമ്മിറ്റി വന്നതുപോലെ ജസ്റ്റിസ് എ. വി. മർഗോഡ് ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റി അവിടെ വരികയുണ്ടായി. മർഗോഡ് ചെയർമാനായ കമ്മിറ്റി അവിടെ നടത്തിയിട്ടുള്ള ശുപാർശയെങ്കിലും, അവരുടെ പൊതു നിലപാടെങ്കിലും അംഗീകരിക്കാൻ നിങ്ങൾ തയ്യാറുണ്ടോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയുണ്ട്. ഞാൻ അങ്ങയോട് ചോദിക്കുകയാണ് അവിടെ മാനേജ്മെന്റുകൾ ഒരു കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. കോമിഡ് കെ. എന്നാണ് അതിന്റെ പേര്. Consortium of Medical, Engineering and Dental Colleges of Karnataka എന്ന പേരിൽ ഒരു കൺസോർഷ്യം മാനേജ്മെന്റുകൾ കർണ്ണാടകയിൽ രൂപീകരിച്ചിട്ടുണ്ട്. അതിന്റെ ചെയർമാനായി പ്രവർത്തിക്കുന്നത് ശ്രീ. ആർ. എൽ. ജാലപ്പയാണ്. ആർ.എൽ. ജാലപ്പ കർണ്ണാടകയിലെ ഏറ്റവും മുതിർന്ന കോൺഗ്രസ് (ഐ)-യുടെ നേതാവാണ്. അദ്ദേഹം അവിടെ ഒരു മെഡിക്കൽ കോളേജിന്റെ മാനേജരാണ്. ഈ Commid K എന്നു പറയുന്ന Consortium of Medical, Engineering and Dental Colleges-ന്റെ ചെയർമാനാണ് അദ്ദേഹം. അവർ അവിടെ എടുത്ത നിലപാട് സംബന്ധിച്ച് കർണ്ണാടക ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള ഫീസ് ഘടനയും മറ്റ് സംഗതികളും ഉണ്ട്. അതിൽ പോലും നിൽക്കാൻ സന്നദ്ധമാകാത്ത രൂപത്തിലേയ്ക്ക് കേരളത്തിലെ സ്വകാര്യ മാനേജ്മെന്റുകൾക്ക് കീഴടങ്ങിയ നിലപാടാണ് ഇവർ സ്വീകരിച്ചിട്ടുള്ളത്. രണ്ടു മിനിട്ടുകൊണ്ട് ലീഗിന്റെ ഗതികേടിനെപ്പറ്റി പറയാതെ പോകാൻ പറ്റില്ല. ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയോട് ആദ്യം ചെറിയ തോതിൽ അനുഭാവം ഞങ്ങൾക്ക് ഉണ്ടായിട്ടുള്ളത് അദ്ദേഹം ബിൽ അവതരിപ്പിച്ചുകൊണ്ട് സമവായത്തിന്റെ കാര്യം പറഞ്ഞു. തുടർന്ന് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറും ഇക്കാര്യം പറഞ്ഞു. അതിനുശേഷം മുസ്ലീം ലീഗിന്റെ ആൾക്കാർക്ക് എന്തു പറ്റി എന്നാണ് ഞാൻ ആലോചിക്കുന്നത്. അവരെടുത്ത നിലപാടിന്റെ മുകളിലെങ്കിലും ഈ പ്രശ്നത്തിൽ ഉറപ്പു നൽകുന്നതിൽ എന്തുകൊണ്ട് കഴിഞ്ഞില്ല? ഇവിടെ സബ്ജക്ട് കമ്മിറ്റി യോഗത്തിൽ ചെന്നപ്പോൾ അതിലുണ്ടായിരുന്ന പ്രതിപക്ഷ മെമ്പർമാർ അന്തം വിട്ടുപോയി. ആ കമ്മിറ്റിയിൽ ഇല്ലാത്ത, ബഹുമാനപ്പെട്ട സ്പീക്കറുടെ പ്രത്യേക പെർമിഷനോടുകൂടി സ്വകാര്യ മാനേജ്മെന്റുകൾക്കു വേണ്ടി വാദം നടത്താൻ വേണ്ടി ഒരു വക്കീലിനെപ്പോലെ ഒരു മന്ത്രി അവിടെ വന്നു. ഈ സമവായത്തെ അട്ടിമറിച്ചു.

<u>ശ്രീ. പി. ജയരാജൻ</u>: ബഹുമാനപ്പെട്ട മത്തായി ചാക്കോ ലീഗിന്റെ നിസ്സഹായാവസ്ഥയെപ്പറ്റിയാണ് പറഞ്ഞത്. ഇതിനോടകം വളരെ അറിയപ്പെട്ട സംഭവമാണ് മാറാട് സംഭവം. ആ മാറാട് സംഭവ സ്ഥലത്ത് പോകാൻ വേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടിയും ബഹുമാനപ്പെട്ട മുനീറും സംഭവ സ്ഥലത്തേയ്ക്ക് പുറപ്പെടാൻ തുടങ്ങിയപ്പോൾ ആർ.എസ്.എസ്-ന്റെ പ്രതിനിധികൾ വന്നിട്ട് കുഞ്ഞാലിക്കുട്ടിയെയും മുനീറിനേയും അങ്ങോട്ട് വിടില്ല എന്നു പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉറച്ച നിലപാട് എടുത്തു. ഞാൻ മാത്രമേ പോകുന്നുള്ളു എന്ന്. അങ്ങനെ R.S.S.-ന്റെ ആവശ്യങ്ങൾക്ക് വഴങ്ങി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. . മത്തായി ചാക്കോ : അങ്ങ് പറഞ്ഞത് തീർത്തും ശരിയാണ്. ലീഗിന്റെ ആൾക്കാർക്ക് എന്തുപറ്റിപ്പോയി എന്നാണ് മനസ്സിലാകാത്തത്. ഈ മുഖ്യമന്ത്രിയെ എന്തുകൊണ്ട് നിങ്ങൾ ഇങ്ങനെ ഭയപ്പെടുന്നു എന്ന് ഞാൻ അത്ഭുതപ്പെടുകയാണ്. ബഹുമാനപ്പെട്ട ജയരാജൻ പറഞ്ഞതുൾപ്പെടെ മുഖ്യമന്ത്രിയുടെ ന്യൂനപക്ഷ വിരുദ്ധ പ്രസ്താവന പിൻവലിക്കുന്ന കാര്യത്തിൽ കീഴടങ്ങി. അതുപോലെ മാറാട് പ്രശ്നത്തിൽ കീഴടങ്ങി, തൊഗാഡിയ പ്രശ്നത്തിൽ കീഴടങ്ങി, 2000-ൽ വന്നിട്ടുള്ള നരേന്ദ്രൻ കമ്മീഷന്റെ റിപ്പോർട്ടിനെ സംബന്ധിച്ച പ്രശ്നത്തിൽ നിങ്ങൾ സമ്പൂർണ്ണമായും കീഴടങ്ങി. കിളളി സംഭവത്തിൽ കീഴടങ്ങി. എന്തോ ഒന്ന് മുഖ്യമന്ത്രി നിങ്ങളെ സംബന്ധിച്ച് പിടിച്ചു വച്ചിട്ടുണ്ട്. ഈ പ്രശ്നത്തിൽ നിങ്ങളുടെ പഴയ വിദ്യാഭ്യാസമന്ത്രിയും ഇപ്പോഴുള്ള വിദ്യാഭ്യാസമന്ത്രിയും പറഞ്ഞ കാര്യങ്ങൾ നടപ്പാക്കുന്നതിൽ നിന്ന് നിങ്ങൾ പുറകോട്ട് പോകുകയാണ്. എനിക്ക് തോന്നുന്നത് കേരളത്തിലെ മുഖ്യമന്ത്രി ഇപ്പോൾ നേരെചൊവ്വേ ഒന്ന് കണ്ണുരുട്ടി നോക്കിയാൽ പ്രബലർ എന്നു പറയുന്ന ലീഗുകാരുടെ പല നേതാക്കളും അവരുടെ അടിവസ്ത്രം നനയുന്ന അവസ്ഥയിലേയ്ക്ക് എത്തിയിട്ടുണ്ട് എന്ന് ഞാൻ ശങ്കിക്കുന്നു. എന്താണ് ഉണ്ടായത് എന്ന് എനിക്കറിയില്ല. എനിക്ക് ബഹുമാനപ്പെട്ട ലീഗിന്റെ പ്രവർത്തകരോട് പറയാനുള്ളത് ഈ മുഖ്യമന്ത്രിയെ നിങ്ങൾ വിശ്വസിക്കരുത്. ഞാൻ കഴിഞ്ഞ ഒരാഴ്ച മുമ്പ് മുഖ്യമന്ത്രിയുടെ ഓഫീസിൽ ഒരു മെമ്മോറാണ്ടം കൊടുക്കാൻ പോയി. പുറത്തു വന്നപ്പോൾ ഭരണകക്ഷിയിലെ ബഹുമാനപ്പെട്ട ഒരംഗം എന്നോട് പറഞ്ഞു, വെറുതെ സമയം കളയുന്നതെന്തിനാണ് അതിലും നല്ലത് സെക്രട്ടേറിയറ്റിനു മുന്നിലെ മാധവരായരുടെ പ്രതിമയ്ക്കു മുന്നിൽ പോയി ആ മെമ്മോറാണ്ടം അവിടെ വെച്ചാൽ എന്തെങ്കിലുമൊരു ചലനം ആ പ്രതിമയ്ക്ക് ഉണ്ടാകും. ഇവിടെ വെറുതെ കൊടുക്കേണ്ട എന്ന്. മുഖ്യമന്ത്രിയിൽ നിങ്ങൾ പ്രതീക്ഷ വയ്ക്കേണ്ട എന്നു ഞാൻ സൂചിപ്പിക്കുന്നു. ഈ ബില്ലിനെ സംബന്ധിച്ച് സുപ്രീം കോടതി മൂന്നു കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ആ മൂന്നു കാര്യങ്ങൾ 1. ഫീസ് ഘടനയും മറ്റും നിശ്ചയിക്കുന്ന സമയത്ത് റണ്ണിംഗ് എക്സ്പെന്റീച്ചർ മാത്രമേ കണക്കാക്കാവൂ 2. 10% ലാഭ വിഹിതം എടുക്കാം. മാർജിനൽ പ്രോഫിറ്റ് എന്ന നിലയ്ക്ക് 10% ലാഭമെടുക്കാം. 3. ഫീസ് ഘടന കണക്കാക്കുന്ന സമയത്ത് ഒരു കാരണവശാലും ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് അതിന്റെ കൂടെ കണക്കാക്കിക്കൂടാ എന്നുള്ള കാര്യമാണ് സുപ്രീം കോടതി പറയുന്നത്. ഈ വിധി പുറപ്പെടുവിച്ച സുപ്രീം കോടതിയുടെ അഞ്ചംഗ ബഞ്ച് രണ്ടു കമ്മിറ്റികൾ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യണമെന്നു പറഞ്ഞു. ആ രണ്ട് കമ്മിറ്റികൾ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നതിന്റെ ഒരു സൂചനപോലും ഈ ബില്ലിൽ വന്നിട്ടില്ല. ആ രണ്ട് കമ്മിറ്റികളിൽ ഫീസിന്റെ ഘടന തീരുമാനിക്കാൻ ഒരു കമ്മിറ്റി. അഡ്മിഷന്റെ മോഡാലിറ്റീസ് പരിശോധിക്കാൻ ഒരു കമ്മിറ്റി. ഇവിടെ ജസ്റ്റിസ് കെ. ടി. തോമസ് കമ്മിറ്റിയെ വച്ചു. അതിപ്പോൾ കോൾഡ് സ്റ്റോറേജിലായി. ഈ രണ്ടു കമ്മിറ്റികൾ വച്ചുകൊണ്ട് മാനേജ്മെന്റ് ക്വോട്ടയിലും അതുപോലെ തന്നെ അൺ എയ്ഡഡ് പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനം സംബന്ധിച്ച സുപ്രീം കോടതിയുടെ നിർദ്ദേശം പോലും ഇവിടെ മറികടന്നിരിക്കുകയാണ്.

ശ്രീ. കെ. സി. ജോസഫ് : അങ്ങ് ഇവിടെ പറഞ്ഞതുപോലെ സുപ്രീം കോടതി പറഞ്ഞ ഫീസിന്റേയും അഡ്മിഷന്റേയും കമ്മിറ്റിയാണ് കേരളത്തിലെ കെ. ടി. തോമസ് കമ്മിറ്റി. വ്യത്യാസമൊന്നുമില്ല. അങ്ങ് ഞങ്ങളോട് കർണ്ണാടകത്തിലെ ജാലപ്പ കമ്മിറ്റിയെ അംഗീകരിക്കാമോ എന്നു ചോദിച്ചു. ഞാൻ ചോദിക്കട്ടെ സുപ്രീം കോടതി പറഞ്ഞ കെ. ടി. തോമസ് കമ്മിറ്റി ശുപാർശ അംഗീകരിക്കാൻ തയ്യാറുണ്ടോ? കേരളത്തിലെ ഭരണഘടനാപരമായ കമ്മിറ്റിയാണ് കെ. ടി. തോമസ് കമ്മിറ്റി. ആ കമ്മിറ്റിയുടെ ശുപാർശകൾ അംഗീകരിക്കാൻ നിങ്ങൾ തയ്യാറുണ്ടെങ്കിൽ നമുക്ക് ഇത് ഇവിടെ വച്ച് അവസാനിപ്പിക്കാം.

ശ്രീ. മത്തായി ചാക്കോ: ജസ്റ്റിസ് കെ. ടി. തോമസ് കമ്മിറ്റിയുടെ ശുപാർശകൾ നിങ്ങൾ അംഗീകരിക്കുന്നില്ലല്ലോ? വിചാരിച്ചതുപോലെ അവിടെ നടന്നില്ല. നിങ്ങൾ ആദ്യം പറഞ്ഞ നിലപാടുകളിൽ നിന്നെല്ലാം പുറകോട്ടുപോയി. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും യു.ഡി.എഫ്.-ന്റെ ലെയ്സൺ കമ്മിറ്റി കൺവീനറും ഇടപെട്ടതോടുകൂടി ശ്രീ. കെ. സി. ജോസഫ് പറഞ്ഞ നിലപാട് ഉൾപ്പെടെ എല്ലാ നിലപാടിൽ നിന്നും നിങ്ങൾ പിന്നോട്ടു പോയി. നിങ്ങൾ മാനേജ്മെന്റിന് സമ്പൂർണ്ണമായി കീഴടങ്ങി. ഈ ബില്ലിന്റെ ഭാഗമായി കേരളത്തിലെ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയോ, ഏതെങ്കിലും വിദ്യാർത്ഥി സംഘടനയോ ഈ മേഖലയിൽ പ്രവർത്തിക്കുന്ന ആരെങ്കിലുമോ കേരളത്തിന്റെ വിദ്യാഭ്യാസ പൈതൃകം കണക്കിലെടുത്തുകൊണ്ട് 50 ശതമാനത്തോളം സീറ്റ് മാനേജ്മെന്റുകൾ ഇഷ്ടംപോലെ എടുത്തോട്ടെ എന്നൊരു നിലപാട് സ്വീകരിച്ചിട്ടുണ്ടോ? ആരും സ്വീകരിച്ചിട്ടില്ല. ലീഗുകാർ പോലും അത് പറഞ്ഞിട്ടില്ല. നിങ്ങളുടെ നിലപാടെന്താണ്? ഞാൻ ഒരു കാര്യം വളരെ വ്യക്തതയോടുകൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഈ ബിൽ മാറ്റമില്ലാതെ നിയമമായാൽ ആർക്കാണ് പ്രയോജനം. ഈ കാര്യം ഇതിനകം കേരളം ശ്രദ്ധിച്ചു. കാരണം കേരളത്തിൽ നിങ്ങൾ അനുവാദം കൊടുത്ത് ആരംഭിച്ചിട്ടുള്ള സ്വകാര്യ മെഡിക്കൽ കോളേജുകാർ ഈ ബില്ലിനെ എതിർക്കുന്നില്ല. കാരണമെന്താണ്. കാരക്കോണം മെഡിക്കൽ കോളേജുണ്ട്, പുഷ്പഗിരി മെഡിക്കൽ കോളേജുണ്ട്, കോലഞ്ചേരി മെഡിക്കൽ കോളേജുണ്ട്. ഡീംഡ് യൂണിവേഴ്സിറ്റിയുടെ പരിധിയിലുള്ള മാതാ അമൃതാനന്ദമയി മെഡിക്കൽ കോളേജുണ്ട്. ആ മെഡിക്കൽ കോളേജുകളെല്ലാം ...ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് പറയുകയാണ്, കഴിഞ്ഞ വർഷത്തെ അവിടത്തെ പ്രവേശനം, അതിനു മുൻപിലത്തെ വർഷത്തെ അവിടത്തെ പ്രവേശനം, അവിടെ വാങ്ങിയിട്ടുള്ള ഫീസുകൾ, ഇതെല്ലാംവച്ച് നോക്കുമ്പോൾ കഴിഞ്ഞ വർഷവും അതിനു മുമ്പും മാതാ അമൃതാനന്ദമയി മെഡിക്കൽ കോളേജിന് ഞാൻ മനസ്സിലാക്കിയിടത്തോളം, ഞാൻ ശേഖരിച്ച വിവര പ്രകാരം 40 ലക്ഷം രൂപവരെ ഒരു സീറ്റിന് അവർ വാങ്ങിയിട്ടുണ്ട്. 25 ലക്ഷം രൂപ മുതൽ 40 ലക്ഷം രൂപ വരെ വാങ്ങിക്കൊണ്ട് 100 സീറ്റും അവർ അവിടെ വിൽപ്പന നടത്തി. പുഷ്പഗിരി മെഡിക്കൽ കോളേജിനോട് 25 സീറ്റ് നിങ്ങൾ എടുത്തോ എന്ന് ഗവൺമെന്റ് പറഞ്ഞു. അവർ കഴിഞ്ഞ വർഷം 100 സീറ്റിൽ അവിടെ അഡ്മിഷൻ നടത്തി. പുറത്ത് പറഞ്ഞത് 1,36,000 രൂപയെന്നാണ്. കോലഞ്ചേരിയിലും ഇതുപോലെ വിറ്റു. അങ്ങനെ വരുമ്പോൾ ഇപ്പോഴുള്ള ഒരു കണക്ക് പ്രകാരം.................

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): മാതാ അമൃതാനന്ദമയി കോളേജിൽ 85 ശതമാനം മെറിറ്റാണ്. 15 ശതമാനം മാത്രമാണ് അല്ലാതെ അവർ കൊടുക്കുന്നത്.

ശ്രീ. മത്തായി ചാക്കോ : ഈ ബിൽ നിയമമായാൽ 50 ശതമാനം സീറ്റ് മെറിറ്റിൽ പോകും. അപ്പോൾ ഗവണ്മെന്റ് ഫീസ് പ്രകാരം 10,000 രൂപ ഒരു മെഡിക്കൽ വിദ്യാർത്ഥിക്കുള്ള ഫീസ് കണക്കാക്കിക്കഴിഞ്ഞാൽ 50 സീറ്റിന് ഒരു മാനേജ്മെന്റിന് 5 ലക്ഷം രൂപ കിട്ടും. അവശേഷിക്കുന്ന 50 സീറ്റ് ഇന്നത്തെ മാർക്കറ്റ് റേറ്റനുസരിച്ച് നിയമത്തിൽ എഴുതിവച്ചാലും തലവരി പണം വാങ്ങുന്നതിന് ആർക്കും തടസ്സമാകുകയില്ല. ഇന്നത്തെ മാർക്കറ്റ് റേറ്റനുസരിച്ച് 20-നും 40-നും ഇടയ്ക്ക് ലക്ഷമാകും. ആവറേജ് 25 ലക്ഷംരൂപ കിട്ടിയാൽ 50 സീറ്റുകൾ വിൽപ്പന നടത്തുമ്പോൾ 10 കോടി രൂപയാണ് മാനേജ്മെന്റിന്റെ കൈയിലേയ്ക്ക് വരിക. ജസ്റ്റീസ് കെ. ടി. തോമസിന്റെ നിർദ്ദേശം നമ്മളെല്ലാം ഒന്നിച്ച് തള്ളിയല്ലോ. ബഹുമാനപ്പെട്ട കെ. സി. ജോസഫ്, നമ്മളെല്ലാം ഒന്നിച്ച് തള്ളിയ ജസ്റ്റീസ് കെ. ടി. തോമസിന്റെ നിർദ്ദേശം അംഗീകരിച്ചാൽ 100 സീറ്റാണ് മാനേജ്മെന്റുകൾക്ക് ലഭിക്കുക. എല്ലാപേരും ഫീസ് കൊടുക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഒരു മെഡിക്കൽ സീറ്റിന് 1,13,000 രൂപയാണ് കെ. ടി. തോമസ് പറഞ്ഞത്. 100 സീറ്റുകളും അങ്ങനെ പേയ്മെന്റായി കൊടുത്താൽതന്നെ അവരുടെ വരുമാനം 1,13,00,000 രൂപയാണ്. ആ 1,13,00,000 രൂപയുടെ സ്ഥാനത്ത് ഇവിടെ സമവായം പറഞ്ഞിട്ട് ഒരക്ഷരം പറയാത്തതിന്റെ കാരണം മാനേജ്മെന്റ് ഇവരെ കണ്ടു. മാനേജ്മെന്റുമായി ഇവർ ചർച്ച നടത്തി. കോട്ടയത്തും തിരുവനന്തപുരത്തും ചർച്ച നടത്തി. പലയാളുകളും അതിൽ പങ്കെടുത്തു. 10 കോടിരൂപ വരുമാനം കിട്ടുന്നവർ എന്തിന് 1,13,00,000 രൂപയുടെ പദ്ധതിയ്ക്ക് നിൽക്കണം. അങ്ങനെ മാനേജ്മെന്റുകൾ പ്രത്യേകിച്ച് കേരളത്തിലെ സ്വകാര്യ മെഡിക്കൽ കോളേജ് മാനേജ്മെന്റുകളുമായിട്ട് രാഷ്ട്രീയമായ ഒത്തുകളി നടത്തി അവിഹിതമായിട്ടുള്ള ഏർപ്പാടുകൾ നടത്തിയിട്ടാണ് പ്രതിപക്ഷത്തോട് നേരത്തെ പറഞ്ഞിട്ടുള്ള സമവായം വിട്ട് കേരളത്തിലെ സ്വകാര്യ മാനേജ്മെന്റുകൾക്ക് സമ്പൂർണ്ണമായി ഈ ഗവണ്മെന്റ് വഴങ്ങിയതെന്ന് ഞാനിവിടെ ആക്ഷേപിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് 1970-കളുടെ തുടക്കത്തിൽ വിദ്യാഭ്യാസ സമരത്തിന് നേതൃത്വം കൊടുത്ത ആളാണ്. ഞാൻ അതിന്റെ കഥകളിലേയ്ക്കൊന്നും പോകുന്നില്ല. സ്വകാര്യ മാനേജ്മെന്റുകൾക്കെതിരായി വലിയ സമരത്തിന് നേതൃത്വം കൊടുത്ത ആൾ കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് ഇതുപോലെ ലജ്ജാകരമായിട്ടുള്ള സ്ഥിതിയുണ്ടായത്............

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. വ്യവസ്ഥാപിതമായ ഒരു നിയമം നമ്മൾ ചർച്ച ചെയ്യുകയാണ്. ഡീംഡ് യൂണിവേഴ്സിറ്റി കൺകറന്റ് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ പാർലമെന്റിൽ വരേണ്ട നിയമത്തിന്റെ ഭാഗമാണ്. നമ്മൾ വ്യവസ്ഥാപിതമായ ഒരു നിയമത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ പാർലമെന്റിൽ കൊണ്ടുവരേണ്ട പ്രശ്നം ഇവിടെ കൊണ്ടുവന്ന് ഈ ചുരുങ്ങിയ..............ഇവിടെ സമാന്തര ചെയറുകളൊന്നും ഇല്ലല്ലോ. ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെയുണ്ട്.

അദ്ദേഹം പറയുന്ന എല്ലാ കാര്യത്തിനും ഞാൻ വിശദീകരണം കൊടുക്കുകയും ചെയ്യുന്നുണ്ട്. .........ഇവിടെ പ്രശ്നം പാർലമെന്റിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങൾ ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ ഇവിടെ കൊണ്ടുവരികയും, ഇതിനകത്ത് ദുരാരോപണം ഉണ്ടാക്കുന്നതിനുവേണ്ടി പരിശ്രമം നടത്തുകയും ചെയ്യുകയാണ്. എന്റെ ചോദ്യം അങ്ങനെ പാർലമെന്റിൽ പറയേണ്ട വിഷയമാണെങ്കിൽ, സിൻസിയറായ കാര്യമാണെങ്കിൽ ഇത് സി.എം.പി.-യിൽ ഉൾക്കൊള്ളിച്ച് കേന്ദ്ര ഗവണ്മെന്റിൽ ചർച്ച ചെയ്യുന്നതിനുവേണ്ടി നിങ്ങൾക്ക് മാർക്സിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോയിൽ സമ്മർദ്ദം ചെലുത്തിയാൽ പോരേ? ഈ സഭയുടെ സമയം അതിൽ കളയേണ്ട കാര്യമുണ്ടോ?

ശ്രീ. മത്തായി ചാക്കോ : ഒരു പോയിന്റ് ഓഫ് ഓർഡറുമില്ല. മലയാളത്തിൽ ഒരു ചൊല്ലുണ്ട്. ഉള്ളത് പറയുമ്പോൾ കള്ളിക്ക് തുള്ളൽ വരുമെന്ന്. ശ്രീ. തിരുവഞ്ചൂർ തുള്ളുന്നതിന്റെ അടിസ്ഥാനം നമുക്കറിയാം. ഇത് കോട്ടയം കേന്ദ്രീകരിച്ചുകൊണ്ടുള്ള ഇടപാടായതുകൊണ്ടാണ്. അതുകൊണ്ട് 50 ശതമാനത്തോളം മാനേജ്മെന്റ് ക്വോട്ടാകൾക്ക് ഗവണ്മെന്റ് ഒരു കമ്മിറ്റി വയ്ക്കുകയും ഫീസിനെ സംബന്ധിച്ചിടത്തോളം മാക്സിമം സീലിംഗ് ഏർപ്പെടുത്തുകയും വേണം.

ശ്രീ. എ. കെ. ബാലൻ : സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തതിനപ്പുറം ഇപ്പോൾ സർക്കുലേറ്റ് ചെയ്തിട്ടുള്ള മന്ത്രി അക്സപ്റ്റ് ചെയ്തിട്ടുള്ള 2-ാം വകുപ്പിൽ 636-ൽ ഡീംഡ് യൂണിവേഴ്സിറ്റിയെക്കൂടി ഇപ്പോൾ ഒഴിവാക്കിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ ഇത് പെട്ടിട്ടുണ്ടോ. ഇപ്പോൾ സംസാരിച്ചു വരുന്ന കാര്യമാണ്. ഡീംഡ് യൂണിവേഴ്സിറ്റിയിൽ ഇത് വരണമെന്നുള്ളതാണ്. അതുകൂടി ഒഴിവാക്കിയിരിക്കുകയാണ്.

ശ്രീ. മത്തായി ചാക്കോ : അത് ഞാൻ കണ്ടിട്ടില്ല. വളരെ വിശദമായിത്തന്നെ മന്ത്രി അന്ന് പറഞ്ഞ് സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്തതാണ്. ഡീംഡ് യൂണിവേഴ്സിറ്റി മാതാ അമൃതാനന്ദമയി യൂണിവേഴ്സിറ്റി മാത്രമല്ല, ഇവിടെ ഒറീസ്സയിലെ യൂണിവേഴ്സിറ്റിയും ക്ലാസ് നടത്തുന്നുണ്ട്. അവരിപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത് അവരുടെ ഡിസ്റ്റന്റ് എഡ്യൂക്കേഷൻ സെന്റർ എന്ന പേരിൽ കേരളത്തിലെ വിവിധ നഗരങ്ങളിൽ ഇത്തരം സർവ്വകലാശാലകൾ അവരുടെ കേന്ദ്രങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ആ കേന്ദ്രങ്ങളുൾപ്പെടെ പണം വാങ്ങുന്ന കേന്ദ്രങ്ങളായിട്ട് മാറും. രണ്ടാമത്തെ പ്രശ്നം പൊതു പ്രവേശന ലിസ്റ്റിൽനിന്ന് കുട്ടികൾക്ക് പ്രവേശനം കൊടുക്കണം. പൊതു പ്രവേശന ലിസ്റ്റെടുക്കണം. കൺസോർഷ്യം നടത്തുന്ന ടെസ്റ്റ് എന്നു പറഞ്ഞാൽ ജസ്റ്റിസ് കെ.ടി. തോമസ് തന്നെ അത്തരം ഒരു ടെസ്റ്റ് അംഗീകരിച്ചിട്ടുള്ളതല്ല. മെറിറ്റ് നോക്കണമെന്ന് സുപ്രീം കോടതി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് പൊതുപ്രവേശന ടെസ്റ്റ് നടത്തണം. മറ്റ് പ്രൊഫഷണൽ കോഴ്സുകളെ ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണം. ബഹുമാനപ്പെട്ട മന്ത്രിയും ശ്രീ. ഇ.ടി. മുഹമ്മദ് ബഷീറും അംഗീകരിച്ച കാര്യമാണ്. ബി.എഡ്. കോഴ്സും എം.സി.എ. കോഴ്സും ഇതിൽ ഉൾപ്പെടുത്തണം. മറ്റ് പ്രൊഫഷണൽ കോഴ്സുകളെക്കൂടെ ഇതിന്റെ പരിധിയിൽ കൊണ്ടുവരണം.

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപകരെ നിയമിക്കുന്നതിനുവേണ്ടിയുള്ള ക്ലാസ് കൂടി ഇതിൽ ഉൾപ്പെടുത്തിയില്ലായെങ്കിൽ പഠനത്തിന്റെ ഗുണനിലവാരവും പരീക്ഷ നടത്തിപ്പ് സംബന്ധിച്ച കാര്യങ്ങളും അവതാളത്തിലാകും എന്നുള്ളതുകൊണ്ട് കേരളത്തിലെ പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയെ ബാധിക്കുന്ന ഏറ്റവും പ്രാധാന്യമുള്ള ഒരു ബിൽ എന്ന നിലയിൽ അതൊന്നും പരിഗണിക്കാതെ സ്വകാര്യ മാനേജ്മെന്റിന്റെ ലാഭക്കൊതി മാത്രം ലാക്കാക്കികൊണ്ടുവന്നിരിക്കുന്ന ഈ ബിൽ നിങ്ങൾ അവതരിപ്പിക്കുമ്പോൾ----അതിന്റെ ആമുഖക്കുറിപ്പിൽ ആ കാര്യം പറഞ്ഞിരുന്നു. വലിയ പ്രക്ഷോഭം ഉയന്നിട്ടാണ് ഗവൺമെന്റ് ഈ ബിൽ കൊണ്ടുവരുന്നതെന്ന്. ഈ അടിസ്ഥാനത്തിൽ സ്വകാര്യ ലാഭക്കൊതിയന്മാർക്ക് കൊള്ള നടത്താൻവേണ്ടിയാണ് ഈ ബിൽ നിങ്ങളുടെ കൃത്രിമ ഭൂരിപക്ഷം വച്ചുകൊണ്ട് കൊണ്ടുവന്നിരിക്കുന്നത്. ഭൂരിപക്ഷം നിങ്ങൾക്ക് നഷ്ടപ്പെട്ടുകഴിഞ്ഞു. ഭൂരിപക്ഷം ഇപ്പോൾ ഞങ്ങൾക്കാണ്. നിങ്ങളുടെ സാങ്കേതിക ഭൂരിപക്ഷം വച്ചുകൊണ്ടാണ് ഈ ബിൽ പാസ്സാക്കുന്നതെങ്കിൽ അതിശക്തമായിട്ടുള്ള വിദ്യാർത്ഥി ബഹുജനപ്രക്ഷോഭത്തിനെ ഈ ഗവണ്മെന്റിന് നേരിടേണ്ടിവരുമെന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭിന്നാഭിപ്രായക്കുറിപ്പ് അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സർ, ഞാൻ എന്റെ ഡിസന്റ് ഇവിടെ രേഖപ്പെടുത്തുകയാണ്. ഞങ്ങൾ ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഇതിന്റെ സമീപനത്തെ സംബന്ധിച്ചിടത്തോളം ഈ ബിൽ ഇവിടെ അവതരിപ്പിച്ച സന്ദർഭത്തിൽ തന്നെ പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ള ആളുകൾ സംസാരിച്ചുകഴിഞ്ഞിട്ടുണ്ട്. ആ സന്ദർഭത്തിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഒരു കാര്യം ഈ സഭയോട് പറഞ്ഞിരുന്നു. ഈ ബിൽ കൂടുതൽ ചർച്ച ചെയ്ത് എല്ലാപേർക്കും യോജിക്കാവുന്ന തരത്തിൽ ഒരു സമവായമുണ്ടാക്കാം, അത് ഈ സഭയിൽ ചർച്ച ചെയ്യാം എന്നൊക്കെ. അതിനുശേഷം നമുക്ക് തീരുമാന മെടുക്കാമെന്നെല്ലാം പറഞ്ഞിരുന്നു. അദ്ദേഹം വലിയ പ്രതീക്ഷയോടുകൂടിയാണ് അത് ഈ സഭയെ അറിയിച്ചത്. പക്ഷെ, അദ്ദേഹത്തിന്റെ പ്രതീക്ഷയെയെല്ലാം തകിടം മറിച്ചുകൊണ്ട് ചില ബാഹ്യശക്തികളുടെ ഇടപെടലിന്റെ ഫലമായി ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി പ്രതീക്ഷിച്ച രീതിയിലോ പ്രതിപക്ഷം ആഗ്രഹിച്ച രീതിയിലോ ഭരണകക്ഷിയിലെ തന്നെ ചില അംഗങ്ങൾ ആഗ്രഹിച്ച രീതിയിലോ ഈ ബിൽ ഇവിടെ സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല. നേരത്തെ സഖാവ് മത്തായിചാക്കോ അത് സംബന്ധിച്ച് ഇവിടെ വിശദമായി സംസാരിച്ചു. ഈ ബില്ല് ഇവിടെ അവതരി പ്പിക്കേണ്ടിവന്നതുതന്നെ കോടതിയുടെ വിധിയെ മറികടക്കുവാൻവേണ്ടിയാണ്. പലപ്പോഴും കോടതികളുടെ വിധി ഗവൺമെന്റുകൾക്ക് മറികടക്കേണ്ടിവരുന്നത് ശരിയായ സാമൂഹ്യവീക്ഷണത്തോടുകൂടി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ സമയത്ത് ചർച്ച ചെയ്ത് നിയമനിർമ്മാണം നടപ്പാക്കാത്തതുകൊണ്ടാണ്. ഇവിടെയും അതുതന്നെയാണ് സംഭവിച്ചത്. സ്വകാര്യ മാനേജുമെന്റുകളുടെ കച്ചവട താൽപര്യ ങ്ങൾ നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള നയരൂപീകരണത്തിൽ നമുക്ക് വിജയിക്കു വാൻ കഴിഞ്ഞില്ല. അതുകൊണ്ട് ഇത്തരത്തിൽ ഒരു നിയമനിർമ്മാണം നടത്തേണ്ടി വന്നു. ആ നിയമനിർമ്മാണം നമ്മുടെ സമൂഹത്തിലെ ആളുകൾക്ക് ഗുണപരമായ

LIBRARY ARCHIVES Kerala Legislative Assembly

മാറ്റങ്ങൾക്കുവേണ്ടി ആയിരിക്കണം. ഇടതുപക്ഷ പ്രസ്ഥാനങ്ങളും ഈ ബില്ലിനോടുള്ള സമീപനം സംബന്ധിച്ച് അതുതന്നെയാണ് പറഞ്ഞത്. 50 ശതമാനം സീറ്റ് മെരിറ്റിൽ കൊടുക്കുന്നതിനോട് പൂർണ്ണമായി ഞങ്ങൾ യോജിക്കുകയാണ്. ബാക്കിവരുന്ന 50 ശതമാനം പേമെന്റ് സീറ്റ് മാനേജുമെന്റിന് ഇഷ്ടാനുസരണം പ്രവർത്തിക്കുവാനുള്ള അധികാരം കൊടുക്കുന്നതിനെയാണ് ഞങ്ങൾ എതിർക്കുന്നത്. തോന്ന്യാസം ചെയ്യാനുള്ള അധികാരം മാനേജുമെന്റിന് കൊടുക്കുന്ന ആ സമീപനത്തോടാണ് ഞങ്ങൾ എതിർപ്പ് രേഖപ്പെടുത്തിയത്. ഇതിന്റെ അർത്ഥം സ്വകാര്യ മേഖലയെ ആകെ തകർക്കണമെന്ന താൽപര്യത്തോടുകൂടിയല്ല ഞങ്ങൾ ഇത് പറയുന്നത്.

ശ്രീ. കെ.സി. ജോസഫ് : അങ്ങ് ഇവിടെ പറഞ്ഞു, ഈ നിയമം താമസിച്ചുപോയിയെന്ന്. ഇൻഡ്യയിലെ സംസ്ഥാനങ്ങളിൽ ഏറ്റവും അവസാനം കേരളത്തിലാണ് സെൽഫ് ഫിനാൻസിംഗ് കോളേജുകൾ ഉണ്ടാകുന്നത്. കർണ്ണാടകത്തിലും ആന്ധ്രാപ്രദേശിലുമൊക്കെ വർഷങ്ങൾക്ക് മുമ്പ് ഉണ്ടായിട്ടുണ്ട്. ടി.എം.എ. പൈ കേസിന്റെ വിധിയുടെ അടിസ്ഥാനത്തിൽ ഇൻഡ്യയിൽ ആദ്യമായി നിയമമുണ്ടാക്കുന്ന സംസ്ഥാനം കേരളമാണെന്ന് കണക്കിലെടുത്ത് അതിന് തയ്യാറായ യു.ഡി.എഫ്. ഗവൺമെന്റിനോട് രണ്ട് വാക്ക് നന്ദി പറയുവാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : ആദ്യമേ പറഞ്ഞു. നിയമം ഉണ്ടാക്കുന്നതിന് ഞങ്ങൾ എതിരാണെന്ന് പറഞ്ഞില്ലല്ലോ? 50 ശതമാനം സീറ്റ് മെരിറ്റ് അടിസ്ഥാനത്തിൽ കൊടുക്കുന്ന ആ നയത്തോട് ഞങ്ങൾ യോജിക്കുന്നു. 50 ശതമാനം പേമെന്റ് സീറ്റിന് എന്ത് തീരുമാനവും എടുക്കുവാനുള്ള അവകാശം മാനേജുമെന്റിന് കൊടുക്കുന്ന നയത്തോടാണ് ഞങ്ങൾക്ക് വിയോജിപ്പുള്ളത്. സ്വകാര്യ മാനേജുമെന്റുകളെ ഒക്കെ തകർക്കണമെന്ന സമീപനമൊന്നും ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കില്ല. ഇടതുപക്ഷ ഗവൺമെന്റ് ഭരിക്കുന്ന സമയത്ത് സാമൂഹ്യനിയന്ത്രണത്തോടുകൂടി പ്രൊഫഷണൽ വിദ്യാഭ്യാസം ഉയർന്നു വരണമെന്ന് ആഗ്രഹിക്കുകയും അതിനുവേണ്ട നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. യാതൊരു സാമൂഹ്യ നിയന്ത്രണവുമില്ലാതെ സ്വകാര്യ മാനേജുമെന്റുകൾക്ക് ഇഷ്ടംപോലെ വിദ്യാർത്ഥികളെ ചൂഷണം ചെയ്യാൻ സൗകര്യം ചെയ്തുകൊടുക്കുന്ന നയത്തോടാണ് ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നത്. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പാവപ്പെട്ട ആളുകളെ സംബന്ധിച്ചിടത്തോളം ഇന്ന് വിദ്യാഭ്യാസം എന്നുപറയുന്നത് അപ്രാപ്യമാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ നയങ്ങളിലൂടെ ഒരു സമൂഹത്തെ നിയന്ത്രിക്കുവാൻ കഴിയുമെന്നുള്ള തത്വം നമുക്ക് എല്ലാപേർക്കും അറിയാവുന്നതാണ്. പണ്ട് വിദ്യാഭ്യാസം മഹാഭൂരിപക്ഷം ആളുകൾക്കും നിഷേധിക്കപ്പെട്ടിരുന്നു. അറിവിന്റെ ലോകത്തേയ്ക്ക് പാവപ്പെട്ട ആളുകൾക്ക് കടന്നുവരാനുള്ള അവസരം നിഷേധിക്കപ്പെട്ടിരിന്നു. ഈ പുതിയ സാഹചര്യത്തിലും പാവപ്പെട്ടവൻ അറിവിന്റെ കാര്യത്തിൽ അന്യവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. സമൂഹത്തിന്റെ പുറംപോക്കുകളിലേയ്ക്ക് പാവപ്പെട്ടവനെ വലിച്ചെറിയുകയാണ്. സമ്പത്തുള്ളവന് മാത്രം വിദ്യാഭ്യാസം മതിയെന്ന സമീപനമാണ് നിങ്ങൾ സ്വീകരിക്കുന്നത്. ആ സമീപനത്തോട് യോജിക്കുവാൻ ഭരണകക്ഷിയിലെ അംഗങ്ങൾക്ക്പോലും കഴിയുന്നില്ല. പാവപ്പെട്ട ആളുകളുടെ താൽപര്യത്തെക്കുറിച്ചാണല്ലോ നമ്മൾ എല്ലാപേരും സംസാരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മഹാഭൂരിപക്ഷം വരുന്ന പാവപ്പെട്ടവരെ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തുനിന്ന് അന്യവൽക്കരിക്കുവാൻ പോകുന്നുവെന്നുള്ളതാണ്. എനിക്ക് ഇവിടെ ചൂണ്ടിക്കാണിക്കുവാനുള്ളത്, ക്ലാസ് ബൈ ക്ലാസ് ഡിസ്ക്കസ് ചെയ്യാൻ പോവുകയാണ്. ഒട്ടേറെ ഭേദഗതികൾ ഭരണ പ്രതിപക്ഷ കക്ഷികൾ കൊണ്ടുവന്നിട്ടുണ്ട്. ഇവിടെ പണ്ടൊക്കെ കർഷകത്തൊഴിലാളികളുടെ മക്കൾ ഡോക്ടറും എഞ്ചിനീയറും ആയിട്ടുണ്ട്. മൽസ്യത്തൊഴിലാളികളുടെ മക്കൾ ഡോക്ടറും എഞ്ചിനീയറും ആയിട്ടുണ്ട്. പാവപ്പെട്ട കർഷകന്റെ മക്കൾ ഡോക്ടറും എഞ്ചിനീയറും ആയിട്ടുണ്ട്. ഇനി കർഷകത്തൊഴിലാളിയുടെയോ മൽസ്യത്തൊഴിലാളിയുടേയോ കർഷകന്റെയോ മക്കൾ ഡോക്ടറോ എഞ്ചിനീയറോ ആകുവാൻ കഴിയുമെന്ന് നമുക്ക് പറയുവാൻ സാധിക്കുമോ? സാധിക്കില്ല. ഈ നിയമം പാസ്സാകുന്നതോടുകൂടി പാവപ്പെട്ടവന്റെ മക്കൾ ഞാൻ നേരത്തെ പറഞ്ഞതുപോലെ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് അന്യവൽക്കരിക്കപ്പെടും. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത് പത്ത് ശതമാനം സീറ്റ് ജാതിയോ മതമോ ഒന്നും നോക്കാതെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഏറ്റവും പാവപ്പെട്ട ആളുകളായിട്ടുള്ളവർക്ക് റിസർവ് ചെയ്യണമെന്നാണ്. അതുപോലെ എസ്.സി./എസ്.റ്റി. വിദ്യാർത്ഥികൾക്ക് മെരിറ്റിൽ റിസർവേഷനുണ്ട്. പേമെന്റ് സീറ്റടക്കം റിസർവേഷൻ വേണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ആ പേമെന്റ് സീറ്റിൽവരുന്ന റിസർവേഷനുള്ള തുക കൊടുക്കുവാൻ ശേഷിയില്ലാത്ത എസ്.സി./എസ്.റ്റി. കുട്ടികൾക്ക് സർക്കാർതന്നെ നേരിട്ട് പണം കൊടുക്കുവാനുള്ള സംവിധാനമുണ്ടാക്കണം. പാവപ്പെട്ട എസ്.സി./എസ്.റ്റി. കുട്ടികൾക്ക് പേമെന്റ് സീറ്റ് അടക്കം കിട്ടാനുള്ള സംവിധാനമുണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഈ ബില്ലിന്റെ അവതരണ സമയത്തും അതുപോലെ സബ്ജക്ട് കമ്മിറ്റിയിലും അതുപോലെ ക്ലാസ് ബൈ ക്ലാസ് ഡിസ്ക്കഷനിലുമൊക്കെ ഞങ്ങൾ ഉന്നയിക്കുന്ന കാര്യങ്ങൾ അത് ശരിയായ അർത്ഥത്തിൽ മനസ്സിലാക്കിക്കൊണ്ട്,...

ശ്രീ. കെ. ബാബു : ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ മന്ത്രിയായിരുന്ന മന്ത്രിസഭ ഇവിടെ സെൽഫ് ഫൈനാൻസിംഗ് സ്ഥാപനങ്ങൾ ആരംഭിക്കുകയുണ്ടായി. ആ കാലത്ത് എൻ.ഒ.സി. കൊടുക്കുകയുണ്ടായി. ഐ.എച്ച്.ആർ.ഡി. ഉൾപ്പെടെയുള്ളവർ പല പ്രൊഫഷണൽ കോളേജുകളും ആരംഭിച്ചു. അന്ന് പട്ടികജാതിക്കാർക്ക് റിസർവേഷൻ കൊടുത്തില്ല എന്നത് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : അന്ന് എല്ലാം പൊതുമേഖലയിലാണ് സ്ഥാപിച്ചത്. എസ്.സി./എസ്.റ്റി. റിസർവേഷൻ നിർബന്ധമാക്കിയിരുന്നു. എസ്.സി./എസ്.റ്റി. കുട്ടികൾക്ക് സീറ്റ് ലഭിക്കുന്നതിന് ആവശ്യമായ നിലപാടിനെക്കുറിച്ച് അന്ന് ചർച്ച ചെയ്തിരുന്നു. മാനേജുമെന്റിനെ നിയന്ത്രിക്കണമെന്ന് പറയുന്നത് വെറുതേയല്ല. ബഹുമാനപ്പെട്ട മന്ത്രി മുമ്പ് സഭയിൽ പറഞ്ഞു മെരിറ്റ് സീറ്റിൽ സെൽഫ് ഫൈനാൻസിംഗ് സ്ഥാപനങ്ങളിൽ അഡ്മിഷൻ കിട്ടുന്ന കുട്ടികൾക്ക് സർക്കാർ ഫീസ് മാത്രമേ ഏർപ്പെടുത്തൂവെന്നും അതിനുള്ള ഓർഡർ ഇറക്കിയെന്ന് പറയുകയുണ്ടായി. ആ ഓർഡർ ഇറക്കിയതിനുശേഷവും കുട്ടികളെ ഫീസ് കൊടുക്കാത്തതിന്റെ പേരിൽ പുറത്തുനിർത്തിയ വാർത്തയൊക്കെ നമ്മൾ വായിച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മിനിസ്റ്റർ ഇറക്കിയ 2002-03 കാലഘട്ടത്തിലെ ഉത്തരവിൽ മെരിറ്റ് സീറ്റിൽ വിദ്യാഭ്യാസം ലഭിച്ച കുട്ടികൾക്ക് സർക്കാർ ഫീസ് ഏർപ്പെടുത്തിയതുകൊണ്ട് ആ കുട്ടികൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും പുറത്തായ സ്ഥിതിയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ അവരോട് കാണിക്കുന്ന ക്രൂരതയെക്കുറിച്ച് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഓർഡറിന് പുല്ലുവില കൽപ്പിക്കുകയാണ് മാനേജുമെന്റുകൾ. അങ്ങനെയുള്ള മാനേജുമെന്റുകളെ നിലക്കുനിർത്തണമെന്നാണ് ഞങ്ങൾ പറയുന്നത്. അതിനോട് ഭരണകക്ഷിയിലെ അംഗങ്ങൾ യോജിക്കുമെന്നാണ് എന്റെ വിശ്വാസം. ഈ ബില്ലിനോടുള്ള സമീപനം ഞാൻ നേരത്തെ വ്യക്തമാക്കിയതുപോലെ, പാവപ്പെട്ട ആളുകളെ വിദ്യാഭ്യാസ രംഗത്തുനിന്ന് മാറ്റപ്പെടുന്ന ഈ നയത്തിന് എതിരായ സമീപനമാണ് ഞങ്ങൾ സ്വീകരിക്കുന്നത്. ഈ ബില്ലിൽ ഒട്ടേറെ ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ട്. ആ ഭേദഗതികൾ അംഗീകരിച്ചുകൊണ്ട് എല്ലാപേർക്കും യോജിക്കാവുന്ന വിധത്തിൽ ഈ നിയമം പാസ്സാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുന്നു.

<u>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ</u> : സർ, ഞാൻ എന്റെ ഭിന്നാഭിപ്രായം രേഖപ്പെടുത്തുകയാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇത് അവതരിപ്പിച്ച ശേഷം ആദ്യ രണ്ട് ദിവസം ഈ ബില്ലിനെ സംബന്ധിച്ച വളരെ വിശദമായ ചർച്ചയാണ് ഇവിടെ നടന്നത്. ഈ ബില്ലിന്മേൽ പ്രതിപക്ഷം ക്രിയാത്മകമായ സമീപനമാണ് സ്വീകരിച്ചത്. ഈ ബില്ലിന്റെ ഒരു ഭാഗത്തോട് ആർക്കുംതന്നെ വിയോജിപ്പുണ്ടാവുകയില്ല. പ്രതിപക്ഷത്തുനിന്ന് സർക്കാർ ക്വാട്ടയിലെ പ്രവേശനത്തെ സംബന്ധിച്ച് നൂറ് ശതമാനം അംഗീകരിച്ചുകൊണ്ടാണ് സംസാരിച്ചത്. എന്നാൽ മാനേജുമെന്റ് ക്വാട്ടയെ സംബന്ധിച്ച് ഈ സഭയിൽ ഇപ്പുറത്തും അപ്പുറത്തുമുള്ളവർ ഒരേ വികാരത്തിൽ ചില അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. ബഹുമാന്യനായ മന്ത്രി ചർച്ച അവസാനിപ്പിച്ചുകൊണ്ട് ക്രോഡീകരിച്ചപ്പോൾ ഒരു സമവായത്തിലൂടെ സമന്വയത്തിലൂടെ തീരുമാനം എടുക്കുമെന്ന് പ്രഖ്യാപിച്ചാണ് സബ്ജക്ട് കമ്മിറ്റിക്ക് വിട്ടത്. എല്ലാപേരും വലിയ പ്രതീക്ഷയോടുകൂടിയാണ് അദ്ദേഹത്തിന്റെ ആ വാചകങ്ങളെ കേട്ടിരുന്നത്. നിർഭാഗ്യവശാൽ ഈ സഭയുടെ പൊതുവികാരം ഉൾക്കൊണ്ടില്ല. ഇപ്പുറത്തിരിക്കുന്നവർ മാത്രമല്ല അപ്പുറത്തിരിക്കുന്നവരും പറഞ്ഞു. ശ്രീ. കെ. ബാബു ഫീസ് നിർണ്ണയിക്കുന്നതിന് ലിമിറ്റ് വേണമെന്ന് ആവശ്യപ്പെട്ടയാളാണ്.

സർ, മുൻമന്ത്രി ശ്രീ. ഇ. ടി. മുഹമ്മദ്ബഷീർ സംസാരിച്ചപ്പോൾ ബില്ലിന്റെ എല്ലാ വശങ്ങളിലേയ്ക്കും സ്പർശിച്ചു.സ്വാശ്രയ ബിൽ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിലെ എല്ലാ ഭാഗങ്ങളേയും സ്പർശിക്കണം. ഇതിൽ എൻജിനീയറിംഗും

5.00 p.m.] എം.ബി.ബി.എസ്സും ആയുർവ്വേദവും ഹോമിയോപ്പതിയും മാത്രം പോരാ, എൽ.എൽ.ബി.-യും ബി.എഡ്.-ഉം എം.സി.എ.-യും എം.ബി.എ.-യും എല്ലാം വേണമെന്ന നല്ല ഒരു നിർദ്ദേശത്തോടുകൂടിയുള്ള ചർച്ചയാണ് നടന്നത്. അതെല്ലാം നിരാകരിക്കുകയാണുണ്ടായത്. ഇതിലെ കാതലായ വിഷയമെന്താണ്? ഇവിടെ മാനേജ്മെന്റ് ക്വാട്ടയെ സംബന്ധിച്ച് ഇത്ര വലിയ തർക്കം ഉണ്ടാകാൻ കാരണം എന്താണ്? കാരണം, കഴിഞ്ഞ കുറേ നാളുകളായി കേരളത്തിൽ നടക്കുന്ന പ്രശ്നങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് എന്തുകൊണ്ട് കണ്ടില്ല എന്നു നടിക്കുന്നു? കേരളത്തിലെ സ്വാശ്രയ മേഖലയിൽ കോളേജുകൾ അനുവദിക്കാൻ തീരുമാനിച്ചപ്പോൾ മാനേജുമെന്റുകളും ഗവൺമെന്റും തമ്മിൽ ഉണ്ടാക്കിയ ധാരണ 50 : 50 എന്നായിരുന്നു. എന്നിട്ട് അവസാനം മാനേജുമെന്റുകൾ ഗവൺമെന്റിനെ പഠിപ്പിച്ചില്ലേ? ഏറ്റവും അവസാനം സംഭവിച്ചത്, വിദ്യാഭ്യാസ വകുപ്പുമന്ത്രി വിളിച്ചുകൂട്ടുന്ന യോഗത്തിൽപ്പോലും മാനേജുമെന്റുകൾ വരാൻ തയ്യാറാകുന്നില്ല. വിദ്യാഭ്യാസവകുപ്പുമന്ത്രി വിളിച്ചാൽ ആളില്ല എന്നു പറയുന്ന തരത്തിൽ മാനേജുമെന്റുകൾ പോയി. മാനേജുമെന്റുകളുടെ ലക്ഷ്യം എന്തായിരുന്നു എന്ന് നിങ്ങൾക്കറിയാം. സർക്കാർ പറഞ്ഞാൽ കേൾക്കുകയില്ല. അവരുടെ ലക്ഷ്യം ഒന്നു മാത്രമായിരുന്നു. ഇതിൽ നിന്ന് ലാഭം കൊയ്യുക എന്നുള്ളതാണ്. ഈ ബില്ലിൽ അതിനുള്ള അവസരങ്ങളാണ് ഉണ്ടാക്കിക്കൊടുത്തിരിക്കുന്നത്. ഇതിൽ നിയമപരമായിട്ടുള്ള പരിരക്ഷ കൂടി അവർക്ക് കിട്ടിയിട്ടുള്ളതിനാൽ യാതൊരു നിയന്ത്രണവുമില്ലാതെ, യാതൊരു മാനദണ്ഡവുമില്ലാതെ ഫീസ് നിശ്ചയിക്കാനുള്ള അവകാശം മാനേജുമെന്റുകൾക്ക് നൽകിയാൽ കേരളത്തിലെ സ്ഥിതി എന്തായിരിക്കും? സഭയിൽ എല്ലാവരും പ്രഖ്യാപിച്ച വികാരം അതാണ്. ഇഷ്ടാനുസരണം ഫീസ് നിശ്ചയിക്കുകയും കിട്ടുന്ന 50 ശതമാനം സീറ്റ് ഇഷ്ടംപോലെ ദുർവിനിയോഗം ചെയ്യുകയും ചെയ്യുമെന്നുള്ള കാര്യം കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുന്ന ആർക്കും അറിയാം. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം സംബന്ധിച്ചാണ് ഇവിടെ പ്രശ്നം. കേരളത്തിലെ അനുഭവം അതാണ്. ഇവിടെ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച എല്ലാവരും എതിർത്ത കാര്യം എന്താണ്? കേരളത്തിന്റെ വിദ്യാഭ്യാസ ഗുണനിലവാരം ഇല്ലാതാകാൻ പോകുകയാണ്. പുഷ്പഗിരി മെഡിക്കൽകോളേജിൽ പരീക്ഷ എഴുതിയ 65 ശതമാനം വിദ്യാർത്ഥികൾ തോറ്റത് ഈ സർക്കാരിന്റെ കണ്ണ് തുറപ്പിക്കണ്ടേ? കേരളത്തിന്റെ ചരിത്രത്തിൽ എം.ബി.ബി.എസ്. വിദ്യാഭ്യാസരംഗത്ത് ഇങ്ങനെയൊരു തോൽവി, ഇങ്ങനെയൊരു അനുഭവം ആദ്യമാണ്. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരമില്ലാതാകാൻ പോകുന്ന വ്യവസ്ഥകളാണ് എഴുതിപ്പിടിപ്പിച്ചിരിക്കുന്നത്. അതു മാറ്റണം. കേരളത്തിലെ വിദ്യാഭ്യാസ മാനേജുമെന്റുകൾക്ക് ഈ നിയമം പാസ്സായാൽ എങ്കിലും കടിഞ്ഞാണിടാൻ കഴിയുന്ന വകുപ്പുകൾ എഴുതിച്ചേർക്കണമെന്നു പറഞ്ഞാൽ, അതു പറ്റില്ല, ഇതു നടത്തിക്കൊണ്ടുപോകണ്ടേ എന്നാണ് മന്ത്രിമാരെല്ലാം പറയുന്നത്. സബ്ജക്ട് കമ്മിറ്റിയിൽ നിയമവശങ്ങൾ പരിശോധിക്കാൻ വന്ന മന്ത്രി ശ്രീ. കെ. എം. മാണി ബില്ലിന്റെ ഉള്ളടക്കത്തിലേയ്ക്ക് കടന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, വളരെ വ്യക്തതയില്ലെന്നു പറഞ്ഞതുകൊണ്ട് ചോദിക്കുകയാണ്. സ്വാശ്രയ നയത്തിൽ പിഴവ്, മെറിറ്റ് സീറ്റിൽ അമിത ഫീസ് എന്നൊരു വാർത്ത മാതൃഭൂമിയുടെ ഒന്നാമത്തെ പേജിലുണ്ട്. കാരക്കോണം മെഡിക്കൽകോളേജിലെ ആദ്യത്തെ ബാച്ചിൽ ചേർന്ന കുട്ടികൾ മുഴുവൻ മെറിറ്റ് സ്റ്റുഡന്റ്സാണ്. ഇപ്പോൾ ഇറങ്ങിയ ഓർഡറിലെ വ്യക്തതക്കുറവു കാരണം നാൽപ്പത്തിയഞ്ചോളം കുട്ടികൾ 1,76,000 രൂപ കൊടുക്കണമെന്ന് മാനേജ്മെന്റ് നിർബന്ധിപ്പിക്കുകയാണ്. അങ്ങനെ കുട്ടികൾക്ക് കൊടുക്കാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

മെറിറ്റ് സീറ്റിൽ ചേർന്ന പകുതിയോളം കുട്ടികൾ പഠനമുപേക്ഷിച്ച് പോകുന്ന സ്ഥിതി ഉണ്ടാകും. അത് നമ്മുടെ വിദ്യാഭ്യാസ നയങ്ങളെപ്പോലും ബാധിക്കുന്ന വിധത്തിലാണ്. ആ ഓർഡർ തിരുത്താൻ ബഹുമാനപ്പെട്ട മന്ത്രി നടപടി എടുക്കേണ്ടതാണ്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം എന്താണ്?

ശ്രീ. രാജു എബ്രഹാം: സർ, ശ്രീ. കെ.പി. രാജേന്ദ്രൻ ചോദിച്ച ചോദ്യത്തിന്റെ തുടർച്ചയാണ്. അങ്ങയുടെ നിയോജകമണ്ഡലത്തിലുള്ള ഒരു ദന്തൽ കോളേജിൽ കഴിഞ്ഞ വർഷം ചേർന്നിട്ടുള്ള 9 വിദ്യാർത്ഥികളെ നിരവധി ദിവസങ്ങളായി പുറത്തു നിർത്തി പീഡിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? 2002-03-ൽ പ്രവേശനം നേടിയ കുട്ടികൾക്ക് പുത്തൻ ഫീസ് കൊടുക്കണമെന്നു പറഞ്ഞുകൊണ്ടാണ് പുറത്തു നിർത്തിയിരിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, ഈ പറയുന്ന വിവരങ്ങളെല്ലാം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മാണി സാർ ബില്ലിന്റെ ഉള്ളടക്കത്തിലേയ്ക്കാണ് കടന്നത്.

ശ്രീ. സി. പി. മുഹമ്മദ്: സർ, സ്വകാര്യ മാനേജ്മെന്റിന് 100 ശതമാനം ശമ്പളം കൊടുക്കാൻ 1956 മുതൽ സർക്കാർ തുടങ്ങിയതാണ്. ഇതുവരെ അതിന് മൂക്കു കയറിടാൻ നമുക്ക് കഴിഞ്ഞിട്ടില്ല. 100 ശതമാനം സ്വന്തമായി പണം മുടക്കുന്നവരെ മൂക്കുകയറിടാൻ നിൽക്കാതെ ഞങ്ങൾക്ക് ഇതിന് കഴിയില്ല എന്നു പറഞ്ഞാൽ എന്താണ് വേണ്ടത്?

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, അദ്ദേഹം കെ.പി.സി.സി.- യുടെ ജനറൽ സെക്രട്ടറിയാണ്. പാർട്ടിയിൽ വന്ന സ്ഥാനത്തേയ്ക്കുള്ള ഗുണനിലവാരം അദ്ദേഹത്തിന്റെ പ്രവൃത്തിയിൽ വന്നിട്ടില്ല. സർ, ഞാൻ സംസാരിച്ചുവന്നത്, കേരളത്തിന്റെ പൊതുവികാരമാണിത്. കേരളത്തിൽ വിദ്യാഭ്യാസമേഖലയിൽ, സ്വാശ്രയ കോളേജ് കൊണ്ടുവന്നശേഷം അതിരൂക്ഷമായ വിദ്യാർത്ഥിസമരമാണ് നടക്കുന്നത്. ബഹുമാനപ്പെട്ട കെ.സി. ജോസഫ് പറഞ്ഞു, ഒറ്റയടിക്ക് നിയമം കൊണ്ടുവന്നതല്ല, സംസ്ഥാനങ്ങളിൽ ആദ്യം ഇവിടെ കൊണ്ടുവന്നു എന്നാണ്. ഇതിന് പ്രേരകശക്തി എന്താണ്? ഈ വിദ്യാഭ്യാസനയത്തെ ചെറുത്തുതോൽപ്പിക്കുന്നതിന് ഇവിടെ ഒരുപാട് ചോര നൽകി. ഒരുപാട് സമരങ്ങൾ നടന്നു, പ്രക്ഷോഭങ്ങൾ നടന്നു. അതിന്റെ കൂടി പശ്ചാത്തലത്തിലാണ് ഗവൺമെന്റിന് അവസാനം ഈ നിയമം കൊണ്ടുവരേണ്ടിവന്നത്. പ്രതിപക്ഷത്തു നിന്നും ക്രിയാത്മകമായി നിർദ്ദേശിച്ച ചില അഭിപ്രായങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് ഈ ബിൽ കൈകാര്യം ചെയ്യണം. അല്ലെങ്കിൽ ശ്രീ. മത്തായി ചാക്കോ പറഞ്ഞതുപോലെ വീണ്ടും മാനേജുമെന്റുകൾ തോന്ന്യാസത്തിലേയ്ക്കാണ് പോകുന്നതെങ്കിൽ അതിരൂക്ഷമായ പ്രക്ഷോഭസമരമായിരിക്കും കേരളത്തിൽ അലയടിച്ചുയരാൻ പോകുന്നതെന്നു സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ ഭിന്നാഭിപ്രായം രേഖപ്പെടുത്തിക്കൊണ്ട് നിർത്തുന്നു.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, അപ്പുറത്തു നിന്ന് എന്റെ സ്നേഹിതൻ ശ്രീ. കെ.സി. ജോസഫ് ഒരു ചോദ്യം ഉന്നയിക്കുകയുണ്ടായി. ഈ കാര്യത്തിൽ ഗവൺമെന്റിനെ അനുമോദിക്കണ്ടേ എന്നാണ് ചോദ്യം. എന്തു കാര്യത്തിനാണ് അനുമോദിക്കേണ്ടത്? കഴിഞ്ഞ മൂന്നു വർഷക്കാലമായി എതു

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നത്തിലായാലും ആത്മാർത്ഥതയില്ലായ്മയും കാര്യക്ഷമതയില്ലായ്മയും പിടിപ്പുകേടും കാണിച്ചതിനെയാണോ അനുമോദിക്കേണ്ടത്? സ്വാശ്രയസ്വകാര്യ കോളേജ് മാനേജ്മെന്റുകളുടെ പ്രശ്നത്തിൽ എല്ലാ അർത്ഥത്തിലും പിടിപ്പുകേടും കാര്യക്ഷമതയില്ലായ്മയും ആത്മാർത്ഥതയില്ലായ്മയും കാണിച്ച ഒരു ഗവൺമെന്റാണിത്. തുടക്കത്തിൽ തന്നെ ഒരു സന്ദർഭത്തിൽ ഒരു ചോദ്യം ഉന്നയിച്ചുകൊണ്ട് ഒരു അടിയന്തിരപ്രമേയ ചർച്ച അനുവദിക്കാതെ വന്നപ്പോൾ നടത്തിയ വാക്കൗട്ടിൽ പങ്കെടുത്തുകൊണ്ട് ഞാൻ സംസാരിച്ചു. ലാർജ് സ്കെയിലിൽ എൻ.ഒ.സി. കൊടുക്കുന്നതിനു മുമ്പ് ചില നിബന്ധനകൾ സംബന്ധിച്ച്, സർക്കാർ കാലാകാലങ്ങളിൽ മുന്നോട്ടുവച്ച നിബന്ധനകൾ അംഗീകരിക്കാൻ തയ്യാറാണെന്ന് വെള്ള പേപ്പറിൽ ഒപ്പിട്ടുവാങ്ങാൻ ഈ ഗവൺമെന്റ് തയ്യാറായോ എന്ന്. അതിന് കഴിഞ്ഞോ? അതിന് മറുപടിയില്ല. അതുകഴിഞ്ഞ് ഒരു സന്ദർഭത്തിൽ സഭയിൽ ഞാൻ സ്വകാര്യപ്രമേയം അവതരിപ്പിച്ചു. പ്രതിപക്ഷനേതാവുൾപ്പെടെ ആ ചർച്ചയിൽ പങ്കെടുത്തു. അതിന് മറുപടിയായി ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി ഹസ്സൻ പറഞ്ഞു, ഗവൺമെന്റ് ഉടനടി നിയമം കൊണ്ടുവരുമെന്ന്. എത്ര കാലം വീണ്ടും കാത്തിരിക്കേണ്ടിവന്നു. സുപ്രീംകോടതിയിലേയ്ക്ക് ഈ കേസ് പോകുന്നതിനു മുമ്പുതന്നെ നിയമം കൊണ്ടുവരാനുള്ള എല്ലാ സാഹചര്യവും ഗവൺമെന്റിന് ഉണ്ടായിരുന്നു. പക്ഷേ ആത്മാർത്ഥത മാത്രം ഇല്ലായിരുന്നു. സുപ്രീംകോടതി വിധി വന്നു. സുപ്രീംകോടതി വിധിക്കകത്തു നിന്നുകൊണ്ടുതന്നെ ഈ നിയമം കൊണ്ടുവരാനുള്ള എല്ലാ സാധ്യതകളും സാഹചര്യവുമുണ്ടായിരുന്നിട്ടും അത് ഈ ഗവൺമെന്റ് ഉപയോഗിച്ചില്ല. അതുപയോഗിക്കാനുള്ള ആത്മാർത്ഥത ഗവൺമെന്റിനില്ലായിരുന്നു. അതുകഴിഞ്ഞ് നിയമസഭാ സമ്മേളനത്തിന് നോട്ടീസ് പോയിക്കഴിഞ്ഞ ശേഷമാണ് ഒരു ഓർഡിനൻസുമായി ഇവർ വരുന്നത്. സാമാന്യബുദ്ധിയുള്ള ആർക്കും, പാർലമെന്ററി ജനാധിപത്യ നടപടിക്രമങ്ങളെക്കുറിച്ച് അറിയാവുന്ന ആർക്കും മനസ്സിലാകുന്ന ഒരു കാര്യമാണ് പാർലമെന്റ് സമ്മേളനമായാലും നിയമസഭാ സമ്മേളനമായാലും നോട്ടീസ് പോയിക്കഴിഞ്ഞാൽ ഓർഡിനൻസ് പുറപ്പെടുവിക്കാൻ പാടില്ല എന്നത്. എന്നിട്ടും മന്ത്രിസഭ ഓർഡിനൻസും അംഗീകരിച്ച് ഗവർണ്ണർക്ക് ഒപ്പിടാൻ അയച്ചു.

പഴയ കോൺഗ്രസ് നേതാവാണെങ്കിൽപ്പോലും ഉന്നത പാരമ്പര്യമുള്ള ജനാധിപത്യമര്യാദകളും പാർലമെന്ററി ജനാധിപത്യത്തെ സംബന്ധിച്ചുള്ള അന്തസത്തയും ഉൾക്കൊള്ളുന്ന ഒരാളായതുകൊണ്ട് ഗവർണ്ണർ അത് ഒപ്പിടാതെ തിരിച്ചയച്ചു. അഴകൊഴമ്പൻ രൂപത്തിൽ ഇപ്പോഴും എന്താണ് ഏതാണ് എന്ന് നിശ്ചയമില്ലാതെ, ഇവിടെ ഈ ചർച്ച നടക്കുമ്പോഴും മന്ത്രിയുടെ ഔദ്യോഗിക ഭേദഗതികൾ ഇങ്ങനെ വന്നുകൊണ്ടിരിക്കുകയാണ്. എന്റെ സുഹൃത്ത് ശ്രീ. മത്തായി ചാക്കോ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയെക്കുറിച്ചു പറഞ്ഞു, എന്റെ അഭിപ്രായത്തിൽ റവന്യൂ വകുപ്പുമന്ത്രിയെമാത്രം കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല. അങ്ങയുടെ സ്ഥാനത്ത് ഇവിടെ സ്പീക്കർ ഇരിക്കേണ്ടതായിരുന്നു, അദ്ദേഹത്തിന് ഇത് നേരിട്ടറിയാം. ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ സമവായത്തെക്കുറിച്ച് ചർച്ച വന്നപ്പോൾ അവിടെവച്ചുതന്നെ അതിലൊരു തീരുമാനമെടുക്കാമെന്നുള്ള നിലപാടാണ് ബഹുമാന്യനായ സ്പീക്കർ സ്വീകരിച്ചത്. രണ്ടുമൂന്നു വകുപ്പുകളെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചാണ് ചില അഭിപ്രായ വ്യത്യാസങ്ങളുണ്ടായിരുന്നത്. അതവിടെവച്ചുതന്നെ തീരുമാനിക്കാൻ കഴിയുമായിരുന്നു. എന്നാൽ അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ഇവിടെവച്ച് ഇപ്പോൾ തീരുമാനിക്കാൻ പറ്റില്ല എന്നുപറഞ്ഞ് ഒഴിഞ്ഞുമാറിയത്. ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ മുഖ്യമന്ത്രി സ്വീകരിച്ച അതേ നിലപാടുതന്നെയാണ് സബ്ജക്ട് കമ്മിറ്റിയിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി സ്വീകരിച്ചത്. അപ്പോൾ ഇതിന്റെ അർത്ഥമെന്താണ്? റവന്യൂ വകുപ്പിനെമാത്രം കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല. മുഖ്യമന്ത്രിയുടെ അഭിപ്രായം തന്നെയാണ് മറ്റൊരു രൂപത്തിൽ റവന്യൂ വകുപ്പുമന്ത്രി പ്രകടിപ്പിച്ചത്. ഇതിലെ വിശദാംശങ്ങളെ സംബന്ധിച്ചിടത്തോളം ഒന്നാമതായി ഈ മാനേജുമെന്റിന് ഒരു കൺസോർഷ്യം ഉണ്ടാക്കാനുള്ള ഔദ്യോഗിക അംഗീകാരമാണ് ഈ ബില്ലിലൂടെ ഗവൺമെന്റിന് വന്നിരിക്കുന്നത്. അടുത്ത കാലത്തായി ഗവൺമെന്റിന്റെ നിലപാടെന്താണ്? വിദ്യാർത്ഥികൾക്ക് സംഘടന പാടില്ല, അദ്ധ്യാപകർക്ക് സംഘടന പാടില്ല അങ്ങനെ പറയുന്ന ഗവൺമെന്റ് മാനേജുമെന്റിനെ സംഘടിപ്പിക്കാൻ നിയമപരമായി ഇവിടെ പാസ്സാക്കുന്ന നിയമത്തിലൂടെ അനുവാദം നൽകുകയാണ്. എന്താണ് മാനേജ്മെന്റിന്റെ കൺസോർഷ്യം? അവർക്ക് പരീക്ഷ നടത്താനാണോ? വളരെ വ്യവസ്ഥാപിതമായി പ്രവേശന പരീക്ഷാ കമ്മിഷണർ നടത്തുന്ന പരീക്ഷയിലൂടെ റാങ്ക് ലിസ്റ്റിൽനിന്നും മെറിറ്റ് ക്വാട്ടയിൽ അല്ലെങ്കിൽ സർക്കാർ ക്വാട്ടയിൽ 50 പേർക്ക് പ്രവേശനം കൊടുക്കും. 51-ാമത്തെ ആൾ മാനേജുമെന്റ് ക്വാട്ടയ്ക്കുവേണ്ടി നിശ്ചയിക്കുന്ന ഫീസ് കൊടുക്കാൻ തയ്യാറുണ്ടെങ്കിൽ അയാൾക്ക് പ്രവേശനം കൊടുക്കണം. അതുകൊണ്ട് എന്ത് ആകാശമാണ് ഇടിഞ്ഞുവീഴാൻ പോകുന്നത്? 51-ാമത്തെ ആൾ തയ്യാറല്ലെങ്കിൽ 52-ാമത്തെ ആൾക്ക് കൊടുക്കണം. പിന്നെ ഒരു മാനേജുമെന്റ് കൺസോർഷ്യം ഉണ്ടാക്കി പ്രത്യേകമൊരു ടെസ്റ്റു നടത്തേണ്ട ആവശ്യമുണ്ടോ? അത് ഏതുസമയത്തും ദുരുപയോഗപ്പെടുത്തുന്നതിനും മാനേജുമെന്റുകൾക്ക് തങ്ങളുടെ ഇഷ്ടമനുസരിച്ച് കൃത്രിമമായ ലിസ്റ്റുണ്ടാക്കുന്നതിനും അവസരമൊരുക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. മാനേജുമെന്റ് ക്വാട്ടയിൽ ഫീസ് വയ്ക്കാം, എന്തും തീരുമാനിക്കാം എന്നാണ് പറഞ്ഞിരിക്കുന്നത്. കഴിഞ്ഞ ഒന്നുരണ്ട് വർഷങ്ങളായി ഇവിടുത്തെ മാനേജുമെന്റിൽ നിന്നും ഗവൺമെന്റിന് ഉൾപ്പെടെ ലഭിച്ച അനുഭവമെന്താണ്? എന്തും ചെയ്യാം, ചോദ്യം ചെയ്യാൻ പാടില്ല. അങ്ങനെയുള്ള മാനേജുമെന്റിന് ഇഷ്ടംപോലെ മാനേജുമെന്റ് ക്വാട്ടയിൽ ഫീസിന്റെ കാര്യത്തിൽ തീരുമാനമെടുക്കാൻ അവകാശം കൊടുക്കാമോ? കാലാകാലങ്ങളിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്നൊന്നും ഞാൻ പറയുന്നില്ല, പക്ഷേ ഗവൺമെന്റ് നിയോഗിക്കുന്ന ഒരു ഹൈലവൽ കമ്മിറ്റി ഈ പ്രൊഫഷണൽ കോളേജുകളുടെ നടത്തിപ്പുമായി ഔദ്യോഗികമായി ബന്ധമുള്ള ആളുകൾ, കോളേജുകളുടെ നടത്തിപ്പിലുണ്ടാകുന്ന ചെലവുകളെ സംബന്ധിച്ച് അറിയാവുന്ന ആളുകൾ, അവർ ഉൾക്കൊള്ളുന്ന ഒരു ഹൈലവൽ കമ്മിറ്റിക്ക് മാനേജുമെന്റ് ക്വാട്ടയിലെ ഫീസ് സംബന്ധിച്ച് കാലാകാലങ്ങളിൽ തീരുമാനമെടുക്കാനുള്ള അധികാരം നൽകുക, അത് മാനേജുമെന്റുകളെ സംബന്ധിച്ചിടത്തോളം binding ആണ്. അവർ ചെലവുകൾ വേറേ കണ്ടെത്തണമെന്ന് ഞാൻ പറയുന്നില്ല, ഇതിൽനിന്നും കണ്ടെത്താം. ആ ചെലവുകൾ അനുസരിച്ചുള്ള ഫീസ്......

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ വളരെ സീരിയസ്സായിട്ടുള്ള ഒരു കാര്യം കൂടി ഇതിന്റെ തുടർച്ചയായി ഞാൻ പെടുത്താം. യഥാർത്ഥത്തിൽ ഇഷ്ടംപോലെ മാനേജുമെന്റിന് ക്യാപിറ്റേഷൻ ഫീസ് വാങ്ങാനുള്ള പ്രൊട്ടക്ഷൻ ഈ നിയമത്തിലുണ്ട്. അത് cash ആയിട്ടോ kind ആയിട്ടോ വാങ്ങാൻ പാടില്ലെന്നും property ആയിട്ടു വാങ്ങാമെന്നുമാണ്. Property എഴുതിക്കൊടുത്താൽ മതി. In cash or in kind. അതുമാത്രമേ ഇതിൽ പറഞ്ഞിട്ടുള്ളൂ, immovable property പറഞ്ഞിട്ടില്ല. അതുകൊണ്ട് എത്ര സ്വത്തും ക്യാപ്പിറ്റേഷൻ ഫീസായി എഴുതിക്കൊടുക്കാം. അത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ: അതിവിടെ വാങ്ങിക്കൊണ്ടിരിക്കുകയാണല്ലോ. നേരത്തെ മുൻ ആരോഗ്യവകുപ്പു മന്ത്രി 15% സീറ്റ് മാത്രമേ മാനേജ്മെന്റ് ക്വാട്ടയിലുള്ളൂ എന്നുപറഞ്ഞല്ലോ. ആ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം 40 ലക്ഷം രൂപവരെ വാങ്ങിയിട്ടുണ്ട്. അപ്പോൾ മാനേജുമെന്റ് ക്വാട്ടയിൽ ഫീസ് നിരക്ക് നിശ്ചയിക്കുന്ന കാര്യത്തിൽ ഒരു ഹൈലവൽ കമ്മിറ്റി വേണം. അതുപോലെതന്നെ ഇന്ന് പ്രൊഫഷണൽ കോളേജുകളിലെ അഡ്മിഷന്റെ കാര്യത്തിൽ സംവരണത്തെ സംബന്ധിച്ച് ചില വ്യവസ്ഥകളുണ്ട്. ആ വ്യവസ്ഥകൾ മെറിറ്റ് ക്വാട്ടയിൽമാത്രം പോരാ, ഗവൺമെന്റ് ക്വാട്ടയിൽമാത്രം പോരാ മാനേജുമെന്റ് ക്വാട്ടയിലെ വിദ്യാർത്ഥി പ്രവേശനത്തിന്റെ കാര്യത്തിലും പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനത്തിന്റെ കാര്യത്തിൽ നിലനിൽക്കുന്ന സംവരണവ്യവസ്ഥ അതുപോലെ നടപ്പിലാക്കണം. അതുപോലെതന്നെ lapsed seats എന്നുപറഞ്ഞ് ഒരു പ്രൊവിഷനുണ്ട്. സബ്ജക്ട് കമ്മിറ്റിയിൽ ഞങ്ങൾ അതിനെക്കുറിച്ച് ചർച്ചചെയ്തു. അപ്പോൾ പറഞ്ഞതെന്താണ്? മെറിറ്റ് ക്വാട്ടയിൽ അല്ലെങ്കിൽ ഗവൺമെന്റ് ക്വാട്ടയിൽ ആവശ്യപ്പെട്ട കുട്ടികളില്ലാതെയാകുമ്പോൾ ആ സീറ്റ് മാനേജുമെന്റ് ക്വാട്ടയിലേയ്ക്ക് പോകുമെന്നാണ്. അതൊരു കള്ളക്കളിയാണ്. മെറിറ്റ് ക്വാട്ടയിൽ കുറഞ്ഞ ഫീസ് കൊടുത്ത്, സർക്കാർ പ്രൊഫഷണൽ കോളേജുകളിലെ ഫീസ് കൊടുത്ത് പഠിക്കാൻ കുട്ടികളില്ലാതാകുകയും മാനേജുമെന്റ് ക്വോട്ടയിൽ കൂടുതൽ ഫീസ് കൊടുത്ത് പഠിക്കാൻ കുട്ടികളുണ്ടാവുകയും ചെയ്യുമെന്നാണ് പറയുന്നത്. ഇതിന്റെ അർത്ഥമെന്താണ്? സാധാരണ നമ്മുടെ ഗവൺമെന്റ് കോളേജുകളിൽ നടക്കുന്ന സമ്പ്രദായം, അവസാനമാകുമ്പോൾ വെയിറ്റിംഗ് ലിസ്റ്റിലെ മൂന്നാമത്തെ ആൾക്ക് ഒരു കാർഡ് അയയ്ക്കും, ആ കാർഡ് അയാൾക്ക് കിട്ടുന്നത് interview-ന് ഫിക്സ് ചെയ്യുന്ന ഡേറ്റ് കഴിഞ്ഞിട്ടായിരിക്കും. അപ്പോൾ നാലാമത്തെ ആൾക്ക് കൊടുക്കാൻ താല്പര്യമുണ്ടെങ്കിൽ മൂന്നാമത്തെ ആൾക്ക് interview-ന്റെ ഡേറ്റുകഴിഞ്ഞ് കിട്ടാൻ കാർഡയയ്ക്കും. അങ്ങനെ നാലാമത്തെ ആൾക്ക് കൊടുക്കും. മൂന്നാമത്തെയാൾ കാർഡുമായി വരുമ്പോൾ അയാൾക്ക് അഡ്മിഷൻ കിട്ടില്ല. അതുപോലെ കാലാകാലങ്ങളിൽ ചില സ്ഥാനങ്ങളിലുള്ള ഉദ്യോഗസ്ഥന്മാർ മാനേജുമെന്റുമായി കള്ളക്കളി നടത്തി മെറിറ്റ് ക്വാട്ടയിലെ സീറ്റുകൾ lapsed seats ആയി കൃത്രിമമായി മാറ്റിയിട്ട് മാനേജ്മെന്റ് ക്വോട്ടയിൽ അവിടെ പ്രവേശനം നടത്താനുള്ള അവസരം ഈ നിയമത്തിലൂടെ കൊടുക്കുകയാണ്. അതുപോലെതന്നെ അദ്ധ്യാപകരുടെ നിയമനത്തെ സംബന്ധിച്ച്, കമ്മിറ്റിയിൽ ആദ്യം dissent note എഴുതിക്കൊടുത്ത ആളാണ് ഞാൻ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അത്ര ധൃതിപിടിച്ച് പാസ്സാക്കേണ്ട സ്ഥിതിയിലല്ല ഇതിന്റെ കിടപ്പ്. ഒരു മാറ്റവും ബില്ലിനകത്ത് വരുത്താതെ മാനേജുമെന്റ് കൊണ്ടുവന്ന ബില്ലാണിത്. ആ വകുപ്പ് മാറ്റാമെന്നു പറഞ്ഞതുകൊണ്ടാണ് 7 മണിക്ക് ഇത് പാസ്സാക്കിത്തരാമെന്ന് സമ്മതിച്ചത്. ഇത് പാസ്സാക്കുന്നതിന് ഞങ്ങൾ അനുകൂലമല്ല. അതുകൊണ്ട് വിശദമായി ചർച്ച ചെയ്തിട്ടേ ഇത് പാസ്സാക്കാൻ അനുവദിക്കുകയുള്ളൂ.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എം. ഹസ്സൻ): സർ, ഇവിടെ ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ റിപ്പോർട്ട് വന്ന് ഈ സഭ അഡോപ്റ്റ് ചെയ്തതാണ്. അവിടെവച്ച് ആലോചിക്കാമെന്നു മാത്രമേ പറഞ്ഞിട്ടുള്ളൂ. ഗവൺമെന്റ് ഈ നിർദ്ദേശങ്ങളൊക്കെ കേട്ടു, ഇപ്പോൾ സൗകര്യംപോലെ, സമയം നമ്മൾ തീരുമാനിച്ചു, ബിസിനസ് അഡ്വൈസറി കമ്മിറ്റി റിപ്പോർട്ട് അഡോപ്റ്റു ചെയ്തുകഴിഞ്ഞിട്ട് പിന്നെ അതിനെതിരായി പറയുന്നത് സഭാ തീരുമാനത്തിന് എതിരായിട്ടുള്ള ഒരു കാര്യമല്ലേ?

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനത്തിന് വിരുദ്ധമായിട്ടല്ലേ ഇവിടെ റിപ്പോർട്ട് വന്നത്? ഒരു സമവായമുണ്ടാക്കി ചർച്ച ചെയ്യാമെന്നൊക്കെ തീരുമാനിച്ചു, അതിനു വിരുദ്ധമായിട്ടാണ് ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ റിപ്പോർട്ട് വന്നത്. അതിൽ പിന്നീട് വീണ്ടും മാറ്റം വരുത്തി, സബ്ജക്ട് കമ്മിറ്റി പിന്നേയും കൂടി ഇപ്പോൾ മന്ത്രി ഇവിടെ ഒഫിഷ്യലായി അവതരിപ്പിച്ച ഭേദഗതികളെല്ലാം ഈ നിയമത്തിന്റെ അടിസ്ഥാനത്തെതന്നെ ചോദ്യം ചെയ്യുന്നതല്ലേ? ഇതൊന്നും ചർച്ച ചെയ്യാൻ അവസരമില്ലാതെ ചുടപ്പംപോലെ ഇവിടെ പാസ്സാക്കിത്തരുമെന്ന് വിചാരിച്ചോ? അതിലൊക്കെ അഭിപ്രായം പറയണ്ടേ? ഇതിൽ പ്രധാനപ്പെട്ട വളരെയധികം ഭേദഗതികളുണ്ട്, ഇതിന്റെ അടിസ്ഥാനംപോലും ചോദ്യം ചെയ്യുന്നതാണത്. ഇതിവിടെ ചർച്ച ചെയ്യണ്ടേ, പാസ്സാക്കിയാൽ മതിയോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ: അധ്യാപകരുടെ നിയമനത്തിന്റെ കാര്യത്തിൽ, നിലവിലുള്ള യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ നിബന്ധനകളിലും നിലവിലുള്ള സർവ്വകലാശാലാ നിയമങ്ങളുടെ അടിസ്ഥാനത്തിലും എ.ഐ.സി.ടി.ഇ.-യുടെ നിബന്ധനകളുടെ അടിസ്ഥാനത്തിലും മാത്രമേ സ്വകാര്യ സാശ്രയകോളേജുകളിലായാലും നിയമനങ്ങൾ നടത്താൻ പാടുള്ളൂ. അല്ലെങ്കിൽ അതിന്റെ ഗുണനിലവാരം എങ്ങനെ ഉറപ്പു വരുത്തും? സ്വകാര്യ സ്വാശ്രയ മാനേജുമെന്റുകളുടെ കാര്യത്തിൽ, അധ്യാപകരുടെ നിയമനങ്ങളിലും മറ്റു ജീവനക്കാരുടെ നിയമനങ്ങളിലും സംവരണം പാലിക്കണം. ശ്രീ. എം. എം. ഹസ്സന്റെ പാർട്ടിയുടെ നേതൃത്വത്തിലുള്ള കേന്ദ്രത്തിലെ ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള കോമൺ മിനിമം പ്രോഗ്രാമിൽപ്പോലും സ്വകാര്യ സ്ഥാപനങ്ങളിൽ സംവരണം നടപ്പാക്കണമെന്ന് നിർദ്ദേശം വന്നിട്ടുണ്ട്. ഇവിടെയൊരു നിയമം അവതരിപ്പിച്ചാൽ, ശ്രീ. എം.എം. ഹസ്സൻ പറയുന്നതുപോലെ പെട്ടെന്നു പാസ്സാക്കിക്കൊടുത്ത്, നിലവിലുള്ള സംവരണവ്യവസ്ഥയെ അട്ടിമറിക്കാൻ പറ്റുമോ? കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ നിയമനങ്ങളിൽ നിലനിൽക്കുന്ന സംവരണവ്യവസ്ഥ, അധ്യാപക നിയമനത്തിന്റെ കാര്യത്തിലും മറ്റു ജീവനക്കാരുടെ കാര്യത്തിലും

LIBRARY ARCHIVES Kerala Legislative Assembly

പാലിക്കണം. ബഹുമാന്യനായ നാലകത്തു സൂപ്പി പിന്നോക്ക സമുദായ മുന്നണിക്ക് നേതൃത്വം നൽകിയ ആളാണ്, കേരള നിയമസഭയുടെ പിന്നോക്ക സമിതിയുടെ ചെയർമാനായിരുന്ന ആളാണ്. നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പിന്നോക്ക സമുദായങ്ങൾക്ക് വേണ്ടത്ര പ്രാതിനിധ്യമില്ല. അതുകൊണ്ട് സ്പെഷ്യൽ റിക്രൂട്ടുമെന്റ് നടത്തണം എന്നു ശുപാർശ ചെയ്ത ആളാണ്. ഐക്യജനാധിപത്യമുന്നണി കഴിഞ്ഞ തെരഞ്ഞെടുപ്പിൽ അവതരിപ്പിച്ച പ്രകടന പത്രികയിൽ പിന്നോക്ക സമുദായങ്ങൾക്കുവേണ്ടി സ്പെഷ്യൽ റിക്രൂട്ടുമെന്റ് നടത്തുമെന്ന് ഉറപ്പു തന്നിട്ടുള്ളതാണ്, വാഗ്ദാനം തന്നിട്ടുള്ളതാണ്. ഈ നിയമസഭയിൽ അതുസംബന്ധിച്ച് ഞാൻ ഒരു ചോദ്യം ഉന്നയിച്ചപ്പോൾ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതു നരേന്ദ്രൻ കമ്മീഷനെ നിയോഗിച്ചിരിക്കുന്നു എന്നാണ്. ആ നരേന്ദ്രൻ കമ്മിഷന്റെ റിപ്പോർട്ടു ലഭിച്ചു കഴിഞ്ഞാൽ, ആ കമ്മിഷന്റെ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണെന്നു പറഞ്ഞു. നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിലെ ശുപാർശ എന്താണ്? ഏറ്റവും കൂടുതൽ പ്രാതിനിധ്യക്കുറവുണ്ടായിട്ടുള്ളത് എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മുസ്ലീം സമുദായത്തിനാണ്. സംവരണത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കുറവ് പ്രാതിനിധ്യം ഉണ്ടായിട്ടുള്ളത് ലത്തീൻ കത്തോലിക്കർക്കാണ്. അതുപോലെ അങ്ങു പ്രതിനിദാനം ചെയ്യുന്ന നാടാർ സമുദായം, ധീവര സമുദായം, അവശ ക്രൈസ്തവ വിഭാഗം ഇവർക്കൊക്കെ തന്നെ പ്രാതിനിധ്യക്കുറവുണ്ടായിട്ടുണ്ട്. അങ്ങനെയുള്ള ഇവർക്ക് സ്പെഷ്യൽ റിക്രൂട്ടുമെന്റ് നടത്തണം. അതിനുവേണ്ടി വാദഗതികൾ നടക്കുമ്പോൾ, സ്വകാര്യ സ്വാശ്രയകോളേജുകൾ വഴി ഇഷ്ടം പോലെ നിയമനം നടത്തിക്കോട്ടെ എന്നാണോ? അങ്ങേയ്ക്ക് അതു അംഗീകരിക്കാൻ പറ്റുമോ? ശ്രീ. എം. എം. ഹസ്സന് അംഗീകരിക്കാൻ പറ്റുമോ? വിദ്യാഭ്യാസ മന്ത്രിക്ക് അംഗീകരിക്കാൻ പറ്റുമോ? ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിനു അംഗീകരിക്കാൻ പറ്റുമോ? പാണക്കാട് ശിഹാബ് തങ്ങൾക്ക് അംഗീകരിക്കാൻ പറ്റുമോ? പറ്റില്ല എന്നുള്ളതാണ് സത്യം. അതിനു ഭേദഗതികൾ വേണം. അതുപോലെ നിയമനങ്ങളുടെ കാര്യത്തിൽ വളരെ ശക്തമായ നിലപാട് ഞങ്ങൾ സ്വീകരിക്കുകയാണ്. മാറ്റം ആവശ്യമാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്റെ വാദഗതികൾ ഇവിടെ അംഗീകരിക്കും. പക്ഷേ അദ്ദേഹം ഇപ്പോൾ ശ്രീ .കെ.എം. മാണിയുടെയും ശ്രീ. എ. കെ. ആന്റണിയുടെയും ശ്രീ. ഉമ്മൻചാണ്ടി യുടെയും തടവറയിൽ നിൽക്കുകയാണ്. 1960 കളിലും 1970 കളിലും എന്താണ് കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് നടന്നത്? രണ്ടു ദിവസം മുമ്പ് ഇവിടെയൊരു ചർച്ച നടന്നു. എന്തിനെക്കുറിച്ചായിരുന്നു? പുതിയ ഗ്രേഡിംഗ് സമ്പ്രദായത്തെ ക്കുറിച്ചായിരുന്നു ചർച്ച. 1960 കളിലെ സെഷണൽ മാർക്ക്സ് വീണ്ടും ഏർപ്പെടു ത്തണമെന്ന്. അധ്യാപകരുടെ ഇഷ്ടംപോലെ വിദ്യാർത്ഥികൾക്ക് മാർക്കു കൊടുക്കുന്ന ഒരു ഏർപ്പാടു വരും. ഈ സെഷണൽ മാർക്ക് അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കേരളത്തിലെ വിദ്യാഭ്യാസ മേഖല സമരത്തിലാണ്. ശ്രീ. എ. കെ. ആന്റണിയും ശ്രീ. ഉമ്മൻചാണ്ടിയുമൊക്കെ മുമ്പ് ഇതിനു നേതൃത്വം നല്കിയ ആൾക്കാരാണ്. അന്നു ശ്രീ. എ. കെ. ആന്റണി കെ.പി.സി.സി.യുടെ ജനറൽ സെക്രട്ടറിയായിരുന്നു. അതുപോലെ അന്നത്തെ ഭരണകക്ഷിയുടെ ഏകോപനസമിതി കൺവീനറുമായിരുന്നു. സ്വകാര്യ മാനേജുമെന്റുകളെ മൂക്കു കയറിടുകയാണ് ഇപ്പോഴത്തെ ആവശ്യമെന്നു

LIBRARY ARCHIVES Kerala Legislative Assembly

അന്നു ശ്രീ. എ. കെ. ആന്റണി പ്രഖ്യാപിച്ചു. ഇപ്പോഴോ അതിൽ നിന്നും തികച്ചും വിപരീതമായി പെരുമാറുകയാണ്. ഓരോ സമയത്തും ഓരോ രീതിയിലാണ് പോക്ക്. എന്നിട്ട് അതാണ് ശരിയെന്നു പറയുക. കഴിഞ്ഞ മൂന്നു വർഷക്കാലമായി ഈ രാജ്യത്തെ പരമ്പരാഗത തൊഴിലാളികൾക്കും കൃഷിക്കാർക്കുമൊക്കെ എതിരായ നിലപാടുകൾ സ്വീകരിച്ച ഗവൺമെന്റ്, കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ, ശ്രീ. എ. കെ. ആന്റണി പറഞ്ഞതെന്താണ്? ഞങ്ങൾക്ക് ഒരുപാടു തെറ്റുപറ്റി എന്നാണ്. അതുപോലെ സ്വകാര്യ സ്വാശ്രയ കോളേജുകൾ പൂട്ടാൻ അനുവദിക്കുകയില്ലെന്നാണ് പറയുന്നത്. ആര് അനുവദിച്ചാലും ഇല്ലെങ്കിലും കുറെ എണ്ണം പൂട്ടാൻ പോകുകയാണ്. ഏതെങ്കിലുമൊരു ആസൂത്രണത്തിന്റെ അടിസ്ഥാനത്തിലാണോ ഇതു നടപ്പിലാക്കിയത്? എല്ലാവർക്കും എൻ.ഒ.സി. കൊടുത്തല്ലോ? അതിനെക്കുറിച്ചു വല്ല പഠനവും നടത്തിയിട്ടുണ്ടോ? ഞാൻ വളരെ പ്രധാനപ്പെട്ട ഒരു പോയിന്റ് പറയുകയാണ്. പണ്ട് കൊക്കോ കൃഷി നടത്തിയിരുന്നു നമ്മുടെ കേരളത്തിൽ. ആരാണ് നേതൃത്വം നൽകിയത്? നമ്മുടെ ഇന്നത്തെ ധനകാര്യ വകുപ്പുമന്ത്രി അന്നു കൃഷിവകുപ്പുമന്ത്രിയായിരുന്നു. 1977–79 കാലഘട്ടത്തിൽ കൊക്കോ കൃഷി പ്രചരിപ്പിച്ചു. ഇപ്പോൾ വാനിലക്കൃഷി നടത്തുന്നതുപോലെ എല്ലാവരും കൊക്കോകൃഷി തുടങ്ങി. ഇപ്പോൾ കൊക്കോ ചെടി മുറിച്ചു മാറ്റി തെങ്ങിൻ ചുവട്ടിൽ മൂടുകയാണ്. അതു പോലെ തന്നെയാണ് ഇപ്പോൾ എൻജിനീയറിംഗ് കോളേജ് തുടങ്ങിയിരിക്കുന്നത്. എവിടെ തുടങ്ങി, എന്നു തുടങ്ങി എന്ന് ആർക്കും അറിയില്ല. ആരു വിചാരിച്ചാലും രക്ഷിക്കാൻ കഴിയില്ല. അങ്ങനെ കൊക്കോ കൃഷി നടത്തുന്ന ലാഘവബുദ്ധിയോടുകൂടി സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ തുടങ്ങാൻ അനുവാദം കൊടുത്തു. ഈ ഗവൺമെന്റ് അതിനുത്തരം പറയണം. ഇപ്പോൾ കൃഷിക്കാരുടെ ആത്മഹത്യകളാണ് കൂടുതലും നടക്കുന്നത്. ഇനി സംഭവിക്കാൻ പോകുന്നത് എന്താണ്? ഈ സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ നടത്താൻ പോകുന്ന മാനേജുമെന്റുകളുടെ ആത്മഹത്യ, ലക്ഷങ്ങൾ കൊടുത്ത അധ്യാപകരുടെ ആത്മഹത്യ. ഇതൊക്കെയാണ് ഭാവിയിൽ കേരളം ദർശിക്കാൻ പോകുന്നത്. ഇതൊക്കെ മുന്നിൽ കണ്ടുകൊണ്ട് സമഗ്രമായ ഒരു നിയമം കൊണ്ടു വരണം. ശ്രീ. കെ.എം. മാണിയുടെയും ശ്രീ. ഉമ്മൻചാണ്ടിയുടെയും തടവറയിൽ നിന്നും കേരളത്തിലെ ജനങ്ങളെ മോചിപ്പിക്കണം.

ശ്രീ. കെ. സി. വേണുഗോപാൽ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനും ഫീസ് നിശ്ചയിക്കലിനും ഉള്ള നടപടി ക്രമവും) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സർ, . ഇവിടെ ഈ നിയമത്തിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് കഴിഞ്ഞ രണ്ടു ദിവസമായി പലരും

[ അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. ജെ. ജോയി ]

സംസാരിക്കുകയുണ്ടായി. ഇന്നു മൂന്നാമത്തെ ദിവസമാണ്. സത്യത്തിൽ ഈ നിയമം പാസ്സാക്കിക്കഴിഞ്ഞാൽ കേരളത്തിലെ ലക്ഷക്കണക്കിന് വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള പഠന സൗകര്യമൊരുക്കാൻ കഴിയുമെന്നുള്ള കാര്യം മനസ്സിലാക്കിയപ്പോൾ ഏതോ ഒരു ആജ്ഞാശക്തിയുടെ പ്രവർത്തനത്തിന്റെ ഫലമായി

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷം ഒറ്റക്കെട്ടായി ഈ നിയമത്തെ എതിർക്കുന്ന അവസ്ഥ വന്നിരിക്കുകയാണ്. ഞാൻ ഇതിനെക്കുറിച്ച് ചർവ്വിത ചർവ്വണം നടത്താൻ ആഗ്രഹിക്കുന്നില്ല. ഇതിനകത്തു നിങ്ങൾ ആവർത്തിക്കുന്ന സമീപനം, സ്വാശ്രയകോളേജുകൾ എന്നു പറയുന്ന സങ്കല്പം, അതു അപകടകാരിയാണ്, അതു കുഴപ്പങ്ങൾ ഉണ്ടാക്കുമെന്നു വരുത്തിത്തീർക്കുകയാണ്. യാഥാർത്ഥ്യങ്ങൾ നിങ്ങൾ മനസ്സിലാക്കണം. ഈ ബില്ല് ഇവിടെ വരുന്നതിനുമുമ്പുള്ള അവസ്ഥ, സ്വാശ്രയകോളേജുകൾ നിലവിൽ വരുന്നതിനുമുമ്പുള്ള അവസ്ഥ നമ്മൾ കണ്ടതാണ്. വളരെ പരിമിതമായ, എഴുന്നൂറോളം വരുന്ന മെഡിക്കൽ സീറ്റുകൾ, വളരെ പരിമിതമായ എൻജിനീയറിംഗ് സീറ്റുകൾ. ഒരു മെഡിക്കൽ സീറ്റിനുവേണ്ടി, എൻജിനീയറിംഗ് സീറ്റിനുവേണ്ടി തമിഴ്നാട്ടിലേയും കർണ്ണാടകത്തിലേയും സ്വകാര്യ മാനേജുമെന്റുകളുടെ പീഡനത്തിനു വശംവദരായി എല്ലാ ത്യാഗങ്ങളും കഷ്ടപ്പാടുകളും സഹിച്ചു പോകുന്ന ഒരു ശരാശരി കേരളീയന്റെ ചിത്രം നമ്മൾ കേരളത്തിൽ കണ്ടതാണ്. തങ്ങളുടെ കുട്ടിയെ ഉന്നത വിദ്യാഭ്യാസം ചെയ്യിപ്പിക്കണമെന്ന രക്ഷകർത്താക്കളുടെ ആഗ്രഹം ഒരു സ്ഥലത്ത്, പതിനായിരക്കണക്കിനു ആളുകൾ ആഗ്രഹിക്കുന്ന ഒരു മെഡിസിൻ സീറ്റിനുവേണ്ടി, 700 പേർക്കു മാത്രം അഡ്മിഷൻ കിട്ടുന്ന ഒരു സാഹചര്യം വന്നപ്പോൾ, ഇവിടെ എന്താണ് സംഭവിച്ചത്? രണ്ടു കാര്യങ്ങൾ സംഭവിച്ചു. ഒന്ന്, നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനം മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് ഒഴുകി. രണ്ട്, അവിടത്തെ കോളേജുകളിൽ കുറച്ചു മാർക്കുള്ള ആളുകൾപോലും പ്രവേശനം വാങ്ങി ഡോക്ടർമാരും എൻജിനീയർമാരുമായി തിരിച്ചു വരുമ്പോൾ ഉയർന്ന മാർക്കു വാങ്ങിയ കുട്ടികൾക്കു പഠിക്കാൻ സാധിക്കാതെ പോകുന്ന ഒരു അവസ്ഥ സമൂഹത്തിൽ നിൽക്കുന്നു. ഇതിനൊന്നും ആർക്കും കുഴപ്പമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കേരള സംസ്ഥാനത്ത് ആരംഭിക്കുന്ന ഈ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ അതിശക്തമായി എതിർക്കാൻ, അതിനെ തകർക്കാൻ വേണ്ടിയുള്ള ശ്രമം നടത്തുന്ന ആളുകൾ, കേരളത്തിലെ വിദ്യാർത്ഥികളെ ലൂട്ടു ചെയ്ത് കോടിക്കണക്കിനു രൂപയുണ്ടാക്കുന്ന സൗത്ത് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ ഏജൻസികളെക്കുറിച്ച് ഒരു വാക്കുപോലും വിമർശിക്കാത്തത് എന്തുകൊണ്ടാണെന്ന് അങ്ങു ശ്രദ്ധിച്ചോ?

ശ്രീ. കെ. സി. വേണുഗോപാൽ: അതാണ് ഞാൻ പറഞ്ഞത് എന്തോ ചില ഗൂഢാലോചനകൾ ഇതിന്റെ പുറകിലുണ്ടെന്ന് സംശയിക്കേണ്ടിയിരിക്കുന്നു എന്ന്. നമ്മുടെ സംസ്ഥാനത്തെ കുട്ടികൾ മഴയ്ക്കുവേണ്ടി കാക്കുന്ന വേഴാമ്പലിനെപ്പോലെ, ഒരു അധ്യയനത്തിനുവേണ്ടി, ഒരു അവസരത്തിനുവേണ്ടി കാത്തിരിക്കുമ്പോൾ, ഇവിടെ ഇതാ അവർക്കുവേണ്ടി ഒരു വാതിൽ തുറന്നു കൊടുത്തിരിക്കുന്നു. മെരിറ്റു സീറ്റുകൾ. നേരത്തെ ഒരു വാദം ഇവിടെ ഉന്നയിക്കുന്നതു കേട്ടു. മെരിറ്റു സീറ്റിൽ വരുന്നവരെല്ലാം പണക്കാരാണെന്ന്. ഇതാരുടെ സങ്കല്പമാണ്? ശ്രീ. കെ.പി. രാജേന്ദ്രന്റെ മകൾക്കും എസ്.എസ്.എൽ.സി.ക്കു നല്ല മാർക്കു കിട്ടിയില്ലേ? ഇപ്പോൾ എസ്.എസ്.എൽ.സി.ക്കു ഒന്നാം റാങ്കു കിട്ടിയത് നമ്മുടെ ബഹുമാന്യനായ സ്പീക്കറുടെ പി.എസ്.-ന്റെ മകൾക്കാണ്. ഇവരെല്ലാം പണക്കാരാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മെരിറ്റു സീറ്റിൽ പ്രവേശനം കിട്ടുന്ന കുട്ടികളൊന്നും സമ്പന്ന വിഭാഗത്തിൽപ്പെട്ട കുട്ടികളല്ല. പാവപ്പെട്ടവന്റെയും ഇടത്തരക്കാരന്റെയും എൻ.ജി.ഒ. മാരുടെയും മക്കളാണ് മെരിറ്റ് സീറ്റിൽ കടന്നു കൂടുന്ന ഭൂരിപക്ഷം കുട്ടികളും. ഞങ്ങൾ പറയുന്ന കാര്യം, ഈ 50 ശതമാനം സീറ്റുകളിലെ വിദ്യാർത്ഥി പ്രവേശനം മെരിറ്റടിസ്ഥാനത്തിൽ ആയിരിക്കണം എന്നതും ഗവൺമെന്റ് കോളേജിലെ ഫീസ് എന്നതും നിങ്ങൾ തത്വത്തിൽ അംഗീകരിച്ചു നടപ്പാക്കണം. ഇതു നിങ്ങളുടെ ഗവൺമെന്റ് അധികാരത്തിൽ വന്ന കാലം മുതൽ നടപ്പിലാക്കുമെന്ന് പറഞ്ഞിരുന്നു. അതിനു നിങ്ങൾ തയ്യാറായില്ല എന്നുള്ളതിനു തെളിവാണ് കാരക്കോണം മെഡിക്കൽ കോളേജിൽ 2002-ൽ ചേർന്ന വിദ്യാർത്ഥികളിൽ നിന്ന് ഒരു ലക്ഷത്തി എഴുപത്തി ആറായിരം രൂപയാണ് ഫീസായി ഇപ്പോൾ വാങ്ങുന്നത്. ഇപ്പോൾ ഇതു കൊണ്ടുവരാൻ നിങ്ങൾ നിർബന്ധിക്കപ്പെട്ടതാണ്. നിങ്ങൾക്ക് ഇതിൽ ആത്മാർത്ഥതയില്ല. അതുകൊണ്ടാണ് നിങ്ങൾ 50 ശതമാനം സീറ്റിൽ മാനേജുമെന്റിന് ഇഷ്ടം പോലെ കാശു വാങ്ങാൻ വേണ്ടി അനുവാദം കൊടുക്കുന്നത്.

മി. ചെയർമാൻ (ശ്രീ. പി. ജെ. ജോയി): ചോദ്യം മാത്രം ചോദിക്കണം.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. ജെ. ജോയി]

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇതിന്റെ പേരിൽ തമ്മിൽ തമ്മിൽ തർക്കം വന്നാൽ, ആ തർക്കത്തിന്റെ പേരിൽ ബഹുമാനപ്പെട്ട ഒരു മെമ്പറോടു ചോദ്യം ചോദിക്കുമ്പോൾ, ആ മെമ്പർക്കു കൂടി മനസ്സിലാകുന്ന വിധത്തിൽ ചോദിച്ചാലല്ലേ ഉത്തരം കിട്ടൂ. കാരക്കോണം കോളേജുകാർ ഇപ്പോഴും 2002-ലെ ഫീസാണ് വാങ്ങുന്നത്. ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽ ഇതു ഉൾപ്പെടുത്തുന്നില്ലെങ്കിൽ ഇതു നിലനിൽക്കാൻ പോകുന്നില്ല. ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽപ്പെടുത്താതെ പോയിക്കഴിഞ്ഞാൽ മാനേജുമെന്റിനു നൂറു ശതമാനം സീറ്റുകൾക്കും കാശുവാങ്ങാനുള്ള സഹായം ചെയ്തു കൊടുക്കുന്നതിനുവേണ്ടിയാണോ ഞങ്ങൾ വച്ച ഈ പ്രൊപ്പോസൽ നിങ്ങൾ അംഗീകരിക്കാതെ ഉരുണ്ടു കളിക്കുന്നത്?

ശ്രീ. കെ. സി വേണുഗോപാൽ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറയുന്ന ആദ്യത്തെ ഭാഗം ഞങ്ങൾ അംഗീകരിച്ചല്ലോ. 50 ശതമാനം മെറിറ്റിൽ സാധാരണക്കാരായ ആളുകളുടെ കുട്ടികൾക്ക് അവസരം കിട്ടുന്നു. 700 മെഡിക്കൽ സീറ്റുണ്ടെങ്കിൽ 350 സീറ്റ് മെറിറ്റടിസ്ഥാനത്തിൽ സാധാരണക്കാരുടെ കുട്ടികൾക്കാണ് കിട്ടാൻ പോകുന്നത്. എഞ്ചിനീയറിംഗിന്റേയും ആയുർവേദ കോളേജിന്റെയും കാര്യമൊക്കെ എടുത്ത് പരിശോധിച്ചാലും ഇതുതന്നെയാണ് കാണാൻ കഴിയുന്നത്. എഞ്ചിനീയറിംഗിനൊക്കെ ഏഴായിരത്തോളം സീറ്റുകളാണ് കൂടാൻ പോകുന്നത്. അങ്ങനെ സീറ്റുകൾ കൂടുമ്പോൾ സാധാരണക്കാരായ കുട്ടികൾക്ക് അഡ്മിഷൻ കിട്ടുകയാണ്. കോടിയേരി പറഞ്ഞ രണ്ടാമത്തെ ഭാഗം ശരിയാണ്. .സാധാരണക്കാരായ ആളുകളുടെ കുട്ടികൾക്ക് അവസരം കിട്ടണമെങ്കിൽ കുറച്ചൊക്കെ ഫ്രീഡം അവർക്ക് കൊടുക്കേണ്ടി വരും. നിങ്ങൾ വരച്ച ലക്ഷ്മണ രേഖ കടക്കരുതെന്നു പറഞ്ഞാൽ അവർ സ്ഥാപനം തുടങ്ങില്ല. അപ്പോൾ അവസരം കിട്ടാത്ത കുട്ടികൾ വീണ്ടും കർണ്ണാടകയിലേയ്ക്കും തമിഴ്നാട്ടിലേയ്ക്കുമാണ് പോകേണ്ടി വരുന്നത്. അതിൽ

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾക്ക് യാതൊരു പ്രശ്നവുമില്ലേ? ഞാൻ ശ്രീ. എം.വി. ജയരാജനോട് ചോദിച്ചോട്ടെ അങ്ങ് കണ്ണൂർകാരനാണല്ലോ. നിങ്ങൾ എ.കെ.ജി ആശുപത്രി തലശ്ശേരിയിലും കണ്ണൂരും നടത്തുന്നുണ്ടല്ലോ അവിടെയൊക്കെ സർക്കാർ ആശുപത്രിയിലെ ഫീസാണോ നിങ്ങൾ വാങ്ങിക്കുന്നത്. സർക്കാർ ആശുപത്രിയിലും ഫീസുണ്ട്. നിങ്ങൾ വാങ്ങുന്ന ഫീസ് ഏതാണ്?

ശ്രീ. കെ. സി. ജോസഫ് : സർക്കാർ സ്ഥാപനങ്ങളിലും അൺ-എയിഡഡ് കോളേജുകളിലും ഒരേ ഫീസുവേണമെന്ന് പറയുന്ന പ്രതിപക്ഷ എം.എൽ.എ. മാരോട് ഞാൻ ചോദിക്കുകയാണ് കണ്ണൂർ ജില്ലയിലെ എന്റെ മണ്ഡലമായ പയ്യാവൂരിൽ ആരംഭിച്ച സ്വാശ്രയ സ്കൂളുണ്ട്, ആ സ്കൂളിലെ എൽ.കെ.ജി-ക്ക് ഒരുമാസത്തെ ഫീസ് 100 രൂപ, യു.കെ.ജി-ക്ക് 150 രൂപയാണ്. അപ്പോൾ അവിടെ നിങ്ങൾക്ക് ഈ നിയമം ബാധകമല്ലേ. അവർ ആരംഭിക്കുന്ന സ്കൂളുകളിൽ ഇഷ്ടംപോലെ ഫീസ് വാങ്ങിക്കാം.

ശ്രീ. കെ. സി. വേണുഗോപാൽ : നിങ്ങളുടെ ധാർമ്മിക രോഷം ആളിക്കത്തുന്നുണ്ടല്ലോ. കേരളത്തിലെ നിരവധി സ്കൂളുകളിൽ അവർ വാങ്ങിക്കുന്ന ഫീസ് നമുക്കറിയാം. നിങ്ങൾ ഒരു ആത്മപരിശോധന നടത്തുന്നത് നന്നായിരിക്കും. ഇവിടെ എൽ.കെ.ജി-ക്കും യു.കെ.ജി-ക്കും ഇത്രയുമധികം ഫീസുവാങ്ങുന്നതിൽ പ്രശ്നമില്ലേ? ഞാൻ ഒറ്റ കാര്യം കൂടി ചോദിച്ചോട്ടെ കേരള യൂണിവേഴ്സിറ്റി നടത്തുന്ന ബി.എഡ് കോഴ്സിന് വിദ്യാർത്ഥിയിൽ നിന്നും വാങ്ങിക്കുന്നത് 1750 രൂപയാണ്. കേരള സർവ്വകലാശാല എന്നുപറയുന്നത് സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതം കൊണ്ടുമാത്രം പ്രവർത്തിക്കുന്ന ഒരു സർവ്വകലാശാലയാണ്. ഒരു കൊല്ലത്തേയ്ക്ക് ഒരു വിദ്യാർത്ഥിയിൽ നിന്നും വാങ്ങുന്നത് 1750 രൂപയാണ്. ഇവിടെ ഒറ്റ പ്രശ്നമേയുള്ളു കുട്ടികൾക്ക് പ്രൊഫഷണൽ മേഖലയിൽ പഠിക്കാനുള്ള അവസരം കൊടുക്കണം. നിങ്ങൾക്ക് സ്വകാര്യ മാനേജുമെന്റുകളെ കയറൂരി വിടുന്ന സമ്പ്രദായം ഉപേക്ഷിക്കണമെന്ന ആശങ്കയുണ്ടെങ്കിൽ അതിനെ അംഗീകരിക്കാം. ഈ ബില്ലിൽ അതിനുള്ള പ്രൊവിഷൻ ഉണ്ട്. അഫിലിയേഷൻ കാൻസൽ ചെയ്യാനുള്ള പ്രൊവിഷനൊക്കെ ഇതിനകത്തുണ്ട്. ഇതിൽ രാഷ്ട്രീയ പാർട്ടികൾ പ്രതിനിധികളില്ല. ഒരു മാനേജുമെന്റ് തോന്ന്യാസം കാണിച്ചെന്ന് ബോദ്ധ്യപ്പെട്ടാൽ അഫിലിയേഷൻ റദ്ദാക്കാനുള്ള വ്യവസ്ഥ ഈ നിയമത്തിലുണ്ട്. ഇത്രയും ചെയ്യാനേ കഴിയൂ.

മി. ചെയർമാൻ (ശ്രീ. പി. ജെ. ജോയി) : പ്ളീസ്......എല്ലാപേരും ഇങ്ങനെ പറഞ്ഞാൽ പറ്റുകയില്ല, എല്ലാപേരും സഹകരിക്കണം. രണ്ട് ദിവസംകൊണ്ട് ആറു മണിക്കൂർ വരെ ചർച്ച ചെയ്തതല്ലേ. വളരെ വിശദമായ ചർച്ച നടന്നു. വിയോജനക്കുറിപ്പിൽ സംസാരിക്കാൻ വേണ്ടത്ര സമയം തന്നു. എല്ലാപേരും സഹകരിക്കണം.

ശ്രീ. കെ. സി. വേണുഗോപാൽ : എല്ലാ നിയമങ്ങളുണ്ടാക്കുമ്പോഴും ആശങ്കകളുണ്ടാകാറുണ്ട്. എല്ലാ നിയമത്തിലും ലൂപ്ഹോൾസ് ഉണ്ടാകാറുണ്ട്. ഇവിടെ വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമുണ്ട് ജസ്റ്റീസ് കെ. ടി. തോമസ് കമ്മീഷൻ റിപ്പോർട്ട് രണ്ടുപേരും വേണ്ടെന്നു വച്ചു. കാരണമെന്താണ്? മെറിറ്റ് സീറ്റിൽ ഫീസ് കൂടുന്നു. അത് പ്രധാന കാര്യമല്ലേ? പാവപ്പെട്ട വിദ്യാർത്ഥികൾക്ക് മെറിറ്റ് സീറ്റിൽ ഫീസ് കൂടുന്നു. അതിനുവേണ്ടിയുണ്ടാക്കിയ ഒരു കോമൺ ക്ളാസ്സാണ്. ആ ക്ളാസിനെ

LIBRARY ARCHIVES Kerala Legislative Assembly

എതിർത്തുകൊണ്ട് പറഞ്ഞത് നിങ്ങളെല്ലാം മാനേജുമെന്റുകാരുടെ ഭാഗമാണെന്നാണ്. എനിക്ക് നിങ്ങളോടു പറയുവാനുള്ളത് കേരളത്തിൽ പതിനായിരക്കണക്കിന് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കാൻ കിട്ടുന്ന അവസരം നഷ്ടപ്പെടുത്തരുത്. ആ വിദ്യാർത്ഥികളുടെ മനസ്സ് വേദനിപ്പിക്കരുത്. ഞാൻ വെല്ലുവിളിച്ചുകൊണ്ട് ഡോ. കെ.സി. ജോസഫിനോട് ചോദിക്കുകയാണ് ശ്രീ. പി.ജെ. ജോസഫ് മന്ത്രിയായിരുന്നപ്പോഴുണ്ടാക്കിയ സ്വാശ്രയകോളേജുണ്ട്. അങ്ങ് ഉൾക്കൊള്ളുന്ന അങ്ങയുടെ നേതാവ് വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലത്ത് ഒരു സൗകര്യവുമില്ലാത്തിടത്ത് പ്ളസ് ടു സ്കൂളുകൾ അനുവദിച്ചില്ലേ. അങ്ങനെ പ്ളസ് ടു സ്കൂളുകൾ അനുവദിച്ച് സ്വകാര്യ മേഖലയെ കയറൂരി വിട്ടത് നിങ്ങളായിരുന്നില്ലേ? നിങ്ങൾ നടപ്പിലാക്കിയാൽ എല്ലാം പുരോഗമനം ഞങ്ങൾ നടപ്പിലാക്കിയാൽ അത് പിൻതിരിപ്പൻ. ഏതെങ്കിലും കാരണവശാൽ നിങ്ങൾ അധികാരത്തിൽ വന്നാൽ ഈ നിയമത്തെ നിങ്ങൾ തലയിൽവച്ചുകൊണ്ടു നടക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. നിങ്ങൾ പ്രീഡിഗ്രി ബോർഡ് വേണ്ടെന്നു പറഞ്ഞു. പിന്നെന്തുണ്ടായി പത്തു കൊല്ലം വിദ്യാർത്ഥികളുടെ ഭാവിയെല്ലാം കളഞ്ഞിട്ട് പ്രീഡിഗ്രി ബോർഡ് ഹയർ സെക്കന്ററിയായിട്ട് കൊണ്ടുവന്നവരാണ്. നിങ്ങൾക്കൊരു കാര്യമേയുള്ളു യു.ഡി.എഫ്. ഗവൺമെന്റ് വിദ്യാഭ്യാസ മേഖലയിൽ തുറന്നയവസരം കൊടുത്താൽ അത് ശരിയാകുകയില്ല. ഞങ്ങൾ കൊടുത്താൽ മതി നിങ്ങൾ കൊടുക്കണ്ട എന്നുള്ളതാണ്. അതുകൊണ്ട് ഇവിടെയുണ്ടാകുന്ന ആശങ്കകൾ പരിഹരിക്കത്തക്ക വിധത്തിൽ കേരളത്തിലെ വിദ്യാഭ്യാസ വകുപ്പ് ശക്തമായി പ്രവർത്തിക്കണം. അതുപോലെ നിരവധി വിദ്യാർത്ഥികൾക്ക് അവസരം കൊടുക്കുന്ന ഈ ബിൽ നിയമമാക്കണമന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ടി.കെ.ദേവകുമാർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനും ഫീസ് നിശ്ചയിക്കലിനും ഉള്ള നടപടിക്രമവും) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

5.30 p.m.]

ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഇങ്ങനെയൊരു അന്തരീക്ഷത്തിൽ ചർച്ച ചെയ്യേണ്ടി വരുമെന്ന ധാരണയിലല്ല നമ്മൾ കഴിഞ്ഞ പ്രാവശ്യം ചർച്ച ചെയ്ത് ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചത്. അന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ സഭയ്ക്ക് നൽകിയ ഒരു ഉറപ്പുണ്ട്. ആ ഉറപ്പെന്നു പറയുന്നത് ഇവിടെ ചില ആളുകൾ പറഞ്ഞു. ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പാർലമെന്റിൽ 61 എം.പി.-മാരുണ്ടെന്നു സൂചിപ്പിച്ചത് ഒരു ഭീഷണിയുടെ സ്വരമാണെന്നു വരെ ഭരണകക്ഷി എം.എൽ.എ.മാർ ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞത് ഞാൻ ഓർമ്മിക്കുകയാണ്. അതിന്റെയൊക്കെ അടിസ്ഥാനത്തിലായിരിക്കും ഒരു സമവായത്തിൽ ഈ ബിൽ പാസ്സാക്കിയെടുത്ത് എത്രയും വേഗം കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയ്ക്കയച്ച് ഭരണഘടനയുടെ ഭാഗമാക്കി മാറ്റണമെന്ന് നിർദ്ദേശം വച്ചത്. ഞാൻ ബഹുമാന്യനായ ജോസഫ് മുണ്ടശ്ശേരിയെ ഓർമ്മിപ്പിക്കുന്നില്ല. ഓർമ്മിപ്പിച്ചിട്ട് കാര്യവുമില്ല. അങ്ങയുടെ



LIBRARY ARCHIVES Kerala Legislative Assembly

നേതാവ് സി.എച്ച്. ഇരുന്ന കസേരയിലാണ് അങ്ങ് ഇരിക്കുന്നത്. ആത്മാഭിമാനമുണ്ടെങ്കിൽ ഇന്ന് ബിൽ പൈലറ്റ് ചെയ്യാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ കസേരയിൽ ബഹുമാനപ്പെട്ട നാലകത്ത് സൂപ്പി ഇരിക്കരുത്. കാരണം സബ്ജക്ട് കമ്മിറ്റിയിൽവച്ച് സൃഷ്ടിപരമായ ഭേദഗതികൾ ബോദ്ധ്യപ്പെട്ടുകൊണ്ട്, ആ ഭേദഗതികൾ ചർച്ചചെയ്തുകൊണ്ട് നമുക്ക് ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരു സമവായത്തിലൂടെ ബിൽ പാസ്സാക്കണമെന്ന് നിർദ്ദേശിച്ച ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും നാഴികയ്ക്ക് നാല്പതുവട്ടം സമവായത്തിനുവേണ്ടി നിർദ്ദേശിക്കുന്ന അങ്ങയുടെ പാർട്ടിതന്നെയാണല്ലോ സമവായത്തിനുവേണ്ടി പിരിഞ്ഞിട്ട് സബ്ജക്ട് കമ്മിറ്റിയിൽ അംഗമല്ലാത്ത നിയമവകുപ്പുമന്ത്രിയെ നിയമോപദേശം സ്വീകരിക്കാനെന്നു പറഞ്ഞ് സ്പീക്കറുടെ പ്രത്യേക അനുമതി മേടിച്ച് ക്ഷണിച്ചുവരുത്തി പങ്കെടുപ്പിച്ച് ഈ ബില്ലിന്റെ അന്തസ്സത്തയെ തകർക്കാൻ അവസരം ഉണ്ടാക്കിക്കൊടുത്തത്? ഇതാണല്ലോ സമവായം? ഇതിനാണല്ലോ ഞങ്ങളോട് ആവശ്യപ്പെട്ടത്? നാഴികയ്ക്ക് നാല്പതുവട്ടം സമവായം ആവശ്യപ്പെടുന്ന വ്യവസായവകുപ്പുമന്ത്രിയുടെ പാർട്ടി ഇതാണ് കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സമവായമെന്ന് ഉദാഹരണസഹിതം ബോദ്ധ്യപ്പെടുത്തുകയാണ്. നിങ്ങളുടെ ഇന്നത്തെ ബുദ്ധിമുട്ട് ഞങ്ങൾ മനസ്സിലാക്കുന്നു. ഭരണകക്ഷിയിലെ ഒരു വിഭാഗം ചങ്ങലയില്ലാത്ത ആനയ്ക്ക് മദം പൊട്ടിയതുപോലെ ഇന്ന് പാഞ്ഞുനടക്കുകയാണ്.അതിൽ സീനിയറായ ചില ആളുകൾപോലും നാളെ മന്ത്രിമാരാകാൻ ചിലപ്പോൾ കഴിഞ്ഞേക്കുമെന്ന ധാരണ പരത്തിക്കൊണ്ട് മദംപൊട്ടിയ ആനയുടെ മട്ടിൽ ക്യാന്റീൻ ഉൾപ്പെടെയുള്ള വേദി ഉപയോഗിച്ചത് ഞങ്ങൾ കണ്ടതാണ്. ജൂനിയറായ ചില മെമ്പർമാർപോലും ജനിക്കുന്നതിനുമുമ്പ്, ഞാൻ ജനിക്കുന്നതിനുമുമ്പ് നിയമസഭയിൽ അംഗമായ സീനിയറായ മന്ത്രിയുടെ കോളറിൽ പിടിച്ച് വർത്തമാനം പറയുന്ന സ്ഥിതി ഈ സഭയിൽ നേരിട്ട് കാണേണ്ടിവന്നു. ഈ സാഹചര്യങ്ങളൊക്കെ സൃഷ്ടിയാണ്. ഈ ബില്ലിനെ ഈ പരുവത്തിൽ ആക്കിയതിനെ സംബന്ധിച്ചാണ് എനിക്ക് പറയാനുള്ളത്. കെ.എസ്.യു. വിദ്യാർത്ഥി സംഘടന ഉൾപ്പെടെ കേരളത്തിലെ ഭരണ പ്രതിപക്ഷ വിദ്യാർത്ഥി സംഘടനകൾക്ക് ഒരു സ്വാധീനവും ഈ ഗവൺമെന്റിൽ ചെലുത്താൻ കഴിയുന്നില്ല. പ്രതിപക്ഷം ഒന്നാകെയും ഭരണകക്ഷിയിലെ നല്ലൊരു വിഭാഗം ആളുകളും നടത്തിയ അഭിപ്രായ പ്രകടനത്തെ ഈ ബില്ലിന്റെ ഒരു വകുപ്പിലും സ്വാധീനിക്കാൻ കഴിഞ്ഞില്ല. വളരെ വാദമുഖങ്ങൾ നിരത്താൻ വഴങ്ങണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോൺഗ്രസ്സിന്റെ പാർലമെന്ററി പാർട്ടി സെക്രട്ടറി ജാഗ്രതയോടുകൂടി അപ്പുറത്ത് ഇരിപ്പുണ്ട്. പക്ഷേ ഒരു കാര്യം അങ്ങ് മനസ്സിലാക്കണം. നിങ്ങളുടെ ഗവൺമെന്റിനുമേൽ സ്വാധീനം ചെലുത്താൻ കഴിയുന്ന ഒരു ശക്തിയേ കേരളത്തിൽ ഉള്ളൂ. അത് കേരളത്തിലെ സമ്പന്ന വർഗ്ഗമാണെന്ന് ഈ ബില്ലിലൂടെ നിങ്ങൾ തെളിയിച്ചിരിക്കുകയാണ്. കേരളത്തിലെ വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ, അധ്യാപക സംഘടനകൾ, സാമൂഹ്യ പ്രതിബദ്ധതയുള്ള രാഷ്ട്രീയ പ്രവർത്തകർ, ഞാൻ ആ വാക്ക് ഉപയോഗിക്കുന്നു, പ്രതിപക്ഷമെന്ന് ഞാൻ ചുരുക്കുന്നില്ല. അവരുടെയൊന്നും അഭിപ്രായം മാനിക്കാൻ നിങ്ങൾക്ക് കഴിയുകയില്ല. നിയമവകുപ്പുമന്ത്രി സബ്ജക്ട് കമ്മിറ്റിയിൽ വന്ന് എന്താണ് ചെയ്തത് എന്നതിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് പരസ്യമാണ്, അങ്ങാടിയിൽ പാട്ടാണ്. ആ നിയമവകുപ്പുമന്ത്രിയും യു.ഡി.എഫ്. കൺവീനറുംകൂടി ഈ ബില്ലിനെ ഹൈജാക്ക് ചെയ്തു എന്നുപറഞ്ഞാൽ ഒരുപക്ഷേ നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുകയില്ല. എന്തുകൊണ്ട് ഈ കാര്യത്തിൽ നിങ്ങൾ ഇത്തരം ആളുകൾക്ക് വഴങ്ങുന്നുവെന്ന് ചോദിച്ചാൽ നിങ്ങളുടെ താല്പര്യം അതാണ്. സ്വാശ്രയ കോളേജ് ഇവിടെ വന്നതുകൊണ്ടുള്ള മഹത്തായ ചില നടപടികളെ സംബന്ധിച്ച് ഇവിടെ ചില മെമ്പർമാർ സൂചിപ്പിക്കുകയുണ്ടായി. ഞാൻ ഒറ്റ കാര്യം മാത്രം പറയാം. നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ ഒരു വർഷം ആയിരം പേരാണ് എം.ബി.ബി.എസ്. ഡിഗ്രി എടുക്കുന്നത്. അതിൽ 800 പേർ ഗവൺമെന്റ് കോളേജിലും 200 പേർ സംസ്ഥാനത്തിന് പുറത്തുമാണ്. ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ ഇപ്പോഴത്തെ രജിസ്റ്റേർഡ് ഡോക്ടർമാരുടെ എണ്ണം 33,136 ആണ്. ഈ 33,136 എം.ബി.ബി.എസ്. ഡോക്ടർമാർ കേരളത്തിലെ 3,18,00,000 വരുന്ന കേരളീയർക്കു വേണ്ടിയുള്ളതാണ്. അതായത് 956 ആളിന് ഒരു എം.ബി.ബി.എസ്. ഡോക്ടർ എന്ന കണക്കിൽ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിന്റെ പത്തു ശതമാനത്തിലേറെ കേരളം വിട്ടുപോകുന്നില്ല. ഇത് എന്റെ കണക്കല്ല. നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുന്ന കണക്കുമല്ല. പത്തു ശതമാനത്തിലേറെ ആളുകൾ കേരളം വിട്ടുപോകുന്നില്ല. അപ്പോഴാണ്. നിങ്ങൾ സ്വാശ്രയ മെഡിക്കൽ കോളേജ് കൊണ്ടുവന്നിട്ട് അതിന്റെ മഹനീയത വിശദീകരിക്കാൻ എന്റെ സുഹൃത്ത് ബഹുമാനപ്പെട്ട ആലപ്പുഴ എം.എൽ.എ. ഉൾപ്പെടെ ഇവിടെ വലിയ പരിശ്രമം നടത്തിയത്. ഇതിൽ 50 ലക്ഷം രൂപ മുടക്കി പഠിക്കുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾ അവർ പാസ്സായിവന്നുകഴിഞ്ഞാൽ മുടക്കിയ തുക തിരിച്ചുകിട്ടണ്ടേ? അത് കേരളത്തിലെ വൈദ്യചികിത്സാരംഗത്ത് എന്ത് പ്രതിബന്ധമുണ്ടാക്കുമെന്ന് ഈ വാദഗതികൾ ഉന്നയിക്കുന്നവർ സമർത്ഥമായി പരിശോധിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് എങ്ങനെയിരിക്കുമെന്ന് ചോദിച്ചാൽ, രണ്ട് കിഡ്നി എന്തിനാണെന്ന് ചോദിച്ച ഒരു മഹാനായ ഗാന്ധിയൻ അപ്പുറത്ത് ഇരിപ്പുണ്ട് നിങ്ങളുടെ മന്ത്രിസഭയിൽ. ഇക്കാര്യം ആരോഗ്യ വകുപ്പിന്റെ ഡിമാന്റ് ചർച്ചയിൽ രേഖാമൂലം ഞാൻ സംസാരിക്കാം. ഇപ്പോൾ ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. വൈദ്യശാസ്ത്ര പ്രകാരം ഒരാൾക്ക് ഒരു കിഡ്നി മതിയെന്നാണ് ഒരു മഹാനായ ഗാന്ധിയന്റെ 21-ാം നൂറ്റാണ്ടിലെ കണ്ടുപിടുത്തം. അദ്ദേഹവും ഒരു ഉദ്യോഗസ്ഥനുംകൂടി ചേർന്നുകൊണ്ട് ചെയ്ത ഒരു മഹാപാതകമാണ് കേരളത്തിൽ സ്വാശ്രയ മാനേജുമെന്റിനെ ഇങ്ങനെ അനിയന്ത്രിതമായി ഫീസ് ഈടാക്കുന്നതിന് പ്രചോദനം തോന്നിയത്. കേരള ഹൈക്കോടതിയിൽ ഒരു കേസ്സിൽ അദ്ദേഹവും കേരളത്തിലെ ഒരു ഐ.എ.എസ്. ആഫീസറുംകൂടി ചേർന്ന് ഒരു സത്യവാങ്മൂലം കൊടുത്തു. കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾക്ക് അനുവദിക്കുന്ന ബഡ്ജറ്റ് അലോക്കേഷനെ മെഡിക്കൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം വച്ച് ഹരിച്ചു ഈ മാന്യൻമാർ. എന്നിട്ട് ആശുപത്രിക്ക് അനുവദിച്ചിരിക്കുന്ന അലോക്കേഷൻ ഒരു വിദ്യാർത്ഥിയുടെ ചെലവ് എന്ന തരത്തിൽ കോടതിയിൽ സ്റ്റേറ്റ്മെന്റ് കൊടുത്തു. മന്ത്രി പറഞ്ഞു ഞാൻ അറിഞ്ഞില്ലായെന്ന്. അത് അറിഞ്ഞു എന്നു പറഞ്ഞതിന്റെ തെളിവാണ് ഇപ്പോൾ അത്യാവേശത്തോടുകൂടി ചാടിയെണീറ്റ് ഒരു ഡീംഡ് യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് ന്യായീകരിക്കാൻ ശ്രമിച്ചത്. ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ കൂടുതൽ വശങ്ങളിലേയ്ക്ക് പോകുന്നില്ല. തെളിവുസഹിതം സഭയിൽ കൊണ്ടുവരാം. ഇതാണ് ഇന്ന് സ്വകാര്യ ആശുപത്രിക്ക് മാനേജുമെന്റുകൾ കൊടുത്തിരിക്കുന്ന മാനദണ്ഡം. വേറെ മാനദണ്ഡമൊന്നുമില്ല. തിരക്കി പോകണ്ട. ഈ ഐ.എ.എസ്. ഉദ്യോഗസ്ഥനും ഈ മന്ത്രിയുംകൂടിയാണ് ഈ വാദഗതി ഉണ്ടാക്കിയത്. സർക്കാർ മെഡിക്കൽ കോളേജിലെ ചികിത്സ സൗജന്യമാണ്. നമ്മൾ അംഗീകരിക്കുന്നു. പക്ഷേ സ്വാശ്രയ മെഡിക്കൽ കോളേജിലെ ചികിത്സയോ? പനിയായിട്ട് ചെല്ലുന്നവനെ സ്കാൻ ചെയ്യും. ആവശ്യമുള്ളതും ഇല്ലാത്തുമായ മുഴുവൻ ടെസ്റ്റും അവർ നടത്തിക്കും. മാത്രമല്ല ചികിത്സയ്ക്ക് അവർ തീരുമാനിക്കുന്ന ഫീസ് ഈടാക്കും. ആ ആശുപത്രിക്ക് മുടക്കിയിരിക്കുന്ന മുതലും ഈ കുട്ടികളുടെ കയ്യിൽനിന്ന് ഫീസായി കിട്ടണമെന്ന ആവശ്യം ഉണ്ടാക്കാൻ അവകാശം ഉണ്ടാക്കിക്കൊടുത്ത മന്ത്രിയടങ്ങുന്ന മന്ത്രിസഭയാണ് ഇപ്പോഴത്തെ ഐക്യജനാധിപത്യ മുന്നണിയുടെ മന്ത്രിസഭ. അവിടെയാണ് ഈ താല്പര്യം നിങ്ങൾ മനസ്സിലാക്കേണ്ടത്. ഇത് പറയാതെ വെറുതേ ബില്ലിലേയ്ക്ക് വന്നിട്ട് കാര്യമില്ലല്ലോ. താല്പര്യം എവിടെ നിൽക്കുന്നു? ഏതുതരത്തിലും സ്വാശ്രയ മാനേജുമെന്റുകളെ സംരക്ഷിച്ച് അവർക്ക് പണമുണ്ടാക്കി കൊടുക്കാൻ നിൽക്കുന്നു. എൻ.എസ്.എസ്സ്.-ന്റെ ജനറൽ സെക്രട്ടറി അവരുടെ ബഡ്ജറ്റ് സമ്മേളനത്തിൽ നടത്തിയ പ്രസംഗത്തിൽ വളരെ പ്രധാനപ്പെട്ട ഒരു കാര്യം ചൂണ്ടിക്കാണിച്ചു. ബഹുമാനപ്പെട്ട തേറമ്പിൽ രാമകൃഷ്ണൻ ഉൾപ്പെടെയുള്ള ഭരണകക്ഷി അംഗങ്ങളോട് ഞാൻ ചോദിക്കുന്നു, നായർ സർവ്വീസ് സൊസൈറ്റിയുടെ ജനറൽ സെക്രട്ടറി ബഡ്ജറ്റ് പ്രസംഗത്തിൽ നടത്തിയ അഭിപ്രായത്തോട് ഐക്യജനാധിപത്യമുന്നണിയുടെ അഭിപ്രായം എന്താണ്? നിങ്ങൾ പറയാൻ തയ്യാറാകണം. 50% സീറ്റിന്റെ കാര്യത്തിൽ മാത്രം തർക്കമില്ല. ബാക്കി 50% സീറ്റിന്റെ കാര്യത്തിലാണ് തർക്കമുള്ളത്. സ്വാശ്രയ കോളേജിലെ അഡ്മിഷനേയും ഫീസിനേയും സംബന്ധിച്ച് ഒരു സംവിധാനം ഉണ്ടാക്കുക. അങ്ങനെ ഉണ്ടാക്കുമ്പോൾ അഡ്മിഷന്റെ കാര്യത്തിലും ഫീസിന്റെ കാര്യത്തിലും 50%-ൽ നമ്മൾ ധാരണയിലെത്തി. 50%-ൽ നമ്മൾ ധാരണയിലെത്തിയതിനെ സംബന്ധിച്ച് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ഉപ നേതാവും ഉൾപ്പെടെയുള്ള ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. 50% ധാരണയിലെത്തി. 50% ആണ് അവശേഷിക്കുന്നത്. അതിനെക്കുറിച്ച് ധാരണയിലെത്താമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞു. എന്തുകൊണ്ട് ധാരണയിലെത്താൻ കഴിയുന്നില്ല. അതിന് മറുപടി പറയണ്ടേ? കഴിഞ്ഞ ദിവസം സബ്ജക്ട് കമ്മിറ്റിയിൽവച്ച് ധാരണയിലെത്താമെന്ന് പറഞ്ഞിരുന്നു. ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് സംസാരിക്കാൻ ഒരക്ഷരവുമില്ല. കഷ്ടമല്ലേ? ആരെങ്കിലും വന്ന് പുറകിൽനിന്ന് കോളറിൽ പിടിക്കുമെന്ന് വിചാരിച്ചായിരിക്കും. ബിൽ അവതരിപ്പിച്ചുകൊണ്ട് ഒരക്ഷരവും പറയാനില്ലായെന്നാണ് പറഞ്ഞത്. ഈ നിയമസഭയിൽ അങ്ങ് നൽകിയ ഉറപ്പ് എന്തുകൊണ്ട് പാലിക്കാൻ കഴിയുന്നില്ലായെന്ന് ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയണ്ടേ? എനിക്ക് ഒരക്ഷരവും പറയാനില്ലെന്നാണ് ചോദിച്ചപ്പോൾ പറഞ്ഞത്. അങ്ങേയ്ക്ക് പറയാൻ കഴിയുകയില്ല. കാര്യകാരണസഹിതം ഞങ്ങളെ ബോദ്ധ്യപ്പെടുത്തിക്കൊണ്ട് ഇതിനോട് സഹകരിക്കണമെന്നു പറയാനുള്ള ബാദ്ധ്യത ബിൽ അവതരിപ്പിച്ച മന്ത്രിക്ക്



LIBRARY ARCHIVES Kerala Legislative Assembly

ഇല്ലേ? എന്തുകൊണ്ട് ആ ബാദ്ധ്യത നിങ്ങൾ ഏറ്റെടുത്തില്ല? ഏറ്റെടുക്കാൻ കഴിയുകയില്ല. ഏറ്റെടുത്താൽ ഇൻഡ്യൻ കോഫി ഹൗസിൽ നടന്ന രംഗം ഒരുപക്ഷേ നിയമസഭയ്ക്കകത്ത് വീണ്ടും ആവർത്തിച്ചേക്കും. അവിടെയാണ് പ്രശ്നം. ഒരു ഘടകകക്ഷി ചെയർമാന്റെ പിടലിക്ക് പിടിക്കാൻ ചെന്നതിനെ സംബന്ധിച്ച് സായാഹ്ന പത്രത്തിൽ അച്ചടിച്ചുവന്നിരിക്കുന്നു. ഞാൻ അത് ആവർത്തിക്കണോ? കേരള കോൺഗ്രസ്സ് പാർട്ടിയുടെ ചെയർമാനായ ശ്രീ. ജോണി നെല്ലൂരിനെ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ പാർലമെന്ററി പാർട്ടി സെക്രട്ടറി പിടലിക്ക് പിടിക്കാൻ ചെന്നപ്പോൾ ആളുകൾ പിടിച്ചുമാറ്റിയെന്നാണ് അച്ചടിച്ചു വന്നിരിക്കുന്നത്. ഞാൻ ചെന്നപ്പോൾ രണ്ടു മിനിട്ട് താമസിച്ചുപോയി. അത്രയും ഭാഗ്യം. എനിക്ക് നേരിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടാണ് സായാഹ്ന പത്രത്തിൽ അച്ചടിച്ചുവച്ചിരിക്കുന്ന കാര്യം പറഞ്ഞത്. ഇവിടെ ഘടകകക്ഷി മന്ത്രിമാർ എന്ന് പറയുന്ന കുറെ പാവപ്പെട്ട മനുഷ്യ ജീവികളെ കൈകാര്യം ചെയ്യുന്ന ഒരു രീതിയുണ്ടല്ലോ. ആ രീതിയല്ലേ സഭയെ ഈ പരുവത്തിൽ കൊണ്ട് എത്തിച്ചത്.

ശ്രീ. തമ്പാനൂർ രവി: ഘടകകക്ഷികളായ മന്ത്രിമാരെ കൈകാര്യം ചെയ്തു എന്ന് പറഞ്ഞല്ലോ. കേരളത്തിലെ മുന്നണി സംവിധാനത്തിൽ ഘടകകക്ഷി മന്ത്രിമാരെ ഏറ്റവും കൂടുതൽ കൈകാര്യം ചെയ്തിട്ടുള്ള ആളുകൾ എൽ.ഡി.എഫ്. ആണെന്ന കാര്യം അങ്ങ് വിസ്മരിക്കുമോ?

ശ്രീ. ടി. കെ. ദേവകുമാർ: കേരളത്തിൽ ഭരണ മുന്നണിയ്ക്കകത്ത് ഒരുപാട് രാഷ്ട്രീയ പ്രതിസന്ധി ഉണ്ടായിട്ടുണ്ട്. പക്ഷെ, അങ്ങ് മനസ്സിലാക്കണം, ബഹുമാന്യനായ ആർ. ബാലകൃഷ്ണപിള്ളയുടെ അടുത്തു വന്ന് ശ്രീ. ആര്യാടൻ മുഹമ്മദ് സംസാരിക്കുന്നത് എനിക്ക് മനസ്സിലാകും. ശ്രീ. ബാലകൃഷ്ണപിള്ള എന്ന് പറയുന്ന മനുഷ്യൻ പാർലമെന്റ് പ്രവർത്തനം തുടങ്ങുമ്പോൾ ജനിച്ചിട്ടില്ലാത്ത ഒരു മെമ്പർ വന്ന് കോളറിൽ പിടിച്ചാൽ.......... ഇതിനു മുമ്പ് ഭരണകക്ഷി നേതാക്കൻമാർ തെരുവിൽ തല്ലുന്ന സ്ഥിതി ഉണ്ടായിരുന്നോ?

മി. ചെയർമാൻ: അങ്ങ് ബില്ലിലേയ്ക്ക് വരൂ.

ശ്രീ. ടി. കെ. ദേവകുമാർ: ഞാൻ ബില്ലിലേയ്ക്ക് വരുകയാണ്.

ശ്രീ. എ. കെ. ബാലൻ: മാനേജുമെന്റിന് ഇഷ്ടം പോലെ ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങാനുള്ള സംരക്ഷണം ഈ ബില്ലിന്റെ ക്ലാസ് 2- ലും ക്ലാസ് -4 ഉം കൊടുക്കുന്നുണ്ട് എന്ന കാര്യം മെമ്പർ മനസ്സിലാക്കിയോ?

ശ്രീ. ടി. കെ. ദേവകുമാർ: അത് മനസ്സിലാക്കുന്നുണ്ട്. കള്ളൻ കപ്പലിൽ തന്നെയാണ്. സദുദ്ദേശപരമായി 50% സീറ്റിനെക്കുറിച്ച് സബ്ജക്ട് കമ്മിറ്റി കഴിഞ്ഞ് ഒരു യോജിപ്പിലെത്താം എന്ന് ഞങ്ങളുടെ നേതാക്കൻമാർ പറഞ്ഞതനുസരിച്ച് ഞങ്ങൾ കാത്തിരിക്കുകയാണ് ഇപ്പോൾ വിദ്യാഭ്യാസ മന്ത്രിയുടെ വായിൽ പ്ലാസ്റ്റർ ഒട്ടിച്ച് വിട്ടിരിക്കുകയാണ്. ഒരു കാര്യം വിദ്യാഭ്യാസ മന്ത്രി മനസ്സിലാക്കണം. സബ്ജക്ട് കമ്മിറ്റിയിൽ നിയമാവകാശം തന്ന ബഹുമാന്യനായ നിയമ വകുപ്പുമന്ത്രിക്ക് ഇത് 9-ാം പട്ടികയിൽ ഉൾപ്പെടുത്താൻവേണ്ടി കൈപൊക്കാൻ പാർലമെന്റിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരൊറ്റയാളുണ്ടോ? കേരളത്തിലെ താൽപ്പര്യം സംരക്ഷിക്കാൻ ഈ നിയമം സംവിധാനം ചെയ്യുന്നില്ലെങ്കിൽ ബഹുമാനപ്പെട്ട മാണി സാറിന് പാർലമെന്റിൽ ചെന്ന് പൊക്കിക്കാൻ അര കയ്യ് ഇല്ല. അത് മനസ്സിലാക്കുന്നത് നിങ്ങൾക്കും കേരളത്തിനും നല്ലതാണ്. 50% സീറ്റ് എങ്ങനെ കൈകാര്യം ചെയ്യണം എന്നുള്ളതാണ് പ്രശ്നം. ട്രോജൻ കുതിരയാണ് എന്ന് പറഞ്ഞ ആളുകൾ ഞങ്ങളുടെ പിന്തുണയോടുകൂടി പ്രധാനമന്ത്രി കസേരയിൽ ഇരിക്കുന്നല്ലോ. അത് സന്തോഷമുള്ള കാര്യം തന്നെ.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്............

ശ്രീ. ടി. കെ. ദേവകുമാർ: സർവ്വതന്ത്ര സ്വതന്ത്രമായി സ്വാശ്രയ മാനേജുമെന്റിനെ വിടണമെന്നും സാമൂഹ്യ പ്രതിബദ്ധതയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ നിയന്ത്രണം സ്വാശ്രയ മാനേജുമെന്റ് സീറ്റിൽ ഉണ്ടാകണമെന്നുമുള്ള രണ്ട് അഭിപ്രായമാണ് കേരളീയ ജനസമൂഹത്തിൽ നിലനിൽക്കുന്നത്. അതാണ് നിയമസഭയിൽ പ്രതിപക്ഷത്തും അത്യപൂർവ്വമായി ഭരണകക്ഷി അംഗങ്ങളിലും ഇന്ന് ഉണ്ടായിരിക്കുന്ന ചേരിതിരിവ്. ഒരു കാര്യം ബഹുമാനപ്പെട്ട ചെയർ മനസ്സിലാക്കണം പറയാനുള്ളത് മുഴുവൻ പറയാനുള്ള അവസരം കിട്ടണം. അതിനുശേഷമേ ഈ ബിൽ പാസ്സാക്കാൻ പറ്റുകയുള്ളൂ. ഞങ്ങൾ സഹകരിക്കാൻ തയ്യാറാണ്. കാരണം, ഇത് കേരളത്തിലെ ജനങ്ങൾ അറിയേണ്ട പ്രശ്നമാണ്. കേരളത്തിലെ മതേതര ജനാധിപത്യ സംവിധാനത്തിന് നിരക്കാത്ത തീരുമാനങ്ങൾ എടുത്തിട്ടുള്ള മാനേജുമെന്റിനെ ഞാൻ ഓർക്കുന്നു. എന്റെ ഏറ്റവും മൂത്ത സഹോദരി ബി.എഡ്. പാസായപ്പോൾ എൻ.എസ്.എസ്. മാനേജുമെന്റ് പത്ത് പൈസപോലും വാങ്ങിക്കാതെ അവർക്ക് ജോലി കൊടുത്തു. അതേസമയം കേരളത്തിലെ ചില സഹകരണ മാനേജുമെന്റുകൾ മതേതര ജനാധിപത്യ സംവിധാനത്തിൽ പ്രവർത്തിക്കുന്ന ഒരു മാനേജുമെന്റിനും എടുക്കാൻ പറ്റാത്ത തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. എൻ.എസ്.എസ്.-ഉം എസ്.എൻ.ഡി.പി.-യും ക്രിസ്ത്യൻ മിഷനറിമാരും എം.ഇ.എസും അടക്കമുള്ള മാനേജുമെന്റുകൾ കേരളത്തിന്റെ വിദ്യാഭ്യാസമേഖലയിൽ സംഭാവനകൾ ചെയ്യാനാണോ വന്നിരിക്കുന്നത്? ആണെന്ന ധാരണ എനിക്കില്ല. കഴിഞ്ഞ ദിവസം ആരോ ഇവിടെ ഒരു പാതിരിയുടെ പേര് പറയുന്നത് കേട്ടു. അതുപോലെ ആരും വരുന്നില്ല. അതിന്റെ അർത്ഥമെന്താണ്? ഇമ്മിണി കാശ് മുടക്കി ഒത്തിരി കാശ് ഉണ്ടാക്കുക എന്നതാണ്. അത് മാത്രമല്ല, സർവ്വതന്ത്ര സ്വതന്ത്രമായി സ്വാശ്രയ മാനേജുമെന്റുകളെ വിടണോ അതോ സാമൂഹ്യ പ്രതിബദ്ധതയുടെ അടിസ്ഥാനത്തിൽ ഈ മാനേജുമെന്റുകളുടെമേൽ സർക്കാരിന് നിയന്ത്രണം ഉണ്ടാകണോ? ഈ ചോദ്യത്തിന് നിയമസഭ ഉത്തരം കണ്ടെത്തേണ്ടതാണ്. ബഹുമാന്യനായ ഇ.ടി. മുഹമ്മദ് ബഷീർ ജനങ്ങളുടെ പക്ഷത്തുനിന്നു എന്നുള്ള അഭിപ്രായം എനിക്കുണ്ട്. അതുപോലും പരിഗണിക്കാൻ അപ്പുറത്തുള്ള മഹാഭൂരിപക്ഷം ആളുകളും തയ്യാറല്ല. സ്വാശ്രയ മാനേജുമെന്റിന്റെമേൽ നിയന്ത്രണം വേണം 50% സീറ്റ് എന്ന് പറയുന്നത് സംവരണത്തിന്റേയും മെരിറ്റിന്റേയും അടിസ്ഥാനത്തിൽ കിട്ടുന്ന സ്ഥാപനം എന്ന തരത്തിൽ.................



LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ബില്ലിന്റെ കാര്യത്തിൽ ഒരു സമയനിഷ്ഠ പാലിക്കണം. ഇതിനുമുമ്പ് ഈ നിയമസഭയിൽ ഒട്ടേറെ ബില്ലുകൾ അവതരിപ്പിച്ചിട്ടുണ്ട്. വകുപ്പു തിരിച്ചുള്ള ചർച്ചയ്ക്ക് ഇതിനു മുമ്പ് ഇത്രയും കൂടുതൽ സമയം എടുത്തിട്ടില്ല. അതുകൊണ്ട് എല്ലാവരും ഒന്ന് സഹകരിക്കണം.

ശ്രീ. ടി. കെ. ദേവകുമാർ: അങ്ങനെയാണെങ്കിൽ ഞങ്ങൾ പോയിത്തരാം. നിങ്ങൾ 10 മിനിട്ട് കൊണ്ട് പാസാക്കിക്കോളൂ.

മി. ചെയർമാൻ : അതിന്റെ അർത്ഥം അങ്ങനെയാണോ? പറയാനുള്ള അവസരം ഒരുപാട് കിട്ടിയില്ലേ?

ശ്രീ. ടി. കെ. ദേവകുമാർ: ബില്ലിന് പുറത്തു പോയി സംസാരിക്കുകയാണെങ്കിൽ ബഹുമാനപ്പെട്ട ചെയറിന് അധികാരം ഉപയോഗിച്ച് ഇടപെടാം. ബില്ലിനെക്കുറിച്ചാണ് ഞാൻ സംസാരിക്കുന്നത് അതിനുള്ള സമയം അനുവദിക്കണം. ഞാൻ പറഞ്ഞു വരുന്നത്, സ്വാശ്രയ മാനേജുമെന്റിലെ സീറ്റ്, ഫീസ്, അഡ്മിഷൻ ഈ കാര്യങ്ങൾ തീരുമാനിക്കാൻ എന്ത് സംവിധാനമാണുള്ളത് എന്നാണ്. അഡ്മിഷന്റെ കാര്യത്തിൽ സ്വന്തം സമുദായത്തിൽപ്പെട്ടവർക്ക് മാത്രമേ കൊടുക്കുകയുള്ളൂ എന്ന് തീരുമാനിക്കാൻ ഒരു മാനേജുമെന്റിനും അവസരം ഉണ്ടാക്കാൻ പാടില്ല. ഈ കേരളത്തിൽ മാനേജുമെന്റിന്റെ താൽപ്പര്യം സംരക്ഷിക്കുന്ന ആളുകൾക്ക് മാത്രമേ തങ്ങൾ ചോദിക്കുന്ന പൈസ തരുകയും അത് പുറത്ത് പറയാതിരിക്കുന്നവർക്ക് മാത്രമേ ഈ സീറ്റ് കിട്ടുകയുള്ളൂ എന്ന സ്ഥിതിവിശേഷം ഒരിക്കലെങ്കിലും ഉണ്ടാകാൻ പാടില്ല. സ്വാശ്രയമാനേജുമെന്റിനെ സംബന്ധിച്ചിടത്തോളം അഡ്മിഷന്റെ കാര്യത്തിൽ പൊതുമാനദണ്ഡ പരീക്ഷയിൽ നിന്നും ആളുകളെ റിക്രൂട്ട് ചെയ്യാനുള്ള സ്ഥിതിവിശേഷം ഉണ്ടാകണം.

സർ, അഡ്മിഷന്റെ കാര്യത്തിൽ ഒരു പൊതുവായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ എടുക്കാനുള്ള അവസരം ഉണ്ടാകണം. കാരണം

6.00 p.m.]

മാനേജുമെന്റുകളുടെ സങ്കുചിത താൽപ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ ആളെ തെരഞ്ഞെടുക്കുകയെന്ന സമീപനം കേരളത്തിൽ ഉണ്ടാകുന്നത് കേരളത്തിന്റെ മതേതര ജനാധിപത്യത്തിനുതന്നെ അപകടം സംഭവിക്കുന്നതാണ്. അത് ഉണ്ടാകാതിരിക്കാനുള്ള സംവിധാനം ഈ ബില്ലിൽ ഉണ്ടാകണം. രണ്ട്, ഈ ഫീസിനെ സംബന്ധിച്ച് കാലാകാലങ്ങളിൽ പ്രവർത്തിച്ചുവന്ന സ്വകാര്യ ആശുപത്രികൾക്ക് കാശ് കൊടുക്കുന്ന സ്ഥിതിവിശേഷം......., സ്വകാര്യ മാനേജുമെന്റുകളുടെ ആശുപത്രികളിൽ ഉണ്ടാകുന്ന ചെലവ് കുട്ടികളിൽ നിന്ന് ഈടാക്കുകയില്ലെന്ന് ഉറപ്പുവരുത്താൻ കഴിയണം. ഇതിനകത്ത് പറഞ്ഞിരിക്കുന്ന ഒരു ക്ലോസ് എന്താണെന്നറിയാമോ, ക്യാപ്പിറ്റേഷൻ ഫീസ് കൊടുത്തു എന്ന് പരാതിയുണ്ടായാൽ അത് പരിശോധിക്കാൻ ഒരു കമ്മിറ്റി, എന്നുപറഞ്ഞാൽ സർക്കാർ കാശ് കൊടുത്ത് ഒരു റിട്ടയേർഡ് ജഡ്ജിയെവച്ച്, കമ്മിറ്റിയ്ക്ക് വേറെ ഒരു ജോലിയുമില്ല, എന്താണ് ഉള്ള ജോലി, ആരെങ്കിലും എന്റെ കയ്യിൽ നിന്ന് ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങിയെന്ന് പരാതി കൊടുത്താൽ അന്വേഷിക്കാനുള്ള ജോലിയേയുള്ളൂ. ഞാൻ പറയുന്നത് ശ്രദ്ധിക്കൂ, ഇക്കാര്യത്തിന് വിദ്യാഭ്യാസ മന്ത്രി മറുപടി പറയണ്ടേ.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: സഹകരിക്കൂ, പ്ലീസ് ദേവകുമാർ ........

ശ്രീ. ടി. കെ. ദേവകുമാർ: ഞാൻ ഇതൊന്ന് പറഞ്ഞു തീർത്തോട്ടെ. ഫീസിനെ സംബന്ധിച്ചിടത്തോളം വ്യക്തതയുണ്ടാക്കാൻ സംവിധാനമുണ്ടാകണം. ആരും ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങിയെന്ന് പറഞ്ഞ് കോളേജിൽ പഠിക്കുന്ന ഒരു കുട്ടിയുടേയും രക്ഷകർത്താവ് ഈ കമ്മിറ്റിയിൽ ചെല്ലില്ല, .അഡ്മിഷൻ കൊടുത്തതിൽ ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങിയിട്ടുണ്ടോയെന്ന് ഈ കമ്മിറ്റിയ്ക്ക് സ്വയമേവ പരിശോധിക്കാനുള്ള അധികാരം കൊടുക്കണം. അതല്ലാതെ ആരെങ്കിലും കൊടുത്താൽ ഒക്കില്ല. വിദ്യാഭ്യാസത്തെ വിൽപ്പനച്ചരക്കാക്കി മാറ്റുകയെന്നത് അപമാനകരമാണ്. സർക്കാർ ഇടപാടുകളിൽ ഉണ്ടാകുന്നത് മഹാ അപരാധമാണെന്ന് പറയുന്ന സ്ഥിതിവിശേഷം, ആ വാദഗതി ഒഴിവാക്കാൻ കഴിയണം. ഞാൻ ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കാം. വസ്തുതാപരമായി പരിശോധിച്ച് ഫീസ് നിശ്ചയിക്കാനുള്ള ഒരു സംവിധാനം ഉണ്ടാക്കുന്നതിനാണ് നമ്മൾ സഹകരിക്കേണ്ടത്. അങ്ങനെ ചെയ്യുമ്പോൾ ഇന്ന് കൊണ്ടുവന്നിരിക്കുന്ന ഓരോ ഭേദഗതിയും മാനേജുമെന്റിന് സർവതന്ത്ര സ്വതന്ത്രമായി അധികാരങ്ങൾ കൊടുക്കാൻ മാത്രം സഹായകരമാണ്. അതേ സമയം ഈ മാനേജുമെന്റിന്റെ പേരിൽ സാമൂഹ്യ പ്രതിബദ്ധതയുടെ അടിസ്ഥാനത്തിൽ ഇടപെടൽ ഉണ്ടാക്കാൻ, ഇപ്പോൾ ഇവിടെ കൊണ്ടുവന്നിരിക്കുന്ന ആറാം വകുപ്പിന്റെ ഭേദഗതി ഉൾപ്പെടെ അഭിപ്രായമുണ്ട്. അത് ക്ലാസ് ബൈ ക്ലാസ് ഡിസ്കഷനിൽ അറിയാം. പക്ഷെ ഈ സമീപനമാണ് ഗവൺമെന്റ് വച്ചു പുലർത്തുന്നതെങ്കിൽ കേരളത്തിലെ ജനങ്ങളുടെ മുൻപിൽ ഈ ഗവൺമെന്റിന് മറുപടി പറയേണ്ടിവരും. കേരളത്തിൽ വലിയ ജനകീയ പ്രക്ഷോഭത്തിനെ ഗവൺമെന്റ് നേരിടേണ്ടിവരും. കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗം കുറേ മുതലാളിമാർക്ക് എഴുതിക്കൊടുക്കാൻ ഒരു നിയമം തട്ടിപ്പടച്ച് ഉണ്ടാക്കിയാൽ അതിനെ കയ്യുംകെട്ടി കേരളത്തിലെ വിദ്യാർത്ഥി, അദ്ധ്യാപക സാമൂഹ്യ പ്രതിബദ്ധതയുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നോക്കിനിൽക്കുമെന്നുള്ള ധാരണയുണ്ടാകരുത്. അതുകൊണ്ടുതന്നെ ഞാൻ ആവശ്യപ്പെടുന്നു, വിദ്യാഭ്യാസ മന്ത്രി കഴിഞ്ഞ ചർച്ചയിൽ അവസാനം കൺക്ളൂഡ് ചെയ്തു പറഞ്ഞതുപോലെ, വീണ്ടും ഇത് സബ്ജക്ട് കമ്മിറ്റിയ്ക്ക് അയച്ച് മാന്യമായി കേരളത്തിലെ ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാത്ത സാമൂഹ്യപ്രതിബദ്ധതയുള്ള നിയമം ഉണ്ടാക്കണമെന്ന് ആഗ്രഹിക്കുന്ന ജനങ്ങളുടെ പക്ഷത്തുനിന്ന് സബ്ജക്ട് കമ്മിറ്റി ചർച്ച് ചെയ്ത് ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ടുവരാൻ ഈ ബിൽ വീണ്ടും കൊണ്ടുവരാൻ തയ്യാറാകണം. ഇത് സബ്ജക്ട് കമ്മിറ്റിയ്ക്ക് തിരിച്ചയയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. എന്റെ ഭേദഗതി മൂവ് ചെയ്യുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി): സർ, ഈ ബില്ലിനെ സംബന്ധിച്ച് ഇതിനു മുൻപും ഞാൻ ഇവിടെ സംസാരിച്ചതാണ്. അതുപോലെ ബിൽ കൊണ്ടുവരാൻ സമ്മർദ്ദങ്ങളുണ്ടായി എന്ന കാര്യം ആർക്കും നിഷേധിക്കാൻ ആകില്ല. ഈ ബിൽ പ്രൊഫഷണൽ കോഴ്സുകൾക്കുള്ള അഡ്മിഷൻ ഫീസ് നിശ്ചയിക്കുന്ന കാര്യത്തിൽപ്പെട്ടതാണ്. ഏതായാലും ഈ ബിൽ നിയമമായി വരുന്നതോടുകൂടി നമ്മുടെ സംസ്ഥാനത്ത് എൻജിനീയറിംഗ് കോളേജിലും മെഡിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

കോളേജിലും 50 ശതമാനം അഡ്മിഷനുള്ള സാധ്യത തെളിഞ്ഞുവരുന്നു. അതല്ല, ബഹുമാനപ്പെട്ട പ്രതിപക്ഷ മെമ്പർമാർ പറഞ്ഞതുപോലെ ശക്തിമായ സമരം നേരിടേണ്ടിവരുമെന്നുള്ള രീതിയിലാണെങ്കിൽ അത് ബുദ്ധിമുട്ടാണ് എന്നാണ് എനിക്ക് പറയാനുള്ളത്. ഏതായാലും 7250 പേർക്ക് എൻജിനീയറിംഗ് കോളേജിൽ സർക്കാർ ക്വാട്ടയിൽ പ്രവേശനം നേടാൻ സാധിക്കും. അതുപോലെ 400 പേർക്ക് മെഡിക്കൽ കോളേജിൽ പ്രവേശനം നേടാൻ സാധിക്കും. നമ്മുടെ സംസ്ഥാനത്തുനിന്ന് അന്യസംസ്ഥാനങ്ങളിലേക്ക് ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് പോകുന്ന കുട്ടികളെ നമുക്ക് പിടിച്ചുനിർത്താൻ സാധിക്കും. സുപ്രീം കോടതി വിധി മൂലമുണ്ടായ ആ പ്രയാസത്തിൽ നിന്ന് ഉടലെടുത്തതാണ് ബില്ലിന്റെ കാതലായ വശം അതിനെ സംബന്ധിച്ച് ഞാൻ ഒന്നും പറയുന്നില്ല, ഈ സർക്കാരിന് കാലാകാലങ്ങളിൽ ഒരു വിജ്ഞാപനത്തിലൂടെ ഏത് ഡിസിപ്ളീനും ഈ നിയമത്തിൽ കൊണ്ടുവരാമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഗവൺമെന്റിന്റെ പോളിസി വ്യക്തമായ പോളിസിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ 50 ശതമാനം സീറ്റ് മാനേജുമെന്റ് ക്വാട്ട. ഗവൺമെന്റ് ക്വാട്ട 50 ശതമാനമായി ഫിക്സ് ചെയ്യുന്നു എന്ന ഒരു കാര്യം കൊണ്ടുതന്നെ നമ്മുടെ സംസ്ഥാനത്ത് നിരവധി കുട്ടികൾക്ക് ഇന്ന് പ്രവേശനം കിട്ടിയിരിക്കുകയാണ്. മാനേജുമെന്റിന്റെ ഫ്ളെക്സിബിലിറ്റി, അത് അനുവദിക്കാൻ പാടില്ലായെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാക്കൾ ആവശ്യപ്പെടുന്നത്. ഒരു സംസ്ഥാന ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഈ വിഷയത്തിൽ സ്വാശ്രയ കോളേജുകൾ എന്ന ധാരണ വന്ന്, അതുമായി ബന്ധപ്പെട്ട് ഒരു corporate ഉണ്ടാക്കി, ഈ ഗവൺമെന്റ് അതിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ ചർച്ച ചെയ്യുന്നത്. അത് 9-ാം ഷെഡ്യൂളിൽപ്പെടുത്തണം. ഇപ്പുറത്തും അപ്പുറത്തും ഇരിക്കുന്ന ആളുകൾ ആഗ്രഹിക്കുന്നു. അതിന് വിരുദ്ധമായി പ്രക്ഷോഭം നടത്തുകയെന്ന രീതി സ്വീകരിക്കരുത് എന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാക്കൻമാരോട് ആവശ്യപ്പെടാനുള്ളത്. ഈ ബിൽ ക്ളാസ് ബൈ ക്ളാസ് ആയി ഇനിയും ചർച്ച ചെയ്യാം, ഞാൻ അവസാനം മറുപടി പറയാം. മാനേജുമെന്റ് ക്വാട്ടയിൽ തോന്നിയ മാതിരി ഫീസ് നിശ്ചയിക്കാനുള്ള അധികാരം കൊടുത്തു എന്ന വാദം ശരിയല്ല. ക്യാപ്പിറ്റേഷൻ ഫീസ് പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. അതിനുവേണ്ടി ഒരു കമ്മിറ്റി തന്നെ രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റി പരിശോധിക്കും. കമ്മിറ്റിക്ക് അതിന് അധികാരമുണ്ട്. അനിവാര്യമായ ചെലവുകൾക്ക്, അനിവാര്യമായ ചെലവുകളെന്നേ സുപ്രീം കോടതി പറഞ്ഞിട്ടുള്ളൂ. ആ ചെലവുകൾക്കുവേണ്ടി മാനേജുമെന്റിന് ഡെവലപ്മെന്റ് ഫീസ് എന്ന നിലയ്ക്ക് വാങ്ങിക്കാനുള്ള സൗകര്യമുണ്ട്. നമ്മൾ ഇന്ന് പ്ളസ് ടു സ്കൂളുകളിലും അതുപോലെ എൽ. കെ. ജി. മുതൽ.......മാനേജുമെന്റ് സ്കൂളുകളടക്കം പൈസ പിരിക്കുന്ന ഏർപ്പാട് ഉണ്ട്. അത് നമ്മൾ കാണാതിരുന്നിട്ട് കാര്യമില്ല. മാനേജുമെന്റിന് തന്നിഷ്ടപ്രകാരം പ്രവർത്തിക്കാനുള്ള അനുമതി നൽകുന്നു എന്നത് ശരിയല്ല, ഒരു കമ്മിറ്റിയുണ്ട്, ആ കമ്മിറ്റിയിൽ പരാതി കൊടുത്താൽ അത് പരിശോധിക്കുന്നതാണ്. ഏതായാലും വ്യവസ്ഥകൾ ലംഘിക്കുന്നവർക്ക് 5 ലക്ഷം രൂപവരെ ഫൈനും, ക്യാപ്പിറ്റേഷൻ ഫീ വാങ്ങിയത് forfeit ചെയ്യാം.



LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ യൂണിവേഴ്സിറ്റിയുടെ അംഗീകാരം എടുത്തുകളയാമെന്നുള്ള ഒരു പീനൽ പ്രൊവിഷൻ ഇതിലുണ്ട്. അതുകൊണ്ട് ഈ ബിൽ കുറ്റമറ്റതാണെന്ന് ഞാൻ പറയുന്നില്ല, എന്തായാലും പ്രായോഗികതലത്തിൽ നോക്കുമ്പോൾ ഈ ബിൽ ഇപ്പോൾ അവതരിപ്പിക്കുന്നതാണ് നല്ലത്. ഈ ബിൽ പ്രയോഗവൽക്കരിക്കണ്ടേ? നമ്മുടെ എന്തു ഡിമാൻഡു പറഞ്ഞാലും അത് പ്രയോഗത്തിൽ വരണം, അതല്ലെങ്കിൽ ഈ ഏർപ്പാടിനൊന്നും അവസാനമുണ്ടാകില്ല. അതുകൊണ്ടാണ് ഈ ബിൽ ഞാൻ സഭയുടെ മുമ്പാകെ വച്ചത്.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഇപ്പോൾ ഈ ബിൽ പാസ്സാക്കി നിയമസഭാ സമ്മേളനം പിരിയും. ഇവിടെ ഒരു സമരം ആരംഭിക്കുന്നുണ്ട്, ആ സമരത്തിന്റെ ഭാഗമായി 50% മെറിറ്റ് സീറ്റിൽ കുട്ടികൾക്ക് അഡ്മിഷൻ കിട്ടുന്ന കോളേജ് എന്നുള്ള നിലയിൽ ഇവർക്ക് ഭാഗികമായി പേമെന്റ് കൊടുക്കാൻ സർക്കാർ അവരുമായി ഒത്തുതീർപ്പ് ഉണ്ടാക്കില്ല എന്ന് അങ്ങേയ്ക്ക് ഈ സഭയിൽ ഉറപ്പു നൽകാൻ കഴിയുമോ?

ശ്രീ. നാലകത്തു സൂപ്പി: ഗവൺമെന്റ് അതിന് ഓർഡർ ഇറക്കിയിട്ടുണ്ട്. ആ ഓർഡർ പ്രായോഗികമാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, ഈ ഓർഡർ 2003-2004 വർഷത്തെ കുട്ടികൾക്കുമാത്രമേ ബാധകമായിട്ടുള്ളൂ. 2002 -2003 മുതലാണ് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും ആരംഭിച്ചത്. 2002-2003 മുതൽ ഈ ഓർഡറിന് പ്രാബല്യം കൊടുക്കുന്നില്ല എങ്കിൽ കാരക്കോണം മെഡിക്കൽ കോളേജിലെ അബൂബക്കറിനു കൊടുത്ത ഒരു കടലാസാണിത്. 2,12,000 രൂപ അടച്ചില്ലെങ്കിൽ ക്ലാസ്സിൽ നിന്നും പുറത്താക്കുമെന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. അതുപോലെ 44 കുട്ടികൾ കാരക്കോണം മെഡിക്കൽ കോളേജിൽ പഠിക്കുന്നുണ്ട്. പരിയാരം മെഡിക്കൽ കോളേജിലുള്ള ഒരു മനുമാത്യു ബഹുമാനപ്പെട്ട കെ. സി. ജോസഫിന്റെ നാട്ടിലെ ശ്രീകണ്ഠാപുരത്താണ്, ഒരു കൃഷിക്കാരന്റെ മകനാണ്, 4,55,000 രൂപ ക്യാപ്പിറ്റേഷൻ ഫീസ് കൊടുക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്.

**Mr. Chairman**: Mr. Jayarajan, put your question.

ശ്രീ. എം. വി. ജയരാജൻ: നിങ്ങൾ യഥാർത്ഥത്തിൽ 13,000 രൂപ ഫീസ് കൊടുക്കുക എന്നുപറയുന്നു, സർക്കാർ ഫീസ് എന്നുപറയുന്ന തത്വം ഇവർക്കുകൂടി ബാധകമാകുന്നില്ലെങ്കിൽ ഏതാണ്ട് നൂറിലേറെ കുട്ടികൾ വഴിയാധാരമാകും. ആ പ്രശ്നത്തിന് പരിഹാരം കാണാൻ അങ്ങ് നടപടി സ്വീകരിക്കുമോ?

ശ്രീ. നാലകത്തു സൂപ്പി: ഇപ്പോൾ ഇറക്കിയിരിക്കുന്ന ഓർഡർ അനുസരിച്ച് ഇനിമുതൽ ഈ നിയമം പാസ്സായാൽ ഗവൺമെന്റ് ക്വാട്ടയിൽ ഗവൺമെന്റ് നിശ്ചയിക്കുന്ന ഫീസ് മാത്രമേ വാങ്ങാൻ പാടുള്ളൂ എന്നാണ്.

മി. ചെയർമാൻ: മി. കെ. സി. വേണുഗോപാൽ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വേണുഗോപാൽ: പ്രസ് ചെയ്യുന്നില്ല.

ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

മി. ചെയർമാൻ: മി. ടി. കെ. ദേവകുമാർ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനും ഫീസ് നിശ്ചയിക്കലിനും ഉള്ള നടപടിക്രമവും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ.........

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ പരിഗണനയ്ക്കെടുക്കുന്നു.

## 2-ാം വകുപ്പ്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി): സർ, 633, 634, 635, 636 എന്നീ ഔദ്യോഗിക ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(633) In sub-clause (a) of Clause 2, after the word "collected", the words "or received" shall be inserted.

(634) In sub-clause (c) of Clause 2, the words "in the State" in between the words "particular type" and "such as" shall be deleted.

(635) In sub-clause (i) of Clause 2 for the words "by the Government" the words "under the Act" shall be substituted.

(636) In sub-clause (j) (iii) of Clause 2 the words "and includes a deemed university or an institution thereunder functioning in the State" shall be omitted.

ശ്രീ. പി. പി. ജോർജ്ജ്: സർ, സമാനമായ ഭേദഗതികൾ ബഹുമാനപ്പെട്ട മെമ്പർ മൂവ് ചെയ്തിട്ടുവേണ്ടേ ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കേണ്ടത്?

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ഓരോ വകുപ്പും എടുക്കുമ്പോൾ അങ്ങനെ സമാനമായ ഭേദഗതികൾ മെമ്പർമാർ അവതരിപ്പിച്ചിട്ടുണ്ടെങ്കിൽ അതിന് മുൻഗണന കൊടുക്കണം, അതിന് റൂളിംഗ് ഉള്ളതാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ 128, 150, 191, 273 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(128) In Clause 2 (a) for the word "any" substitute the word "fixed".

(150) Clause 2 (c) shall be deleted and reletter the remaining.

(191) Clause 2 (f) shall be deleted and the remaining shall be relettered.

(273) In Clause 2 (1) after "Cochin University of Science and Technology" add the words "or Agricultural University".

Any amount എന്നതിനുപകരം സർക്കാർ തീരുമാനിക്കുന്ന ഒരു നിശ്ചിത സംഖ്യ എന്നാക്കണം.

ശ്രീ. എ.കെ. ബാലൻ: സർ, 130, 152, 214 എന്നീ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുകയാണ്.

(130) In Clause 2(a) for the words "cash or in kind" substitute the words "cash or in kind for movable and immovable property of any nature".

(152) In Clause 2(c) before the words "self financing" insert the words "unaided and".

(214) In Clause 2(g) insert the word "unaided" before the words "self financing".

ഇതിൽ 130-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നതിന് യാതൊരു ബുദ്ധിമുട്ടുമുണ്ടാകില്ല എന്നാണ് എനിക്ക് തോന്നുന്നത്. കാരണം "capitation fees" means any amount, by whatever name called, whether in cash or in kind paid or collected directly or indirectly in addition to the fees determined under Section 4. ഇതിൽ movable or immovable property വരുന്നില്ല. നാളെ ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങുന്നതിനുപകരം, ഒരാൾ 5 ഏക്കർ സ്വത്തായിരിക്കും എഴുതിക്കൊടുക്കുന്നത്. അപ്പോൾ സുഗമമായി ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങാതെതന്നെ, പണം വാങ്ങാതെതന്നെ സ്വത്ത് വാങ്ങാം. അതുകൊണ്ട് സ്വാഭാവികമായും സ്വത്തുകൂടി ഇതിന്റെ പരിധിയിൽ വരണം. Movable or immovable property വരണം. ഇതൊരു നിരുപദ്രവകരമായിട്ടുള്ള ഭേദഗതിയാണ്, അത് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. ഇതിൽ cash or in kind എന്നു പറയുമ്പോൾ പണമായോ സ്വത്തായോ എന്നുമാത്രമേ വരികയുള്ളു. പണത്തിനകത്തോ സ്വത്തിനകത്തോ വരുന്നതല്ല immovable property. അപ്പോൾ സ്വാഭാവികമായും ക്യാപ്പിറ്റേഷൻ ഫീസിന്റെ ഭാഗമായി immovable property കൊടുക്കാൻ നിർബന്ധിക്കപ്പെടും, മാനേജുമെന്റ് വാങ്ങുകയും ചെയ്യും. അതുകൊണ്ട് അതിനൊരു safeguard കൊടുക്കുന്നത് നന്നായിരിക്കും. ക്യാപ്പിറ്റേഷൻ ഫീസ്

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങരുതെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നതെങ്കിൽ അതിൽ വരാൻ സാധ്യതയുള്ള സ്വത്ത് ഇതിൽ നിന്നും ഒഴിവാക്കണം. അതുകൊണ്ട് movable or immovable property എന്നുള്ളത് സ്വീകരിക്കുന്നതിൽ യാതൊരു ബുദ്ധിമുട്ടുമുണ്ടാകില്ല എന്നാണ് എനിക്ക് തോന്നുന്നത്. യഥാർത്ഥത്തിൽ Subject Committee-ക്ക് അയയ്ക്കുമ്പോൾ സ്വാശ്രയ കോളേജിന്റെ പരിധിയിൽ deemed University വന്നതാണ്. ആ deemed University ഇപ്പോൾ ഒഴിവാക്കേണ്ട യാതൊരാവശ്യവുമില്ല. Deemed University-യുടെ എല്ലാ നിയന്ത്രണങ്ങളും യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ളതാണ്. എവിടെനിന്നാണോ അഫിലിയേഷൻ കൊടുക്കുന്നത് ആ യൂണിവേഴ്സിറ്റിയുടെ പക്കൽ നമുക്ക് നിയന്ത്രണം വേണം. അതുകൊണ്ട് അവിടെ നിന്നും ഫീസായാലും അവിടെയുണ്ടാകുന്ന കുട്ടികളുടെ സാങ്ഷനായാലും കേരള ഗവൺമെന്റിന് ഒരു നിയന്ത്രണം വേണ്ടതാണ്. അപ്പോൾ ഒരു പരിതസ്ഥിതിയിലും 636 മന്ത്രി ഒരു ഭേദഗതിയായി അവതരിപ്പിക്കേണ്ടതില്ല, ആദ്യമുള്ള രൂപത്തിൽ തന്നെ അത് 2 (j) (iii) എന്ന രീതിയിൽ retrain ചെയ്യണമെന്നുള്ളതാണ് എന്റെ അഭിപ്രായം.

ശ്രീ. തമ്പാന്നൂർ രവി: സർ, 133, 143, 168, 205, 234, 240,258, 267, 272 എന്നീ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(133) In Clause 2 (a) the words 'from the students or from the parents' shall be added between the words 'directly or indirectly' and 'in addition to'.

(143) In Clause 2 (b) the words "by Government" shall be added between the words "constituted" and "under Section 7".

(168) In Clause 2 (e) the words "reserved for admission by Government", may be inserted between the words "those seats" and "against which".

(205) In Clause 2 (g) the word "trustee" may be inserted between the words "means the" and "trustees".

(234) In Clause 2 (j) the words "or Government Agencies" shall be inserted between the words "from Government" and "for running".

(240) In Clause 2 (j) (i) the words "M.C.A.", "M.B.A." shall be added after the word "technology".

(258) In Clause 2 (j) (iii) the words "from time to time" may be added between the words "Government" and "includes".

(267) In Clause 2 (j) (iii) the following shall be added as (j) (iii) "Law, Teacher Education". The existing (j) (iii) shall be renumbered as (j) (iv).

(272) In Clause 2 (I) insert the word "or Agricultural University" in between the words "Science and Technology" and "or any other".

LIBRARY ARCHIVES Kerala Legislative Assembly

Definitions അഥവാ നിർവ്വചനം എന്ന 2-ാം വകുപ്പ് വളരെ പ്രധാനപ്പെട്ടതാണ്. ഇനി വരാൻ പോകുന്ന തർക്കങ്ങൾക്കും കേസുകൾക്കുമൊക്കെ ഈ നിർവ്വചനങ്ങൾ എന്ന രണ്ടാം വകുപ്പ് വളരെ പ്രധാനപ്പെട്ടതാണ് എന്നുള്ള നിലയിൽ ഇത് വളരെ കൂലംകഷമായും, വളരെ സീരിയസ്സായും ചർച്ച നടത്തേണ്ടതുണ്ട്. അതാണ് എന്റെ ഭേദഗതി. "capitation fees" means any amount, by whatever name called, whether in cash or in kind paid or collected........... അതിനകത്ത് വേണ്ടത് from the students or from the parents ...............അതിനകത്ത് വേണ്ടതാണ്, അത് വളരെ സ്പെസിഫിക്കാണ്. ..........ആരാണ് ഫീസ് കൊടുക്കുന്നത്? From the students or from the parents .......... എന്നുകൂടി ചേർക്കണമെന്നുള്ളതാണ് എന്റെ 133-ാം നമ്പർ ഭേദഗതി. 143 2 (ബി)-യിൽ committee means the committee constituted by Government under Section 7 എന്ന് ആക്കണം. ആരാണ് കമ്മിറ്റി constitute ചെയ്തത്? The committee constituted by the Government.

മി. ചെയർമാൻ: അതൊക്കെ self explanatory ആണ്. എല്ലാം വേണമെന്നില്ല.

ശ്രീ. തമ്പാനൂർ രവി: 168-ാം നമ്പർ ഭേദഗതി എന്നുപറയുന്നത് 2(ഇ)-യിൽ the seats reserved for admission by Government എന്നാക്കണം. 205-ാം നമ്പർ ഭേദഗതി 2(ജി)-ൽ management trustee എന്നുകൂടി ചേർക്കണമെന്നുള്ളതാണ്. 234-ാം നമ്പർ ഭേദഗതി 2 (ജെ)-യിൽ from Government or Government Agencies എന്നുകൂടി വരണമെന്നുള്ളതാണ്. 240-ാം നമ്പർ ഭേദഗതി 2(j) (i)-ൽ engineering and technology എന്നതിനുശേഷം M.C.A. and M.B.A. എന്നുകൂടി add ചെയ്യണം. 258-ാം നമ്പർ ഭേദഗതി 2(j) (iii)-ൽ from time to time എന്നുകൂടി ചേർക്കണമെന്നുള്ളതാണ്. 267-ാം നമ്പർ ഭേദഗതി 2 (ജെ)-യിൽ new clause ആയി renumber ചെയ്യണമെന്നുള്ളതാണ്. Law, Teacher Education എന്നുചേർത്തിട്ട് ഈ ക്ലാസ് renumber ചെയ്യണമെന്നുള്ളതാണ്. 272-ാമത്തെ ഭേദഗതി 2(എൽ)-ൽ ആ യൂണിവേഴ്സിറ്റിയുടെ കൂട്ടത്തിൽ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി കൂടിവന്നാൽ കൊള്ളാമെന്നുള്ളതാണ് എന്റെ നിർദ്ദേശം. അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി വിട്ടുപോയി.

ശ്രീ. എ. എൻ. രാജൻ ബാബു: സർ, ഞാൻ 131, 132 എന്നീ ഭേദഗതികൾ മൂവ് ചെയ്യുന്നു.

(131) In Clause 2(a) in between the words 'kind' and 'paid' add the following:

"or in valuable property of any nature".

(132) In Clause 2 (a) after the word "collected", and before the word "directly" add the following words "or received".

Cash or in kind or in valuable property of any nature അത് മൂവ് ചെയ്തു കഴിഞ്ഞാൽ പിന്നെ 132 "or received" ഈ രണ്ട് ഭേദഗതികളാണ്. പിന്നെയുള്ളത് 284 ആണ്. അതിൽ ആണ് ഈ ഡീംഡ് യൂണിവേഴ്സിറ്റി ഒഴിവാക്കണമെന്ന് പറഞ്ഞിരിക്കുന്നത്. കാരണം ഭരണഘടനയുടെ 246-ാം വകുപ്പ് അനുസരിച്ച് യൂണിയൻ ലിസ്റ്റിലുള്ള ഐറ്റത്തെ സംബന്ധിച്ചിടത്തോളം പാർലമെന്റിന് മാത്രമാണ്



LIBRARY ARCHIVES Kerala Legislative Assembly

എഡ്യൂക്കേഷൻ എന്നുള്ളത്. 42- ാം ഭേദഗതിവരെ സെക്കന്റ് ലിസ്റ്റിൽ ഐറ്റം 11 ആയിട്ടായിരുന്നു. 42-ാം ഭേദഗതിയോടുകൂടി കൺകറന്റ് ലിസ്റ്റിന്റെ 25-ാം എൻട്രിയാക്കി ചേർക്കുകയായിരുന്നു. എന്നാൽ എഡ്യൂക്കേഷൻ പൂർണ്ണമായും കൺകറന്റ് ലിസ്റ്റിൽ കൊടുത്തിട്ടില്ല. എഡ്യൂക്കേഷൻ പൂർണ്ണമായും കൊടുക്കാതെ അത് subject to entry 63, 64, 65 and 66 in list I ..................

<u>മി. ചെയർമാൻ</u>: 284 ക്രമാനുസരണമല്ല. വകുപ്പുമായി യോജിക്കുന്നില്ല. എങ്കിലും you can speak.

<u>ശ്രീ. എ. എൻ. രാജൻബാബു</u>: സർ, അത് typographical error ആണ്. ബില്ലിലുള്ള വകുപ്പാണ് എഴുതിയത്. ഇത് കാർവ് ചെയ്തുകൊണ്ട് യൂണിയൻ ലിസ്റ്റിൽ പെടുത്തിയിരിക്കുകയാണ്. അതുകൊണ്ട് ഡീംഡ് യൂണിവേഴ്സിറ്റി ലിസ്റ്റ് I -ലെ 66 എന്നുള്ള എൻട്രിയിൽ വരുന്നതാണ്. അതിൽ ഇതു സംബന്ധിച്ച് മഹാരാഷ്ട്ര കേസിൽ സുപ്രീംകോടതി സ്പെസിഫിക്കായിട്ട് പറയുകയുണ്ടായി സിവിൽ അപ്പീൽ നമ്പർ 7660/2002. അതിൽ സുപ്രീംകോടതി പറഞ്ഞത് ഇപ്രകാരമാണ്. This further goes to show that admission procedure to a Deemed University is fully occupied by Entry 66 of List I and State cannot exercise any powers over admission procedure—The University or the State Government has no role to play either in the matter of recognition, affiliation or making any financial grants to exercise powers either as condition thereto or in exercise of Entry 25 of List II . Respondents restrained from enforcing their instructions for bringing the institutions of the appellants within the Stream of the Common Entrance Test Examinations. So by virtue of Entry 66 in List I, which is upheld by and also in view of the Supreme Court decision, the State Legislature has no legislative competency in respect of Deemed University. So that, in Clause (j) sub-clause 3 from that clause includes Deemed University, it should be deleted. Consequently in Section 3 sub-clause 4, second proviso is also provided there, where it is provided that with regard to the deemed University, they can have their own test or the consortium test or the Common Entrance Examination. So that the second proviso to sub-clause 4 of Clause 3 also to be deleted.

<u>ശ്രീ. മത്തായി ചാക്കോ</u>: സർ, ഞാൻ എന്റെ 134, 212, 233, 263, 264, 278 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(134) In Clause 2 (a) substitute the words "under Section 4" by the words 'fixed by the Government'.

(212) Delete the word "private" from sub-clause (g) of Clause 2.

(233) In Clause 2 (j) for the words "any financial assistance" substitute the words "any financial assistance or budgetary support".

LIBRARY ARCHIVES Kerala Legislative Assembly

(263) Clause 2 (j) (iii) shall be recast as follows:

"(iii) any other discipline such as Professional Courses including B.Ed., L.L.B., M.B.A., M.C.A and includes a Deemed University or an institution thereunder functioning in the State and off campus centres of other Universities outside the State functioning as branches in the State of Kerala."

(264) In Clause 2(j) (iii) add the following words at the end "and off campus centres of other universities operating in the State".

(278) In sub-clause (1) of Clause 2 add the following words at the end.

"and off campus centers of other Universities established outside Kerala and operating in the State as Centres or Branches."

190 ഇല്ലേ?

<u>മി. ചെയർമാൻ:</u> 190, 191-ന് തുല്യമാണ്.

<u>ശ്രീ. മത്തായി ചാക്കോ:</u> (134) In Clause 2 (a) substitute the words "under Section 4" by the words 'fixed by the Government'. അതിൽ ഞാൻ സംസാരിക്കുന്നില്ല. ഞാൻ നേരത്തെ പറഞ്ഞതാണ്. 190-ൽ ഉദ്ദേശിച്ചത് ലാപ്സ്ഡ് സീറ്റിനെ സംബന്ധിച്ചാണ്. ലാപ്സ്ഡ് സീറ്റിൽ മാനേജുമെന്റുകൾക്ക് യഥാർത്ഥത്തിൽ കോമൺ എൻട്രൻസ് ടെസ്റ്റിന് ആളെ എടുക്കുന്ന സമയത്ത് ഏതെങ്കിലും മാനേജുമെന്റുകൾക്ക് അവിടെ സീറ്റ് ഫില്ല് ചെയ്യാതെ വന്നുകഴിഞ്ഞാൽ കോമൺ എൻട്രൻസ് ലിസ്റ്റിൽ നിന്നും മെറിറ്റിൽ നിന്നുവരുന്ന സീറ്റ് ഫില്ല് ചെയ്യാത്ത ഒരു അവസ്ഥ വന്നു കഴിഞ്ഞാൽ മാനേജുമെന്റുകൾക്ക് അവരുടെ ഇഷ്ടം പോലെ അവരുടെ കുട്ടികളെ പ്രവേശിപ്പിക്കാമെന്ന ഒരു വകുപ്പാണ്. യഥാർത്ഥത്തിൽ അത് പല മാനേജുമെന്റുകളും കൃത്രിമം നടത്തുമെന്നുള്ള കാര്യം ഉറപ്പാണ്. മാനേജുമെന്റുകളുടെ സീറ്റുകളിൽ മെറിറ്റിൽ നിന്നും വരുന്ന കുട്ടികൾ, മെറിറ്റിൽ കുട്ടികൾ ചേരാത്ത ഒരവസ്ഥ ഏതെങ്കിലും കോളേജുകളിൽ ഉണ്ടാകുമോ? മെറിറ്റിൽ ഗവൺമെന്റ് പറഞ്ഞിട്ടുള്ള ഫീസ് പ്രകാരം ഏതെങ്കിലും ഒരു കോളേജിൽ കുട്ടികൾ ചേരാതിരിക്കുമോ? അങ്ങനെ ഉണ്ടാവുകയില്ലല്ലോ? സാധാരണ ഗതിയിൽ ഉണ്ടാകാൻ പോകുന്നില്ല. ഇങ്ങനെ ഒരു വകുപ്പ് വച്ചു കൊടുക്കുന്നത് പല സ്ഥലത്തും കോളേജ് മാനേജുമെന്റുകൾക്ക് കൃത്രിമം കാണിക്കാൻ കഴിയും. ഇപ്പോൾ ഉദാഹരണമായിട്ട് കേരളത്തിൽ അഫിലിയേറ്റ് കോളേജുകളിൽ നടക്കുന്നത് എന്താണ്? എസ്.സി./എസ്.ടി. സീറ്റിൽ പലസ്ഥലത്തും കുട്ടികൾ ഉണ്ടാവുകയില്ല. അങ്ങനെ കുട്ടികൾ ഇല്ലാതെ വന്നുകഴിഞ്ഞാൽ ആദ്യം ഒ.ബി.സി. പിന്നെ ഒ.ഇ.സി. വിഭാഗങ്ങളെ പരിഗണിക്കണമെന്നാണ് നിയമം. അത് മറികടന്നുകൊണ്ട് പല കോളേജുകളും എസ്.സി./എസ്.ടി. വിഭാഗത്തിന്റെ ലിസ്റ്റ് പോലും പ്രസിദ്ധീകരിക്കാതെ ആ കോളേജുകളിൽ പ്രവേശനം നടത്തുകയാണ്. അതുപോലുള്ള ഒരു അവസരം മാനേജുമെന്റുകൾക്ക് ഉണ്ടാക്കി കൊടുക്കുമെന്നുള്ളതുകൊണ്ട് ലാപ്സ്ഡ് സീറ്റ്

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറയുന്ന വകുപ്പ് ഇതിൽ ഉൾപ്പെടുത്തേണ്ടതില്ല എന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. പിന്നെ (212) delete the word "private" അങ്ങനെ ഒരു വാക്ക് ആവശ്യമില്ല എന്നുള്ളതുകൊണ്ടാണ്. അനാവശ്യമായിട്ടുള്ള ഒരു പ്രൈവറ്റാണ്. "private" from sub-clause (g) of clause 2. (263) ആണ് എനിക്ക് കാര്യമായിട്ട് പറയാനുള്ളത്. പ്രൊഫഷണൽ കോളേജിന്റെ പരിധിയിൽ നമ്മുടെ സംസ്ഥാനത്തുള്ള ബി.എഡ്. കോളേജുകളും അതുപോലെതന്നെ എൽ.എൽ.ബി., എം.ബി.എ., എം.സി.എ., കോളേജുകളുണ്ട്. ഗവൺമെന്റിന് ഈ പ്രശ്നം സംബന്ധിച്ച് ആത്മാർത്ഥത ഉണ്ടെങ്കിൽ ഏറ്റവും കൂടുതൽ കോഴയും ഏർപ്പാടും നടക്കുന്നത് ബി.എഡ്. കോളേജുകളുടെ പ്രവേശനത്തിലാണ്. തലവരിപ്പണം വാങ്ങാനാണ്. അപൂർവ്വം ചില കോളേജുകളിൽ മാത്രമെ ഫീസ് വാങ്ങുന്നുള്ളു. 50,000 രൂപ മുതൽ 70,000 രൂപ വരെയാണ് തലവരി പണം. തലവരി പണം അവസാനിപ്പിക്കാനുള്ള ന്യായമായ ആഗ്രഹം ഉണ്ടെങ്കിൽ ഗവൺമെന്റ് ചെയ്യേണ്ടത് ഈ പ്രൊഫഷണൽ കോളേജുകളുടെ പട്ടികയിലേയ്ക്ക് ബിഎഡ് കോളേജുകളെയും ലോ കോളേജുകളും എം.ബി.എ., എം.സി.എ., തുടങ്ങിയ സെൽഫ് ഫിനാൻസിംഗ് പ്രൊഫഷണൽ കോളേജുകളെക്കൂടി ഉൾപ്പെടുത്തണമെന്നുള്ളതാണ്. ഞാൻ നേരത്തെ സംസാരിക്കുമ്പോൾ ഇവിടെ പറഞ്ഞു 264-ലെ 2(j) (iii) add the following words at the end "and off campus centres of other universities operating in the State". സർ, ഇപ്പോൾ ഈ ബില്ല് ഇവിടെ അവതരിപ്പിച്ചതിനുശേഷം മന്ത്രി കൊണ്ടുവന്നിട്ടുള്ള മൗലികമായിട്ടുള്ള ഒരു ഭേദഗതി ഈ 636-ാം നമ്പർ ഭേദഗതിയുടെ ഭാഗമായി ഇവിടെ ഒരു സബ് ക്ലാസ് തന്നെ ഡിലീറ്റ് ചെയ്തിരിക്കുകയാണ്. ആ ഡിലീറ്റ് ചെയ്തതിൽ പറഞ്ഞിരിക്കുന്നത് "and includes a Deemed University or an institution thereunder functioning in the State" shall be omitted എന്നാണ്. എന്താണ് ഇതിൽ ഉദ്ദേശമുള്ളത്. നേരത്തെ ഇവിടെ ബഹുമാനപ്പെട്ട മാജൻ ബാബു പറഞ്ഞതുപോലെ ഡീംഡ് യൂണിവേഴ്സിറ്റി യു.ജി.സി.-യുടെ ഭാഗമായിട്ട് വരുന്നതുകൊണ്ടും ആ യു.ജി.സി. നിയമം കേന്ദ്ര ലെജിസ്ലേഷന്റെ ഭാഗമായി വരുന്നതുകൊണ്ടും ഈ നിയമത്തെ ചോദ്യം ചെയ്യും എന്നുള്ള നിലയ്ക്കാണോ ഇത് ഒഴിവാക്കിയിട്ടുള്ളത്. അങ്ങനെ ചോദ്യം ചെയ്യുകയാണെങ്കിൽ , ഇവിടെ കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിലെ പല വകുപ്പും യഥാർത്ഥത്തിൽ സുപ്രീംകോടതിയുടെ വിധിക്ക് എതിരായിട്ട് വരുന്നതാണ്. സുപ്രീംകോടതിയുടെ ഒരു നിലപാടിന് എതിരായിട്ടാണ് വരുന്നത്. സുപ്രീംകോടതിക്ക് എതിരായിട്ടുള്ള നിയമം പാർലമെന്റാണ് കൊണ്ടുവരേണ്ടത്. അപ്പോൾ പല ഘടകങ്ങളും യഥാർത്ഥത്തിൽ നിയമപരമായിട്ട് നിലനിൽക്കാത്ത ഒരു സംവിധാനമുണ്ടെങ്കിൽ ഡീംഡ് യൂണിവേഴ്സിറ്റിയെ മാത്രം എന്തിന് ഒഴിവാക്കണം. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഒരു കാര്യം കൂടി പറയുകയാണ്. മാതാഅമൃതാനന്ദമയിയുടെ മെഡിക്കൽ കോളേജ് മാത്രമല്ല എറണാകുളത്തുള്ളത്. റോയി യൂണിവേഴ്സിറ്റിയുടെ ഒരു സെന്റർ ഉണ്ട്. ഒറീസയിലെ റോയി യൂണിവേഴ്സിറ്റിയുടെ സെന്റർ എറണാകുളത്തും കോഴിക്കോടും എല്ലാം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അതുപോലെതന്നെ ഛത്തീസ്ഗഢ് സംസ്ഥാനത്തിലെ റായ്പൂർ യൂണിവേഴ്സിറ്റിയുടെ നിരവധി കേന്ദ്രങ്ങൾ ഓഫ് കാമ്പസ് സെന്റേഴ്സ്

LIBRARY ARCHIVES Kerala Legislative Assembly

എന്ന നിലയ്ക്ക് ഇവിടെ പ്രവർത്തിക്കുന്നുണ്ട്. അവിടെയെല്ലാം കൊള്ളനടക്കും. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി സബ്ജക്ട് കമ്മിറ്റി അംഗീകരിച്ചതുപോലെ ഈ ഡീംഡ് യൂണിവേഴ്സിറ്റിയുടെ സംവിധാനം കൂടി ഈ ബില്ലിന്റെ ഭാഗമായിട്ട് ഉൾപ്പെടുത്തണം. തികച്ചും ദുരുദ്ദേശപരമായി അങ്ങയെ ആരോ തെറ്റിദ്ധരിപ്പിച്ചതാണ്. അങ്ങയെ പിന്നെ ആരും സഹായിക്കാൻ ഉണ്ടാവുകയില്ല. പുറത്ത് ഞങ്ങൾ നാളെ പ്രക്ഷോഭം തുടങ്ങും. അതിന്റെ മുഴുവൻ പഴിയും അങ്ങും അങ്ങയുടെ പാർട്ടിയും ഏറ്റെടുക്കേണ്ടിവരും. അതുകൊണ്ട് ഡീംഡ് യൂണിവേഴ്സിറ്റികളെയും ഈ റോയി യൂണിവേഴ്സിറ്റിയുടെയും റായ്പ്പൂർ യൂണിവേഴ്സിറ്റിയുടെയും ഓഫ് ക്യാമ്പസ് സെന്ററുകളേയും കൂടി ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെന്നുള്ളതാണ് എന്റെ 264-ഉം 278-ഉം ഭേദഗതികൾ. അതുകൊണ്ട് അത് ഇതിന്റെ കൂടെ ഉൾപ്പെടുത്താൻവേണ്ടി ദയവുണ്ടാകണം.

ശ്രീ. എം. വി. ജയരാജൻ : സർ, 135, 136, 144, 166, 200, 218, 231, 259, 281 എന്നീ ഭേദഗതികൾ മൂവ് ചെയ്യുന്നു.

(135) In Clause 2 (a) after the words 'section 4' the following words shall be added "and those amounts not recommended by the committee constituted under clause 4 (b)".

(136) In Clause 2 add the following as (a) and the remaining shall be renumbered.

"(a) 'Board of Directors' means the Director Board or governing bodies of Autonomous bodies, Co-operative Sector, Public Sector by whatever name called, under whose administration a self financing college is functioning and which are controlled and financed by Government".

(144) In Clause 2 (b) after the word "section" the words "4(b) and section" shall be inserted.

(166) In Clause 2 (c) after the word `Sidha' the words "and nursing" shall be deleted and the words "Nursing/Law/Business Management/ Chartered Accountancy and B. Ed." shall be added.

(200) In Clause 2 (f) after the words "such quota", the following shall be added.

"provided that no extra fees shall be collected from the students admitted against such quota other than the fees prescribed by the government".

(218) In Clause 2 (h) after the word "management" the words "from common entrance list" shall be added.

(231) In Clause 2 (j) after the word "university" the words "in the State" shall be inserted.

(259) In Clause 2 (j) (iii) after the word 'and' the words "does not" shall be inserted.

(281) After Clause 2(l) add a new sub-clause as follows:

"(m) Dependent" means son, daughter or adopted children of a non-resident Indian as described in clause 3 (4).

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഏത് മൂവ് ചെയ്തിട്ടും കാര്യമില്ലല്ലോ? എന്നാൽ പറയാതിരിക്കാൻ പറ്റില്ലല്ലോ, പക്ഷേ ലോകമാകെ ഇന്ന് ഉറ്റുനോക്കുകയല്ലേ, നമ്മുടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ മാനേജുമെന്റുമായി നടത്തിയ കച്ചവടം എന്താണെന്ന് നാടാകെ നോക്കുകയാണ്. അതുകൊണ്ട് പാവപ്പെട്ടവർക്കുവേണ്ടി പറയാൻ നമ്മൾ ആരെങ്കിലും ഉണ്ടാകണ്ടേ? ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി ചെയ്യുമെന്നു വിചാരിച്ചതാണ്. ചെയ്യുന്നില്ല. കാരക്കോണം മെഡിക്കൽ കോളേജിലെ കുട്ടികൾ, ശ്രീ. കുട്ടി അഹമ്മദ് കുട്ടിയുടെ അടുക്കലല്ലേ വന്നത്, എന്റെ അടുത്തല്ലല്ലോ, അവർ നിരാശപ്പെട്ടല്ലോ, ശ്രീ. കുട്ടി അഹമ്മദ് കുട്ടി അവരെ ഉപേക്ഷിച്ചല്ലോ, അവർ നാളെമുതൽ നിരാഹാരം കിടക്കാൻ പോവുകയാണ്. ക്ലാസ് 2 എന്നു പറയുന്നത് ഡെഫനിഷനാണ്. അത് നിയമത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗവുമാണ്. ഫീസ് നിശ്ചയിക്കുന്നതു ഇപ്പോൾ പറഞ്ഞതുപോലെ വ്യവസ്ഥപ്രകാരം മാനേജുമെന്റാണ്. അപ്പോൾ അത് മാറ്റണം. സർക്കാർ നിയോഗിക്കുന്ന ഒരു കമ്മിറ്റിയേ ഫീസ് നിശ്ചയിക്കാൻ പാടുള്ളു എന്നതാണ് 135-ാം നമ്പർ ഭേദഗതി. അങ്ങനെ കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് ഒഴികെ മറ്റ് എന്ത് വാങ്ങിയാലും ഇതിൽ വരണം. ബഹുമാനപ്പെട്ട ബാലൻ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കാശായി വാങ്ങാം അല്ലെങ്കിൽ മറ്റ് രീതിയിൽ വാങ്ങാനുള്ള സാധ്യതയുണ്ട്. പരിയാരം മെഡിക്കൽ കോളേജിലെ മാനേജുമെന്റിനെ പഠിപ്പിക്കേണ്ടതേയില്ല. പരിയാരം മെഡിക്കൽ കോളേജ് ഇപ്പോൾ പ്രസിദ്ധീകരിച്ച പ്രോസ്പെക്റ്റസിൽ അവർ പറയുന്നത് development fees for management quota will be decided by the institution before admission എന്നാണ്. എത്ര സമർത്ഥമായിട്ടാണ് പറയുന്നത്. വിദ്യാർത്ഥികളെ ഇവിടെ പ്രവേശിപ്പിക്കുന്നതിനു മുമ്പായി ഞങ്ങൾ തീരുമാനിക്കും അത് 20 ലക്ഷം രൂപ നിശ്ചയിച്ചവരുണ്ട്, 25 ലക്ഷം രൂപ നിശ്ചയിച്ചവരുണ്ട്, 40 ലക്ഷം രൂപ നിശ്ചയിച്ചവരുണ്ട്, അത് ഒഴിവാക്കാൻ കഴിയും വിധത്തിൽ ഇപ്പോൾത്തന്നെ വ്യക്തമായ നിർവ്വചനം ഉണ്ടാകണം. 136-ാം നമ്പർ ഭേദഗതി എന്നുപറയുന്നത് ഈ നിയമത്തിന്റെ പരിധിയിൽ നിന്ന് ഇപ്പോൾ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ പ്രധാനപ്പെട്ട ഒരു വിഭാഗം ഒഴിവാക്കപ്പെട്ടിരിക്കുകയാണ്. അത് ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളാണ്. ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്., കെ.എസ്.ആർ.ടി.സി., കേപ്പ്, പരിയാരം മെഡിക്കൽ കോളേജ്, ഇതിലൊക്കെ ഗവൺമെന്റിന്റെ നിയന്ത്രണമുള്ളതാണ്. ഗവൺമെന്റിന്റെ നിയന്ത്രണം എങ്ങനെയാണ്. ഒന്നുകിൽ ഭൂമിയായി കൊടുത്തിട്ടുണ്ട്. അല്ലെങ്കിൽ പണമായി കൊടുത്തിട്ടുണ്ട്. അല്ലെങ്കിൽ ഗവൺമെന്റിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ ഓഹരിയുണ്ട്. അപ്പോൾ ഒന്നുകിൽ കോ-ഓപ്പറേറ്റീവ് സെക്ടറാണ്. അല്ലെങ്കിൽ പബ്ലിക് സെക്ടറാണ്, അല്ലെങ്കിൽ ഓട്ടോണമസ് ബോഡിയാണ്. അത്തരം സ്ഥാപനങ്ങൾ ഏതെങ്കിലും ഒരു നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നില്ലെങ്കിൽ അവിടെ പ്രവേശിപ്പിക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് യാതൊരു വ്യവസ്ഥയും ഉണ്ടാവുകയില്ല. ഇഷ്ടംപോലെ അവർ ഫീസ് ഈടാക്കും. അതാണ് പരിയാരം മെഡിക്കൽകോളേജിൽ കണ്ടിട്ടുള്ളത്. 4,53,000 രൂപ ഒരു വർഷത്തേയ്ക്കുള്ള ഫീസ് കണക്കാക്കി 12 ലക്ഷം രൂപയാണ് വാങ്ങിയത്. അതാണ് നമ്മുടെ കാരക്കോണത്ത് ഇപ്പോൾ കണ്ടിട്ടുള്ളത്. അത് ഒഴിവാക്കാൻ കഴിയത്തക്കനിലയിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തമായ വ്യവസ്ഥതന്നെ വേണം. അങ്ങയുടെ പാറശ്ശാല ഉൾപ്പെടെ കേരളത്തിലെ കാസർഗോഡ് വരെയുള്ള വിദ്യാർത്ഥികളുടെ പ്രവേശനം ഗൗരവമായ പ്രശ്നമാണ്. ഗവൺമെന്റ് നിശ്ചയിച്ച ഒരു ഫീസ് വേണം. ഫീസ് നിശ്ചയിക്കാൻ ഒരു കമ്മിറ്റി വേണം. അപ്പോൾ ആ കമ്മിറ്റിയെക്കുറിച്ച് ഡിഫൈൻ ചെയ്യണമെന്നുള്ളതാണ് 144-ാം നമ്പർ ഭേദഗതിയിൽ പറയുന്നത്. ആ കമ്മിറ്റിയിൽ റിട്ടയേർഡ് ജഡ്ജിയു ണ്ടാകണം. കേരള സർവ്വകലാശാലയിലെ ഏതെങ്കിലും ഒരു വൈസ് ചാൻസ്‌ലർ ഉണ്ടാകണം. അതുപോലെതന്നെ മെഡിക്കൽ എഡ്യൂക്കേഷന്റെ ഡയറക്ടർ ഉണ്ടാകണം. ടെക്നിക്കൽ എഡ്യൂക്കേഷന്റെ ഡയറക്ടർ ഉണ്ടാകണം. ഏതായാലും മാനേജുമെന്റിന്റെയും പി.ടി.എ.-യുടേയും പ്രതിനിധിയുണ്ടാകണം. അങ്ങനെ വന്നാൽ അവരുടെകൂടി അഭിപ്രായം എടുക്കാമല്ലോ, ഭേദഗതി നമ്പർ 166-ൽ ഇവിടെ മറ്റ് ചിലർ പറഞ്ഞതുപോലെ മറ്റ് കോഴ്സുകൾകൂടി ഉൾപ്പെടുത്തണം. നേഴ്സിംഗിനുശേഷം ലാ, ബിസിനസ്സ് മാനേജുമെന്റ് , ചാർട്ടേഡ് അക്കൗണ്ടൻസി, ബി.എഡ്. ഉൾപ്പെടെയുള്ള മറ്റ് കോഴ്സുകൾകൂടി ഉൾപ്പെടുത്തണം. ഭേദഗതി നമ്പർ 200-ൽ ക്യാപ്പിറ്റേഷൻ ഫീയുടെ കാര്യത്തിൽ ഗവൺമെന്റ് നിശ്ചയിക്കാത്ത യാതൊരു ഫീസും വാങ്ങാൻ പാടില്ല എന്ന നിലയിൽ മെറിറ്റ് ക്വാട്ടയിലെ ഫീസിനെ സംബന്ധിച്ച് വ്യക്തമായിട്ടുള്ള വ്യവസ്ഥ വേണം. അതിപ്പോൾ തിരുവനന്തപുരം മെഡിക്കൽകോളേജിൽ ട്യൂഷൻ ഫീസ് -9650, വാൻ ഫീസ്- 1100, ലബോറട്ടറി ഫീസ്- 1100, യൂണിവേഴ്സിറ്റി ഫീസ് - 450, കോഷൻ ഡിപ്പോസിറ്റ് - 1000 ഉൾപ്പെടെ 13,300 രൂപ യാണ്. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ ട്യൂഷൻ ഫീസ്-4000, സ്പെഷ്യൽ ഫീസ് - 1215, അഡ്മിഷൻ ഫീസ് - 150, കോഷൻ ഡിപ്പോസിറ്റ്-1000, .യൂണിവേഴ്സിറ്റി ഫീസ്- 435, ഇത് ഉൾപ്പെടെ 7,000 രൂപയാണ്. ഇങ്ങനെ വ്യക്തമായ ഈ ഫീസ് ഒഴിച്ച് ബാക്കിയുള്ളത് വാങ്ങാൻ പാടില്ല എന്ന് വ്യവസ്ഥ ഉണ്ടാകണം. ഭേദഗതി നമ്പർ 218-ൽ പറയുന്നത് കോമൺ എൻട്രൻസ് ടെസ്റ്റിൽ വിദ്യാർത്ഥി പ്രവേശനം നടത്തണമെന്നുള്ളതാണ്. മാനേജുമെന്റ് ക്വാട്ടയിൽ വിദ്യാർത്ഥി പ്രവേശനത്തിനുള്ള മാനദണ്ഡം ഡിഫൈൻ ചെയ്യണമെന്നുള്ളതാണ്. ഭേദഗതി നമ്പർ 231 കൊണ്ട് ഉദ്ദേശിക്കുന്നത്. യൂണിവേഴ്സിറ്റി എന്ന് പറയുമ്പോൾ കേവലം യൂണിവേഴ്സിറ്റി എന്ന് മാത്രം പറഞ്ഞാൽ പോര, നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്ത സെൽഫ് ഫൈനാൻസിംഗ് കോളേജുകൾ എന്ന നിലയിൽ അത് കൃത്യമായിട്ട് ഡിഫൈൻ ചെയ്യണം. ഇന്ന് നിലവിലുള്ളത് കേരളത്തിന് വെളിയിലുള്ള യൂണിവേഴ്സിറ്റിക്ക് കൂടി ബാധകമാകുന്ന വിധത്തിലാണ്, അത് മാറ്റണം, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ കൊണ്ടു വന്നിട്ടുള്ള ഭേദഗതി ഞങ്ങൾ നേരത്തെ ഇവിടെ 3-ാം തീയതി തന്നെ എഴുതിക്കൊടുത്ത 259-ാം നമ്പർ ഭേദഗതിക്ക് സമാനമാണ്. ഇത് ശരിയല്ല. അത് ഞങ്ങളോട് കാണിക്കുന്ന അനാദരവായിട്ട് ഞങ്ങൾ കാണുന്നില്ല. അങ്ങയോട് തന്നെ കാണിക്കുന്ന അനാദരവാണ്. ബഹുമാനപ്പെട്ട സ്പീക്കറോട് കാണിക്കുന്ന അനാദരവാണ്. സ്പീക്കർ ഇവിടെ നടത്തിയ റൂളിംഗിന് എതിരാണ്. അത് ഭരണ കക്ഷിയംഗമായിട്ടുള്ള ബഹുമാനപ്പെട്ട പി. പി. ജോർജ്ജും ഇവിടെ ഉന്നയിച്ചിട്ടുണ്ട്. അതുകൊണ്ടൊന്നും നിങ്ങൾ അംഗീകരിക്കുകയില്ല എന്ന മനോഭാവമാണ് സ്വീകരിച്ചത് എന്ന് വ്യക്തമാണ്. ഭരണ പ്രതിപക്ഷത്തുള്ള അംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ച ക്രിയാത്മകമായ നിർദ്ദേശങ്ങൾ പോലും ഭേദഗതിയായി വന്നപ്പോൾ സ്വീകരിച്ചില്ല.

2/934/2012—25

ഗവൺമെന്റു തന്നെ ഭേദഗതി കൊണ്ടുവരുമെന്നുള്ളത് അനാവശ്യമായ പിടിവാശിയാണ്. അതാണ് സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ മാനേജുമെന്റിന് നിങ്ങൾ കീഴടങ്ങി ചെയ്യുന്നത്. സ്പീക്കറുടെ റൂളിംഗിന് എതിരാണ്. 281-ാം നമ്പർ ഭേദഗതിയിൽ പറയുന്നത് എൻ.ആർ.ഐ ഡിപ്പെൻഡന്റിനെപ്പറ്റിയാണ്. ഇതിൽ പറയുന്നത് കൃത്യമായി ഡിഫൈൻ ചെയ്യണം. അതിന്റെ ഡെഫനിഷൻ സംബന്ധിച്ച് ഇതിൽ കൊടുക്കുന്നില്ലെങ്കിൽ ഒരുപാട് വ്യാഖ്യാനങ്ങൾ വരും. ഒരു എൻ.ആർ.ഐ. എഴുതി കൊടുക്കുന്ന ആളെ ഇവർ എടുക്കും. അതുകൊണ്ട് മകൻ-മകൾ, or adopted children of a non-resident Indian എന്നു പറയുന്ന വിധത്തിൽ അത് കൃത്യമായിട്ട് ഡിഫൈൻ ചെയ്യണം. അതൊരു പുതിയ ക്ലാസായി ഇതിനകത്ത് ചേർക്കണമെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുകയാണ്.

(137) In Clause 2 (a) add the following at the end namely: "for consideration of admission to or offer of future admission of a student".

(138) For Clause 2 (a) substitute the following namely:

"capitation fee" means any amount by whatever name called whether in cash or in kind paid or collected directly or indirectly in addition to the tuition fee determined under section (4) and includes development fee.

(158) In Clause 2 (c) after the words "total number of institutions of that particular type in the State" add the words "including self-financing colleges established under an autonomous body controlled by the Government or established by a Co-operative Society or Trust registered under the Kerala Co-operative Societies Act, 1969 or the Societies Registration Act, 1860 (XXI of 1860).

(162) In Clause 2 (c) after the words "Sidha and nursing" add the words "Teacher education, Law and management".

(175) Clause 2(e) shall be recast as follows:

"Government Quota" means fifty per cent of the total sanctioned strength of students in each branch of the course of study in a self-financing professional college which the Commissioner for Entrance Examination makes allotment for admission.

(196) In Clause 2 (f) for the words "if and when the Commissioner for Entrance Examination informs the management that he would not be advising any more candidates against such quota" substitute the words, "after the expiry of the period of validity of the rank list for common Entrance Examination conducted by the Commissioner for Entrance Examinations".

LIBRARY ARCHIVES Kerala Legislative Assembly

(215) In Clause 2 (g) for the words "is functioning" substitute the words "is established or functioning".

(222) Clause 2(h) shall be recast as follows:

(h) "Management Quota" means fifty per cent of the total sanctioned strength of students in each branch of the course of study in self-financing colleges earmarked to be filled up by the management from the rank list published by the Commissioner for Entrance Examination.

(229) In Clause 2 (j) after the words "or recognised by a university" the words "or a deemed university" shall be inserted.

(230) In Clause 2 (j) after the words "recognised by a university" and before the words "not receiving" insert the word "and".

(232) In Clause 2 (j) for the words "financial assistance from Government for running" substitute the words "financial assistance or grant or infrastructural facilities whether in the nature of land, building etc. from Government for establishment and or for running".

(239) In Clause 2 (j) add the following explanation, namely:

"*Explanation.*— for the removal of doubt it is hereby clarified that the Pariyaram Medical College under the Medical Science Academy shall be deemed to be a self-financing professional college for the purpose of admissions and levy or collection of fees under Government quota.

(270) After item (ii) of Clause 2 (i) add the following as item (iii) and (iv) and renumber the existing item as item (v).

(iii) Teacher Education including B. Ed. and M. Ed.

(iv) Law, Management Studies, including MBA and MCA.

(275) In Clause 2 (1) after the words "the Cochin University of Science and Technology" add the words "or the Kerala Agricultural University".

ഇതിന്റെ രണ്ടാം വകുപ്പ് നിർവ്വചനത്തിന്റെ വകുപ്പാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു വകുപ്പാണ്. ഇതിൽ ക്യാപ്പിറ്റേഷൻ ഫീ എന്നതിന്റെ നിർവ്വചനം നല്കിയിട്ടുണ്ട്. നിശ്ചയിച്ച ഫീസിന് കൂടുതലായി വാങ്ങുന്ന ക്യാഷും കൈന്റും ആയിട്ടുള്ള എന്തും ക്യാപ്പിറ്റേഷൻ ഫീസിന്റെ നിർവ്വചനത്തിൽ വരും. നേരിട്ടോ അല്ലാതെ നല്കിയതോ സ്വീകരിച്ചതോ ആയതാണ് ക്യാപ്പിറ്റേഷൻ ഫീസ്. ഇത് എന്തിനു വേണ്ടിയാണെന്ന് ഇതിൽ പറയുന്നില്ല. അങ്ങനെ പറയാതിരുന്നാൽ ലോൺ ആയി വാങ്ങിയതാണെന്നും വാദം ഉയർത്താം. മാനേജുമെന്റിന് രക്ഷപ്പെടാൻ പറ്റും.

LIBRARY ARCHIVES Kerala Legislative Assembly

അതിനാൽ കൺസിഡറേഷൻ എന്ന ഘടകംകൂടി വേണ്ടതായിട്ടുണ്ട്. ആ കൺസിഡറേഷൻ അഡ്മിഷൻ നല്കുന്നതിനായോ അല്ലെങ്കിൽ ജനിക്കാത്ത കുട്ടിക്കുപോലും ഭാവിയിൽ ഒരു മെഡിക്കൽ സീറ്റ് ഉറപ്പാക്കുന്നതിനു വേണ്ടിയോ ആയിരിക്കും. ഞാൻ പറയാൻ കാരണം ഇപ്പോൾ ഭാവിയിലുള്ള ഫീസ് കൊടുത്തു തീർക്കുന്ന സിസ്റ്റം ആരംഭിച്ചിട്ടുണ്ട്. ക്യാപ്പിറ്റേഷൻ ഫീ വാങ്ങിയ കുട്ടി ആ വർഷം കോളേജിൽ പ്രവേശനം കിട്ടിയ കുട്ടി ആയിരിക്കണമെന്നില്ല. ഭാവിയിൽ ഒരു സീറ്റിനുവേണ്ടി തുക അഡ്വാൻസായി നല്കുന്ന സമ്പ്രദായം വർദ്ധിച്ചു വരുന്ന സ്ഥിതി വിശേഷമാണ് ഇപ്പോൾ ഉള്ളത്. അങ്ങനെ വരുന്ന അഡ്വാൻസുംകൂടി ക്യാപിറ്റേഷൻ ഫീസിന്റെ നിർവ്വചനത്തിൽ വരണമെന്നുള്ളതാണ് എന്റെ 137-ാം ഭേദഗതി കൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്. അതു പറയാൻ കാരണം പുഷ്പഗിരി അഞ്ചു വർഷത്തേയ്ക്ക് മുൻകൂട്ടി ഫീസ് വാങ്ങിയിരിക്കുകയാണ്. ഭേദഗതി നമ്പർ 138 അനുസരിച്ച് നേരിട്ടോ അല്ലാതെയോ സ്വീകരിക്കുന്ന തുകയും ക്യാപിറ്റേഷൻ ഫീസായി കണക്കാക്കണമെന്നാണ് അനുശാസിക്കുന്നത്. അതുപോലെതന്നെ ഡെവലപ്മെന്റ് ഫീസിന്റെ കാര്യം. ഇപ്പോൾ ട്യൂഷൻ ഫീസിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ അത് ക്യാപ്പിറ്റേഷൻ ഫീസായി കണക്കാക്കാൻ സാധിക്കുകയില്ല. വൻ തുകയാണ് ഡെവലപ്മെന്റ് ഫീസ് എന്ന പേരു പറഞ്ഞുകൊണ്ട് വാങ്ങിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഡെവലപ്മെന്റ് ഫീസ് ട്യൂഷൻ ഫീസിന്റെ നിർവചനത്തിൽ നിന്നും എടുത്തു മാറ്റുകയും ഡെവലപ്മെന്റ് ഫീസ് അത് ക്യാപ്പിറ്റേഷൻ ഫീസായി കണക്കാക്കി നടപടി എടുക്കുവാനും വേണ്ടിയാണ്. 158-ാമത്തെ എന്റെ ഭേദഗതി കൺസോർഷ്യത്തിന്റെ നിർവചനം സംബന്ധിച്ചാണ്. സബ്ക്ലാസ് 3, അതിൽ എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് ഏതാണ്ട് ഇരുപത്തിയേഴോളം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകൾ പൊതുമേഖലയിലും കോ-ഓപ്പറേറ്റീവ് മേഖലയിലുമായി തന്നിരുന്നു. കൂടാതെ പരിയാരം മെഡിക്കൽ കോളേജ് അന്ന് സർക്കാർ ഏറ്റെടുക്കുകയും ചെയ്തു. ഇപ്പോൾ എൽ.ബി.എസ്., ഐ.എച്ച്.ആർ.ഡി. എന്നീ സ്ഥാപനങ്ങൾ അൺ എയിഡഡ് മേഖലയിലാണോ ഗവൺമെന്റ് മേഖലയിലാണോ എന്നത് ഗവൺമെന്റ് വ്യക്തമാക്കേണ്ടതുണ്ട്. കോളേജുകളെല്ലാംകൂടി മാനേജുമെന്റ് കൺസോർഷ്യത്തിൽ വരണം. അങ്ങനെ വരുമ്പോൾ അതിനകത്ത് മാനേജുമെന്റ് ഇടപെടുന്നതിനുവേണ്ടി കുറേക്കൂടി മുൻകയ്യെടുക്കും. അതുകൂടി ഇതിനകത്ത് ഉൾപ്പെടുത്തുന്നത് നന്നായിരിക്കും എന്നാണ് എനിക്ക് തോന്നുന്നത്. പരിയാരം മെഡിക്കൽ കോളേജിന്റെ വാർഷിക ഫീസ് പുഷ്പഗിരി കോളേജിന് തുല്യമായിട്ട് ഫീസ് വാങ്ങിയാൽ അമ്പതു ശതമാനം മാനേജുമെന്റ് സീറ്റ് വില്ക്കുവാനുള്ള അവസരംകൂടി ഈ ബില്ലിൽകൂടി ലഭിക്കുന്ന സ്ഥിതി വന്നാൽ അത് അപകടമുണ്ടാക്കും. അതുകൊണ്ട് കൺസോർഷ്യത്തിൽ ഈ കോളേജുകളെയും ഉൾപ്പെടുത്തി ഈ കോളേജുകളുടെ നൂറ് ശതമാനം സീറ്റും എൻട്രൻസ് പരീക്ഷാ കമ്മീഷണറുടെ ലിസ്റ്റിൽനിന്നും എടുക്കാമെന്ന് വ്യവസ്ഥ ചെയ്യണം. ഇത്തരം കോളേജുകൾകൂടി കൺസോർഷ്യത്തിൽ വന്നാൽ സർക്കാരിന് ഭൂരിപക്ഷമുള്ള കൺസോർഷ്യം ഉണ്ടാക്കുവാനും അതുവഴി കൂടുതൽ നിയന്ത്രണം സർക്കാരിന് ലഭിക്കുകയും ചെയ്യും. അതുകൊണ്ട് സർക്കാർ താല്പര്യം



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷിക്കുന്നതിനുവേണ്ടി ഈ ഭേദഗതി ഗവൺമെന്റ് അംഗീകരിക്കണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്. എന്റെ 162-ാം ഭേദഗതി സെൽഫ് ഫിനാൻസിംഗ് കോളേജുകളെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത് സംബന്ധിച്ചാണ്. എഞ്ചിനീയറിംഗ്, മെഡിക്കൽ, ദന്തൽ, ഫാർമസി, ആയുർവേദം , ഹോമിയോ, സിദ്ധ, നേഴ്സിംഗ് എന്നിവയാണ്. ഇന്ന് കൂണുപോലെ മുളച്ചു പൊങ്ങുകയാണ് ബി.എഡ് കോളേജുകൾ. ഞാൻ കഴിഞ്ഞ തവണ അത് അവതരിപ്പിക്കുന്ന സമയത്ത് ബഹുമാനപ്പെട്ട ബാബു ദിവാകരൻ പറഞ്ഞു, അത് ഇതിനകത്തു വരും. പക്ഷേ വന്നിട്ടില്ല. അൺ എയ്ഡഡ് മേഖലയിൽ വ്യാപകമായിട്ട് വർദ്ധിച്ചു വരികയാണ്. നിയമ വിദ്യാഭ്യാസം, എം.ബി.എ., എം.സി.എ. തുടങ്ങിയ മാനേജുമെന്റ് സ്റ്റഡീസ് ബില്ലുണ്ട്. അതുകൊണ്ട് ഇവയെല്ലാംതന്നെ ഇതിനകത്ത് ഉൾപ്പെടത്തക്കവിധത്തിൽ, കൺസോർഷ്യം നിർവചനത്തിന്റേതുകൂടി വരത്തക്കവിധത്തിൽ ഉള്ളതാണ് എന്റെ 162-ാമത്തെ ഭേദഗതി. 175-ാമത്തെ ഭേദഗതി ഗവൺമെന്റ് ക്വാട്ടയുടെ നിർവചനമാണ്. ഇത് സബ്ക്ലാസ് ഇ-യിൽ കൊടുത്തിരിക്കുന്നത് എൻട്രൻസ് എക്സാമിനേഷൻ കമ്മീഷണർ പ്രവേശനം നല്കുന്ന അമ്പതു ശതമാനം സീറ്റെന്നാണ്. ഗവൺമെന്റ് ക്വാട്ട എന്നാണ് പറയുന്നത്. എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഏറ്റവും ഡിമാന്റ് ഉള്ളത് ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ തുടങ്ങിയ വിഷയങ്ങളാണ്. അതുകൊണ്ട് എഞ്ചിനീയറിംഗിന് ഓരോ വിഭാഗത്തിലും അമ്പതു ശതമാനം സീറ്റ് ഗവൺമെന്റ് ക്വാട്ടയായിരിക്കുമെന്ന് വ്യക്തമായി പറയാൻ വേണ്ടിയാണ് ഞാൻ ഈ ഭേദഗതി കൊണ്ടുവരുന്നത്. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഒരു ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. എന്റെ ഭേദഗതി അംഗീകരിക്കുന്നതായിരിക്കും കുറച്ചുകൂടി നല്ലതെന്നാണ് തോന്നുന്നത്. ഒരു കോളേജിൽ 320 സീറ്റ് ഉണ്ടെങ്കിൽ അതിന്റെ പകുതി 160 ഏതെങ്കിലും വിഷയത്തിന് നല്കിയാലും ഈ പകുതി സീറ്റ് കൊടുത്തു എന്നു പറഞ്ഞ് രക്ഷപ്പെടാൻ ഈ മാനേജുമെന്റിന് പ്രത്യേകിച്ച് എഞ്ചിനീയറിംഗ് കോളേജുകൾക്ക് അവസരം ലഭിക്കും. അതുണ്ടാകുവാൻ പാടില്ലായെന്നാണ് ആ ഭേദഗതികൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്. 196-ാമത്തെ ഭേദഗതികൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത് ലാപ്സ്ഡ് സീറ്റിന്റെ നിർവചനമാണ് അതിൽ പറയുന്നത്. (എഫ്) ക്ലാസ് ഈ ക്ലാസ് തന്നെ യഥാർത്ഥത്തിൽ ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. മാനേജുമെന്റിനെ സഹായിക്കുവാൻ വേണ്ടിയാണ് ഇത്തരത്തിൽ ഒരു ക്ലാസ് ഇതിനകത്ത് എഴുതിച്ചേർത്തിരിക്കുന്നത്. ജോയിൻ ചെയ്യേണ്ട വ്യക്തി ജോയിൻ ചെയ്തില്ല എങ്കിൽ ആ സീറ്റ് ലാപ്സായ സീറ്റായി കണക്കാക്കും. എൻട്രൻസ് കമ്മീഷണർ ആ സീറ്റിലേക്ക് പുതിയ ആളെ അഡൈ്വസ് ചെയ്യും. ആളില്ല എന്നറിഞ്ഞാൽ ആ സീറ്റ് മാനേജുമെന്റ് സീറ്റായി. പിന്നെ ആ സീറ്റ് വില്ക്കാൻ കഴിയും. ഇത് അപകടകരമായ ഒരു വകുപ്പാണ്. മാനേജുമെന്റിന് സഹായം നല്കുന്ന ഈ വകുപ്പു മാറ്റണം. അതിനു പകരം എൻട്രൻസ് ലിസ്റ്റിന്റെ കാലാവധി കഴിയുന്നതുവരെ വിദ്യാർത്ഥികളെ അലോട്ട് ചെയ്യാനുള്ള ഒരു വകുപ്പ് ഇതിനകത്തു വേണം. കോഴ്സ് മാറ്റത്തിനായി കൊടുത്തിരിക്കുന്ന വിദ്യാർത്ഥികൾക്ക് റീ-അലോട്ട്മെന്റ് കിട്ടാൻ അതുകൊണ്ട് സാധിക്കും. ഇങ്ങനെ ലിസ്റ്റിന്റെ കാലാവധി സർക്കാരിന് നീട്ടിക്കൊടുക്കുവാനും കഴിയും. ഇതുകൊണ്ട് ലാപ്സ്ഡ് സീറ്റെന്നു പറയുന്നത് എടുത്തു കളയുകയോ കുറഞ്ഞപക്ഷം എന്റെ ഭേദഗതി അംഗീകരിക്കുകയോ വേണമെന്നാണ് ഞാൻ

അഭ്യർത്ഥിക്കുന്നത്. 215-ാം ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത് ഇപ്പോഴത്തെ `ജി' വകുപ്പനുസരിച്ച് ഒരു സെൽഫ് ഫിനാൻസിംഗ് കോളേജിന്റെ കീഴിലാണ് ദൈനംദിന ഭരണം നടത്തുന്നത്. ആ ബോഡിയാണ് മാനേജുമെന്റെന്നു പറയുന്നത്. ഒരു കോളേജ് സ്ഥാപിച്ച വ്യക്തിയോ അല്ലെങ്കിൽ സ്ഥാപനമോ ആയിരിക്കുകയില്ല ഇതിന്റെ ഭരണം യഥാർത്ഥത്തിൽ നടത്തുന്നത്. ഉദാഹരണമായി പരിയാരം മെഡിക്കൽ കോളേജ് സ്ഥാപിച്ചത് അക്കാഡമി ഓഫ് മെഡിക്കൽ സയൻസാണ്. അതുപോലെതന്നെ `കേപ്' -ന്റെ കീഴിലുള്ള കോളേജുകളുണ്ട്. ഐ.എച്ച്.ആർ.ഡി.-യുടെ കോളേജുകളുണ്ട്. യഥാർത്ഥത്തിൽ ഭരണം നടത്തുന്നതിന് അതാത് കോളേജുകളിൽ പ്രത്യേക സമിതികളും ഉണ്ട്. കോളേജിന്റെ മാനേജർ ആരെന്ന് വ്യക്തമാക്കുവാൻ വേണ്ടി കോളേജ് സ്ഥാപിച്ച സ്ഥാപനമോ നടത്തുന്ന സ്ഥാപനമോ രണ്ടും മാനേജുമെന്റിന്റെ നിർവചനത്തിൽ വരണം. അതിനാണ് ഞാൻ ഇത്തരത്തിലുള്ള ഭേദഗതി നല്കിയിരിക്കുന്നത്. അതല്ലെങ്കിൽ ഈ വ്യവസ്ഥ ലംഘിക്കുന്ന മാനേജുമെന്റുകാരെ കണ്ടുപിടിക്കുവാൻ സാധിക്കാതെ വരും. പഴുതു കൊടുത്താൽ അവർ രക്ഷപ്പെടും. 222-ാമത്തെ ഭേദഗതി മാനേജുമെന്റ് ക്വാട്ടയുടെ നിർവചനമാണ്. ഇതിനകത്തു പറയുന്നത് (ബി) "Management Quota" means those seats earmarked to be filled up by the management"എന്നാണ്. സർക്കാർ ക്വാട്ട അമ്പതു ശതമാനം എന്നു പറഞ്ഞിട്ടുണ്ട്. അപ്പോൾ മാനേജുമെന്റ് ക്വാട്ട ശേഷിക്കുന്ന അമ്പതു ശതമാനം എന്നു വ്യക്തമായി പറയേണ്ടതല്ലേ. അത് പറയാതിരുന്നത് എന്തിനാണ് എന്നുള്ളത് അവ്യക്തതയാണ്. മാനേജുമെന്റ് അമ്പതു ശതമാനത്തിൽ കൂടുതൽ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചാലും പിന്നീട് പകരം നല്കി മാനേജുമെന്റ് ക്വാട്ടയായി കണക്കാക്കാനാണ് ഇങ്ങനെയൊരു ലൂപ്ഹോൾ ഇതിൽ വച്ചിരിക്കുന്നത്. പുഷ്പഗിരിയിലും മറ്റും നടന്നതിന്റെ അനുഭവത്തിൽ നാം ശ്രദ്ധിക്കേണ്ടതാണ്. പുഷ്പഗിരി മാനേജുമെന്റ് ആദ്യത്തെ വർഷം നൂറു ശതമാനം എടുത്തു. രണ്ടാമത്തെ വർഷം എടുത്തു. കോഴഞ്ചേരി കോളേജുകാർ എഴുപത്തിയഞ്ചു ശതമാനം എടുത്തു. കാരക്കോണം കോളേജുകാർ അമ്പതു ശതമാനം എടുക്കുമെന്നു പറഞ്ഞു, നാല്പത്തിയെട്ടു ശതമാനമേ എടുത്തിട്ടുള്ളൂ. ഇത്തരത്തിൽ വരുന്നതിന് തടയാനായി ഒരു വകുപ്പ് ശക്തമായി വേണം. അത്തരം നടപടികൾ വർദ്ധിക്കുവാൻ നാം ഇനി കൂട്ടു നിന്നുകൂട. ഇവിടെയെല്ലാം മാനേജുമെന്റ് താല്പര്യങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ട് ഈ വകുപ്പ് എഴുതിച്ചേർത്തതുകൊണ്ടാണ് ഞാൻ ഇത്തരത്തിൽ ഒരു കാര്യം പറയുന്നത്.

മറ്റൊന്ന് 229-ാമത്തെ ഭേദഗതിയാണ്. 636-ാമത്തെ ഭേദഗതിയായിട്ട് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. മന്ത്രി ഉദ്ദേശിക്കുന്നത് ആദ്യത്തെ ബില്ലിനകത്ത് ഉണ്ടായിരുന്ന ഡീംഡ് യൂണിവേഴ്സിറ്റി എന്നുള്ളതുപോലും ഇപ്പോൾ എടുത്തു കളയാൻ തീരുമാനിച്ചിരിക്കുകയാണ്. ഇത് ആരെ സഹായിക്കാനാണ് ഇങ്ങനെ ഒരു തീരുമാനമെടുത്തത്. ഇപ്പോൾത്തന്നെ ഡീംഡ് യൂണിവേഴ്സിറ്റിയായിട്ടുള്ള അമൃത ഇൻസ്റ്റിറ്റ്യൂട്ടിൽ 85% സീറ്റ് മെറിറ്റ് എന്ന് ഒരു മന്ത്രി പറയുകയുണ്ടായി. 85% സീറ്റും അവരുടെ ടെസ്റ്റ് നടത്തിയിട്ടാണ് എടുത്തിട്ടുള്ളത്. അല്ലാതെ മെറിറ്റിൽ നിന്നല്ല വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് എന്റെ 229-ാമത്തെ ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ ഉൾപ്പെടുത്തണമെന്നുള്ളതാണ് ചൂണ്ടിക്കാണിക്കാനുള്ളത്. 270-ാമത്തെ ഭേദഗതി സെൽഫ് ഫിനാൻസിംഗ് പ്രൊഫഷണൽ കോളേജിന്റെ ഡെഫനിഷൻ മാറ്റിയെഴുതണം എന്നുള്ളതാണ് . ബി.എഡ്., എം.എഡ്, എൽ.എൽ.ബി., എം.ബി.എ., എം.സി.എ. തുടങ്ങിയ മേഖലകളിൽ സ്വാശ്രയക്കാർ ഇപ്പോൾ കടന്നു വരുന്നുണ്ട്. ബി.എഡ്. കോളേജുകൾ കൊടുത്തതിൽ വലിയ വിവാദം തന്നെ ഉണ്ടായതായി ഈ സന്ദർഭത്തിൽ ഞാൻ പറയാൻ ഉദ്ദേശിക്കുന്നു. അത് ഇപ്പോൾ വീണ്ടും മാറ്റിക്കൊടുത്തു. അതുകൊണ്ട് ബി.എഡ്. കോളേജുകൾ, എൽ.എൽ.ബി. കോഴ്സുകൾ സ്വാശ്രയ മേഖലയിൽ വരാൻ പോകുന്നു. അതിനുവേണ്ട വകുപ്പ് ഇതിനകത്ത് ഇല്ലെന്ന് ഞാൻ നിഷേധിക്കുന്നില്ല. സർക്കാരിന് പിന്നീട് തീരുമാനിക്കാൻ വേണ്ടി ഇതിനകത്ത് ക്ലാസ് വച്ചിട്ടുണ്ട്. അതിന്റെ ആവശ്യമില്ല. ഇപ്പോൾത്തന്നെ നിയമത്തിനകത്ത് വ്യക്തത വരുത്തുന്നതാണ് നല്ലത്. ഈ ഗവൺമെന്റ് ഇത് പിന്നീട് നോട്ടിഫൈ ചെയ്യും എന്നെനിക്ക് തോന്നുന്നില്ല എന്നുള്ളതുകൊണ്ടാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. 230-ാം നമ്പർ ഭേദഗതി ഡ്രാഫ്റ്റിംഗ് മിസ്റ്റേക്കാണെന്നാണ് എനിക്ക് തോന്നുന്നത്. By a university എന്നുള്ളതിനും not received എന്നുള്ളതിനും ഇടയ്ക്ക് 'and' എന്ന വാക്കുകൂടി ചേർക്കുന്നതാണ് അതിന്റെ ഭംഗി. വേണമെങ്കിൽ ചേർത്താൽ മതി. താത്വികമായിട്ടുള്ള പ്രശ്നമല്ല. 238-ാം നമ്പർ ഭേദഗതിയിൽ സെൽഫ് ഫിനാൻസിംഗ് കോളേജിന്റെ നിർവ്വചനത്തിൽ മാറ്റം വരുത്തണമെന്നാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. അതിൽ പറയുന്നത് നടത്തിപ്പിന് സർക്കാരിന്റെ സഹായം നൽകാത്തത് സ്വാശ്രയമായിരിക്കുമെന്നാണ്. അടച്ചു പൂട്ടുന്ന സ്കൂളുകളും കെട്ടിടങ്ങളും സർക്കാർ നൽകിക്കൊണ്ടാണ് ഇവിടെ സ്വാശ്രയ മേഖലയിൽ ഗവൺമെന്റ് സ്പോൺസേർഡ് ആയിട്ടായിരുന്നു ചില സ്ഥാപനങ്ങൾ തുടങ്ങിയത്. ഐ.എച്ച്.ആർ.ഡി.-യുടെയും എൽ.ബി.എസ്.-ന്റെയും കുറേ സ്ഥാപനങ്ങൾ ഗവൺമെന്റ് കൊടുത്തിട്ടുള്ള കെട്ടിടങ്ങളാണ് ഉപയോഗിക്കുന്നത്. കെ.എസ്.ആർ.ടി.സി. വക സ്ഥലം നൽകിയും കോളേജ് ഉണ്ടാക്കിയിട്ടുണ്ട്. പരിയാരത്തിന്റെ കാര്യം ഞാൻ നേരത്തെ പറഞ്ഞു. അത്തരത്തിലുള്ള കാര്യങ്ങൾക്കു കൂടി സംരക്ഷണം കൊടുക്കാനുള്ള വിധത്തിൽ ഈ കോളേജുകളിൽ 100 ശതമാനം സീറ്റും പ്രവേശന കമ്മീഷണറുടെ നിരീക്ഷണത്തിൽ വേണം എടുക്കാനെന്ന് വ്യക്തമായി പറയുന്നില്ലെങ്കിൽ എൽ.ബി.എസ്.-ൽ നിന്ന് 50% മാനേജ്മെന്റ് ക്വാട്ടയിൽ ശ്രീ. നാലകത്ത് സൂപ്പിക്ക് ഇഷ്ടമുള്ള ആളെ പ്രവേശിപ്പിക്കും. CAPE -ൽ ശ്രീ. എം.വി. രാഘവന് ഇഷ്ടമുള്ള ആളെ പ്രവേശിപ്പിക്കും. ശ്രീ. ആർ. ബാലകൃഷ്ണപിള്ളക്ക് കെ.എസ്.ആർ.ടി.സി.-യിൽ 50% ആളുകളെ പ്രവേശിപ്പിക്കാൻ കഴിയും. ഈ വകുപ്പ് പ്രകാരം ചെയ്യാം. നിങ്ങൾ ചെയ്യില്ലായിരിക്കും. അതിനുള്ള പഴുത് എന്തിന് ഇട്ടുകൊടുക്കുന്നു എന്നാണ് ഞാൻ ചോദിക്കുന്നത്. അതുപോലെതന്നെ 229-ഉം, 239-ഉം ഇവിടെ നടക്കുന്ന കോഴ്സുകൾക്ക് ഡീംഡ് യൂണിവേഴ്സിറ്റിയെ വ്യക്തമായി ഈ ബില്ലിൽ കൊണ്ടുവരണം. വിദ്യാർത്ഥി പ്രവേശനവും ഫീസും വ്യക്തമായി ഈ ബില്ലിൽ കൊണ്ടുവരണം. ഫീസും വിദ്യാർത്ഥി പ്രവേശനവും ഈ ബില്ലിലെ വ്യവസ്ഥ അനുസരിച്ചുതന്നെ ആയിരിക്കണം. നമ്മുടെ സംസ്ഥാനത്ത് രണ്ടു തരത്തിലുള്ള സംവിധാനം വന്നുകൂട. ഇന്നു നടക്കുന്ന പല സ്ഥാപനങ്ങൾക്കും നാളെ ഡീംഡ് പദവി കിട്ടിയേക്കും. നമ്മുടെ സംസ്ഥാനത്തിന് ആ നിയമത്തിൽനിന്ന് രക്ഷപ്പെടാൻ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി കേന്ദ്ര ഗവൺമെന്റിൽ സ്വാധീനം ചെലുത്തി ആരെങ്കിലും ഡീംഡ് വാങ്ങി വരുമോ എന്ന് ഇപ്പോൾ പറയാൻ പറ്റില്ല. നമ്മുടെ സംസ്ഥാനത്തെ എല്ലാ സ്ഥാപനങ്ങൾക്കും ഒരേ മാനദണ്ഡം ആകത്തക്കവിധത്തിൽ ഇത് ബാധകമാകണമെന്നാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. 275-ാമത്തെ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത് ഇപ്പോൾ കാർഷിക സർവ്വകലാശാല ഇതിനകത്ത് ഉൾപ്പെട്ടിട്ടില്ല. കാർഷിക സർവ്വകലാശാലയിലും നാളെ ഇത് ആരംഭിക്കാം. അങ്ങനെ വരുമ്പോൾ ഇത് അവിടെ ബാധകമല്ലാത്ത സ്ഥിതി വരാനിടയുണ്ട് എന്നുള്ളതുകൊണ്ടാണ് അവിടത്തെ യൂണിവേഴ്സിറ്റിയെക്കൂടി ഇതിന്റെ പരിധിയിൽപ്പെടുത്തുന്നത് നന്നായിരിക്കുമെന്ന് എനിക്ക് തോന്നുന്നത്. ഇത്രയും ഭേദഗതികളാണ് ഈ വകുപ്പിൽ നിർദ്ദേശിക്കാനുള്ളത്.

**Shri P. P. George**: Sir, I move the following amendments:

(139) Clause 2(a) shall be recast as follows:

(a) "capitation fees" means any amount whether in cash or in kind paid or collected directly or indirectly in addition to the fees determined under section 4.

(145) 2(b) shall be recast as follows:

(b) "Commission" means the Commission constituted under section 7.

(167) Clause 2(c) shall be recast as follows:

"(c) 'Consortium' means an association of self-financing professional colleges consisting of more than fifty per cent of the total number of institutions of that particular type in the State."

(203) Clause 2(f) shall be recast as follows:

"(f) unfilled seats means those seats in the Government quota that may be filled up by the management if and when the commissioner for entrance examinations informs the management that he would not be advising any more candidates against such quota."

സർ, ഞാൻ എന്റെ നാല് ഭേദഗതികളും മൂവ് ചെയ്യുന്നു. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഡെഫനിഷൻസ് എന്ന സുപ്രധാനമായ ക്ലോസിൽ വരുന്നു. ഇതിൽ ആദ്യത്തെ ക്യാപ്പിറ്റേഷൻ ഫീസിനെപ്പറ്റി പറയുമ്പോൾ അത് വളരെ വ്യക്തമായിട്ടുതന്നെ ആ ക്ലോസിൽ പറയുന്നുണ്ട്. By whatever name called എന്നില്ലാതെതന്നെ ഏത് പേരിൽ അറിയപ്പെട്ടിരുന്നാലും എന്നുള്ള വാക്ക് ഇതിൽ ചേർക്കേണ്ടതായിട്ടുള്ള ആവശ്യമില്ല. അത് അല്ലാതെ തന്നെ ക്ലിയറാണ്. അമിതമായാൽ അമൃത് അതിനെപ്പറ്റി പറയാറുള്ളതുപോലെ പാകപ്പെടുത്തിയെടുക്കുമ്പോൾ പദപ്രയോഗങ്ങളാണ് ആവശ്യമായിട്ടുള്ളത്. ഇതിൽ ബഹുമാനപ്പെട്ട മിനിസ്റ്റർ കുറവ് ചെയ്തിട്ടുള്ള ഒരു ഭേദഗതി വളരെ നന്നായിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കാവുന്നതാണ്. കാരണം collected or received എന്നു പറയുമ്പോൾ അത് പൂർത്തിയായ ക്ലാസ് എന്ന ഉദ്ദേശം വച്ചുകൊണ്ടാണ് ക്യാപ്പിറ്റേഷൻ ഫീസിന്റെ നിർവ്വചനം പറഞ്ഞിരിക്കുന്നത് എന്നുള്ളത് വളരെ സ്പഷ്ടമായിട്ട് വന്നുകഴിഞ്ഞു. അതുകൊണ്ട് by whatever name called എന്നുള്ള ഭാഗം നീക്കം ചെയ്യണം. എന്നുള്ളതാണ് ഈ ഭേദഗതികൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്. 145-ാം ഭേദഗതി പ്രധാനപ്പെട്ട മറ്റൊരു കാര്യമാണ്. 7-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന അന്വേഷണത്തിനായി ഒരു കമ്മിറ്റി. അത് എൻക്വയറി കമ്മിറ്റി എന്നു പറഞ്ഞാൽ പോര. കാര്യങ്ങൾ അന്വേഷിക്കാനുള്ള ഐ.എ.എസ്. ഓഫീസേഴ്സ് ഇരിക്കുന്ന, ഹെൽത്ത് സെക്രട്ടറി, എഡ്യൂക്കേഷൻ സെക്രട്ടറിയെല്ലാം ഇരിക്കുന്ന അന്വേഷണത്തിനു വേണ്ടിയുള്ള, ഇതിന്റെ പേര് കമ്മിറ്റി എന്നുള്ളത് മാറ്റിയിട്ട് കമ്മീഷൻ എന്നാക്കണം. എൻക്വയറി കമ്മീഷൻ പോലെയാണ്. 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിരിക്കുന്ന കമ്മീഷൻ എന്നാക്കുന്നത് അതിനുള്ള പ്രാധാന്യം കൊടുക്കാൻ അത് പ്രയോജനപ്പെടും. പിന്നെ വരുന്നത് കൺസോർഷ്യമാണ്. ഫാർമസി, ആയുർവ്വേദം, സിദ്ധവൈദ്യം, നേഴ്സിംഗ് എല്ലാം ചേർത്തുള്ള കൺസോർഷ്യം. അത് ശരിയല്ല. അതിന് ഓരോന്നിനും വെവ്വേറെ കൺസോർഷ്യം എന്നുള്ളത് വരണം. വെവ്വേറെ കൺസോർഷ്യം എന്നുള്ളത് വരുന്നതിനുവേണ്ടി such as എന്നുള്ള ഭാഗം മാറ്റം ചെയ്യണം. അതുകൊണ്ട് ഇതിന്റെ വെവ്വേറെ കൺസോർഷ്യം എന്നു വന്നെങ്കിൽ മാത്രമേ അതിന്റെ പ്രവർത്തനം നടക്കുന്നതിന് പ്രയോജനപ്പെടുകയുള്ളൂ. 203-മത്തെ എന്റെ ഭേദഗതി ലാപ്സ്ഡ് സീറ്റിനെപ്പറ്റിയാണ്. ഇതിൽ ഉദ്ദേശിക്കുന്നത് വാസ്തവത്തിൽ നഷ്ടമായ സീറ്റുകളല്ല. എന്തുകൊണ്ടാണ് ലാപ്സ്ഡ് സീറ്റ്സ് എന്നുപറഞ്ഞത് എന്നുള്ളത് എനിക്ക് മനസ്സിലാകുന്നില്ല. അത് തെറ്റാണ്. സീറ്റുകളിൽ ആളുകളെ വയ്ക്കുന്നില്ല എന്നുള്ളതിനുപകരം ആളുകളെ എടുക്കുന്നുണ്ട് എന്നാക്കിയാൽ അൺ ഫിൽഡ് സീറ്റ്സ് എന്നുള്ളത് ശരി. അത് ഫില്ല് ചെയ്യാത്ത സീറ്റുകളായിട്ടാണ് വരുന്നത്. അതുകൊണ്ട് ലാപ്സ്ഡ് സീറ്റ്സ് എന്നുള്ളത് മാറ്റിയിട്ട് അൺഫിൽഡ് സീറ്റ്സ് എന്നുപറഞ്ഞാൽ പിന്നീട് ഫിൽ ചെയ്യാവുന്ന പ്രൊസീഡ്യൂവറാണ് ക്ലാസിൽ പറയുന്നത്. അതുകൊണ്ട് എന്റെ നാല് ഭേദഗതികളും ഞാൻ അവതരിപ്പിക്കുകയാണ്.

**Shri T. N. Prathapan** : Sir, I move the following amendments:

(141) In clause 2 (a) add the following explanation namely:

"*Explanation.*—For the purposes of this clause capitation fees includes any amount in cash or kind or service estimable in money proposed to be paid or collected in future or any deferred payment or any donation in cash or kind or service estimable in money paid or collected or rendered instantly or proposed to be paid or collected or rendered in future to any other person or institution in lieu of obtaining a seat in a self-financing college.

(161) In clause 2 (c) for the words 'and nursing' substitute the words 'nursing, teachers training, computer application, business administration' and the like.

LIBRARY ARCHIVES Kerala Legislative Assembly

(253) In clause 2(j) (ii) for the word "Nursing" substitute "teachers training, business administration, computer application and the like".

(280) In Clause 2(1) add the following explanations at the end.

"*Explanation I.*—For the removal of doubts it is hereby clarified that any course conducted in the State in any of the disciplines mentioned in clause (j) by any person or authority purporting to be recognised by or under any University established by law outside the State shall also be treated as a University.

*Explanation II.*—Any institution conducting any course referred to in Explanation I shall register with the Commissioner of Entrance Examination, in the manner prescribed and from the date of such registration it shall be treated as a Self-financing college under this Act."

**Shri P. T. Thomas:** Sir, I move the following amendments:

(142) After clause 2 (a) add the following as sub-clause (aa) namely:

"(aa) Commissioner of Entrance Examination means the Commissioner of Government Examination appointed by the Government or any person exercising the duties and performing the functions of the Commissioner of Entrance Examinations."

(170) In clause 2 (e) after "those seats" add "not more than fifty per cent seats of a self-financing professional college".

(220) In clause 2 (h) add the following at the end namely:

"and includes any lapsed seat".

**Shri M. A. Vaheed:** Sir, I move the following amendment:

(156) In clause 2 (c) substitute the words "seventy-five" instead of "fifty".

**Shri Thomas Unniyadan:** Sir, I move the following amendments:

(157) In clause 2 (c) for the words "of Institutions of that particular type in the State such as Engineering/ Technology/ Medical/ Dental/ Pharmacy/ Ayurveda/ Homoeopathy/ Sidha and Nursing" the words "of such self-financing Professional Colleges" shall be substituted.

(174) Clause 2(e) shall be recast as follows, namely:

"Government Quota means fifty percentage of the total seats in any disciplines of a self-financing Professional College against which the Commissioner for Entrance Examinations makes allotments for admission for such seats".

LIBRARY ARCHIVES Kerala Legislative Assembly

(199) In clause 2 (f) for the words "would not be advising" the words "Could not be allotting" shall be substituted.

(221) Clause 2(h) shall recast as follows:

(h) "Management Quota" means fifty per cent of the total seats in any discipline including sectorised for non-resident Indians in a self-financing professional college against which the management is entitled to admit students under section 3.

(224) In clause 2 (i) for the words "by the Government" the words "under this act" shall be substituted.

(238) In clause 2 (j) the opening sentence shall be substituted with the following "self-financing professional college" means a college maintained by a management which is affiliated to or recognised by a University or a Deemed University or any institutions run by a Deemed University not receiving any financial assistance or aid from Government for running of such college or Deemed University or an institution run by a deemed university and conducting courses in any of the following disciplines, namely:

**Shri Johny Nelloor**: Sir, I move the following amendments:

(159) In clause 2 (c) after the words "engineering/technology" the words 'management, Law' shall be inserted.

(223) In Clause 2 after (h) the following words shall be inserted as (i) "(i) development fee amount that is to be spend for constructions of buildings and laboratory in the current academic year itself other items shall be relettered accordingly."

(254) In clause 2 (j) after sub item (i) the following words shall be inserted "(ii) 'Management and Law' and other sub items shall be renumbered accordingly".

സർ, ഞാൻ എന്റെ മൂന്ന് ഭേദഗതികളും മൂവ് ചെയ്യുന്നു. ബഹുമാന്യനായ മന്ത്രിക്ക് സ്വീകരിക്കാവുന്നതാണെന്ന് മാത്രമേ പറയുന്നുള്ളൂ.

**Shri Adoor Prakash**: Sir, I move the following amendments:

(160) In clause 2 (c) for the words "and nursing" substitute "nursing and the like".

(208) In clause 2 (g) for the words "under whose administration" substitute the words "under whose unit administration or any person or authority whether situated outside the state or not under whose ultimate administrative control".

LIBRARY ARCHIVES Kerala Legislative Assembly

7.00 p.m.] <u>ശ്രീ. കെ. പി. രാജേന്ദ്രൻ:</u> സർ, ഞാൻ 163, 271 എന്നീ ഭേദഗതികൾ മൂവ് ചെയ്യുന്നു.

(163) In Item (c) of Clause 2 after the word "Nursing" add "MBA, MCA, Agriculture, Veterinary, Forestry, LL.B., LL.M., B.Ed., M.Ed. and T.T.C.".

(271) In item (j) of Clause 2 the following new sub-clauses shall be added and numbered accordingly:

Sub-clause (iii) BBA, MBA
Sub-clause (iv) MCA
Sub-clause (v) LL.B., LL.M.
Sub-clause (vi) B.Ed., M.Ed.
Sub-clause (vii) Agriculture, Horticulture and Veterinary
Sub-clause (viii) Forestry.

നാലെണ്ണം ഉണ്ട്. അതിൽ രണ്ടെണ്ണം അവതരിപ്പിച്ച് നേരത്തെ ഇവിടെ സംസാരിച്ചു. ജോർജ്ജ് മാഷ് സംസാരിച്ചപ്പോൾ പല കോഴ്സുകളുമാണ് വരുന്നത്. ഒരേ സ്വഭാവത്തിലുള്ളതല്ല കോഴ്സുകളും മാനേജ്മെന്റുകളും അതിൽ കുറച്ചുകൂടി വ്യക്തത വേണം. നമ്മൾ ഇവിടെ പറഞ്ഞതിനേക്കാൾ കൂടുതൽ കോഴ്സുകൾ ഇവിടെയിപ്പോൾ അനുവദിക്കുന്നുണ്ട്. പല മേഖലകളിലായി, പല സബ്ജക്ടിന്റെയും. അതിൽ ബി.എഡ്. ഉണ്ട്, എം.സി.എ. ഉണ്ട്, അഗ്രിക്കൾച്ചർ, വെറ്ററിനറി, ഫോറസ്ട്രി, ഹോർട്ടികൾച്ചർ തുടങ്ങിയ പലതും വരുന്നുണ്ട്. ഈ കൺസോർഷ്യം കുറച്ചുകൂടി വ്യക്തതയിലുണ്ടാകണമെന്നാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ലാപ്സ്ഡ് സീറ്റ് എന്ന് നേരത്തെ ഇവിടെ പറഞ്ഞു. മാനേജ്മെന്റ് ഏറ്റവും കൂടുതൽ പഴുതുകൊടുക്കുന്ന മെറിറ്റിൽ വരുന്ന ഒരു കുട്ടിയുടെ സീറ്റ് ഏതെങ്കിലും കാരണവശാൽ ചേരാൻ കഴിയാത്ത സാഹചര്യം വന്നാൽ ആ മെറിറ്റ് ലിസ്റ്റിലുള്ള അടുത്ത കുട്ടിക്ക് ആ ചാൻസ് കൊടുക്കുക എന്നല്ലാതെ അത് നേരേ മാനേജ്മെന്റ് ക്വോട്ടയിൽ ഉയർന്ന ഫീസ് കൊടുത്ത് വലിയ സാമ്പത്തിക നേട്ടം ഉണ്ടാക്കുന്ന വിധത്തിൽ മാനേജ്മെന്റിന് ഒരു പഴുത് നമ്മുടെ നിയമത്തിൽ ഉണ്ടാക്കിക്കൊടുക്കുക എന്നു പറഞ്ഞാൽ അത് നിയമത്തിന്റെ അന്തഃസത്തയ്ക്ക് തന്നെ എതിരല്ലേ. അതുകൊണ്ട് ഈ ക്ലാസ് എടുത്തുകളയണമെന്ന് നേരത്തേ സംസാരിച്ചതുകൊണ്ട് ഞാൻ കൂടുതൽ ആവർത്തിക്കുന്നില്ല. പിന്നെ ഇവിടെ 271-ൽ കൊടുത്തിരുന്നത് മന്ത്രി ഒഫീഷ്യലായി കൊണ്ടു വന്ന 636-ാം ഭേദഗതിയിലുള്ളതാണ്. ഡീംഡ് യൂണിവേഴ്സിറ്റി മന്ത്രി മറുപടി പറയുമ്പോൾ വിശദീകരിക്കണം. കാരണം നമ്മൾ നടത്തിയ പല ചർച്ചകളിൽ ഗവൺമെന്റ് ഭാഗത്തു നിന്ന് വ്യത്യസ്തമായി പറയുന്നു. ഡീംഡ് യൂണിവേഴ്സിറ്റി ആക്കാൻ തീരുമാനിക്കുന്നത് യു.ജി.സി. യുടെ തീരുമാനം കേന്ദ്ര നിയമത്തിന്റെ ഭാഗമായി തീരുമാനിച്ചുവരുന്നത് സംസ്ഥാന ഗവൺമെന്റിന് ഡീംഡ് യൂണിവേഴ്സിറ്റി തീരുമാനിക്കാനുള്ള അധികാരം എത്രയാണ്? അധികാരം ഉണ്ടോ? ഈ സന്ദർഭത്തിൽ ഗവൺമെന്റിന്റെ പല ഉദ്യോഗസ്ഥൻമാർ ബന്ധപ്പെട്ട ഉയർന്ന സെക്രട്ടറിമാർ പറഞ്ഞത്

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ ഗവൺമെന്റിന് ഒരു അധികാരവുമില്ല എന്നാണ്. മറ്റൊരു അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഫ്ളോറിൽ ഞാൻ ചോദ്യം ചോദിച്ചപ്പോൾ പറഞ്ഞു ഡീംഡ് യൂണിവേഴ്സിറ്റി തീരുമാനിക്കുന്ന കാര്യത്തിൽ നമ്മുടെ സ്റ്റേറ്റിന് അധികാരമുണ്ടെന്നാണ്. വ്യത്യസ്തമായി പറയുന്നു. ഡീംഡ് യൂണിവേഴ്സിറ്റിയെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്താൻ വേണ്ടി പറയുകയാണ്. എൻട്രൻസ് പരീക്ഷ എഴുതിക്കഴിഞ്ഞ കുട്ടികളുടെ പ്രവേശനത്തിന്റെ സമയത്ത് കമ്മീഷണറുടെ ഓഫീസിൽ നിരവധി കോളേജുകാർ വന്ന് അവരുടെ ബൂത്ത് തുറക്കുകയാണ്. അവിടെ ഓരോ കോളേജുകളും അവരുടെ മനോഹരങ്ങളായ ബ്രോഷറുകൾ അച്ചടിച്ച് ഇറക്കുകയാണ്. ശരിയായ രീതിയിൽ കച്ചവട മത്സരത്തിന്റെ അടിസ്ഥാനത്തിൽ. അതിൽ നല്ല പരസ്യം കൊടുക്കുന്നുണ്ട്. ദിവസേന രാത്രിയിൽ ടി.വി.യിൽ നിരവധി കോളേജുകളുടെ പരസ്യങ്ങൾ വരുന്നുണ്ട്. പത്രങ്ങളിലും വരുന്നുണ്ട്. അവരെല്ലാം പരസ്യത്തിൽ പറയുന്നത് ഇത് ഡീംഡ് യൂണിവേഴ്സിറ്റിയായിരിക്കും. അങ്ങനെ നിരവധി കോളേജുകളുടെ പരസ്യം വന്നു കഴിഞ്ഞു. ഈ കോളേജുകളൊക്കെ ഡീംഡ് യൂണിവേഴ്സിറ്റിയായാൽ നമ്മുടെ ഗവൺമെന്റിന് ഒരു നിയന്ത്രണവുമില്ല. ചിലതിലെങ്കിലും ഒരു നിയന്ത്രണം ഏർപ്പെടുത്താൻ തീരുമാനിച്ചിരുന്ന വകുപ്പുകൂടി അതിൽ നിന്ന് എടുത്തു കളഞ്ഞാൽ പിന്നെ കേരളത്തിലെ എല്ലാ കോളേജുകളും ഡീംഡ് യൂണിവേഴ്സിറ്റിയായാൽ ഇതിൽ കേരളാ ഗവൺമെന്റിന് എന്താണ് ഒരു പങ്കുള്ളത്? നമ്മുടെ ഗവൺമെന്റിന് എങ്ങനെ അതിൽ നിയന്ത്രണം ഏർപ്പെടുത്താൻ കഴിയും? അമൃതാ കോളേജിന് മാത്രമല്ലല്ലോ ഡീംഡ് യൂണിവേഴ്സിറ്റി പദവി. ഇവിടെ ശ്രീ. മത്തായി ചാക്കോ പറഞ്ഞു, പുറത്തെ സ്റ്റേറ്റിലുള്ള പല കോളേജുകളും കേരളത്തിൽ സെന്റർ വയ്ക്കുകയാണ്. പരീക്ഷ ഒരുപക്ഷേ ഇവിടെ നടത്തും അല്ലെങ്കിൽ പുറത്ത് നടത്തും. എല്ലാം ഡീംഡ് യൂണിവേഴ്സിറ്റിയാണ്. പിന്നെ എവിടെയാണ് നമുക്ക് കൺട്രോൾ? അപ്പോൾ പരിമിതമായ തോതിലെങ്കിലും ആ ഡീംഡ് യൂണിവേഴ്സിറ്റിയിൽ ഗവൺമെന്റിന് കൺട്രോൾ കൊണ്ടുവരുന്നതിന് തീരുമാനിച്ച ഒരു വകുപ്പാണ് ഇവിടെ 63-ാം ഭേദഗതിയായി കൊണ്ടു വന്നത്. അത് രണ്ടു ദിവസം സബ്ജക്ട് കമ്മിറ്റി കൂടിയപ്പോൾ നിയമവകുപ്പുമന്ത്രി കൂടി പങ്കെടുത്ത സബ്ജക്ട് കമ്മിറ്റിയല്ലേ? എന്തുകൊണ്ട് നിങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ അത് അവതരിപ്പിച്ചില്ല? ഈ നിയമത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമാണ് അത്. സബ്ജക്ട് കമ്മിറ്റിയിൽ നിങ്ങളത് അവതരിപ്പിച്ചിരുന്നെങ്കിൽ സബ്ജക്ട് കമ്മിറ്റിയിലുള്ള ഞങ്ങളുടെ മെമ്പർമാർക്ക് അവിടെ വ്യക്തമായ അഭിപ്രായം പറയാൻ കഴിയുമായിരുന്നു. വ്യക്തമായി ഞങ്ങളുടെ വാദഗതികൾ ഉന്നയിക്കാമായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ഇവിടെ സമർപ്പിച്ച ബില്ലിൽ നിങ്ങൾ ഇത് ചേർത്തിരുന്നു എങ്കിൽ ഞങ്ങളുടെ മെമ്പേഴ്സിനെല്ലാം അതു സംബന്ധിച്ച് ഭേദഗതികൾ കൊടുക്കാൻ കഴിയുമായിരുന്നു. അതൊന്നും ഇല്ലാതെ ഈ സഭയെ കബളിപ്പിക്കുകയായിരുന്നു. ഈ സഭയിൽ ഈ ബില്ല് നമ്മൾ മണിക്കൂറുകളോളം ചർച്ച ചെയ്തു. ഞങ്ങൾ സഹകരിച്ച് രാത്രിയിലും ഇരുന്നു. ഇത്രയും ഗൗരവമായ ചർച്ച നടക്കുമ്പോൾ നിങ്ങൾ കേരളത്തിലെ സെൽഫ് ഫിനാൻസിംഗ് മാനേജ്മെന്റുകൾക്കും കോളേജുകൾക്കുമൊക്കെ നാളെ ഡീംഡ് യൂണിവേഴ്സിറ്റി എന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബോർഡ് വച്ച് കേന്ദ്രത്തിൽ പോയി സ്വാധീനം ചെലുത്തി ഡീംഡ് യൂണിവേഴ്സിറ്റിയാക്കി വന്നാൽ പിന്നെ ഈ നിയമം ഇവിടെ പാസാക്കി 9-ാം പട്ടികയിലാക്കി വച്ച് ഇവിടെ നിയമം ഉണ്ട് എന്നു പറഞ്ഞാൽ ആർക്ക് ആരെ കൺട്രോൾ ചെയ്യാൻ പറ്റും? അതുകൊണ്ട് ഈ ഭേദഗതി അവതരിപ്പിച്ച രീതിയിൽ ഞാൻ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. ഞങ്ങൾ ഇവിടെ അവതരിപ്പിക്കുമ്പോൾ വോട്ട് ചെയ്യാം. അതല്ല ഈ രീതിയിൽ ഈ നിയമത്തിന്റെ അന്തസ്സിന് എതിരായില്ലേ. ഇതിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്തില്ലേ? ആ നടപടി തെറ്റാണെന്നാണ് ഞാൻ പറയുന്നത്. എന്തുകൊണ്ടാണ് കാർഷിക യൂണിവേഴ്സിറ്റിയെ ഇതിൽ ഒഴിവാക്കിയത്? ജോർജ്ജ് മാഷ് ഇവിടെ സൂചിപ്പിച്ചു, കേരളത്തിൽ ഏറ്റവും കൂടുതൽ പ്രൊഫഷണൽ കോഴ്സുകൾ നടത്തുന്നത് കാർഷിക യൂണിവേഴ്സിറ്റിയാണ്. ജോർജ്ജ് മാഷും അനിൽ കുമാറുമൊക്കെ അതിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളല്ലേ. അഗ്രിക്കൾച്ചർ, വെറ്ററിനറി, ഫോറസ്ട്രി. ഹോർട്ടി കൾച്ചർ തുടങ്ങി എത്രയോ കോഴ്സുകൾ ആ യൂണിവേഴ്സിറ്റിയിലുണ്ട്. നിങ്ങൾ സെൽഫ് ഫിനാൻസിംഗ് കോളേജുകളെ ഇതിൽ അനുവദിക്കില്ല എന്നുള്ളതിന് എന്താണ് ഗ്യാരന്റി? ഇപ്പോൾ കേരളത്തിലെ ഒരു പ്രധാനപ്പെട്ട മേഖലയെ ഒഴിവാക്കിയാൽ നാളെ ആ യൂണിവേഴ്സിറ്റിയുടെ ആക്ടിൽ ആ ഭേദഗതി കൊണ്ടുവന്നാൽ പിന്നെ ഈ നിയമത്തിന്റെ പരിധിയിൽ അവർ ഇല്ല. അതുകൊണ്ട് കാർഷിക യൂണിവേഴ്സിറ്റിയെക്കൂടി ഉൾപ്പെടുത്തണമെന്ന ഭേദഗതികൂടി ഞാൻ അവതരിപ്പിക്കുന്നു.

**Shri P. Jayarajan** : Sir, I move the following amendments :

(164) Add the following words at the end of the item (c) of Clause 2 "Teachers training, Law and Business Management".

(251) In Clause 2 (j) (ii) substitute the words "Nursing, Teacher education, Law, Business Management and Courses like MCA" for the words "and Nursing".

(276) In Clause 2 add the following as item (m) dependants means sons, daughters, grand sons, grand daughters, brothers and sisters of the concerned person who are dependant on the person.

276-നെ സംബന്ധിച്ച് ഒരു കാര്യം പറയാനുണ്ട്. അതിൽ മാനേജ്മെന്റ് ക്വോട്ടയിൽ 15% സീറ്റുകൾ എൻ.ആർ.ഐ.-യുടെ ഡിപ്പെന്റന്റ്സിനാണ് നിശ്ചയിച്ചിട്ടുള്ളത്. ഡിപ്പെന്റന്റ്സിനെ നിർവചിക്കേണ്ടതുണ്ട്. എന്നുള്ളതാണ് 276 -ാം ഭേദഗതി. അതനുസരിച്ച് Dependants means sons, daughters, grand sons, grand daughters, brothers and sisters of the concerned person who are dependent on the person എന്ന കണക്ക് ആ ഡിപ്പെന്റന്റ്സിനെ കൃത്യമായി നിയമത്തിൽ നിർവചിക്കണം. അല്ലെങ്കിൽ ദുർവ്യാഖ്യാനം നടത്തുന്ന അവസ്ഥയുണ്ടാകും. അതുകൊണ്ട് ഈ നിർവചനം (എം) ആയിട്ട് ഇവിടെ കൂട്ടിചേർക്കണം എന്നാണ് പറയുന്നത്.

**Shri P.J. Joy**: Sir, I move the following amendments:

(169) In Clause 2(e) after "those seats" add "in a self-financing professional college".

(260) In Clause 2 (j) (iii) after the words "thereunder" add "conducting courses in any discipline mentioned in this clause".

**Dr. A. Neelalohithadasan Nadar** : Sir, I move the following amendment:

(173) In Clause 2 (e) add the following at the end of "allotment for admission".

"On the basis of rank list published considering the principle of reservation prevailing for admission to the professional colleges".

സർ, ഞാനെന്റെ 173-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുകയാണ്. അതിൽ Clause 2 (e) - ൽ at the end "allotment for admission" അതിനുശേഷം "On the basis of rank list published considering the principle of reservation prevailing for admission to the professional colleges". ആ ലിസ്റ്റിൽ തന്നെ വേണമെന്നുള്ളതിനെക്കുറിച്ച് ഒന്ന് emphasize ചെയ്യാൻ വേണ്ടിയാണ്.

**Shri T. K. Balan** : Sir, I move the following amendment:

(201) In Clause 2 (f) add the following words at the end "or institutions conducting any Professional Course".

**Shri T. K. Devakumar** : Sir, I move the following amendment:

(216) Clause 2 (g) shall be recast as follows : "(g) 'Management' means Person, Persons, body of Persons, Trustees, Committees, governing bodies or any such other body or Committee by whatsoever name called, under whose administration any self-financing Professional College is functioning".

അതിൽ പ്രൈവറ്റ് മാനേജ്മെന്റ് എന്നാണ് പറഞ്ഞിരിക്കുന്നത്. .........unaided self-financing professional college is functioning അതിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് സ്വീകരിക്കാവുന്ന ഒരു കാര്യമാണ് പറയുന്നത്. കാരണം നാളെ ഒരു പ്രൈവറ്റ് അൺ എയ്ഡഡ് self-financing professional college അതിൽ പ്രൈവറ്റ് അൺ എയ്ഡഡ് അങ്ങ് ഒഴിവാക്കിയാൽ നാളത്തേയ്ക്ക് ഈ നിയമം

LIBRARY ARCHIVES Kerala Legislative Assembly

ഗുണകരമായിരിക്കും. മറ്റുള്ള അൺ എയ്ഡഡ് കോഴ്സുകൾക്ക് അത് സഹായകരമായിരിക്കും. അതുപോലെ പ്രൈവറ്റ് സ്ഥാപനങ്ങൾ മാത്രമേ വരുന്നുള്ളു. മറ്റ് സ്ഥാപനങ്ങൾ വരുന്നില്ല. അപ്പോൾ പിന്നെ നിയമം ഭേദഗതി ചെയ്യേണ്ടി വരില്ല. വളരെ സദുദ്ദേശപരമാണ് അത് മന്ത്രിക്ക് സ്വീകരിക്കാവുന്നതാണ്.

**Shri A. A. Azeez**: Sir, I move the following amendment.

(219) In Clause 2 (h) between the words "those" and "seats" insert the following words "fifty per cent".

**Dr. Thomas Issac**: Sir, I move the following amendments :

(225) In Clause 2 (j) after the words "college maintained by" insert the words "University or"

(243) After Clause 2 ( j ) (ii) insert the following namely: "(iii) Education, Law, Business Administration, Business Management, Computer Science and Computer Applications" and re-number the remaining clauses.

**Shri V. K. C. Mammed Koya** : Sir, I move the following amendments:

(226) In Clause 2 ( j ) after the word "Persons" the following words may be inserted "or a Co-opertive Society on any other institutions";

(255) In Clause 2 ( j ) the following shall be inserted as (iia) after item (ii) "(iia) B.Ed., M.Ed., LL.B., LL.M., MBA and MCA".

**Shri T. P. Ramakrishnan** : Sir, I move the following amendment :

(227) In Clause 2 ( j ) insert the word "and" in between the words "Person or body of Persons" and "affiliated to or recognized by"

**Shri C. Mammutty** : Sir, I move the following amendments :

(235) In Clause 2(j)—(1) insert the words "Degree or Post-graduate Degree" after the word "courses" and before the words "in any of the".

(2) Insert the words "and all professional Degree or Post-graduate courses approved by All India Associations and Councils" in between the words "disciplines" and "namely".

(244) In clause 2 (j) (ii) insert the word "Unani" after the words "Sidha" and "and nursing".

LIBRARY ARCHIVES Kerala Legislative Assembly

**Shri A. C. Shanmugha Das**: Sir, I move the following amendments:

(241) After clause 2 (j)—(i) add the following: "(ii) Bio Medical".

(249) After clause 2 (j)—(ii) add the following : "Naturopathy".

ഒറ്റ വാചകം മാത്രമേ പറയുന്നുള്ളൂ. ഇത് സ്വീകരിക്കാവുന്നതേയുള്ളൂ. 241-ൽ ബയോ മെഡിക്കൽ എൻജിനീയറിംഗ്, ഇന്ത്യൻ ടെക്നോളജിയിൽ വരുന്നുണ്ട്. അതിൽ നിന്നും വ്യത്യസ്തമായി മനുഷ്യ ശരീര ശാസ്ത്രവുമായി ബന്ധപ്പെട്ട ഒരു കാര്യമാണ്. അതുകൊണ്ട് ആലോചിക്കാവുന്നതാണ്. 249-നെ സംബന്ധിച്ച് ഇവിടെ നാച്ചുറോപ്പതി, ഗവൺമെന്റ് ഒരു ഡിപ്പാർട്ടുമെന്റായിതന്നെ സ്വീകരിച്ചിട്ടുണ്ട്. മോഡേൺ മെഡിസിൻ, ആയുർവേദ, ഹോമിയോ, നഴ്സിംഗ് ഇതൊക്കെ പറഞ്ഞപ്പോൾ നാച്ചുറോപ്പതി വിട്ടുപോയിരിക്കുന്നു. അത് ഉൾപ്പെടുത്താവുന്നതാണ്.

**Shri P. K. K. Bava**: Sir, I move the following amendment:

(242) In Clause 2 (j) (ii) the words "Sidha and Nursing" shall be deleted and following words shall be added "Nursing/Law/Business Management/ Chartered Accountancy and B.Ed."

**Shri K. Radhakrishnan**: Sir, I move the following amendment:

(261) Clause 2 (j) (iii) shall be recast as follows: "(iii) courses such as B.Ed., M.Ed., LL.B, LL.M., M.B.A., M.C.A., B.B.A. and any other discipline as may be declared by the Government; and includes a deemed university or an institution thereunder functioning in the State".

**Shri K.V. Kunhiraman**: Sir, I move the following amendments:

(262 ) Clause 2(j) (iii) shall be recast as follows: "(iii) Teacher education, Law, Business Management and any Course or discipline as may be declared by the Government".

**Shri Mangode Radhakrishnan**: Sir, I move the following amendment:

(266) In Clause 2 (j) (iii) the following shall be added. "B.Ed. Colleges, L.L.B, M.B.A., M.C.A., Colleges and any other discipline as may be declared by the Government from time to time".

2/934/2012—26

LIBRARY ARCHIVES Kerala Legislative Assembly

**Shri V. Chenthamarakshan**: Sir, I move the following amendment:

(279) After Clause 2 (1) add a new clause as item (m) as follows:

"(m) 'Dependents of non-Resident Indians' means the Spouses and children of the non-Resident Indians".

**Shri K.C. Joseph**: Sir, I move the following amendment:

(282) In Clause 2 (a) for the words "in excess of the rate of" substitute the words "other than the".

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ അവതരിപ്പിച്ച ഭേദഗതികളൊക്കെ ശ്രദ്ധിച്ചു. ഭേദഗതി ലിസ്റ്റിലുള്ള ശ്രീ. ആര്യാടൻ മുഹമ്മദിന്റെ 207, 256 എന്നീ ഭേദഗതികൾ ഓറലായിട്ട് ഞാൻ അവതരിപ്പിക്കുന്നു. ശ്രീ. ഡൊമിനിക് പ്രസന്റേഷന്റെ 206-ാം നമ്പർ ഭേദഗതിയും ഓറലായിട്ട് ഞാൻ അവതരിപ്പിക്കുന്നു.

(207) In Clause 2 (g) for the words "governing bodies" substitute the words "Governing body".

(256) In Clause 2 (j) (iii) after the words "declared by the Government", add the words "by notification in the Gazette".

(206) In Clause 2 (g) for the words "the trustees or" substitute "any person or trustees or" ഈ ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എ. എൻ. രാജൻ ബാബു അവതരിപ്പിച്ച 132-ാം നമ്പർ ഭേദഗതിയും ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 212-ാം നമ്പർ ഭേദഗതിയും ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 230-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 169-ാം നമ്പർ ഭേദഗതിയും ശ്രീ. ടി.പി.രാമകൃഷ്ണൻ അവതരിപ്പിച്ച 227-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്.

ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണനും ശ്രീ. എ. കെ. ബാലനും നിർദ്ദേശിച്ച ഭേദഗതി സ്വീകാര്യമല്ല. അതുപോലെ ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 251-ാം നമ്പർ ഭേദഗതി സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലിന്മേലല്ല. അതുകൊണ്ടാണ് ഒഫീഷ്യൽ അമെന്റ്മെന്റ് കൊണ്ടുവന്നത്. ഏതായാലും ഇവിടെ lapsed seats-നെക്കുറിച്ച് പറഞ്ഞു. അത് ഗവണ്മെന്റ് സീറ്റിൽ ബാക്കിയുള്ളതാണ്. അത് ലാപ്സായി കിടക്കണ്ട, ഫിൽ ചെയ്യണമെന്ന് നോട്ടിഫിക്കേഷന്റെ അവസാനം എൻട്രൻസ് കമ്മിഷണർ ഉത്തരവ് കൊടുത്തുവെങ്കിൽ മാത്രമേ ഫിൽ ചെയ്യാൻ പറ്റൂ. അതാണ് ഭേദഗതി. സെൽഫ് ഫിനാൻസിംഗ് പ്രൊഫഷണൽ കോളേജുകളുടെ നിർവ്വചനത്തിലുള്ള എൻജിനീയറിംഗ് മെഡിക്കൽ കോഴ്സുകൾക്ക് പുറമെ B.Ed., LL.B., M.B.A. തുടങ്ങിയ കോഴ്സുകൾ ചേർക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പലരും നിർദ്ദേശിച്ചിരുന്നു. എന്നാൽ അത്തരം കോഴ്സുകളും കാലാകാലങ്ങളിൽ ആവശ്യാനുസരണം ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തി ഡിക്ളയർ ചെയ്യാൻ ഇപ്പോൾതന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനാൽ ആ ഭേദഗതികൾ അംഗീകരിക്കുന്നില്ല. നാച്വറോപ്പതി ഉൾപ്പെടുത്താൻ വ്യവസ്ഥയുണ്ട്. 130-ാം ഭേദഗതിയുടെ ആവശ്യമില്ല. അതിപ്പോൾത്തന്നെ വ്യക്തമാണ്. യൂണിവേഴ്സിറ്റി ആക്ടിൽ അതുതന്നെയാണ് പറയുന്നത്. മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന പ്രശ്നത്തെ.....................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : മന്ത്രി അവതരിപ്പിച്ച 636-ാം നമ്പർ ഭേദഗതിയെ ഞങ്ങൾ എതിർക്കുന്നു. പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെ പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി:

അനുകൂലിക്കുന്നവർ—71

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, കെ. അച്ചുതൻ
5. ,, സി. ടി. അഹമ്മദ് അലി
6. ,, എ. പി. അനിൽകുമാർ
7. ,, എ. കെ. ആന്റണി
8. ,, എൻ. ഡി. അപ്പച്ചൻ
9. ,, ഇ. എം. അഗസ്തി
10. ,, കെ. ബാബു
11. ,, ബാബു ദിവാകരൻ
12. ,, ആർ. ബാലകൃഷ്ണപിള്ള
13. ,, പി. കെ. കെ. ബാവ
14. ,, ടി. വി. ചന്ദ്രമോഹൻ
15. ,, കെ. എ. ചന്ദ്രൻ
16. ,, എം. എ. ചന്ദ്രശേഖരൻ
17. ,, കെ. ബി. ഗണേഷ് കുമാർ
18. ,, എം. പി. ഗംഗാധരൻ
19. ,, പി. പി. ജോർജ്
20. ,, എം. എം. ഹസ്സൻ

LIBRARY ARCHIVES Kerala Legislative Assembly

21. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
22. ,, ഇസ്ഹാക്ക് കുരിക്കൾ
23. ,, ഉമ്മൻ ചാണ്ടി
24. ,, ടി. എം. ജേക്കബ്
25. ,, ജോണി നെല്ലൂർ
26. ,, കെ. സി. ജോസഫ്
27. ,, ജോസഫ് എം. പുതുശ്ശേരി
28. ,, പി. ജെ. ജോയി
29. ,, കെ. എൻ. എ. ഖാദർ
30. ,, കെ. കെ. നായർ
31. ,, ലൂഡി ലൂയിസ്
32. ,, സി. മമ്മൂട്ടി
33. ,, കെ. എം. മാണി
34. ,, കെ. മുഹമ്മദാലി
35. ,, ഇ. ടി. മുഹമ്മദ് ബഷീർ
36. ,, കെ. മോഹൻ കുമാർ
37. ,, എ. കെ. മണി
38. ,, സി. മോയിൻകുട്ടി
39. ,, സി. പി. മുഹമ്മദ്
40. ,, എം. മുരളി
41. പ്രൊഫ. എ. ഡി. മുസ്തഫ
42. ശ്രീ. എഴുകോൺ നാരായണൻ
43. ,, എം. കെ. പോൾസൺ മാസ്റ്റർ
44. ,, വി. ജെ. പൗലോസ്
45. ,, അടൂർ പ്രകാശ്
46. ,, ടി. എൻ. പ്രതാപൻ
47. ,, ജി. പ്രതാപവർമ്മ തമ്പാൻ
48. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
49. ,, ടി. യു. രാധാകൃഷ്ണൻ
50. ശ്രീമതി രാധാ രാഘവൻ
51. ശ്രീ. എ. എൻ. രാജൻ ബാബു
52. ,, യു. സി. രാമൻ

LIBRARY ARCHIVES Kerala Legislative Assembly

53. ശ്രീ. തമ്പാനൂർ രവി
54. ,, ടി. പി. എം. സാഹിർ
55. ,, എൻ. ശക്തൻ
56. ,, പി. ശങ്കരൻ
57. ,, കെ. ശങ്കരനാരായണൻ
58. ശ്രീമതി മാലേത്ത് സരളാദേവി
59. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
60. ശ്രീ. ഷിബു ബേബിജോൺ
61. ശ്രീമതി ശോഭനാ ജോർജ്
62. ശ്രീ. നാലകത്ത് സൂപ്പി
63. ,, ഡി. സുഗതൻ
64. ,, എ. സുജനപാൽ
65. ,, പി. ടി. തോമസ്
66. ,, തോമസ് ചാഴികാടൻ
67. ,, തോമസ് ഉണ്ണിയാടൻ
68. ,, ഉമേഷ് ചള്ളിയിൽ
69. ,, എം. എ. വാഹീദ്
70. ,, കെ. സി. വേണുഗോപാൽ
71. ,, ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ—38

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, ടി. കെ. ബാലൻ
6. ,, വി. കെ. ചന്ദ്രൻ
7. ,, വി. ചെന്താമരാക്ഷൻ
8. ,, ടി. കെ. ദേവകുമാർ
9. ,, പി. സി. ജോർജ്ജ്
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
12. ,, കെ. കെ. ജയചന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

13. ശ്രീ. എം. വി. ജയരാജൻ
14. ഡോ. കെ. സി. ജോസഫ്
15. ശ്രീ. വി. സി. കബീർ
16. ,, എം. കുമാരൻ
17. ,, കെ. വി. കുഞ്ഞിരാമൻ
18. ,, കോവൂർ കുഞ്ഞുമോൻ
19. ,, വി. കെ. സി. മമ്മത്കോയ
20. ,, മത്തായി ചാക്കോ
21. ,, കെ. പി. മോഹനൻ
22. ,, എ. സി. മൊയ്തീൻ
23. ,, പിരപ്പൻകോട് മുരളി
24. ,, സി. കെ. നാണു
25. ,, പി. നാരായണൻ
26. ഡോ. എ. നീലലോഹിതദാസൻ നാടാർ
27. ശ്രീ. കെ. രാധാകൃഷ്ണൻ
28. ,, മാങ്കോട് രാധാകൃഷ്ണൻ
29. ,, എൻ. രാജൻ
30. ,, കെ. പി. രാജേന്ദ്രൻ
31. ,, രാജു എബ്രഹാം
32. ,, ടി. പി. രാമകൃഷ്ണൻ
33. ,, സാജു പോൾ
34. ,, കെ. പി. സതീശ് ചന്ദ്രൻ
35. ,, എ. സി. ഷൺമുഖദാസ്
36. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
37. ശ്രീ. പി. എസ്. സുപാൽ
38. ഡോ. തോമസ് ഐസക്ക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ—71

പ്രതികൂലിക്കുന്നവർ—38

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി അവതരിപ്പിച്ച 636-ാം നമ്പർ ഭേദഗതി 38-നെതിരെ 71 വോട്ടുകളോടെ സഭ അംഗീകരിച്ചു.

മന്ത്രി അവതരിപ്പിച്ച മറ്റ് ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതികളും ശ്രീ. എ. എൻ. രാജൻ ബാബു അവതരിപ്പിച്ച 132-ാം നമ്പർ ഭേദഗതിയും ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 212-ാം നമ്പർ ഭേദഗതിയും ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 230-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 169-ാം നമ്പർ ഭേദഗതിയും ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 227-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, 130, 136, 137, 138, 200, 214, 216, 218, 222, 229, 263, 264, 276, 281 എന്നീ നമ്പർ ഭേദഗതികൾ പ്രസ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതികൾ അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............................................

പ്രതികൂലിക്കുന്നവർ...............................................

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ—38

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, ടി. കെ. ബാലൻ
6. ,, വി. കെ. ചന്ദ്രൻ
7. ,, വി. ചെന്താമരാക്ഷൻ
8. ,, ടി. കെ. ദേവകുമാർ
9. ,, പി. സി. ജോർജ്ജ്
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
12. ,, കെ. കെ. ജയചന്ദ്രൻ
13. ,, എം. വി. ജയരാജൻ
14. ഡോ. കെ. സി. ജോസഫ്
15. ശ്രീ. വി. സി. കബീർ
16. ,, എം. കുമാരൻ
17. ,, കെ. വി. കുഞ്ഞിരാമൻ
18. ,, കോവൂർ കുഞ്ഞുമോൻ

LIBRARY ARCHIVES Kerala Legislative Assembly

19. ശ്രീ. വി. കെ. സി. മമ്മത്കോയ
20. ,, മത്തായി ചാക്കോ
21. ,, കെ. പി. മോഹനൻ
22. ,, എ. സി. മൊയ്തീൻ
23. ,, പിരപ്പൻകോട് മുരളി
24. ,, സി. കെ. നാണു
25. ,, പി. നാരായണൻ
26. ഡോ. എ. നീലലോഹിതദാസൻ നാടാർ
27. ശ്രീ. കെ. രാധാകൃഷ്ണൻ
28. ,, മാങ്കോട് രാധാകൃഷ്ണൻ
29. ,, എൻ. രാജൻ
30. ,, കെ. പി. രാജേന്ദ്രൻ
31. ,, രാജു എബ്രഹാം
32. ,, ടി. പി. രാമകൃഷ്ണൻ
33. ,, സാജു പോൾ
34. ,, കെ. പി. സതീശ് ചന്ദ്രൻ
35. ,, എ. സി. ഷൺമുഖദാസ്
36. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
37. ശ്രീ. പി. എസ്. സുപാൽ
38. ഡോ. തോമസ് ഐസക്ക്

<u>പ്രതികൂലിക്കുന്നവർ</u>—74

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, സി. ടി. അഹമ്മദ് അലി
5. ,, എ. പി. അനിൽകുമാർ
6. ,, എ. കെ. ആന്റണി
7. ,, എൻ. ഡി. അപ്പച്ചൻ
8. ,, ഇ. എം. അഗസ്തി
9. ,, കെ. ബാബു
10. ,, ബാബു ദിവാകരൻ
11. ,, ആർ. ബാലകൃഷ്ണപിള്ള
12. ,, പി. കെ. കെ. ബാവ



LIBRARY ARCHIVES Kerala Legislative Assembly

13. ശ്രീ. ടി. വി. ചന്ദ്രമോഹൻ
14. ,, കെ. എ. ചന്ദ്രൻ
15. ,, എം. എ. ചന്ദ്രശേഖരൻ
16. ,, കെ. ബി. ഗണേഷ് കുമാർ
17. ,, എം. പി. ഗംഗാധരൻ
18. ,, പി. പി. ജോർജ്ജ്
19. ,, എം. എം. ഹസ്സൻ
20. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
21. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
22. ശ്രീ. ഇസ്ഹാക്ക് കുരിക്കൾ
23. ,, ഉമ്മൻ ചാണ്ടി
24. ,, ടി. എം. ജേക്കബ്
25. ,, ജോണി നെല്ലൂർ
26. ,, കെ. സി. ജോസഫ്
27. ,, ജോസഫ് എം. പുതുശ്ശേരി
28. ,, പി. ജെ. ജോയി
29. ,, കെ. എൻ. എ. ഖാദർ
30. ,, കെ. കെ. നായർ
31. ,, ലൂഡി ലൂയിസ്
32. ,, സി. മമ്മൂട്ടി
33. ,, കെ. എം. മാണി
34. ,, കെ. മുഹമ്മദാലി
35. ,, ഇ. ടി. മുഹമ്മദ് ബഷീർ
36. ,, കെ. മോഹൻ കുമാർ
37. ,, എ. കെ. മണി
38. ,, സി. മോയിൻകുട്ടി
39. ,, സി. പി. മുഹമ്മദ്
40. ,, എം. മുരളി
41. പ്രൊഫ. എ. ഡി. മുസ്തഫ
42. ശ്രീ. എഴുകോൺ നാരായണൻ
43. ,, എം. കെ. പോൾസൺ മാസ്റ്റർ
44. ,, വി. ജെ. പൗലോസ്
45. ,, അടൂർ പ്രകാശ്

LIBRARY ARCHIVES Kerala Legislative Assembly

46. ശ്രീ. ടി. എൻ. പ്രതാപൻ
47. ,, ജി. പ്രതാപവർമ്മ തമ്പാൻ
48. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
49. ,, ടി. യു. രാധാകൃഷ്ണൻ
50. ശ്രീമതി രാധാ രാഘവൻ
51. ശ്രീ. എ. എൻ. രാജൻ ബാബു
52. ,, തേറമ്പിൽ രാമകൃഷ്ണൻ
53. ,, യു. സി. രാമൻ
54. ,, തമ്പാനൂർ രവി
55. ,, ടി. പി. എം. സാഹിർ
56. ,, എൻ. ശക്തൻ
57. ,, പി. ശങ്കരൻ
58. ,, കെ. ശങ്കരനാരായണൻ
59. ശ്രീമതി മാലേത്ത് സരളാദേവി
60. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
61. ശ്രീ. ഷിബു ബേബിജോൺ
62. ശ്രീമതി ശോഭനാ ജോർജ്
63. ശ്രീ. നാലകത്ത് സൂപ്പി
64. ,, ഡി. സുഗതൻ
65. ,, എ. സുജനപാൽ
66. ,, സി. എഫ്. തോമസ്
67. പ്രൊഫ. കെ. വി. തോമസ്
68. ശ്രീ. പി. ടി. തോമസ്
69. ,, തോമസ് ചാഴികാടൻ
70. ,, തോമസ് ഉണ്ണിയാടൻ
71. ,, ഉമേഷ് ചള്ളിയിൽ
72. ,, എം. എ. വാഹീദ്
73. ,, കെ. സി. വേണുഗോപാൽ
74. ,, ബി. വിജയകുമാർ

<u>നിഷ്പക്ഷത പാലിക്കുന്നവർ</u>—ആരുമില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> അനുകൂലിക്കുന്നവർ—38

പ്രതികൂലിക്കുന്നവർ—74

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതികൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 128, 150, 191, 273 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 152-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 133, 143, 168, 205, 234, 240, 258, 267, 272 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എ. എൻ. രാജൻബാബു അവതരിപ്പിച്ച 131-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 134, 233, 278 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 135, 144, 166, 231, 259 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 158, 162, 175, 196, 215, 232, 239, 270, 275 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. പി. ജോർജ് അവതരിപ്പിച്ച 139, 145, 167, 203 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 141, 161, 253, 280 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 142, 170, 220 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 157, 174, 199, 221, 224, 238 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 159, 223, 254 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

(404)-ാം നമ്പർ ഭേദഗതിയെക്കുറിച്ച് എനിക്ക് പറയുവാനുള്ളത്, T.M.A. Pai case, Islamic Academy case, ഈ രണ്ട് കേസുകളും വ്യക്തമായി പറയണം എന്നുള്ളതാണ്. (402)-ാം നമ്പർ ഭേദഗതിയെക്കുറിച്ച് എനിക്ക് പറയുവാനുള്ളത് ഫീസ് നിശ്ചയിക്കാനുള്ള അവകാശം ഇപ്പോൾ മാനേജുമെന്റുകൾക്കാണ് കൊടുത്തിരിക്കുന്നത്. അതുകൊണ്ടുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചൊക്കെ പല അംഗങ്ങളും ഇവിടെ പറഞ്ഞു. അതു മാറ്റി ഗവൺമെന്റ് നിശ്ചയിക്കുന്ന ഒരു കമ്മിറ്റി, ആ കമ്മിറ്റിയിൽ ആരൊക്കെ വേണമെന്നുള്ളത് തൊട്ടടുത്ത അമെന്റുമെന്റിൽ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നുണ്ട്. മാനേജുമെന്റ് ക്വാട്ടയിലെ ഫീസ് നിശ്ചയിക്കുന്ന സമയത്ത് ഒരു സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനം നടത്തിക്കൊണ്ടുപോകുന്നതിനു വേണ്ടി വരുന്ന ചെലവുകൾ കൂടി കണക്കാക്കിയിട്ട് നിശ്ചയിച്ചോട്ടെ അതിന് തർക്കമില്ല. പ്രോഫിറ്റ് ഉണ്ടാക്കാൻ പാടില്ലെന്നുള്ളത് കോടതി വിധിയിൽ പറയുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയും പ്രോഫിറ്റുണ്ടാക്കാൻ ആഗ്രഹിക്കുന്നില്ല എന്നാണ് പറഞ്ഞത്. അതുകൊണ്ട് ഈ കമ്മിറ്റിയിൽ റിട്ടയേർഡ് ജഡ്ജി, കേരളത്തിലെ ഏതെങ്കിലുമൊരു യൂണിവേഴ്സിറ്റിയിലെ വൈസ്ചാൻസലർ, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ റപ്രസെന്റീറ്റീവ്സ് ഓഫ് മാനേജ്മെന്റ് അതുപോലെ തന്നെ പി.റ്റി.എ.-യിലെ ആളുകൾ എന്നിവർ ഉൾക്കൊള്ളണം.

(480)-ാം നമ്പർ ഭേദഗതിയെക്കുറിച്ച് പറയുവാനുള്ളത് മെറിറ്റ് ക്വാട്ടയിലെ ഫീസിനെക്കുറിച്ചാണ്. ആ ഫീസ് വ്യക്തമായി പറയണം. ഇപ്പോൾ ഫീസെന്നു മാത്രമേ പറയുന്നുള്ളു. ഇതിൽ ഏത് ഫീസും വരും. ട്യൂഷൻ ഫീസ് വരും, സ്പെഷ്യൽ ഫീസ് വരും, ലബോറട്ടറി ഫീസ് വരും, ഡെവലപ്മെന്റ് ഫീസ് വരും അങ്ങനെ പറയുന്നതിനു പകരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലും ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലുമൊക്കെ കൃത്യമായ ഒരു ഫീസുണ്ട്. സമാനസ്വഭാവ ത്തിലുള്ള ഫീസ് പാറ്റേൺ ഉണ്ട്. അങ്ങനെ വ്യക്തമായി പറയുന്നതായിരിക്കും നല്ലത്. അങ്ങനെ പറയുന്നില്ലെങ്കിൽ ഡെവലപ്മെന്റ് ഫീ എന്നുപറഞ്ഞു കൊണ്ട് ക്യാപ്പിറ്റേഷൻ ഫീസ് കൊണ്ടു വരുന്നയവസ്ഥയുണ്ടാകും. കോഴ കൊണ്ടുവരാൻ കഴിയാത്തക്ക നിലയിൽ ഇതിനെ നിർവചിച്ചു കൂടാ, വ്യക്തമായി സ്റ്റാറ്റ്യൂട്ടറിയായി ഇതിനകത്ത് പറയണം.

487-ാം നമ്പർ ഭേദഗതി എന്നുപറയുന്നത് മെറിറ്റ് ക്വാട്ടയിൽ മന്ത്രി സംവരണം അംഗീകരിച്ചിട്ടുണ്ട്. അതിൽ എസ്.സി./എസ്.ടി., ഒ.ഇ.സി. തുടങ്ങി വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് ഫ്രീയായി പഠിക്കാൻ കഴിയണം. അവർക്ക് സ്റ്റൈപ്പെന്റ് കൊടുക്കണം.

മാനേജ്മെന്റ് ക്വോട്ടയിൽ സംവരണം എന്നുള്ളത് അംഗീകരിച്ചിട്ടില്ല. സംവരണം കൊടുക്കണമെന്നുതന്നെയാണ് ഞാൻ പറയുന്നത്. അതിൽ ഫീസ് ആനുകൂല്യം വേണം. ഫീസ് ആനുകൂല്യം കൊടുക്കുമ്പോൾ മാനേജ്മെന്റിന് ഫീസ് കിട്ടണം. പക്ഷേ സർക്കാർ റീഇംപേഴ്സ് ചെയ്യണം. മാനേജുമെന്റിന് ഫീസ് കൊടുക്കാം. പക്ഷേ സർക്കാർ ഇത്ര കുട്ടികൾക്ക് സംവരണം ഏർപ്പെടുത്തുമ്പോൾ സർക്കാർ റീഇമ്പേഴ്സ് ചെയ്യുന്ന വിധത്തിൽ മാറണം എന്നുള്ളതാണ് 488-ാം നമ്പർ ഭേദഗതി.

**Shri Kodiyeri Balakrishnan**: Sir, I move the following amendments:

(405) In Clause 4(1) for the words "or other authority" substitute the words "or authority or Commission appointed under a judgement or decree of any court".

(411) In Clause 4(1)(a) for the words "fees prevailing" substitute the words "fee collected or to be collected".

LIBRARY ARCHIVES Kerala Legislative Assembly

(444) Clause 4(1)(b) shall be recast as follows:

"(b) the fee to be collected from the candidates admitted in the Management Quota shall be determined by Government, on the recommendations of the Expert Committee constituted of the following persons:

(i) One of the Vice Chancellor of the Universities in Kerala to be nominated by Government—Chairman.

(ii) The Director of Medical Education, Government of Kerala—Member.

(iii) The Director of Technical Education, Government of Kerala—Member.

(iv) The University Appellate Tribunal constituted under the Kerala—Member.

(v) One of the Registrars of the Universities of Kerala to be nominated by the Government—Member Secretary.

(c) The Committee shall determine the tuition fee or any other fee that may be levied or collected by the self-financing colleges for admission to and to persue the course of study in any class or course of study of each college in Management quota.

(d) The Committee shall while fixing the fees under sub-section (c) take into consideration the expenditure for the casual running of the institution, excluding any expenditure on land and building or any other items as may be prescribed by the All India Medical Council, the All India Council for Technical Education or the State Government;

Provided that different fees may be determined in relation to different institution of different courses of study or different areas and colleges.

(e) The Government shall consider the recommendation of the Expert Committee and may approve the same with or without modification as they may deem fit and it shall be notified".

ഈ ബില്ലിലെ ഏറ്റവും വിവാദപരമായ വകുപ്പാണ് നാലാംവകുപ്പ്. മാനേജ്മെന്റിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ഒരു വകുപ്പാണ്. ഈ ബില്ലിനെക്കൊണ്ട് യഥാർത്ഥത്തിൽ എന്താണ് ഉദ്ദേശിക്കുന്നത് അതിനെ തകർക്കത്തക്കവിധത്തിൽ മാനേജ്മെന്റിന് അനുകൂലമായിട്ടാണ് ഈ വകുപ്പ് ഇവിടെ എഴുതിച്ചേർത്തിട്ടുള്ളത്. ഇഷ്ടാനുസരണം മാനേജ്മെന്റിന് ഫീസ് വാങ്ങാമെന്നുള്ളതാണ് ഇതിന്റെ കാതലായിട്ടുള്ള ഘടന. സ്വാശ്രയ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകുന്ന മാനേജ്മെന്റിനെ ഇത് നടത്തിക്കൊണ്ടുപോകാൻ അനുവദിക്കണ്ടേയെന്നാണ് അപ്പുറത്തിരിക്കുന്ന പലരും ചോദിക്കുന്നത്. അവർക്ക് നടത്തിക്കൊണ്ടുപോകാൻ 50% സീറ്റ് മാനേജ്മെന്റിന് വിട്ടുകൊടുക്കാൻ തീരുമാനിച്ചു. 50% സീറ്റിലേയ്ക്ക് ഉയർന്ന

LIBRARY ARCHIVES Kerala Legislative Assembly

ഫീസ് എത്രയാണെന്ന് നിജപ്പെടുത്തണമെന്നാണ് ഞാൻ പറയുന്നത്. അതിന് ഒരു വ്യവസ്ഥപോലും എഴുതിവയ്ക്കാത്തതുകൊണ്ട് ഇൻഡ്യാ രാജ്യത്ത് ഏറ്റവും കൂടുതൽ പൈസ കൊടുത്ത് സീറ്റ് വാങ്ങിക്കുന്ന ഒരു സംസ്ഥാനമായി കേരളം മാറും. ലേലം വിളി നടത്തുന്ന സ്ഥിതിയാണ് അവിടെ വരാൻ പോകുന്നത്. മെഡിക്കൽ സീറ്റിനുവേണ്ടി ലേലം വിളി നടത്തുന്ന ഒരു സംസ്ഥാനമായി കേരളം മാറും. കേരളത്തിലെ മെഡിക്കൽ കോളേജ് മാനേജ്മെന്റുകൾക്കുവേണ്ടിയാണ് ഈ വകുപ്പ് ഇവിടെ എഴുതിച്ചേർത്തിട്ടുള്ളത്. കഴിഞ്ഞ തവണ ഇതിന്റെ ഘടന നിശ്ചയിക്കുന്നതിനു വേണ്ടിയുള്ള സമിതി വേണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ നിർദ്ദേശിക്കുകയുണ്ടായി. അതിനനുസരിച്ചുള്ള ഭേദഗതിയാണ് ഞാൻ ഇവിടെ പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രിപോലും അന്ന് ഇതിനെ തത്വത്തിൽ അംഗീകരിച്ചു. എനിക്ക് ആ മന്ത്രിയുടെ സ്ഥിതി ആലോചിക്കുമ്പോൾ ദയനീയമായി തോന്നുകയാണ്. മന്ത്രിമാർക്കുപോലും നടപ്പിലാക്കാൻ പറ്റാത്ത സ്ഥിതിയിൽ അദ്ദേഹത്തെ കയ്യും കാലും കെട്ടിവച്ചിരിക്കുകയാണ്. കേരളത്തിലെ അക്ഷര വ്യാപാരികൾക്കുള്ള ശക്തി എത്ര വലുതാണെന്ന് ഇതുകൊണ്ട് വ്യക്തമാണ്. ശ്രീ. ഉമ്മൻചാണ്ടിക്കും ശ്രീ. കെ.എം. മാണിക്കുംവേണ്ടി സമ്മർദ്ദത്തിനു വഴങ്ങിയാണ് മന്ത്രി ഇത് ചെയ്യാൻ ഉദ്ദേശിക്കുന്നത്. അതുകൊണ്ട് ഞാൻ നിർദ്ദേശിക്കുന്നു ഇത് മാനേജ്മെന്റിന് വിട്ടുകൊടുക്കാതെ ഒരു കമ്മിറ്റിക്ക് വിട്ടുകൊടുക്കണം. ആ കമ്മിറ്റിയുടെ ഘടന എന്റെ ഭേദഗതിയിൽ പറഞ്ഞിട്ടുണ്ട്. അത് സ്വയം സംസാരിക്കുന്നതുകൊണ്ട് ഞാൻ സമയം എടുക്കുന്നില്ല. കമ്മിറ്റി രൂപീകരിച്ചുകൊണ്ടായിരിക്കണം ഇത് ചെയ്യേണ്ടത് എന്നാണ് എന്റെ പ്രധാന ഉദ്ദേശ്യം.

**Shri K. C. Joseph**: Sir, I move the following amendments:

(406) Clause 4(1) shall be recast as follows:

Fee Structure: (1) Notwithstanding anything contained in any law for the time being in force or in any judgement-decree or order of any court or other authority or in any agreement:

(a) a fee to be collected from the candidates admitted in the Government quota shall be fixed by a committee appointed by the Government taking into account of the fees in State Government colleges, IHRD institutions and colleges owned by Government of India and other State Governments.

(b) the fee to be collected from candidates admitted in the management quota shall be determined by a Committee appointed by the consortium as per section 5 in consultation with the individual colleges.

(416) Clause 4(1) sub clause (a) and (b) shall be substituted by the following: "the fee to be collected from the candidates admitted in the Government and management quota shall be the amount prescribed by Justice K.T. Thomas Committee for fixation of fees in self-financing institutions".

LIBRARY ARCHIVES Kerala Legislative Assembly

(491) Clause 4 shall be recast as follows:

"(1) Notwithstanding anything contained in any law for the time being in force or in any judgement, decree or order of any court or other authority or in any agreement.

(a) the fee to be collected in the Government quota shall be the same as fees prevailing for the corresponding course in the State Government colleges.

(b) The upper limit of fee to be collected from the candidates admitted in the management quota shall be determined by a committee appointed by the consortium under section 5, in consultation with the individual management which can be different in different colleges".

ഫീസിന്റെ തർക്കമാണ് ബഹുമാനപ്പെട്ട കോടിയേരി ഇവിടെ പറഞ്ഞത്. രണ്ടു തരം ഫീസ് പാടില്ലായെന്ന് പറയുന്നു. നമ്മുടെ മുമ്പിൽ ഏറ്റവും നല്ല ഓപ്ഷനുണ്ട്. അതാണ് 16-ാം നമ്പർ ഭേദഗതി. ഭരണഘടനാപരമായി സംസ്ഥാനത്ത് നിയമിച്ച കെ.ടി. തോമസ് കമ്മിറ്റിയുടെ ശുപാർശയിൽ വ്യക്തമായി പറയുന്നുണ്ട്. നിങ്ങൾ ആ നയം അംഗീകരിക്കുന്നില്ല. ഇവിടെ രണ്ടു നയം പറഞ്ഞിട്ടില്ല. ഒന്നുകിൽ ഭരണഘടനാപരമായ കമ്മിറ്റിയെ അംഗീകരിക്കുക. അംഗീകരിക്കുകയാണെങ്കിൽ ഒരു തർക്കവുമില്ല. സുപ്രീം കോടതി വിധിയെ ആധാരമാക്കി ഗവൺമെന്റ് നിയമിച്ച കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ അംഗീകരിച്ചാൽ ഇവിടെ യാതൊരു പ്രശ്നവുമില്ല. നിങ്ങൾ അംഗീകരിക്കാത്തതുകൊണ്ടാണ് ഗവൺമെന്റ് കോംപ്രമൈസിനുപോയത്. ഈ ബില്ലിൽ പറയുന്ന ഫീസ് സ്ട്രക്ച്ചറും അഡ്മിഷൻ കാര്യങ്ങളുമെല്ലാം ഒരു കോമ്പ്രമൈസ് ആണ്. അതുകൊണ്ട് ദയവായി നിങ്ങൾ രണ്ടു നയം സ്വീകരിക്കരുത്.

**Shri C. Mammutty**: Sir, I move the following amendments:

(408) In item (a) of sub clause (1) of clause (4) after the word "fee" and before the word "prevailing" insert the words "and fee at concessional rate".

(483) Insert the following Explanation under clause 4(3) "*Explanation*: For the purpose of finding out of the expenditure in running the colleges' expenditure incurred by Government and Aided Professional Colleges conducting corresponding courses shall be the criteria."

ഫീസിന്റെ കാര്യത്തിൽ 50%-ൽ ഗവൺമെന്റ് ഫീസ് വാങ്ങിക്കണമെന്നു പറയുന്നിടത്ത് കുമാരപിള്ള കമ്മിഷന്റെ അടിസ്ഥാനത്തിൽ കിട്ടുന്ന കൺസഷൻ ഗവൺമെന്റ് റീഇമ്പേഴ്സ് ചെയ്തുകൊണ്ട്, മാനേജ്മെന്റ് കൊടുത്താലും ആ കൺസഷൻ 50% ഉള്ളവർക്ക് കിട്ടണം. അതിനാവശ്യമായ നടപടി സ്വീകരിക്കണം.

**Shri P. P. George**: Sir, I move the following amendments:

(414) Clause 4(1)(a) shall be recast as follows:

"(a) the fee to be collected from economically weaker candidates admitted in the Government quota shall be the same as fee prevailing for corresponding course in the State Government college from this year onwards."

LIBRARY ARCHIVES Kerala Legislative Assembly

(479) Clause 4(2) shall be recast as follows:

"(2) the fees to be determined under clause(b) of sub-section (1) shall include the following items, namely:

(a) Tuition fees on yearly basis

(b) Library and laboratory fees

(c) Caution deposit

(d) Development fee subject to a maximum of 10% of the tuition fees

(e) Interest free refundable deposit".

**Dr. A. Neelalohithadasan Nadar**: Sir, I move the following amendment:

(418) In Clause 4(1)(b) for the words "by the Management taking into consideration the inevitable expenses for running the institutions" substitute the following: "by a high level committee appointed by the State Government for the purpose of taking into consideration the inevitable expenses for running the institution".

യഥേഷ്ടം മാനേജ്മെന്റിന് ഫീസ് ഈടാക്കുന്നതിനുള്ള അവസരം നൽകുന്നതിനു പകരം വസ്തുതകൾ കണക്കിലെടുത്ത് ഗവൺമെന്റ് ഓരോ സന്ദർഭങ്ങളിലും കോളേജ് നടത്തിക്കൊണ്ടുപോകുന്നതിനുള്ള എക്സ്പെൻസസ് എന്താണെന്ന് കണക്കാക്കി അതിന്റെ അടിസ്ഥാനത്തിൽ അത് ശാസ്ത്രീയമായി ഫിക്സ് ചെയ്യുന്നതിന് ഒരു ഹൈലെവൽ കമ്മിറ്റിയെ നിയോഗിക്കണം.

**Shri Adoor Prakash**: Sir, I move the following amendment:

(419) In Clause 4(1)(b) after "determined by the management" add "subject to the maximum fixed by the Government in consultation with it and".

ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഫീസ് സ്ട്രക്ച്ചറിനെ സംബന്ധിച്ച് ഒരു ധാരണയുണ്ടാകണം. അതുകൊണ്ടാണ് ഫീസ് സ്ട്രക്ച്ചർ 4(1)(ബി)-യിൽ the fee to be collected from the candidate admitted in the management quota shall be determined by the management. അതു കഴിഞ്ഞിട്ട് subject to the maximum fixed by the Government in consultation with it and taking into consideration the inevitable expenses. ഇത് ചേർക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

**Shri K.V. Kunhiraman**: Sir, I move the following amendment:

(420) In Clause 4(1)(b) for the words "determined by the management" substitute the words "determined by a Committee constituted by the Government under section7".

LIBRARY ARCHIVES Kerala Legislative Assembly

കേരളം പൊതു വിദ്യാഭ്യാസത്തിന് വളരെ പ്രാധാന്യം കൊടുക്കുന്ന ഒരു സംസ്ഥാനമാണ്. അതുകൊണ്ട് മാനേജ്മെന്റുകൾക്കായാലും നമ്മൾ ഒരു സൗകര്യം ചെയ്തുകൊടുക്കുന്ന അവസരത്തിൽ ഫീസ് നിയന്ത്രണത്തിൽ ഉൾപ്പെടെ അനിയന്ത്രിതമായ ഒരു അധികാരം അവർക്ക് കൊടുത്തുകൊണ്ടുള്ള ഒരു ഭേദഗതിക്ക് നമുക്ക് എങ്ങനെയാണ് കൂട്ടുനിൽക്കാൻ കഴിയുക? അതുകൊണ്ട് ഫീസ് നിർണ്ണയത്തെ സംബന്ധിച്ച് അതിൽ പറഞ്ഞിട്ടുള്ള എല്ലാ ഇനത്തിലും കൃത്യമായ സീലിംഗ് ഉണ്ടാകണം. അമിതമായ ചൂഷണം ഗുണഭോക്താക്കളിൽനിന്ന് ഉണ്ടാകുന്നില്ല എന്നുള്ള ഉറപ്പ് ഉണ്ടാകണം. ആ ഉറപ്പുണ്ടാകണമെങ്കിൽ ഈ വകുപ്പ് അതിനകത്ത് വേണമെന്നുള്ളതാണ് എന്റെ അഭിപ്രായം.

**Shri Thampanoor Ravi**: Sir, I move the following amendments:

(421) In Clause 4(1)(b) the words "by the management" shall be substituted by the words "by a Committee consisting of the representatives of the management and a nominee from Government".

(458) In Clause 4(2)(b) after the words "Library fee" the following shall be added: "(once for a course)".

(459) In Clause 4(2)(d) the words "(Once for a course)" shall be added after the word "deposit".

ഇവിടെ ചൂണ്ടിക്കാണിച്ചത് ഫീസിന്റെ ഘടനയാണ്. ശ്രീ.കോടിയേരി ബാലകൃഷ്ണനും ഡോ. എ. നീലലോഹിതദാസൻ നാടാരും ഇല്ലാത്ത പൂച്ചയെ ഇരുട്ടിൽ തപ്പുന്നതു മാതിരിയാണ് സംസാരിക്കുന്നത്. സ്വാശ്രയ കോളേജ് വേണോംതാനും ഫീസൊട്ട് കൊടുക്കാനും മേല. ആ സമീപനം ശരിയല്ല. അതുകൊണ്ട് നമ്മുടെ സംസ്ഥാനം നന്നാകണമെങ്കിൽ ഫീസ് കൊടുത്തേ പറ്റൂ. ഏറ്റവും പ്രധാനം മാനേജുമെന്റ് ക്വാട്ടയിലെ ഫീസ് നിശ്ചയിക്കുന്ന കാര്യത്തിൽ ഒരു ഗവൺമെന്റ് നോമിനി കൂടി ഉണ്ടാകണം. കമ്മിറ്റി വന്നോട്ടെ. അതാണ് എന്റെ ഭേദഗതി.

**Shri K.P. Mohanan**: Sir, I move the following amendment:

(424) In clause 4(1)(b) for the words "determined by the Management" substitute with the words "a Committee constituted by the Government".

മാനേജുമെന്റ് ക്വാട്ടയിലെ ഫീസിന്റെ കാര്യമാണ്. സർക്കാർ നിശ്ചയിക്കുന്ന ഒരു കമ്മിറ്റിയായിരിക്കണം ഇത് തീരുമാനിക്കേണ്ടത്. മാനേജ്മെന്റിന് വിട്ടുകൊടുക്കാൻ പാടില്ല.

**Shri A.C. Shanmughadas**: Sir, I move the following amendment:

(425) In Clause 4(1)(b) "by the Management" add "by an expert Committee appointed by the Government".

**Shri P. S. Supal**: Sir, I move the following amendments:

(428) In Clause 4(1)(b) the words "taking into consideration the inevitable expenses for running the institution", shall be substituted by "as in the Government Institution".

LIBRARY ARCHIVES Kerala Legislative Assembly

(489) A new sub clause shall be added after the sub clause 3:

"(4) the fees fixed now, shall be applicable to the students admitted in the periods from 2002 onwards".

സ്വകാര്യ മാനേജ്മെന്റിനെ സംബന്ധിച്ചിടത്തോളം അവർക്ക് 50% സീറ്റുകളിൽ തോന്നിയ ഫീസ് ഈടാക്കാവുന്ന ഒരു നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. ഇത് വെള്ളരിക്കാപട്ടണമാണോ? ഇത്തരം സ്ഥാപനങ്ങളെ വഴിവിട്ട്, യാതൊരു മാനദണ്ഡവുമില്ലാതെ സഹായിക്കുന്നതിനുവേണ്ടിയുള്ള നിയമമാണിത്. അത് യഥാർത്ഥത്തിൽ രക്ഷകർത്താക്കൾക്കും വിദ്യാർത്ഥികൾക്കും എതിരാണ്. കേരളത്തിലെ പൊതു വിദ്യാഭ്യാസത്തിന് എതിരാണ്. കേരളത്തിലെ വിദ്യാഭ്യാസത്തിന് അപമാനകരമായിട്ടുള്ള ഒരു നിർദ്ദേശമാണ്. അതുകൊണ്ട് ഈ നിർദ്ദേശം ഒഴിവാക്കണം. ഗവൺമെന്റ് സ്ഥാപനങ്ങളിലുള്ള ഫീസ് എന്ന രീതിയിൽ ക്രമീകരിക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

**Shri Kovoor Kunjumon**: Sir, I move the following amendments:

(429) In clause 4 sub clause (1)(b):

1. for the word "Management" after the words "determined by the" substitute the words "Committee constituted under clause c".

2. add as the following sub clause (c) "(c) in order to determine the fee to be collected from the candidates admitted in the Management Quota, the Government shall constitute a Committee with the following members, namely:

(a) Director, Higher Education Department—Chairman

(b) Director, Medical Education—Member

(c) Director, Technical Education—Member

(d) The Commissioner for Entrance Examination—Member

(e) One nominee of consortium, Kerala—Member

(478) Delete Clause 4 (f)

**Shri P. Jayarajan**: Sir, I move the following amendments:

(430) In Clause 4(1)(b) insert the word "recurring" in between the words "inevitable" and "expenses".

(443) Clause 4(1)(b) shall be recast as follows:

"(b) the fee to be collected from the candidates admitted in the Management Quota shall be determined by a Committee constituted by the Government consisting of

(1) Vice Chancellor of any one of the Universities in Kerala.

(2) Secretary to Government, Higher Education Department.

(3) Director of Medical Education in the concerned system/Director of Technical Education as the case may be.

LIBRARY ARCHIVES Kerala Legislative Assembly

The Committee shall determine the maximum of fees to be collected taking into consideration of the inevitable recurring expenses for running the institution".

അതിൽ 4 (1) (b) inevitable expenses എന്നത് inevitable-ന് ശേഷം recurring എന്നുകൂടി ചേർക്കണം.

433-ൽ മാനേജുമെന്റ് ക്വോട്ടയിലുള്ള വിദ്യാർത്ഥികളുടെ പ്രവേശനത്തിനുള്ള ഫീസ് നിശ്ചയിക്കുന്നതിന് ഒരു ഗവൺമെന്റ് കമ്മിറ്റിയെ വയ്ക്കണം. ഏതെങ്കിലും യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസിലർ, ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ സെക്രട്ടറി, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ എന്നീ നിലകളിലുള്ള ഒരു കമ്മിറ്റി നിശ്ചയിച്ചുകൊണ്ട് ആ കമ്മിറ്റി എത്രയാണോ recurring expense വരുക എന്നുള്ളത് കണക്കാക്കി ഫീസ് നിശ്ചയിക്കണം.

**Shri A. A. Azees:** Sir , I move the following amendment:

(432) In Clause 4(1)(b) the following shall be added after the words "running the institution" "but the same is not exceed 10 times of that of the fees fixed by the Government in Government quota".

**Shri K. C. Venugopal:** Sir, I move the following amendments:

(433) After Clause 4(1)(b) add the following "and the maximum prescribed by the Government from time to time in consultation with the consortium".

(481) After Clause 4(2) add the following sub clause at the end as "(3) the terms and conditions governing the collection and refund of caution deposit and refundable deposit shall be such as may be decided at the meeting of the management, two representatives of the Government and two representatives of the parents association of the respective self financing professional college".

**Shri N. Sakthan:** Sir, I move the following amendment:

(434) In clause 4(1)(b) the word "only" shall be added at the end.

**Shri A. N. Rajan Babu:** Sir, I move the following amendments:

(435) The following shall be added at the end of clause 4(1)(b):

"Including the need to generate funds to be utilised for the betterment and growth of the education institution, the betterment of education in that institution and provide facilities necessary for the benefit of the students".

(436) The following shall be added at the end of clause 4(1)(b):

"Including the need to generate funds to be utilised for the betterment and growth of the education institution and provide facilities necessary for the benefit of the students".

LIBRARY ARCHIVES Kerala Legislative Assembly

(486) After sub-clause (3) of clause 4 add the following as sub clause 4 (i) "any person aggrieved by the fee determined by the management under clause (b) of sub clause (i) may within 30 days from the date of publication of the fee determined may appeal to a Committee Constituted under Clause (7) hereinafter referred to as the appellate authority.

(ii) on receipt of an appeal under sub clause (I) the appellate authority shall after giving an opportunity to the appellant to be heard, if he so decides and after making such further enquiry as may be necessary, Pass such order as the appellate authority deems fit, confirming, modifying the amount of fees determined under sub clause I (b) of clause (4).

(iii) An order of the appellate authority under sub clause (2) shall be final and shall not be called in question in any court.

എനിക്ക് ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, ഇവിടെ ഫീസ് സ്ട്രക്ച്ചറിനെ സംബന്ധിച്ചാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്. നമ്മൾ ഒരു നിയമം പാസ്സാക്കുമ്പോൾ അത് കോടതിയിൽ നിലനിൽക്കുന്ന തരത്തിൽ വേണം പാസ്സാക്കാൻ. ഇവിടെ സുപ്രീം കോടതി പറഞ്ഞിരിക്കുന്നത് the fixing of a rigid fee structure would not be acceptable എന്നാണ്. അങ്ങനെ വരുന്നത് നമ്മുടെ ഭരണഘടനയിൽ 19, 26, 30 എന്നീ വകുപ്പുകൾ ഉണ്ട്. ഇതിൽ പല മൗലികാവകാശങ്ങളും കൊടുക്കുന്നുണ്ട്. അത് കവർന്നെടുക്കുന്ന രീതിയിലുള്ള ഒരു നിയമം കൊണ്ടുവരാൻ സാദ്ധ്യമല്ല. അതുകൊണ്ട് സുപ്രീം കോടതി തന്നെ പറഞ്ഞിരിക്കുന്ന ഗൈഡ്ലൈൻ ഇതാണ്. The fee structure must take into consideration the need to generate funds to be utilised for the betterment of the educational institution, betterment of education in that institution and provide facility necessary for the benefit of the students. ഇത് സുപ്രീം കോടതിയുടെ വിധിയാണ്. അതുകൊണ്ട് ഇതിൽ ഉൾപ്പെടുത്തിയാൽ വിധിക്ക് വിധേയമായിരിക്കും എന്നുള്ളതുകൊണ്ടാണ് ഞാൻ മൂവ് ചെയ്യുന്നത്.

**Shri V. K. Chandran**: Sir, I move the following amendment:

(437) Clause 4(1)(b) shall be recast as follows:

"the fee to be collected from the candidates admitted in the Management quota shall be determined by the Government, taking into consideration the inevitable expenses for running the institution.

അതിൽ മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്ന കുട്ടികൾക്ക് ഫീസ് എത്ര വാങ്ങണം എന്നുള്ള ധാരണ ഉണ്ടായിട്ടില്ല. അതുകൊണ്ട് എത്ര ഫീസ് വേണമെങ്കിലും മാനേജ്മെന്റിന് കുട്ടികളിൽ നിന്നും വാങ്ങാൻ കഴിയും. കനത്ത പ്രത്യാഘാതം സൃഷ്ടിക്കുന്ന ഒരു സമീപനമാണ്. അതുകൊണ്ട് ഇത് ഗവൺമെന്റ് നിശ്ചയിക്കുന്ന ഒരു കമ്മിറ്റി തീരുമാനിക്കണം എന്നാണ് എന്റെ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

**Shri K. P. Rajendran:** Sir, I move the following amendments:

(438) Clause 4(1)(b) shall be recast as follows:

"the fee to be collected from the candidates admitted in the Management Quota shall be determined, taking into consideration of the actual inevitable expenses for running the institution, by the Government from time to time, taking into account the view of the Management in this respect.

(460) In Clause 4 sub-clause (2) item (d)(e) and (f) shall be deleted.

ഇതിനകത്ത് സുപ്രീം കോടതി വിധിയാണ് എല്ലാവരും എടുത്തു പറയുന്നത്. സുപ്രീം കോടതി വിധിയിലെ ഏതെങ്കിലും ഒരു ഭാഗത്തെ രണ്ട് വരി എടുത്തു വായിച്ചാൽ പോര. സുപ്രീം കോടതി വിധിയിൽ ഒരു പ്രധാനപ്പെട്ട കാര്യം പറഞ്ഞിട്ടുണ്ട്. ലാഭകരമായി കച്ചവട അടിസ്ഥാനത്തിൽ നടത്തുന്നതിനെതിരായും പറഞ്ഞിട്ടുണ്ട്. മൂന്ന് കോടതി വിധിയും എടുത്തു പരിശോധിച്ചാൽ അതിന് നമ്മുടെ സ്റ്റേറ്റിന്റെ താൽപ്പര്യങ്ങൾക്ക് ഏറ്റവും പ്രയോജനപ്രദമായി വരുന്ന ആ ഭാഗങ്ങൾ എടുക്കുക. അല്ലാതെ നമുക്ക് ദോഷമായിട്ടുള്ളതും നമ്മുടെ വിദ്യാർത്ഥികൾക്ക് ദോഷമായിട്ടുള്ളതും രക്ഷകർത്താക്കൾക്ക് ദോഷമായിട്ടുള്ളതുമായ ഒന്നും തന്നെ എടുക്കരുത്. അതിൽ പറയുന്ന inevitable ആയ actual ആയ, അത് നടത്തി കൊണ്ടു പോകാനുള്ള ചെലവ് ആരാണ് എത്തിക്കുന്നത്. ഒരു മാനേജുമെന്റ് കോളേജ് ഗവൺമെന്റ് സഹായം ഇല്ലാതെ നടത്തിക്കൊണ്ടുപോകാൻ വരുന്ന ചെലവ് എങ്ങനെ നിർണ്ണയിക്കുന്നു; ആരാണ് നിർണ്ണയിക്കുന്നത്; അവിടെയല്ലേ തർക്കം ഉള്ളു. കോളേജ് നടത്തിക്കൊണ്ടുപോകാൻ ആക്ച്ചലായിട്ട് എന്ത് വരുന്നു. നേരത്തേ ശ്രീ. ജയരാജൻ പറഞ്ഞു. സുപ്രീം കോടതി വിധിയിൽ പറഞ്ഞിട്ടുള്ളതല്ലേ എടുക്കേണ്ടതുള്ളു. അത് നിശ്ചയിക്കാനുള്ള അധികാരം നമ്മുടെ നിയമസഭയ്ക്ക് എടുക്കാമല്ലോ. അത് നിശ്ചയിക്കാനുള്ള അതോറിറ്റി ഗവൺമെന്റ്. അല്ലെങ്കിൽ ഗവൺമെന്റ് നിശ്ചയിക്കുന്ന കമ്മിറ്റിക്കാണ്. ആ കമ്മിറ്റിയുടെ അടിസ്ഥാനത്തിൽ വേണം നിശ്ചയിക്കാൻ. രണ്ടാമത്, മാനേജുമെന്റ് ക്വാട്ടയിൽ ചെല്ലുന്ന കുട്ടികളുടെ ഫീസ് ആക്ച്ചലായിട്ട് എത്ര ചെലവ് വരുന്നു എന്ന് തീരുമാനിച്ചു കഴിഞ്ഞ്, പിന്നെ ഫീസിൽ ഉൾപ്പെടുത്താൻ ട്യൂഷൻ ഫീസും ലാബ് ഫീസും ലൈബ്രറി ഫീസും ഒക്കെ മനസ്സിലാക്കാം. Development fees-ഉം refundable deposit fees-ഉം, എന്തൊക്കെ എന്നു വച്ചാൽ അതിന് ഒരു ലിമിറ്റു വേണം. അതെല്ലാം ഏത് വിധത്തിലും ദുരുപയോഗം ചെയ്യാനുള്ള അധികാരം കിട്ടില്ലേ? നല്ല രീതിയിൽ നടത്തുന്ന കോളേജുകളും കൃത്യമായി മാനേജുമെന്റ് ക്വാട്ടയിലെ ഫീസ് വാങ്ങി നടത്തിക്കൊണ്ട് പോകുന്നവരുണ്ട്. ഫീസിന്റെ കാര്യത്തിലും നമ്മൾ തമ്മിലുള്ള ഏറ്റവും വലിയ അഭിപ്രായ വ്യത്യാസം അതാണ്. അതുകൊണ്ട് ഞങ്ങൾ കേരളത്തിലെ കുട്ടികളുടെ താൽപ്പര്യം ഉദ്ദേശിച്ചുകൊണ്ട് അവതരിപ്പിച്ചിട്ടുള്ള ഈ ഭേദഗതികൾ അംഗീകരിക്കണമെന്ന് ഈ വൈകിയ സന്ദർഭത്തിൽ ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

**Shri M. Kumaran**: Sir, I move the following amendment:

(441) The Clause 4 (1)(b) shall be recast as follows:

"(b) the fee to be collected from the candidates admitted in the Management quota shall be determined by the Committee appointed by Government".

**Smt. P. K. Sreemathi Teacher**: Sir, I move the following amendment:

(446) Clause 4(1)(b) shall be recast as follows:

"(b) the fee to be collected from the candidates admitted in the Management Quota shall be determined on the basis of the recommendation of the High level committee appointed by the Government, to decide on the fee structure, from time to time.

**Shri K. Radhakrishnan**: Sir, I move the following amendment:

(449) Clause 4(1)(b) shall be recast as follows:

"(b) the fee to be collected from the candidate admitted in the Management Quota shall be determined by the Government taking into consideration of the inevitable recurring expenditure for running the institution".

**Shri P. Narayanan**: Sir, I move the following amendments:

(450) Clause 4(1)(b) shall be recast as follows:

"(b) the fee to be collected from the candidates admitted in the management quota shall be determined by the Committee appointed by Government by notification in the Gazette taking into consideration the inevitable expenses for running the institution".

(452) After Clause 4(1)(b) add the following as (c):

"(c) The Committee appointed by Government shall consist of,—

(i) The Secretary to Government, Higher Education Department who shall be the Chairman of the Committee

(ii) The Director of Technical Education.

(iii) The Director of Medical Education.

(iv) The representatives of Managements.

(v) The representatives of students.

**Shri T. K. Balan**: Sir, I move the following amendment:

(451) Clause 4(b) shall be recast as follows:

"(b) the fee to be collected from the candidates admitted in the Management quota shall be determined by a Committee constituted by the Government for this purpose. The Committee shall consist the following members, namely:

LIBRARY ARCHIVES Kerala Legislative Assembly

1. A retired High Court Judge—Chairman
2. Secretary, Public Works Department—Member
3. Secretary, Health and Family Welfare Department—Member
4. Secretary, Higher Education Department—Member
5. Chief Engineer, Public Works Department—Member

Provided that the Committee shall determine the fees taking into consideration the inevitable recurring expenses for running the institution."

ഇവിടെ മാനേജുമെന്റിന് തോന്നുന്ന ഫീസ് വാങ്ങിക്കാനുള്ള അവകാശമുണ്ട്. എന്ന് പറഞ്ഞ് ജസ്റ്റിസ് കെ.ടി. തോമസിന്റെ റിപ്പോർട്ട് എടുത്തുകൊണ്ട് എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. കെ.സി. ജോസഫ് സുപ്രീം കോടതിയിലെ കാര്യങ്ങളും ബേസിക് റൈറ്റും ഒക്കെ എടുത്തു പറഞ്ഞു. അപ്പുറത്തെ ഭാഗത്തു നിന്നായാലും ഇപ്പുറത്തെ ഭാഗത്തു നിന്നായാലും നമ്മുടെ രാഷ്ട്രീയവും സാമൂഹികവുമായിട്ടുള്ള സാമൂഹ്യ പ്രതിബദ്ധത കണക്കിലെടുത്തുകൊണ്ട്, ജസ്റ്റിസ് കെ.ടി. തോമസിന്റെ റിപ്പോർട്ട് ഒരു ഭാഗത്ത് വച്ചിട്ട് എങ്ങനെയാണ് ഒരു നിയമനിർമ്മാണത്തിന് തയ്യാറായത്. ഈ പ്രധാനപ്പെട്ട വകുപ്പുകളും നമ്മുടെ സാമൂഹ്യവും രാഷ്ട്രീയവുമായ പ്രതിബദ്ധതയിൽ വന്നു കൂടരുത് എന്നുള്ളതു കൊണ്ടാണ് 9-ാം വകുപ്പിലേയ്ക്ക് പോകുന്നത്. ഇത് നമ്മുടെ വക്കീലൻമാർ കാണാതെ ശ്രീ. കെ. സി ജോസഫ് ഇപ്പോഴും കെ.ടി. തോമസ് കമ്മിറ്റി എന്ന് പറയുന്നതിൽ എന്താണ് അർത്ഥം ഉള്ളത്? അതുകൊണ്ട് അനിയന്ത്രിതമായ, വ്യക്തിനിഷ്ഠമായ ഒരു അധികാരവും കൊടുക്കരുത്. അവർ പ്രത്യേകമായിട്ട് കോളേജ് നടത്തുക. അവർക്ക് റീസണബിൾ ആയിട്ടുള്ള ലാഭം വേണം. അതിന് നിങ്ങൾ ഒരു മിഷനറി ഉണ്ടാക്കിക്കൊടുക്കരുത്. പഴയ മിഷനറിമാരോ, എസ്.എൻ.ഡി.പി.യോ, എൻ.എസ്.എസോ, എം.ഇ.എസോ നടത്തുന്നതല്ല. വിദ്യാഭ്യാസ പ്രതിഫലന മാനേജുമെന്റെല്ലാം തികച്ചും കച്ചവടാധിഷ്ടിതമായിട്ടുള്ള ലാഭം കൊയ്യുന്ന പുതിയ മാനേജുമെന്റായി വന്നിരിക്കുകയാണ്. ആ യാഥാർത്ഥ്യം മനസ്സിലാക്കണം. അപ്പുറത്തുനിന്നും ഇപ്പുറത്തും നിന്നും കാണിച്ച ഈ സാമൂഹ്യ പ്രതിബദ്ധത വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും കാണിക്കണം. അതിന് ഒരു കമ്മിറ്റി ഉണ്ടാക്കണം. ഗവൺമെന്റിന് അധികാരം കിട്ടുമല്ലോ? റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി, പി.ഡബ്ല്യു.ഡി. സെക്രട്ടറി, ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ സെക്രട്ടറി, ഹയർ എഡ്യൂക്കേഷൻ സെക്രട്ടറി, കൺസ്ട്രക്ഷനും കാര്യങ്ങളുമൊക്കെ നോക്കാനായി ചീഫ് എഞ്ചിനിയർ തുടങ്ങിയവർ ഉണ്ടായിരിക്കണം. അവർക്ക് ഒരു റീസണബിളായിട്ടുള്ള ലാഭം കൊടുക്കണം. അതൊന്നും കൊടുക്കണ്ട എന്നുള്ള യാഥാർത്ഥ്യ ബോധമില്ലാതെയല്ല പ്രതിപക്ഷം പറയുന്നത്. അവർക്ക് ഒരു റീസണബിൾ ലാഭം കൊടുക്കാൻ ഒരു കമ്മിറ്റിയെ വയ്ക്കണം. അതിന് മാക്സിമം ലിമിറ്റ് വേണം. ഇതാണ് എന്റെ ഭേദഗതി.

**Shri P. J. Joy**: Sir, I move the following amendment:

(455) In Clause 4(2) for "shall include" substitute "may include all or any of".

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഫീസ് പിരിക്കാനാണ് ഈ നിയമം മൂലം വ്യവസ്ഥ ചെയ്യുന്നത്. ഇവിടെ പലരും പറയുന്നതുപോലെ ഒരു ക്രമത്തിൽ ഫീസ് പിരിക്കാൻ മാനേജുമെന്റിന് കഴിയില്ല. കാരണം, ഇത് മറ്റ് സംസ്ഥാനങ്ങളുമായിട്ടുള്ള മത്സരമാണ് ഉണ്ടാകാൻ പോകുന്നത്. സ്വാഭാവികമായും ഒട്ടേറെ മാനേജുമെന്റുകൾ പുറം സംസ്ഥാനങ്ങളിൽ റിക്രൂട്ട്മെന്റിനുവേണ്ടി പോവുകയാണ്. അപ്പോൾ സ്വാഭാവികമായിട്ടു അങ്ങനെ ഒരുമിച്ച് പിരിക്കാൻ കഴിയില്ല. എന്റെ ഭേദഗതി ഈ ആറ് ഇനത്തിൽ എല്ലാം പിരിക്കാൻ അനുവാദം കൊടുക്കുന്നതോടൊപ്പം ഈ മത്സരത്തിൽപ്പെട്ട് ഏതെങ്കിലും ഫീസ് ഒഴിവാക്കാൻ മാനേജുമെന്റിന് കഴിയുമെങ്കിൽ അതിനുകൂടി വ്യവസ്ഥ ചെയ്യാൻ വേണ്ടിയാണ് ഞാൻ ഈ ഭേദഗതി നിർദ്ദേശിച്ചിരിക്കുന്നത്. ഈ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**Shri Thomas Unniyadan:** Sir, I move the following amendment:

(457) In Clause 4(2)(a) for the words "an yearly basis" the words "on semester basis" shall be substituted.

4 (2) (എ) യിൽ ഫീസിന്റെ ഘടനയെ സംബന്ധിച്ചാണ്. അതിൽ വാർഷികാടിസ്ഥാനത്തിലുള്ള ട്യൂഷൻ ഫീസായിട്ടാണ് എഴുതിയിരിക്കുന്നത്. വാർഷികാടിസ്ഥാനത്തിലല്ല ഫീസ് പിരിക്കുന്നത് സെമസ്റ്റർ സിസ്റ്റത്തിൽ ആക്കണമെന്നുള്ളതാണ് എന്റെ അമന്റ്മെന്റ്.

മി. ചെയർമാൻ: മറ്റ് ഭേദഗതികളൊന്നും അവതരിപ്പിക്കേണ്ടതില്ല. 445, 441-ന് തുല്യമായതുകൊണ്ട് അവതരിപ്പിക്കേണ്ടതില്ല, 448, 437-ന് തുല്യമായതുകൊണ്ട് അവതരിപ്പിക്കേണ്ടതില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി): ശ്രീ. പി.ജെ. ജോയി അവതരിപ്പിച്ച 455-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. പ്രൊഫഷണൽ കോളേജുകളുടെ കാര്യത്തിൽ പറഞ്ഞാൽ ഈ വകുപ്പാണ് പ്രധാനപ്പെട്ടത്. ഫീസ് ഏർപ്പെടുത്താവുന്ന വകുപ്പുകളാണ് ഡവലപ്മെന്റ് ഫീസ്, അതുപോലെതന്നെ റീഫണ്ടബിൾ ഡെപ്പോസിറ്റ്, ഇതുസംബന്ധിച്ച് പ്രതിപക്ഷത്തുനിന്നും വിമർശനമുണ്ടായി എന്ന് പറയുന്നില്ല. എതിർപ്പുണ്ടായി. എന്നാൽ അത്തരം കോളേജുകളുടെ നടത്തിപ്പിന് അനിവാര്യമായ ചെലവിന്റെ അടിസ്ഥാനത്തിലായിരിക്കണം ഫീസ് നിശ്ചയിക്കേണ്ടത് എന്ന വ്യവസ്ഥയുണ്ട്. ഏതെങ്കിലുമോ, എല്ലാമോ ചുമത്തുന്നതിന് അവകാശം നൽകാവുന്ന ഭേദഗതി ഇപ്പോൾ അംഗീകരിച്ചു. അതിനാൽ ഇതിൽ ഏതെങ്കിലും നിയമത്തിൽ നിന്നും ഒഴിവാക്കേണ്ടതുണ്ട് എന്നു തോന്നുന്നില്ല. പൊതുവേ പറഞ്ഞാൽ ഈ സഭയുടെ രണ്ടു ഭാഗത്തും നിന്നും പറഞ്ഞവർ അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്. അത് തൽക്കാലം സ്വീകരിക്കാൻ ഇപ്പോൾ നിവൃത്തിയില്ല. ഈ സ്ഥാപനങ്ങളെല്ലാം ഇനിഷ്യൽ സ്റ്റേജിലാണ്. അവർക്ക് ഡെവലപ്മെന്റ് ആക്ടിവിറ്റീസ് നടത്തേണ്ടതുണ്ട്. അതുകൊണ്ട് ഇപ്പോൾ നിവൃത്തിയില്ല. പിന്നീട് തീരുമാനിക്കാം. ............ (ബഹളം) ................ നിങ്ങൾ തീരുമാനിക്കുമോ, ഈ സ്ഥാനത്ത് നിങ്ങളുടെ ഗവൺമെന്റാണെങ്കിൽ നിങ്ങൾ തീരുമാനിക്കുമോ? ഏതായാലും ഈ വികാരത്തോടു യോജിച്ചുകൊണ്ട് 4-ാം വകുപ്പ് പാസ്സാക്കിത്തരണമെന്ന് ആവശ്യപ്പെടുന്നു.

2/934/2012—29

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: 4-ാം വകുപ്പിൽ പി. ജെ. ജോയിയുടെ 455-ാം ഭേദഗതി അംഗീകരിക്കാമോയെന്ന പ്രശ്നത്തെ.................

അനുകൂലിക്കുന്നവർ..................................

പ്രതികൂലിക്കുന്നവർ..................................

ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

മറ്റ് ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ 403, 428, 437, 439, 444, 449, 451, 452, 460 480, 487, 488 എന്നീ നമ്പർ ഭേദഗതികൾ ഞാൻ പ്രസ് ചെയ്യുന്നു. ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. ചെയർമാൻ: മേൽപ്പറഞ്ഞ ഭേദഗതികളെ

അനുകൂലിക്കുന്നവർ..................................

പ്രതികൂലിക്കുന്നവർ..................................

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ—35

| | | |
|---|---|---|
| 1. | ശ്രീ. | മഞ്ഞളാംകുഴി അലി |
| 2. | ,, | എ. എ. അസീസ് |
| 3. | ,, | കോടിയേരി ബാലകൃഷ്ണൻ |
| 4. | ,, | എ. കെ. ബാലൻ |
| 5. | ,, | വി. ചെന്താമരാക്ഷൻ |
| 6. | ,, | ടി. കെ. ദേവകുമാർ |
| 7. | ,, | പി. സി. ജോർജ്ജ് |
| 8. | ,, | എം. വി. ഗോവിന്ദൻ മാസ്റ്റർ |
| 9. | ,, | കെ. കെ. ജയചന്ദ്രൻ |
| 10. | ,, | എം. വി. ജയരാജൻ |
| 11. | ,, | പി. ജയരാജൻ |
| 12. | ഡോ. | കെ. സി. ജോസഫ് |
| 13. | ശ്രീ. | വി. സി. കബീർ |
| 14. | ,, | എം. കുമാരൻ |
| 15. | ,, | കെ. വി. കുഞ്ഞിരാമൻ |
| 16. | ,, | കോവൂർ കുഞ്ഞുമോൻ |
| 17. | ,, | വി. കെ. സി. മമ്മത്കോയ |

18. ശ്രീ. മത്തായി ചാക്കോ
19. ,, കെ. പി. മോഹനൻ
20. ,, എ. സി. മൊയ്തീൻ
21. ,, പിരപ്പൻകോട് മുരളി
22. ,, സി. കെ. നാണു
23. ,, പി. നാരായണൻ
24. ഡോ. എ. നീലലോഹിതദാസൻ നാടാർ
25. ശ്രീ. കെ. രാധാകൃഷ്ണൻ
26. ,, മാങ്കോട് രാധാകൃഷ്ണൻ
27. ,, എൻ. രാജൻ
28. ,, കെ. പി. രാജേന്ദ്രൻ
29. ,, രാജു എബ്രഹാം
30. ,, ടി. പി. രാമകൃഷ്ണൻ
31. ,, സാജു പോൾ
32. ,, കെ. പി. സതീശ് ചന്ദ്രൻ
33. ,, എ. സി. ഷൺമുഖദാസ്
34. ,, പി. എസ്. സുപാൽ
35. ഡോ. തോമസ് ഐസക്ക്

## പ്രതികൂലിക്കുന്നവർ—68

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, കെ. അച്ചുതൻ
5. ,, സി. ടി. അഹമ്മദ് അലി
6. ,, എ. കെ. ആന്റണി
7. ,, ഇ. എം. അഗസ്തി
8. ,, കെ. ബാബു
9. ,, ബാബു ദിവാകരൻ
10. ,, ആർ. ബാലകൃഷ്ണപിള്ള
11. ,, പി. കെ. കെ. ബാവ
12. ,, ടി. വി. ചന്ദ്രമോഹൻ



LIBRARY ARCHIVES Kerala Legislative Assembly

13. ശ്രീ. കെ. എ. ചന്ദ്രൻ
14. ,, എം. എ. ചന്ദ്രശേഖരൻ
15. ,, പി. പി. ജോർജ്
16. ,, എം. എം. ഹസ്സൻ
17. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
18. ശ്രീ. ഇസ്ഹാക്ക് കുരിക്കൾ
19. ,, ഉമ്മൻ ചാണ്ടി
20. ,, ടി. എം. ജേക്കബ്
21. ,, കെ. സി. ജോസഫ്
22. ,, ജോസഫ് എം. പുതുശ്ശേരി
23. ,, പി. ജെ. ജോയി
24. ,, കെ. എൻ. എ. ഖാദർ
25. ,, കെ. കെ. നായർ
26. ഡോ. എം. എ. കുട്ടപ്പൻ
27. ശ്രീ. ലൂഡി ലൂയിസ്
28. ,, സി. മമ്മൂട്ടി
29. ,, കെ. എം. മാണി
30. ,, കെ. മുഹമ്മദാലി
31. ,, ഇ. ടി. മുഹമ്മദ് ബഷീർ
32. ,, കെ. മോഹൻ കുമാർ
33. ,, എ. കെ. മണി
34. ,, സി. മോയിൻകുട്ടി
35. ,, ആര്യാടൻ മുഹമ്മദ്
36. ,, സി. പി. മുഹമ്മദ്
37. ,, എം. കെ. മുനീർ
38. ,, എം. മുരളി
39. പ്രൊഫ. എ. ഡി. മുസ്തഫ
40. ശ്രീ. എഴുകോൺ നാരായണൻ
41. ,, വി. ജെ. പൗലോസ്
42. ,, അടൂർ പ്രകാശ്
43. ,, ജി. പ്രതാപവർമ്മ തമ്പാൻ
44. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

45. ശ്രീമതി രാധാ രാഘവൻ
46. ശ്രീ. എ. എൻ. രാജൻ ബാബു
47. ,, തേറമ്പിൽ രാമകൃഷ്ണൻ
48. ,, തമ്പാനൂർ രവി
49. ,, ടി. പി. എം. സാഹിർ
50. ,, പി. ശങ്കരൻ
51. ,, കെ. ശങ്കരനാരായണൻ
52. ശ്രീമതി മാലേത്ത് സരളാദേവി
53. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
54. ശ്രീ. കെ. കെ. ഷാജു
55. ശ്രീമതി ശോഭനാ ജോർജ്
56. ശ്രീ. ഡി. സുഗതൻ
57. ,, എ. സുജനപാൽ
58. ,, സി. എഫ്. തോമസ്
59. പ്രൊഫ. കെ. വി. തോമസ്
60. ശ്രീ. പി. ടി. തോമസ്
61. ,, തോമസ് ചാഴികാടൻ
62. ,, തോമസ് ഉണ്ണിയാടൻ
63. ,, ഉമേഷ് ചള്ളിയിൽ
64. ,, എം. എ. വാഹീദ്
65. ,, ബി. വിജയകുമാർ
66. ,, എം. കെ. പോൾസൺ മാസ്റ്റർ
67. ,, എൻ. ഡി. അപ്പച്ചൻ
68. ,, നാലകത്ത് സൂപ്പി

മി. ചെയർമാൻ: അനുകൂലിക്കുന്നവർ—35

പ്രതികൂലിക്കുന്നവർ—68

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ഭേദഗതികൾ 35-നെതിരെ 68 വോട്ടുകളോടെ സഭ നിരാകരിക്കപ്പെട്ടു.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 461, 482 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 404, 422 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 405, 411 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 406, 416, 491 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 408, 483 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. പി. ജോർജ് അവതരിപ്പിച്ച 414, 479 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഡോ. എ. നീലലോഹിതദാസൻ നാടാർ അവതരിപ്പിച്ച 418-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 419-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 420-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 421, 458, 459 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 424-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. സി. ഷൺമുഖദാസ് അവതരിപ്പിച്ച 425-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 489-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 429, 478 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 430, 443 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. എ. അസീസ് അവതരിപ്പിച്ച 432-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സി. വേണുഗോപാൽ അവതരിപ്പിച്ച 433, 481 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ശക്തൻ അവതരിപ്പിച്ച 434-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എ. എൻ. രാജൻ ബാബു അവതരിപ്പിച്ച 435, 436, 486 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 438-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. കുമാരൻ അവതരിപ്പിച്ച 441-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 446-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. നാരായണൻ അവതരിപ്പിച്ച 450-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 457-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്

ശ്രീ. കെ.പി. രാജേന്ദ്രൻ: സർ, ഞാൻ 493-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(493) After clause 4, new clause 5 shall added and subsequent clauses shall be re-numbered accordingly:

"5. *Service conditions of Staff:*—The conditions of service of the teaching and non-teaching staff in the matter of qualifications, appointment, salary shall be governed by the provision laid down by the UGC and the University respectively."

493-ാം നമ്പർ ഭേദഗതി അവതരിപ്പിക്കാൻ കാരണം ഈ കോളേജുകളിൽ ഇപ്പോൾ നമ്മൾ ഫീസ് പിരിക്കുന്നതും പ്രവേശനം നൽകുന്നതിനെക്കുറിച്ചുള്ള എല്ലാ കാര്യങ്ങളും പറയുമ്പോൾ, ഇവിടത്തെ സ്റ്റാഫിനെ സംബന്ധിച്ച് ഒന്നും ഈ ബില്ലിൽ ഒരു ഭാഗത്തും വ്യവസ്ഥ ചെയ്തിട്ടില്ല. അദ്ധ്യാപകരുടെയും, അനദ്ധ്യാപകരുടെയും കാര്യ ഒന്നും പറയുന്നില്ല. ഇതിനകത്ത് വരുന്ന മെഡിക്കൽ കോളേജുകളിൽ, എൻജിനീയറിംഗ് കോളേജുകളിൽ പ്രത്യേകിച്ചും ക്വാളിഫൈഡ് ആയിട്ടുള്ള അദ്ധ്യാപകരെ നിയമിക്കണം. ആ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള ക്വാളിഫിക്കേഷൻ, അവരുടെ സർവീസ് കണ്ടീഷൻസ്, സേവന-വേതന വ്യവസ്ഥകൾ ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് ഒരു സ്ഥലത്തും ഈ ബില്ലിൽ വ്യവസ്ഥ ചെയ്തതായിട്ട് കാണുന്നില്ല. അപ്പോൾ എവിടെയെങ്കിലും അത് വ്യവസ്ഥ

ചെയ്യണമെന്നുള്ളതു കൊണ്ടാണ് ഞാൻ ഈ പുതിയ വകുപ്പ് പറയുന്നത്. അതുപോലെതന്നെ പ്രധാനപ്പെട്ട കാര്യം അനദ്ധ്യാപകർ, മറ്റ് സ്റ്റാഫുകൾ, പാരാ മെഡിക്കൽ ആയിട്ടും മറ്റ് ലാബറട്ടറികളിൽ അതുപോലെ മറ്റ് പല തരത്തിലുള്ള, ടീച്ചേഴ്സിനെപ്പോലെ തന്നെ പ്രധാനപ്പെട്ടതാണ്. അങ്ങനെ വരുന്ന ടെക്നിക്കൽ ആയിട്ടുമൊക്കെ വളരെ ക്വാളിഫൈഡ് ആയിട്ടുള്ള ആൾക്കാർ ഇത്തരം കോളേജുകളിൽ ഉണ്ടെന്ന് ഉറപ്പുവരുത്തണം. അത് കോളേജുകളിൽ ഉറപ്പു വരുത്തുന്നതോടൊപ്പം തന്നെ പത്തു മുന്നൂറ് സ്ഥാപനങ്ങൾ വരുമ്പോൾ ഈ ടീച്ചേഴ്സും നോൺ ടീച്ചിംഗ് സ്റ്റാഫുമായിട്ട് ഏകദേശം ഒരു പതിനയ്യായിരത്തോളം പേരെങ്കിലും ഏറ്റവും ചുരുങ്ങിയത് നമുക്ക് കണക്കാക്കേണ്ടിവരും. അപ്പോൾ അവരുടെ സേവന വേതന വ്യവസ്ഥകളും, ക്വാളിഫിക്കേഷൻ, അവരുടെ അപ്പോയിന്റ്മെന്റ് ഓഫ് മെത്തേഡ് മാനേജുമെന്റ് നിശ്ചയിക്കുകയാണെങ്കിൽ അതിന് ഒരു വ്യവസ്ഥ വയ്ക്കണമെന്നാണ് ഞാൻ ഈ 493-ാം നമ്പർ ഭേദഗതിയിൽ ഉന്നയിക്കുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി): ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 493-ാം നമ്പർ ഭേദഗതി സ്വീകാര്യമല്ല.

മി. ചെയർമാൻ: ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ ഞാൻ പ്രസ്സ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു,

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ—35

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, വി. ചെന്താമരാക്ഷൻ
6. ,, ടി. കെ. ദേവകുമാർ
7. ,, പി. സി. ജോർജ്ജ്
8. ,, എം. വി. ഗോവിന്ദൻ മാസ്റ്റർ
9. ,, കെ. കെ. ജയചന്ദ്രൻ
10. ,, എം. വി. ജയരാജൻ
11. ,, പി. ജയരാജൻ
12. ഡോ. കെ. സി. ജോസഫ്
13. ശ്രീ. വി. സി. കബീർ
14. ,, എം. കുമാരൻ

LIBRARY ARCHIVES Kerala Legislative Assembly

15. ശ്രീ. കെ. വി. കുഞ്ഞിരാമൻ
16. ,, കോവൂർ കുഞ്ഞുമോൻ
17. ,, വി. കെ. സി. മമ്മത്കോയ
18. ,, മത്തായി ചാക്കോ
19. ,, കെ. പി. മോഹനൻ
20. ,, എ. സി. മൊയ്തീൻ
21. ,, പിരപ്പൻകോട് മുരളി
22. ,, സി. കെ. നാണു
23. ,, പി. നാരായണൻ
24. ഡോ. എ. നീലലോഹിതദാസൻ നാടാർ
25. ശ്രീ. കെ. രാധാകൃഷ്ണൻ
26. ,, മാങ്കോട് രാധാകൃഷ്ണൻ
27. ,, എൻ. രാജൻ
28. ,, കെ. പി. രാജേന്ദ്രൻ
29. ,, രാജു എബ്രഹാം
30. ,, ടി. പി. രാമകൃഷ്ണൻ
31. ,, സാജു പോൾ
32. ,, കെ. പി. സതീശ് ചന്ദ്രൻ
33. ,, എ. സി. ഷൺമുഖദാസ്
34. ,, പി. എസ്. സുപാൽ
35. ഡോ. തോമസ് ഐസക്ക്

പ്രതികൂലിക്കുന്നവർ—69

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, കെ. അച്ചുതൻ
5. ,, സി. ടി. അഹമ്മദ് അലി
6. ,, എ. കെ. ആന്റണി
7. ,, എൻ. ഡി. അപ്പച്ചൻ
8. ,, ഇ. എം. അഗസ്തി
9. ,, കെ. ബാബു
10. ,, ബാബു ദിവാകരൻ
11. ,, ആർ. ബാലകൃഷ്ണപിള്ള
12. ,, പി. കെ. കെ. ബാവ
13. ,, ടി. വി. ചന്ദ്രമോഹൻ

LIBRARY ARCHIVES Kerala Legislative Assembly

14. ശ്രീ. കെ. എ. ചന്ദ്രൻ
15. ,, പി. പി. ജോർജ്
16. ,, എം. എം. ഹസ്സൻ
17. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
18. ശ്രീ. ഇസ്ഹാക്ക് കുരിക്കൾ
19. ,, ഉമ്മൻ ചാണ്ടി
20. ,, ടി. എം. ജേക്കബ്
21. ,, കെ. സി. ജോസഫ്
22. ,, ജോസഫ് എം. പുതുശ്ശേരി
23. ,, പി. ജെ. ജോയി
24. ,, കെ. എൻ. എ. ഖാദർ
25. ,, കെ. കെ. നായർ
26. ഡോ. എം. എ. കുട്ടപ്പൻ
27. ശ്രീ. ലൂഡി ലൂയിസ്
28. ,, സി. മമ്മൂട്ടി
29. ,, കെ. എം. മാണി
30. ,, കെ. മുഹമ്മദാലി
31. ,, ഇ. ടി. മുഹമ്മദ് ബഷീർ
32. ,, കെ. മോഹൻ കുമാർ
33. ,, എ. കെ. മണി
34. ,, സി. മോയിൻകുട്ടി
35. ,, ആര്യാടൻ മുഹമ്മദ്
36. ,, സി. പി. മുഹമ്മദ്
37. ,, എം. കെ. മുനീർ
38. ,, എം. മുരളി
39. പ്രൊഫ. എ. ഡി. മുസ്തഫ
40. ശ്രീ. എഴുകോൺ നാരായണൻ
41. ,, എം. കെ. പോൾസൺ മാസ്റ്റർ
42. ,, വി. ജെ. പൗലോസ്
43. ,, അടൂർ പ്രകാശ്
44. ,, ജി. പ്രതാപവർമ്മ തമ്പാൻ
45. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
46. ശ്രീമതി രാധാ രാഘവൻ
47. ശ്രീ. എ. എൻ. രാജൻ ബാബു
48. ,, തേറമ്പിൽ രാമകൃഷ്ണൻ
49. ,, യു. സി. രാമൻ
50. ,, തമ്പാനൂർ രവി

LIBRARY ARCHIVES Kerala Legislative Assembly

51. ശ്രീ. ടി. പി. എം. സാഹിർ
52. ,, എൻ ശക്തൻ
53. ,, പി. ശങ്കരൻ
54. ,, കെ. ശങ്കരനാരായണൻ
55. ശ്രീമതി മാലേത്ത് സരളാദേവി
56. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
57. ശ്രീ. കെ. കെ. ഷാജു
58. ശ്രീമതി ശോഭനാ ജോർജ്
59. ശ്രീ. നാലകത്ത് സൂപ്പി
60. ,, ഡി. സുഗതൻ
61. ,, എ. സുജനപാൽ
62. ,, സി. എഫ്. തോമസ്
63. പ്രൊഫ. കെ. വി. തോമസ്
64. ശ്രീ. പി. ടി. തോമസ്
65. ,, തോമസ് ചാഴികാടൻ
66. ,, തോമസ് ഉണ്ണിയാടൻ
67. ,, ഉമേഷ് ചള്ളിയിൽ
68. ,, എം. എ. വാഹീദ്
69. ,, ബി. വിജയകുമാർ

മി. ചെയർമാൻ: അനുകൂലിക്കുന്നവർ—35

പ്രതികൂലിക്കുന്നവർ—69

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

5-ാം വകുപ്പ്

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, 505-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(505) In Clause 5 (1) between the words "body corporate" and "having" insert the words "of more than 50% of the total number of Managements of self-financing institution",

സർ, ഒറ്റ വാക്കേ പറയുന്നുള്ളൂ, ഈ കൺസോർഷ്യം ഡിലീറ്റ് ചെയ്യാനുള്ള ഭേദഗതി ധാരാളം വന്നിട്ടുണ്ട്. പക്ഷെ അങ്ങനെയുണ്ടാകുകയാണെങ്കിൽ അതിലൊരു 50 ശതമാനത്തിന്റെ കൂടുതൽ സ്ഥാപനങ്ങളെ റെപ്രസന്റ് ചെയ്യുന്ന, അതല്ലാതെ കുറച്ച് കുറച്ച് ആൾക്കാർ മാത്രം കൂടിയ ഒരു കൺസോർഷ്യം ഉണ്ടാക്കുന്നത് ശരിയല്ല. ഒരു 50 ശതമാനത്തിൽ കൂടുതൽ സ്ഥാപനങ്ങളെ പ്രതിനിധീകരിക്കുന്ന അത്തരമൊരു കൺസോർഷ്യം അംഗീകരിക്കാൻ നിയമപരമായിട്ട് ഒരു ഭേദഗതി വേണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ 506-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(506) In Clause 5 (2) the following words shall be added after the words "by the consortium" "with the prior approval of the Government".

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ 507, 511 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(507) In Clause 5 (2) add the following at the end namely: "and approved by the Government".

(511) After Clause 5 (3) add the following as sub-clause (4) namely:

"(4) Any management of a self-financing professional college who has been denied membership in the consortium may make an appeal to the Government and the decision of the Government shall be binding on the consortium and the self-financing college."

സർ, നമ്മുടെ മാനേജുമെന്റിന് 50 ശതമാനം സീറ്റിലേയ്ക്കുള്ള ഫീസ് നിശ്ചയിക്കാൻ അധികാരം കൊടുത്തപ്പോൾ അവർ എത്രയാണ് നിശ്ചയിക്കുന്ന ഫീസ് എന്ന് ഗവൺമെന്റിനെ അറിയിക്കുകപോലും വേണ്ട, അവർ എത്രയാണ് ഫീസ് വാങ്ങുന്നതെന്ന് ഗവൺമെന്റിനെ അറിയിക്കുകയെങ്കിലും വേണ്ടേ? അതുപോലും വേണ്ട എന്നുള്ളതാണ് ഇപ്പോൾ ഗവൺമെന്റിന്റെ സമീപനം. അതിന് ഒരു വ്യവസ്ഥ വേണമെന്നാണ് ഞാൻ പറയുന്നത്. ആ ഘട്ടത്തിൽ ഗവൺമെന്റിന് വേണമെങ്കിൽ ഇടപെടാനും സാധിക്കും. അങ്ങനെ ഒരു ഇടപെടൽ പോലും വേണ്ട എന്നുള്ള സമീപനം എന്തിനാണ് സർ, ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. ബഹുമാനപ്പെട്ട ശ്രീ. സൂപ്പി നേരത്തെ പറഞ്ഞു, നിങ്ങളുടെ ഗവൺമെന്റാണ് ഭരിക്കുന്നതെങ്കിൽ നിങ്ങൾ ഒരു കമ്മിറ്റി വയ്ക്കുമോയെന്ന്, ഞാൻ ഈ സന്ദർഭത്തിൽ പറയുന്നു നിങ്ങൾക്ക് മാനേജുമെന്റിനെ നിയന്ത്രിക്കാൻ കഴിയുകയില്ലായെങ്കിൽ നിങ്ങൾ ഇന്ന് രാജി വയ്ക്കൂ, ഇടതുപക്ഷത്തിനെ ഏൽപ്പിച്ചാൽ ഞങ്ങൾ ഒരു നിയമമുണ്ടാക്കി കാണിച്ചുതരാം. എങ്ങനെയാണ് മാനേജുമെന്റിനെ നിയന്ത്രിക്കേണ്ടതെന്ന് ഞങ്ങൾ നിങ്ങൾക്ക് കാണിച്ചുതരാം. അതിനു കഴിയുന്നില്ലെങ്കിൽ നിങ്ങൾ ഇറങ്ങിപ്പോകുന്നതാണ് നല്ലത്. 50 ശതമാനം മാനേജുമെന്റ് ക്വാട്ടയിൽ മാനേജുമെന്റിനെ നിഷ്ക്കർഷിക്കാനുള്ള, ശ്രീ. കെ.സി. ജോസഫ് നേരത്തെ ചോദിച്ചു, കെ.ടി. തോമസ് കമ്മീഷന്റെ നിർദ്ദേശം നിങ്ങൾ എന്തുകൊണ്ടാണ് അംഗീകരിക്കാത്തത്? മാനേജുമെന്റ് ക്വാട്ടയിലുള്ള 50 ശതമാനം സീറ്റിൽ എന്ത് ഫീസാണ് നിശ്ചയിച്ചുകൊടുക്കാൻ കെ.ടി. തോമസ് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ളത്, അതിനെ അനുകൂലിക്കാൻ ഞങ്ങൾ തയ്യാറാണ്. 50 ശതമാനം മാനേജ്മെന്റ് ക്വോട്ടയിലെ സീറ്റ് കെ. ടി. തോമസ് കമ്മീഷൻ തീരുമാനിച്ചോട്ടെ. അതിനെ അനുകൂലിക്കാൻ ഞങ്ങൾ തയ്യാറാണ്. അത്തരം ഒരു ഭേദഗതി അംഗീകരിക്കാൻ നിങ്ങൾ തയ്യാറുണ്ടോ? അതുപോലെ കൺസോർഷ്യത്തിന്റെ അംഗത്വത്തിനുള്ള അപേക്ഷ നിരസിച്ചാൽ അതിനെതിരെ സർക്കാറിന് അപ്പീൽ നൽകാനുള്ള വകുപ്പുകൂടി വേണമെന്നുള്ളതാണ് എന്റെ 511-ാമത്തെ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ശ്രീ. എ.കെ. ബാലൻ, അങ്ങയുടെ 508-ാം നമ്പർ ഭേദഗതി മൂവ് ചെയ്യണ്ട. ഓർഡറിലല്ല. സംസാരിക്കാം.

ശ്രീ. എ. കെ. ബാലൻ: ഏറ്റവും അപകടകരമായ ഒരു സ്ഥിതിയിലേയ്ക്കാണ് ഇപ്പോൾ നമ്മൾ പോയിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട കൺവീനറുടെ, ഉമ്മൻചാണ്ടിയുടെ മുഖം ചുവന്ന് വരികയാണ്. അതിന്റെ ലാസ്റ്റ് സ്റ്റേജിൽ എത്തിയിരിക്കുകയാണ്. ഇപ്പോൾ ഇവിടെ ഉണ്ടാകാൻ പോകുന്നത് എയ്ഡഡ് കോളേജുകളിൽ സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ തുടങ്ങി. അവിടെയും കൺസോർഷ്യം വരാൻ പോകുകയാണ്. അതുകൊണ്ട് സമർത്ഥമായി ഈ നിയമത്തിന്റെ പേരുമാറ്റി സെൽഫ് ഫിനാൻസിംഗ് എന്നാക്കിയിരിക്കുകയാണ്. അതിന്റെ തണലിൽ ഉണ്ടാകാൻ പോകുന്നത്, എല്ലാ എയ്ഡഡ് കോളേജുകളിലും സെൽഫ് ഫിനാൻസിംഗ് പ്രൊഫഷണൽ കോഴ്സുകൾ തുടങ്ങും. അതിന് ഒരു കൺസോർഷ്യം ഉണ്ടാക്കും. കൺസോർഷ്യമെന്ന സങ്കൽപമുണ്ടായത് എവിടെ നിന്നാണ്. ഇസ്ലാമിക് അക്കാദമിയുടെ കേസുമായി ബന്ധപ്പെട്ടാണ് വന്നത്. വക്കീലൻമാർ എന്തെല്ലാം കളികളാണ് കളിച്ചത്. ബഹുമാനപ്പെട്ട മെമ്പർക്കറിയാമല്ലോ? ഇവിടെ പുഷ്പഗിരിക്കുവേണ്ടി ആദ്യം ഹാജരായത് ആരിഫ് ധവാൻ. സുപ്രീം കോടതിയിൽനിന്നും കൊണ്ടുവന്നു, നമ്മുടെ ഗവൺമെന്റിനുവേണ്ടി ഹാജരായി. അയാൾ നേരെ സുപ്രീംകോടതിയിൽ പോയി പുഷ്പഗിരിക്കുവേണ്ടി ഹാജരായി. ഉണ്ണികൃഷ്ണൻ കേസ്സിനുവേണ്ടി ഹാജരായ വേണുഗോപാൽ ടി.എം.എ. പൈക്കുവേണ്ടി ഹാജരായി. സുപ്രീം കോടതിയിലൊക്കെ വന്ന സമയത്ത് സുപ്രീം കോടതി പറഞ്ഞു, സമവായമൊക്കെ ഉണ്ടാക്കി സബൂറാകാൻ പറഞ്ഞു. എന്താ സുപ്രീംകോടതിയിൽ നടന്നത്. അതിലേയ്ക്കൊന്നും കടക്കുന്നില്ല. വാദിക്കും പ്രതിക്കുംവേണ്ടി ഒരേ വക്കീൽ ഹാജരായി കുളം തോണ്ടിയ നമ്മുടെ രാജ്യത്തെ, അതിന്റെ ഏറ്റവും വലിയ തെളിവാണ് ഈ നിയമം. കൺസോർഷ്യത്തെ ഒരു തരത്തിലും അംഗീകരിക്കാൻ കഴിയില്ല. ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള ഒരു ബോഡി കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത് ഈ കമ്മിറ്റി ഉണ്ടാക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ടി. കെ. ദേവകുമാർ: സർ, എന്റെ 509-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(509) In Clause 5 (3) substitute the word "the" by the words "that particular type of".

ഡോ. തോമസ് ഐസക്: സർ, എന്റെ 512-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

(512) Clause 5 shall be recast as follows:

" 5. *Teaching and Non-Teaching Staff.*—Teaching and Non-Teaching Staff members in self-financing professional colleges shall have the same qualifications prescribed for appointment in Government colleges or Universities from time to time."



LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. മത്തായി ചാക്കോ:</u> സർ, എന്റെ 513-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

(513) Clause 5 shall be recast as follows:

"5. *Appointments.*—The teachers appointed in the self-financing professional colleges must fulfill the qualifications prescribed by the concerned University, U.G.C., A.I.C.T.E. or All India Medical Council or N.C.T.E. as the case may be."

ഇതൊരു പ്രധാനപ്പെട്ട സംഗതിയാണ്. ബില്ലിൽ അദ്ധ്യാപകരുടെ നിയമനത്തെ സംബന്ധിച്ച വകുപ്പില്ല. അതുകൊണ്ട് ഗവൺമെന്റിന് ആത്മാർത്ഥതയുണ്ടെങ്കിൽ യു.ജി.സി. നിഷ്ക്കർഷിക്കുന്ന, എഞ്ചിനീയറിംഗിനെ സംബന്ധിച്ച് എ.ഐ.സി.ടി.ഇ. നിഷ്ക്കർഷിക്കുന്ന, മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്ക്കർഷിക്കുന്ന മിനിമം യോഗ്യതയുള്ളവരെ മാത്രമേ ഇത്തരം സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ നിയമിക്കാവൂ എന്നൊരു വ്യവസ്ഥ കൊണ്ടുവരണം. ഗുണനിലവാരവും മേന്മയും ഉറപ്പുവരുത്താൻ അത് മാത്രമേ മാർഗ്ഗമുള്ളൂ

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> സർ, ഞാൻ എന്റെ 514-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

(514) Clause 5 shall be recast as follows:

"5. *Appointments.*—The teachers appointed in the self-financing professional colleges must fulfill the qualifications prescribed by the concerned University, U.G.C., A.I.C.T.E or All India Medical Council or N.C.T.E as the case may be."

ശ്രീ. മത്തായി ചാക്കോ പറഞ്ഞതുപോലെ തന്നെയാണ്. എ.ഐ.സി.ടി.ഇ-യും ഏതെങ്കിലും യൂണിവേഴ്സിറ്റിയും അംഗീകരിക്കുന്ന യോഗ്യതയുള്ള അദ്ധ്യാപകരെ മാത്രമേ നിയമിക്കാവൂ.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ:</u> സർ, എന്റെ 516-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

(516) In Clause 5, after sub-clause (3) the following shall be added, namely:

"(4) All disputes regarding the formation of consortium shall be decided by the Government and the distribution of the Government shall be final;

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

(5) The executive head of the consortium shall immediately, after its formation, file a copy of its regulations to the Government;

(6) Any modification of the regulation made by the consortium shall be reported to the Government."

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. നാലകത്ത് സൂപ്പി</u>): സർ, ഈ വകുപ്പുകൊണ്ട് ഉദ്ദേശിക്കുന്നത്, മാനേജുമെന്റ് ക്വാട്ടയിൽ അഡ്മിഷൻ നടത്തുന്നതിനുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് തയ്യാറാക്കലാണ്. കൺസോർഷ്യം എന്ന് പറയുന്നതും ലിസ്റ്റ് തയ്യാറാക്കാനുള്ളതാണ്. മറ്റ് സംസ്ഥാനങ്ങളിൽ ഈ പാറ്റേണുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതികൾ ഒന്നും സ്വീകരിക്കുന്നില്ല. ശ്രീ. മത്തായി ചാക്കോ പറഞ്ഞ കാര്യം, എ.ഐ.സി.ടി.ഇ.-യുടേയും ആൾ ഇന്ത്യ മെഡിക്കൽ കൗൺസിലിന്റേയും അംഗീകാരത്തിന് വിധേയമായിട്ടായിരിക്കും എന്നാണറിയുന്നത്. ഭേദഗതികൾ അംഗീകരിക്കുന്നില്ല.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, 507, 512, 513 എന്നീ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 507, 512, 513 എന്നീ ഭേദഗതികളെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ...................

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—34

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, വി. ചെന്താമരാക്ഷൻ
6. ,, ടി. കെ. ദേവകുമാർ
7. ,, പി. സി. ജോർജ്
8. ,, എം. വി. ഗോവിന്ദൻ മാസ്റ്റർ
9. ,, കെ. കെ. ജയചന്ദ്രൻ
10. ,, എം. വി. ജയരാജൻ
11. ഡോ. കെ. സി. ജോസഫ്
12. ശ്രീ. വി. സി. കബീർ
13. ,, എം. കുമാരൻ
14. ,, കെ. വി. കുഞ്ഞിരാമൻ
15. ,, കോവൂർ കുഞ്ഞുമോൻ
16. ,, വി. കെ. സി. മമ്മത്കോയ
17. ,, മത്തായി ചാക്കോ
18. ,, കെ. പി. മോഹനൻ
19. ,, എ. സി. മൊയ്തീൻ
20. ,, പിരപ്പൻകോട് മുരളി
21. ,, സി. കെ. നാണു
22. ,, പി. നാരായണൻ
23. ഡോ. എ. നീലലോഹിതദാസൻ നാടാർ

LIBRARY ARCHIVES Kerala Legislative Assembly

24. ശ്രീ. കെ. രാധാകൃഷ്ണൻ
25. ,, മാങ്കോട് രാധാകൃഷ്ണൻ
26. ,, എൻ. രാജൻ
27. ,, കെ. പി. രാജേന്ദ്രൻ
28. ,, രാജു എബ്രഹാം
29. ,, ടി. പി. രാമകൃഷ്ണൻ
30. ,, സാജു പോൾ
31. ,, കെ. പി. സതീശ് ചന്ദ്രൻ
32. ,, എ. സി. ഷൺമുഖദാസ്
33. ,, പി. എസ്. സുപാൽ
34. ഡോ. തോമസ് ഐസക്ക്

<u>പ്രതികൂലിക്കുന്നവർ</u>—59

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, കെ. അച്ചുതൻ
5. ,, സി. ടി. അഹമ്മദ് അലി
6. ,, എ. കെ. ആന്റണി
7. ,, എൻ. ഡി. അപ്പച്ചൻ
8. ,, ഇ. എം. അഗസ്തി
9. ,, കെ. ബാബു
10. ,, ബാബു ദിവാകരൻ
11. ,, ആർ. ബാലകൃഷ്ണപിള്ള
12. ,, പി. കെ. കെ. ബാവ
13. ,, ടി. വി. ചന്ദ്രമോഹൻ
14. ,, കെ. എ. ചന്ദ്രൻ
15. ,, എം. എ. ചന്ദ്രശേഖരൻ
16. ,, പി. പി. ജോർജ്
17. ,, എം. എം. ഹസ്സൻ
18. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
20. ശ്രീ. ഉമ്മൻ ചാണ്ടി
21. ,, ടി. എം. ജേക്കബ്
22. ,, ജോണി നെല്ലൂർ
23. ,, കെ. സി. ജോസഫ്
24. ,, ജോസഫ് എം. പുതുശ്ശേരി
25. ,, കെ. എൻ. എ. ഖാദർ

LIBRARY ARCHIVES Kerala Legislative Assembly

26. ശ്രീ. കെ. കെ. നായർ
27. ഡോ. എം. എ. കുട്ടപ്പൻ
28. ശ്രീ. ലൂഡി ലൂയിസ്
29. ,, കെ. എം. മാണി
30. ,, ഇ. ടി. മുഹമ്മദ് ബഷീർ
31. ,, എ. കെ. മണി
32. ,, സി. മോയിൻകുട്ടി
33. ,, ആര്യാടൻ മുഹമ്മദ്
34. ,, സി. പി. മുഹമ്മദ്
35. ,, എം. കെ. മുനീർ
36. ,, എഴുകോൺ നാരായണൻ
37. ,, എം. കെ. പോൾസൺ മാസ്റ്റർ
38. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
39. ,, ടി. യു. രാധാകൃഷ്ണൻ
40. ശ്രീമതി രാധാ രാഘവൻ
41. ശ്രീ. എ. എൻ. രാജൻ ബാബു
42. ,, യു. സി. രാമൻ
43. ,, തമ്പാനൂർ രവി
44. ,, എൻ. ശക്തൻ
45. ,, പി. ശങ്കരൻ
46. ,, കെ. ശങ്കരനാരായണൻ
47. ശ്രീമതി മാലേത്ത് സരളാദേവി
48. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
49. ശ്രീ. കെ. കെ. ഷാജു
50. ശ്രീമതി ശോഭനാ ജോർജ്ജ്
51. ശ്രീ. നാലകത്ത് സൂപ്പി
52. ,, ഡി. സുഗതൻ
53. ,, സി. എഫ്. തോമസ്
54. പ്രൊഫ. കെ. വി. തോമസ്
55. ശ്രീ. പി. ടി. തോമസ്
56. ,, തോമസ് ഉണ്ണിയാടൻ
57. ,, ഉമേഷ് ചള്ളിയിൽ
58. ,, എം. എ. വാഹീദ്
59. ,, ബി. വിജയകുമാർ

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ—34

പ്രതികൂലിക്കുന്നവർ—59

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.



LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 505-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 506-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 511-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 509-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 514-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 516-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 6-ാം വകുപ്പ്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): 639-ാം നമ്പർ ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(639) For sub-clause (3) of Clause 6, the following sub-clause shall be substituted, namely:

"(3) The Government, on receipt of the report under sub-section (2), may, in addition to any prosecution that may be instituted under this Act, after giving a reasonable opportunity of being heard to the management and to the person from whom the capitation fee was collected or received, direct the person who collected or received the capitation fee to remit the same to the Government and on his failure to do so, the amount together with interest thereon shall be recovered as if it were an arrear of public revenue due on land, and the same when so remitted or recovered, as the case may be, shall be forfeited to the Government."

ശ്രീ. കെ.പി. രാജേന്ദ്രൻ: സർ, എന്റെ 517, 523 എന്നീ നമ്പർ ഭേദഗതികൾ മൂവ് ചെയ്യുന്നു.

(517) In Clause 6 sub-clause (1) between the words "fee" and "shall" in the first line, insert the words "under any name".

(523) In Clause 6 (2) insert the words "or suo motu" between the words "complaint" and "or".

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഫ്ളോറിൽ ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് സർക്കുലേറ്റ് ചെയ്ത ഒഫീഷ്യൽ ഭേദഗതി ഞങ്ങൾക്ക് വായിച്ച് മനസ്സിലാക്കാൻ കഴിയുന്നില്ല. ഞങ്ങൾക്ക് കാര്യങ്ങൾ മനസ്സിലാക്കാൻ വേണ്ടിയിട്ട് ഒന്ന് വിശദീകരിച്ച് തരണം. രണ്ടു വാക്കു പറഞ്ഞാൽ മതി. 639 എന്താണെന്ന് ഞങ്ങൾക്ക് മനസ്സിലായിട്ടില്ല. അംഗങ്ങൾ ആവശ്യപ്പെട്ടാൽ അത് വിശദീകരിക്കേണ്ട ബാദ്ധ്യത ബഹുമാനപ്പെട്ട മന്ത്രിക്കുണ്ട്. ഞങ്ങൾക്കിത് വായിച്ചിട്ട് മനസ്സിലാകുന്നില്ല. നിങ്ങൾ ഇത് നേരത്തെ തന്നിരുന്നുവെങ്കിൽ ഞങ്ങൾക്ക് ചോദിച്ച് മനസ്സിലാക്കാമായിരുന്നു. ഇത് ഫ്ളോറിൽ വന്നിട്ടാണ് തന്നത്. 517, 523 എന്നീ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു. ക്യാപ്പിറ്റേഷൻ ഫീസിന്റെ കാര്യമാണ്. ശ്രീ. ബാലൻ നേരത്തെ സംസാരിച്ചപ്പോൾ പറഞ്ഞു. അത് പണമായോ സാധനമായോ കൊടുക്കുന്നതോ, അപ്പോൾ പറഞ്ഞു, ഇമ്മൂവബിൾ പ്രോപ്പർട്ടി ഏതായാലും അതിൽ വരും. അത്തരത്തിലുള്ള ഒരു സംഖ്യ കിട്ടാൻ, സംഭാവന വാങ്ങാൻ, ക്യാപ്പിറ്റേഷൻ ഫീസ് പല രൂപത്തിലായി വാങ്ങാൻ ഇടവരുന്നതുകൊണ്ടാണ് അത് വാങ്ങാൻ അനുവാദം കൊടുക്കരുതെന്ന ഒരു ഭേദഗതി ഞാൻ അവതരിപ്പിച്ചത്. അത്തരത്തിലുള്ള ഒരു കേസ് കിട്ടിയാൽ അതിനെക്കുറിച്ച് അന്വേഷിക്കാൻ കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത ഒരു കമ്മിറ്റിക്ക് കൂടി അധികാരമുണ്ടായിരിക്കണം. കേസ് എടുക്കാനും അതിൽ നടപടികളെടുത്ത് മുന്നോട്ട് പോകാനും അധികാരം വേണം. ഈ രണ്ട് ഭേദഗതികളും ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, 518, 531 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(518) In Clause 6 (1) for the words "any self-financing" substitute the words "any unaided self-financing" and for the words "any candidate/student" substitute the words "any candidate/student or his relatives".

(531) In Clause 6(3) for the words "shall be forfeited to the Government" substitute the words "shall be refunded to the candidate or his legal heirs from whom the capitation fee was collected".

Collection of capitation fee prohibited എന്നാണ് പറഞ്ഞത്. ആരുടെ അടുത്ത് നിന്നാണ് വാങ്ങുന്നത്, കുട്ടികളുടെ അടുത്ത് നിന്ന് വാങ്ങുന്നത് കുട്ടിക്ക് പകരം അച്ഛൻ കൊടുത്താലോ, അതുകൊണ്ട് എന്റെ ഭേദഗതി കാൻഡിഡേറ്റ് സ്റ്റുഡൻസ് എന്നതിന്റെ കൂടെ അവരുടെ ബന്ധുക്കളിൽ നിന്ന് ഇത് വാങ്ങുന്നത് കൂടി ഇതിനകത്ത് വരണം. ഇത് വാങ്ങാനുള്ള എല്ലാ വകുപ്പും ഉണ്ടാക്കുകയാണ്. ഇങ്ങനെ കിട്ടുന്ന കാശ് തിരിച്ച് ആരിൽ നിന്നാണോ വാങ്ങിയത് അവർക്ക് തിരിച്ചു കൊടുക്കണം. ക്യാപിറ്റേഷൻ ഫീസ് വാങ്ങുമ്പോൾ ഗവൺമെൻറ് കണ്ടുപിടിക്കുന്ന, അങ്ങനെ forfeit ചെയ്ത ഈ തുക aggrieved ആയിട്ടുള്ള ആൾക്കാർക്ക് തന്നെ തിരിച്ച് കൊടുക്കണം. ഗവൺമെന്റിന്റെ പൊതു ഖജനാവിലേയ്ക്കല്ല വരേണ്ടത്. കൊടുക്കുന്നത് തെറ്റ്, നിങ്ങളുടെ അഭിപ്രായത്തിൻ കീഴിൽ ഇത് കൊടുത്തിട്ടെങ്കിലും ആവുമല്ലോ, കൊടുക്കുന്നതും തെറ്റ്, വാങ്ങുന്നതും തെറ്റ്. വാങ്ങുന്നത് തെറ്റാണെങ്കിൽ ഗവൺമെന്റിലേയ്ക്കല്ല മാറ്റിവിടുന്നത്. കൃത്യമായിട്ട് പറഞ്ഞത്.....recovered as if it were an arrear of revenue due on land, and the same when so recovered shall be forfeited to the Government. ഗവൺമെന്റ് ആരിൽ നിന്നാണോ



LIBRARY ARCHIVES Kerala Legislative Assembly

വാങ്ങിയത്, ഗവൺമെന്റ് എടുത്താൽ അഗ്രീവ്ഡായിട്ടുള്ള ആൾക്കാർക്ക് കൊടുക്കണം. നിങ്ങളുടെ ഖജനാവിൽ കൂട്ടാൻ പറ്റില്ല. അതാണ് പറയുന്നത്, തിരിച്ചു കൊടുക്കണം. ബഹുമാനപ്പെട്ട സൂപ്പിയോട് പറയുന്നു, അദ്ദേഹം പരലോകത്ത് വിശ്വസിക്കുന്നയാളാണ്. ഖുറാൻ പ്രകാരം അവസാനം ഒരു മഹസർ വിചാരണ യുണ്ട്. നരകം എന്നു പറയുന്ന ഒരു സാധനമുണ്ട്. മുടിനാരിഴയായിട്ട് കീറി അതിലെ നടക്കണം. 70,000 ഡിഗ്രി സെന്റിഗ്രേഡിലുള്ള ചൂടുവെള്ളവും അതുപോലെതന്നെ തേളും പാമ്പും മറ്റുമൊക്കെയുണ്ട്. നമ്മൾ എല്ലാവരും മരിക്കുന്നതാണ്. നിങ്ങൾ നരകത്തിലേയ്ക്ക് പോകുന്ന ആ കാഴ്ച, നിങ്ങൾ മനുഷ്യനാണ്. അതുകൊണ്ടാണ് പറയുന്നത് ആ കാഴ്ച കണ്ടു നിൽക്കാൻ എനിക്ക് കഴിയുകയില്ല. അതുകൊണ്ട് പ്രതിപക്ഷത്തിന്റെ ഏതെങ്കിലും നല്ല ഒരു ഭേദഗതി ഒന്ന് സ്വീകരിക്കണം.

ശ്രീ. എം. വി. ജയരാജൻ : സർ, ഞാൻ 519-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

(519) In Clause 6 (1) insert the words "including the Colleges run by the autonomous bodies, Co-operative Sector, Public Sector etc." after the words "professional college".

ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കുന്ന വ്യവസ്ഥ ഈ 6 - ാം വകുപ്പിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പക്ഷേ ഇപ്പോൾ ഉൾപ്പെടുത്തിയ വ്യവസ്ഥയനുസരിച്ചാണെങ്കിൽ സ്വാശ്രയ സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങളുടെ ക്യാപ്പിറ്റേഷൻ ഫീസ് മാത്രമെ നിരോധിച്ചിട്ടുള്ളു. അത് മാത്രം പോര, സ്വകാര്യ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങൾക്ക് പുറമെ കോ-ഓപ്പറേറ്റീവ് സെക്ടറിലും പബ്ലിക്ക് സെക്ടറിലും ഓട്ടോണമസ് ബോഡീസായിട്ട് ഒരുപാട് പ്രൊഫഷണൽ കോളേജുകൾ ഉണ്ട്. ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്., പരിയാരം മെഡിക്കൽ കോളേജ്, കേപ്പ്, കെ.എസ്.ആർ.ടി.സി. ഇത് ഉൾപ്പെടെ അവിടെയും ക്യാപിറ്റേഷൻ ഫീസ് എന്ന പേരിലല്ലെങ്കിലും മറ്റ് രീതിയിൽ ഫീസ് വാങ്ങാൻ ഇടയുണ്ട്. അതാണ് പരിയാരം മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ ഇവിടെ പറഞ്ഞ ഡെവലപ്മെന്റ് ഫീസ്. ഞങ്ങളെല്ലാം പലതും പറഞ്ഞിട്ടും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സ്വീകരിക്കാൻ തയ്യാറായില്ല. അങ്ങയുടെ ശ്രദ്ധയിൽ ഞാൻ ഒരു കാര്യം പറയുകയാണ്. ബഹുമാനപ്പെട്ട ജോയി ഇവിടെ ഒരു കാര്യം പറഞ്ഞു. ഇവിടെ ഫീസ് മാനേജുമെന്റുതന്നെ തീരുമാനിച്ചാൽമതി. അത് ഏത് ഇനത്തിൽപ്പെടുന്ന ഫീസും ആകാം. ഇവിടെ ഉൾപ്പെടുത്തിയ ഡെവലപ്മെന്റ് ഫീസ് ഉൾപ്പെടുത്തിയതിൽ തെറ്റില്ല എന്ന ബഹുമാനപ്പെട്ട ജോയി പറഞ്ഞപ്പോൾ ഞാൻ നമ്മുടെ തൊട്ട് അയൽസംസ്ഥാനത്തിലെ ഫീസിന്റെ ചില കാര്യങ്ങൾ പരിശോധിക്കാൻ നിർബന്ധിക്കപ്പെട്ടു. ക്രിസ്ത്യൻ മെഡിക്കൽ കോളേജ് വെല്ലൂർ, അവരുടെ ആനുവൽ ഫീസ് The Mission of Christian Medical College is to provide quality education on affordable rates so that the beneficiaries of this education will go out with the spirit of service. The present cost of education in the MBBS Course is over ₹ 1,71,600 per year per student. However,

LIBRARY ARCHIVES Kerala Legislative Assembly

the Christian Medical College has made a conscious decision to charge only a nominal amount from each student which is summarized as follows: Tuition Fees – ₹ 3,000, Other Fees – ₹ 1862, One time payment on admission ₹ 1,160 One time payment to University is ₹ 5,241 ഇതെല്ലാം ചേർന്നാൽ 11,763. കാരക്കോണം കോളേജ് 2,53,000, പുഷ്പഗിരി മെഡിക്കൽകോളേജ് 3 ലക്ഷം. പരിയാരം മെഡിക്കൽ കോളേജ് 12 ലക്ഷം. ഇങ്ങനെ പോവുകയാണ്. അതുകൊണ്ട് മറ്റ് സംസ്ഥാനങ്ങളിലെ ആ ഫീസ് നിരക്കെങ്കിലും കൊണ്ടുവരാൻ കഴിയത്തക്ക നിലയിൽ ഒരു വ്യക്തമായിട്ടുള്ള സംവിധാനം വേണം. അതാണ് ഞങ്ങൾ പറഞ്ഞത് ഇവർ ഒന്നും പരിഗണിക്കുന്നില്ല. ബധിര കർണ്ണങ്ങളാണ്. എന്ത് ചെയ്യാം.

**Smt. Girija Surendran:** Sir, I move the following amendment:

(520) In Clause 6 (2), for the words "on receipt of any complaint or otherwise" substitute "after enquiry on any complaint or suo motu".

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ എന്റെ 522-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

(522) In Clause 6 (2) the words "or information" shall be inserted between "complaint" and "or otherwise".

ഇവിടെ പറയുന്നത് കമ്മിറ്റിക്ക് പരാതി കിട്ടിയാലെ അന്വേഷിക്കാവു എന്നാണ്. പരാതിയോ ഇൻഫർമേഷനോ വിവരമോ കിട്ടിയാൽ ഇത് അന്വേഷിക്കണമെന്നുള്ള താണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ എന്റെ 524, 530 എന്നീ നമ്പർ ഭേദഗതികൾ മൂവ് ചെയ്യുന്നു.

(524) In Section 6, for the words "any college" the words "any self-financing college" and for the words "such college" the words "such self-financing college" shall respectively be substituted.

(530) In Clause 6(3) for the words "arrear of revenue due on land" the words "arrear of public revenue due on land" shall be substituted.

ഈ ഭേദഗതികൾ സ്വീകരിക്കാവുന്നതേയുള്ളൂ. Any college എന്നുള്ള സ്ഥാനത്ത് any self-financing college എന്നും such college എന്നുള്ളത് such self-financing college എന്നാക്കണമെന്നുള്ളതാണ് എന്റെ 524-ാമത്തെ ഭേദഗതി. അതുപോലെ 530 arrear of public revenue due on land എന്നാക്കണം. അതു രണ്ടും അംഗീകരി ക്കാവുന്ന ഭേദഗതികളാണ്.

ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ : സർ, ഞാൻ എന്റെ 525-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

(525) In Clause 6 substitute the word "Government" by the words "the concerned university" wherever it occurs.

LIBRARY ARCHIVES Kerala Legislative Assembly

**Mr. Deputy Speaker**: Shri P. P. George,.............not in the seat.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, ഞാൻ എന്റെ. 528-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

(528) In Clause 6 (3) for the words "to remit the same" substitute the words "to remit double the amount of capitation fee collected".

ഞാൻ ആദ്യമായി ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 639-ാം നമ്പർ ഭേദഗതിക്ക് ചില ഭേദഗതി നിർദ്ദേശിക്കുന്നു.

In sub-clause 3 of Clause 6 proposed to be amended by the official amendment No. 639, in line 7, for the words "the same", substitute the words "double the amount of capitation fee collected", and in line 8 for the words "amount together" substitute the words "double the amount".

ഇത് ഞാൻ പ്രത്യേകം നിർദ്ദേശിക്കുകയാണ്. ഇവിടെ ഈ നിയമസഭയെ ഒരു mockery-യാക്കി മാറ്റി കൊണ്ടിരിക്കുകയാണ്. ഒരു ഗൗരവവും അപ്പുറത്തില്ല. ഇങ്ങനെ ഒരു ഭേദഗതി മന്ത്രി എന്തിന് കൊണ്ടു വന്നു എന്ന് വിശദീകരിക്കാൻ പറഞ്ഞപ്പോൾ അതുപോലും മന്ത്രി വിശദീകരിക്കുന്നില്ല. ഞങ്ങൾ വിചാരിച്ചു ആരോഗ്യകരമായ ഒരു ചർച്ചയായിരിക്കും ഇവിടെ നടക്കുകയെന്ന്. പ്രതിപക്ഷത്തിന് പറയാനുള്ളതുകൂടി കേട്ട് മാറ്റം വരുത്തുമെന്നാണ് ഞങ്ങൾ പ്രതീക്ഷിച്ചത്. പക്ഷേ കല്ലിനോട് പറഞ്ഞിട്ട് ഒരു കാര്യവുമില്ല. അവർ തീരുമാനം എടുത്തു വന്നിരിക്കുകയാണ്. Yes – No എന്ന് പറഞ്ഞ് പാസ്സാക്കി എടുക്കുന്ന ഒരു സിസ്റ്റമാണ് ഇവിടെ കാണുന്നത്. ഇവിടെ ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങി എന്ന് തെളിഞ്ഞാൽ അത് സർക്കാരിലേയ്ക്ക് മുതൽ കൂട്ടാനാണ് ഈ വകുപ്പ് അധികാരം നൽകുന്നത്. അത് ഒരു ശിക്ഷ എന്നുള്ള നിലയിൽ ക്യാപ്പിറ്റേഷൻ ഫീസിന്റെ ഇരട്ടിയെങ്കിലും ഈടാക്കണമെന്നാണ് എന്റെ നിർദ്ദേശം. അതിനുള്ളതാണ് എന്റെ ഭേദഗതി.

**Shri P. S. Supal**: Sir, I move the following amendment.

(529) In Clause 6(3) the following shall be added after the words "same to the Government"—"Then the management of that Institution shall be black listed, and a governing body appointed by the Government shall take over the charges of that Institution".

9.00 a.m.]

ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങുന്ന സ്ഥാപനങ്ങളെ ശിക്ഷിക്കാനുള്ള നിയമമല്ല. ഇത് കൂടുതൽ കൂടുതൽ രക്ഷിക്കാനുള്ള നിയമമാണ്. ഈ നിയമം തന്നെ ഒരു വല്ലാത്ത രീതിയിൽ കിടക്കുകയാണ്. കള്ളു ചെത്തുന്നതും കൊടുക്കുന്നതും കുടിക്കുന്നതും തെറ്റാണെന്നു പറയുന്നതുപോലെ, ഒരു വ്യക്തവും വ്യക്തതയും ഇല്ലാതെ ഒരു ധാരണയുമില്ലാതെ മാനേജുമെന്റുകളെ സഹായിക്കുന്നതിനുവേണ്ടിയുള്ള നിയമമാണ്. അതുകൊണ്ട് എന്റെ നിർദ്ദേശം ഇത്തരം സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ക്യാപ്പിറ്റേഷൻ ഫീസ്, സുപ്രീംകോടതി തന്നെ വളരെ വ്യക്തമായിട്ട് പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഒരു തരത്തിലുള്ള ക്യാപിറ്റേഷൻ ഫീസും വാങ്ങാൻ പാടില്ല. അങ്ങനെയുള്ള സ്ഥാപനങ്ങളെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തി നിരോധിക്കണമെന്ന് സുപ്രീംകോടതി വിധിയിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് അംഗീകാരം റദ്ദാക്കുന്നതുമാത്രമല്ല ഭാവിയിൽ ഇത്തരം സ്ഥാപനങ്ങൾക്ക് ഒരു തരത്തിലും അംഗീകാരം കിട്ടാത്ത ഒരു സമീപനം കൂടിയുണ്ടാകണം. അതാണ് ഞാൻ ഉദ്ദേശിച്ചത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) സർ, ഞാൻ ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 524 - ാം നമ്പർ ഭേദഗതി അംഗീകരിക്കുകയാണ്. ........... (ബഹളം).........,അത് മൂവ് ചെയ്തതാണ്. ..........

...........(ബഹളം)............ റിക്കാർഡുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : അത് മൂവ് ചെയ്തു.

ശ്രീ. നാലകത്ത് സൂപ്പി. സർ, പ്രതിപക്ഷത്ത് നിന്ന് സംസാരിച്ച നേതാക്കന്മാർ ഞാൻ അവതരിപ്പിച്ച ഭേദഗതി ക്ലീയറല്ല എന്നു പറഞ്ഞു. ക്ലീയറാണ്. ഈ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത് ക്യാപ്പിറ്റേഷൻ ഫീസ് .സർക്കാരിലേയ്ക്ക് കണ്ടുകെട്ടുമെന്നു പറഞ്ഞിരിക്കുന്നു. അതിനാൽ ബന്ധപ്പെട്ട മാനേജുമെന്റിൽ നിന്ന് ആരാണോ ക്യാപ്പിറ്റേഷൻ ഫീസ് നൽകിയത് അയാൾക്കും പറയാനുള്ള അവസരം കൊടുക്കണമെന്നാണ് ഭേദഗതി. 639 ഞാൻ അവതരിപ്പിച്ച ഭേദഗതിയാണ്. ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ അതിന് ഭേദഗതി കൊണ്ടുവന്നു. ഏതായാലും അത് സ്വീകാര്യമല്ല. ഈ ഭേദഗതി അംഗീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ക്യാപ്പിറ്റേഷൻ ഫീസ് സംബന്ധിച്ച് capitation for forfeiture-ൽ forfeit ചെയ്യുകയാണ്. അതുപോലെ ഗവൺമെന്റിലേയ്ക്ക് മുതൽ കൂട്ടുകയാണ്. 5 ലക്ഷം രൂപ ഫൈനോ ഡിസ്അഫിലിയേഷനോ ഇതുകൊണ്ടുള്ള പീനൽ ഭേദഗതിയാണ്. അത് അംഗീകരിക്കണം എന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയെയും ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 524-ാം നമ്പർ ഭേദഗതിയേയും അനുകൂലിക്കുന്നവർ......................പ്രതികൂലിക്കുന്നവർ.......................

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 524-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, 518, 519, 529, 523, 531, ഈ ഭേദഗതികൾ ഞാൻ പ്രസ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: മേൽപ്പറഞ്ഞ ഭേദഗതികളെ

അനുകൂലിക്കുന്നവർ ......................

പ്രതികൂലിക്കുന്നവർ.......................

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ—36

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. ,, മഞ്ഞളാംകുഴി അലി
3. ,, എ. എ. അസീസ്
4. ,, കോടിയേരി ബാലകൃഷ്ണൻ
5. ,, എ. കെ. ബാലൻ
6. ,, ടി. കെ. ബാലൻ
7. ,, വി. കെ. ചന്ദ്രൻ
8. ,, വി. ചെന്താമരാക്ഷൻ
9. ,, പി. സി. ജോർജ്
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
12. ,, കെ. കെ. ജയചന്ദ്രൻ
13. ,, എം. വി. ജയരാജൻ
14. ,, പി. ജയരാജൻ
15. ഡോ. കെ. സി. ജോസഫ്
16. ശ്രീ. വി. സി. കബീർ
17. ,, എം. കുമാരൻ
18. ,, കെ. വി. കുഞ്ഞിരാമൻ
19. ,, വി. കെ. സി. മമ്മത്കോയ
20. ,, കെ. പി. മോഹനൻ
21. ,, എ. സി. മൊയ്തീൻ
22. ,, പിരപ്പൻകോട് മുരളി
23. ,, സി. കെ. നാണു
24. ,, പി. നാരായണൻ
25. ഡോ. എ. നീലലോഹിതദാസൻ നാടാർ
26. ശ്രീ. കെ. രാധാകൃഷ്ണൻ
27. ,, മാങ്കോട് രാധാകൃഷ്ണൻ
28. ,, കെ. പി. രാജേന്ദ്രൻ
29. ,, രാജു എബ്രഹാം
30. ,, ടി. പി. രാമകൃഷ്ണൻ
31. ,, സാജു പോൾ
32. ,, കെ. പി. സതീശ്ചന്ദ്രൻ
33. ,, എ. സി. ഷൺമുഖദാസ്
34. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
35. ശ്രീ. പി. എസ്. സുപാൽ
36. ഡോ. തോമസ് ഐസക്

<u>പ്രതികൂലിക്കുന്നവർ—63</u>

1. ശ്രീ. കളത്തിൽ അബ്ദുള്ള
2. ,, പി. കെ. അബ്ദുറബ്ബ്
3. ,, കെ. അച്ചുതൻ
4. ,, സി. ടി. അഹമ്മദ് അലി
5. ,, എ. കെ. ആന്റണി
6. ,, എൻ. ഡി. അപ്പച്ചൻ
7. ,, ഇ. എം. അഗസ്തി
8. ,, കെ. ബാബു
9. ,, ബാബു ദിവാകരൻ
10. ,, ആർ. ബാലകൃഷ്ണപിള്ള
11. ,, പി. കെ. കെ. ബാവ
12. ,, ടി. വി. ചന്ദ്രമോഹൻ
13. ,, കെ. എ. ചന്ദ്രൻ
14. ,, എം. എ. ചന്ദ്രശേഖരൻ
15. ,, പി. പി. ജോർജ്
16. ,, എം. എം. ഹസ്സൻ
17. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
18. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
19. ശ്രീ. ഉമ്മൻ ചാണ്ടി
20. ,, ടി. എം. ജേക്കബ്
21. ,, കെ. സി. ജോസഫ്
22. ,, ജോസഫ് എം. പുതുശ്ശേരി
23. ,, പി. ജെ. ജോയി
24. ,, കെ. എൻ. എ. ഖാദർ
25. ,, കെ. കെ. നായർ
26. ,, പി. കെ. കുഞ്ഞാലിക്കുട്ടി
27. ,, ലൂഡി ലൂയിസ്
28. ,, കെ. എം. മാണി
29. ,, ഇ. ടി. മുഹമ്മദ് ബഷീർ
30. ,, കെ. മോഹൻ കുമാർ
31. ,, സി. മോയിൻകുട്ടി
32. ,, ആര്യാടൻ മുഹമ്മദ്
33. ,, സി. പി. മുഹമ്മദ്
34. ,, എം. കെ. മുനീർ
35. ,, എം. മുരളി

LIBRARY ARCHIVES Kerala Legislative Assembly

36. പ്രൊഫ. എ. ഡി. മുസ്തഫ
37. ശ്രീ. എഴുകോൺ നാരായണൻ
38. ,, എം. കെ. പോൾസൺ മാസ്റ്റർ
39. ,, വി. ജെ. പൗലോസ്
40. ,, ടി. യു. രാധാകൃഷ്ണൻ
41. ശ്രീമതി രാധാ രാഘവൻ
42. ശ്രീ. എ. എൻ. രാജൻ ബാബു
43. ,, യു. സി. രാമൻ
44. ,, തമ്പാനൂർ രവി
45. ,, ടി. പി. എം. സാഹിർ
46. ,, എൻ. ശക്തൻ
47. ,, പി. ശങ്കരൻ
48. ,, കെ. ശങ്കരനാരായണൻ
49. ശ്രീമതി മാലേത്ത് സരളാദേവി
50. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
51. ശ്രീ. കെ. കെ. ഷാജു
52. ശ്രീമതി ശോഭനാ ജോർജ്
53. ശ്രീ. നാലകത്ത് സൂപ്പി
54. ,, ഡി. സുഗതൻ
55. ,, എ. സുജനപാൽ
56. ,, സി. എഫ്. തോമസ്
57. പ്രൊഫ. കെ. വി. തോമസ്
58. ശ്രീ. പി. ടി. തോമസ്
59. ,, തോമസ് ചാഴികാടൻ
60. ,, തോമസ് ഉണ്ണിയാടൻ
61. ,, ഉമേഷ് ചള്ളിയിൽ
62. ,, എം. എ. വാഹീദ്
63. ,, ബി. വിജയകുമാർ

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ—36

പ്രതികൂലിക്കുന്നവർ—63

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ഭേദഗതികൾ 36-ന് എതിരെ 63 വോട്ടുകളോടെ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 517-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഗിരിജാ സുരേന്ദ്രൻ അവതരിപ്പിച്ച 520-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 522-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 530-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 525-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 528-ാം നമ്പർ ഭേദഗതിയും വാക്കാൽ ഭേദഗതിയും സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്

**Shri Thampanoor Ravi**: Sir, I move the following amendment.

(534) The following may be inserted as Clause 7 and the existing clauses shall be re-numbered.

7(1) The qualifications of the teaching staff of the Self-Financing Professional Colleges shall be that of their counterparts in Government Professional Colleges.

7(2) The qualifications of the non-teaching staff of the Self-Financing Professional Colleges shall be that of their counterparts in Government Colleges.

The existing Clauses 7 to 13 shall be re-numbered.

സർ, ഈ സെൽഫ് ഫിനാൻസിംഗ് പ്രൊഫഷണൽ കോളേജുകളുടെ ടീച്ചിംഗ് സ്റ്റാഫിനും നോൺ ടീച്ചിംഗ് സ്റ്റാഫിനും ഒരു ക്വാളിഫിക്കേഷൻ ഫിക്സ് ചെയ്തിട്ടില്ല. എന്റെ ഭേദഗതി എന്നു പറയുന്നത് ഗവൺമെന്റ് കോളേജുകളിലുള്ള മാതിരി ക്വാളി ഫിക്കേഷൻസ് ടീച്ചിംഗ് സ്റ്റാഫിനും നോൺ ടീച്ചിംഗ് സ്റ്റാഫിനും ഉൾക്കൊള്ളിക്കണ മെന്ന ഒരു പുതിയ വകുപ്പ് ചേർക്കണം എന്നതാണ് എന്റെ ഭേദഗതി. ഞാൻ അത് മൂവ് ചെയ്യുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ, ഭേദഗതി സ്വീകാര്യ മല്ല.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 534-ാം നമ്പർ ഭേദഗതി സഭയുടെ അനുമതി യോടെ പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

7-ാം വകുപ്പ്

ശ്രീ. എം. എ. വാഹീദ് : സർ, ഞാൻ 535-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

(535) Clause 7(e) may be deleted.

(536) In Clause 7(i) item (a) delete the words "Supreme Court or the".

(557) After item (c) of sub-clause (1) of Clause 7 add the following:

(f) The Director of Medical Education—Member

(g) The Director of Technical Education—Member

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു. സർ, ഇവിടെ 534-ാം നമ്പർ ഭേദഗതി ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ചത് ഞങ്ങൾക്ക് കൂടി സ്വീകാര്യമായ ഒരു വകുപ്പാണ്. അതുകൊണ്ട് ഞങ്ങൾകൂടി അത് പിന്താങ്ങി 534 ഈ ബില്ലിന്റെ ഭാഗമാക്കി മാറ്റേണ്ടതായിരുന്നു. അത് എന്താണെന്നറിയാത്തതാണ് മെമ്പർമാർ ഉന്നയിക്കുന്ന പ്രശ്നം. ആ ഭേദഗതി എന്തായി എന്ന് സഭ അറിയില്ല. ഇവിടെ ഞാൻ ഭേദഗതി അവതരിപ്പിക്കുന്നു. മാനേജുമെന്റിനെ ഇത്ര നഗ്നമായി സഹായിക്കുന്ന ഒരു ഗവൺമെന്റ് നയത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ ഇവിടെ സംസാരിക്കുന്നില്ല.

ശ്രീ. പി. ജയരാജൻ : സർ, ഞാൻ 537-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

537. In Clause 7(1) for the words "to conduct any enquiry into complaints regarding capitation fee" substitute the following words, namely:

"Examine where any self-financing professional colleges has violated the provisions of sub-section (i) of the Section (6)".

ഇതിൽ Constitution of the Committee-യാണ്. അപ്പോൾ ഈ ക്യാപിറ്റേഷൻ ഫീസിനെ സംബന്ധിച്ച് പരാതിയുണ്ടായാൽ അത് അന്വേഷിക്കുന്നതിനുവേണ്ടിയിട്ടുള്ള കമ്മിറ്റിയായിട്ടാണ് ഈ കമ്മിറ്റിയെ നിശ്ചയിച്ചിട്ടുള്ളത്. എന്റെ ഭേദഗതി "to conduct any enquiry into complaints regarding capitation fee" എന്നുള്ളതിനു പകരമായി "Examine where any self-financing professional colleges has violated the provisions of sub-section (i) of the Section (6)". സർ, ആറാം വകുപ്പിൽ ഈ ക്യാപിറ്റേഷൻ ഫീസ് നിരോധിച്ചിട്ടുണ്ട്. ആ നിരോധിച്ച കാര്യം സംബന്ധിച്ച് പരാതിവന്നാൽ അന്വേഷിക്കാനാണ് ഇവിടെ നിർദ്ദേശിച്ചിട്ടുള്ളത്. പരാതി വന്നാൽ അന്വേഷിക്കുകയല്ല. ഇതിനകത്ത് ലാ സെക്രട്ടറിയും അതുപോലെതന്നെ ഗവൺമെന്റ് ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ് സെക്രട്ടറിയും സുപ്രീംകോടതി റിട്ടയേർഡ് ജഡ്ജ് അടക്കമുള്ള കമ്മിറ്റിയാണ്. ആ കമ്മിറ്റിക്ക് സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എവിടെയെങ്കിലും ക്യാപിറ്റേഷൻ ഫീസ് വാങ്ങുന്നുണ്ടോ എന്നുള്ളത് പരിശോധിക്കാനുള്ള അധികാരം കൊടുക്കണമെന്നതാണ് എന്റെ ഭേദഗതിയുടെ സാരം.

LIBRARY ARCHIVES Kerala Legislative Assembly

<u>ഡോ. തോമസ് ഐസക്ക്</u> : സർ, ഞാൻ എന്റെ 538, 552എന്നീ ഭേദഗതികൾ മൂവ് ചെയ്യുന്നു.

(538) In Clause 7(1) insert the following words between the words "to" and "conduct" "fix fees to be paid by students admitted in management quota seats and to".

(552) In Clause 7 insert the following after item (a) in sub-clause (1) of Clause 7 and re-number the rest.

"(b) Vice Chancellor of the University—Vice Chairman".

<u>ശ്രീ. ടി.കെ. ദേവകുമാർ</u> : ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(539) In sub-clause (1) of clause 7 for the words "to conduct any enquiry in to complaints regarding capitation fee" by the following shall be substituted, namely:

"Examine whether any self-financing professional college has violated the provisions of sub-section (i) of Section (6)".

(561) In Clause 7(1) add the following as item (f):

"(f) Vice Chancellor of all Universities in the State—Member".

539-ാമത്തെ ഭേദഗതി എന്നുപറയുന്നത് റിട്ടയേർഡ് സുപ്രീം കോർട്ട് ജഡ്ജ് ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റി, ഹയർ എഡ്യുക്കേഷൻ ഡിപ്പാർട്ടുമെന്റ് സെക്രട്ടറി മെമ്പർ സെക്രട്ടറി ആയിട്ടുള്ള ഈ കമ്മിറ്റി ഏതെങ്കിലും പരാതി കിട്ടുന്നില്ല എങ്കിൽ സർക്കാരിന്റെ ശമ്പളവും അലവൻസും വാങ്ങി സ്വസ്ഥമായിട്ടിരിക്കും എന്നുള്ളതാണ്. പ്രായോഗികമായിട്ട് ചോദിച്ചാൽ ഒരു വിദ്യാർത്ഥിയോ ആ വിദ്യാർത്ഥിയുടെ രക്ഷകർത്താവോ എന്റെ മകൻ ഇത്രയും രൂപ ക്യാപിറ്റേഷൻ ഫീസ് കൊടുത്തെന്നു പറയത്തില്ല. കാരണം ചാത്തന്നൂർ മുൻ എം.എൽ.എ. സഖാവ് അനിരുദ്ധന്റെ മകന്റെ അനുഭവം നമ്മുടെ മുമ്പിലുള്ളതാണ്. അതുകൊണ്ടുതന്നെ ഈ കാര്യത്തിൽ എന്താണ് വേണ്ടതെന്നു ചോദിച്ചാൽ പരാതി ഇല്ലെങ്കിലും ഈ നിയമത്തെ ലംഘിച്ചുകൊണ്ട് ഏതെങ്കിലും സ്വാശ്രയ മാനേജുമെന്റ് കുട്ടികളിൽനിന്ന് പണം വാങ്ങിയിട്ടുണ്ടോ എന്ന് അന്വേഷിക്കുവാനുള്ള അധികാരം ഈ കമ്മിറ്റിക്ക് ഉണ്ടാകണം. അതല്ല എങ്കിൽ ആടിന്റെ കഴുത്തേൽ തൂങ്ങുന്ന.................. അതുപോലുള്ള ഒരു സ്ഥിതി വരും. മനസ്സിലായോ? അത് വരാതിരിക്കാനും ഇതുപോലുള്ള ഒരു ഭേദഗതി ഇപ്പോൾ കൊണ്ടുവരുന്നത് നന്നായിരിക്കും. ബഹുമാനപ്പെട്ട മന്ത്രി ഈ ഭേദഗതി സ്വീകരിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

<u>ശ്രീ. തമ്പാനൂർ രവി</u> : ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(540) In Clause 7(1) the words "collection of" shall be inserted between the words "regarding" and "capitation fee".

LIBRARY ARCHIVES Kerala Legislative Assembly

(558) In Clause 7(1) the following shall be inserted:

(f) Director of Medical Education

(g) Director of Technical Education

(h) Secretary to Government, Finance Department.

(568) In Clause 7(2) the words "in consultation with Government" shall be inserted between the words "may" and "adopt".

(570) In Clause 7(3) the words "the period of service" shall be inserted between the words "The" and "terms and conditions".

ഇതിൽ 558, കമ്മിറ്റി, ഇതിനകത്ത് Director of Medical Education, Director of Technical Education, ഫൈനാൻസ് ഡിപ്പാർട്ടുമെന്റിൽ നിന്നും ആരുമില്ല. Secretary to Government, Finance Department ഇവരെക്കൂടി ആ കമ്മിറ്റിയിൽ ചേർക്കണമെന്നാണ് എന്റെ ഭേദഗതി.

ശ്രീ. കെ. സി. ജോസഫ്: ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(541) In Clause 7(1) after the words 'complaint regarding' for the words "capitation fee" substitute with the following words:

"the collection of capitation fee, procedure for admission of students and fixation of fee structure."

(547) In Clause 7(1) (a) after the words High Court of Kerala add the following "nominated by the Government".

(551) Clause 7(1)(a) shall be recast as follows:

A Retired Judge of the Supreme Court or the High Court—Chairman

(554) Clause 7(1)(d) shall be modified as follows:

Secretary to Government—Law Department—Member.

(567) Clause 7(1) shall be recast as follows:

"7. The Government shall constitute a committee with the following members, to supervise and control the affairs of the self-financing institutions.

(a) A Retired Judge of the Supreme Court or the High Court—Chairman.

(b) Secretary to Government—Member Secretary.

(c) Secretary to Government—Health and Family Welfare Department—Member.

(d) Secretary to Government—Law Department—Member.

(e) Commissioner for Entrance Examination, Kerala—Member".

LIBRARY ARCHIVES Kerala Legislative Assembly

ഒരു വാക്ക് പറയാനുള്ളത്, ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു കെ. ടി. തോമസ് കമ്മിറ്റി ശുപാർശചെയ്ത ആ ഫീസ് സ്ട്രക്ചർ, അവർ മാനേജുമെന്റ് ക്വോട്ടയിൽ അംഗീകരിക്കുമെന്ന്. ഒരു അർദ്ധ മനസ്സോടുകൂടി അത് ചെയ്യണ്ട. ഞങ്ങൾ സെൽഫ് ഫിനാൻസിംഗ് കോളേജുകൾ ആരംഭിക്കുന്ന സമയത്ത് ഇവിടെ മുഖ്യമന്ത്രി സഭയിൽ പറഞ്ഞതും പുറത്തു പറഞ്ഞതും എന്താണ്? രണ്ട് സെൽഫ് ഫിനാൻസിംഗ് കോളേജെന്നു പറഞ്ഞാൽ ഒരു ഗവൺമെന്റ് കോളേജ് എന്നാണ്. ആ തീരുമാനത്തിൽ ഒരു തുള്ളി വെള്ളം ചേർക്കാതെ അക്ഷരാർത്ഥത്തിൽ സർക്കാർ കോളേജിലെ ഫീസ് സ്ട്രക്ചറും സർക്കാർ കോളേജിലെ പ്രവേശന മാനദണ്ഡവും പൂർണ്ണമായി നടപ്പിലാക്കിക്കൊണ്ട് രണ്ട് സെൽഫ് ഫിനാൻസിംഗ് കോളേജ് എന്നു പറഞ്ഞാൽ ഒരു സർക്കാർ കോളേജെന്ന് നിർവ്വചിച്ചിരിക്കുകയാണ്. നിങ്ങളും പറഞ്ഞു. ഈ ബില്ലിനകത്ത് ഗുണകരമായ നിയന്ത്രണങ്ങളുണ്ട്. കേരളത്തിനു പുറത്തേയ്ക്കു പോലും പോയ ഒരു വലിയ വിഭാഗം വിദ്യാർത്ഥികളെ കേരളത്തിലേക്ക് മടക്കിക്കൊണ്ടുവന്ന് , കർണ്ണാടകത്തിലുണ്ടാക്കിയ സൗകര്യം , കേരളത്തിൽ ഉണ്ടാക്കുന്ന നടപടിയെ ദയവായി നിങ്ങൾ കർണ്ണാടക ലോബിക്കു വേണ്ടി വാദിച്ച് കേരളത്തിലെ കോളേജുകളെ പൂട്ടിക്കരുത്. ഈ ബില്ല് പാസ്സാക്കി പാർലമെന്റിൽ കൊണ്ടുപോയി നമുക്ക് ഭരണഘടനയുടെ ഒമ്പതാം ഷെഡ്യൂളിൽപ്പെടുത്താൻ നിങ്ങൾ സഹകരിക്കണം.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ ഞാൻ എന്റെ 546, 571 എന്നീ നമ്പർ ഭേദഗതികൾ മൂവ് ചെയ്യുന്നു.

(546) In Clause 7 (1)(a) for words "or the High Court of Kerala" the words "or a retired Chief Justice of the High Court of Kerala" shall be substituted.

(571) In Clause 7(3) for the words "and other members of the Committee and the powers and functions thereof" the words, "and the powers and functions of the Committee" shall be substituted.

അത് സെൽഫ് ഫിനാൻസിംഗ് കമ്മിറ്റിയിൽ 1(എ)-യിൽ A Retired Judge of the Supreme Court or the High Court of Kerala എന്നേയുള്ളു. അതിൽ A Retired Judge of Supreme Court or a Retired Judge of High Court രണ്ടുപേരെയും ഒരുപോലെ കാണുന്നത് ശരിയല്ല. A Retired Judge of the Supreme Court എന്നുള്ളപ്പോൾ തീർച്ചയായിട്ടും A Retired Chief Justice of the High Court of Kerala എന്നത് നന്നായിരിക്കും എന്നുള്ളതാണ് എന്റെ 546-ാം നമ്പർ ഭേദഗതി. അതുപോലെ തന്നെ 571 ഞാൻ മൂവ് ചെയ്യുകയാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ഞാൻ എന്റെ 548-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

(548) In Clause 7(1) (a) add the following:

"belonging to a backward class community".

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ എന്റെ 553, 575 എന്നീ നമ്പർ ഭേദഗതികൾ മൂവ് ചെയ്യുന്നു.

(553) Clause 7(1)(d) shall be deleted and the following shall be added.

(d) The Commissioner for Entrance Examination, Kerala.

(e) Director of Medical Education.

(f) Director of Technical Education.

(g) Representative of Management.

(h) Representative of PTA.

(575) In Clause 7 add a new sub-clause as follows:

"(4) the appeal if any, against the decision of the committee, shall be submitted by the concerned authorities within 15 days, to the Government".

ബഹുമാനപ്പെട്ട കെ. സി. ജോസഫ് പറഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്. കർണ്ണാടക ലോബിക്കുവേണ്ടി ഞങ്ങൾ നിൽക്കുന്നില്ല, നിങ്ങൾ ക്രിസ്ത്യൻ മെഡിക്കൽ കോളേജ് വെല്ലൂർ, ആ ഫീസ് സ്ട്രക്ചർ നടപ്പിലാക്കുവാൻ തയ്യാറുണ്ടോ? ഇപ്പോൾ ഈ ബില്ലിനു വേണ്ട എല്ലാ പിന്തുണയും തരാം. ധൈര്യമുണ്ടോ. നിങ്ങൾ ആ തന്റേടം കാണിക്കുമോ? ശ്രീകണ്ഠാപുരത്തെ കൃഷിക്കാരനായ ജോസഫിന്റെ മകൻ മനു മാത്യുവിനെ പുറത്താക്കിയിരിക്കുകയാണ്. 7,53,000 രൂപ കൊടുക്കാത്തതുകൊണ്ട്. ഇതിനെതിരായിട്ട് പറയുന്ന നിങ്ങൾ ആരുടെ കൂടെയാണ്. നിങ്ങൾ സമ്പന്നൻമാരുടെ കൂടെയാണ്. വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിലെ ഈ ഫീസ് സ്ട്രക്ചർ നടപ്പിലാക്കുവാൻ നിങ്ങളുണ്ടോ? കർണ്ണാടക ലോബിയുടെ കാര്യം പറഞ്ഞു.

ശ്രീ. എൻ. ശക്തൻ: ഞാൻ എന്റെ 555, 574 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(555) In Clause 7 a new sub-clause (f) shall be inserted as follows:

"(f) an Eminent Educationalist in the State—Member".

(574) In Clause 7 a new sub-clause (4) shall be added:

"(4) the tenure of the committee shall be a period of 3 years".

സർ, അതിൽ, ഒരു കാര്യം ഈ പരാതിയെപ്പറ്റി അന്വേഷിക്കുന്നതിന് കേരളത്തിൽ അറിയപ്പെടുന്ന ഒരു വിദ്യാഭ്യാസ വിചക്ഷണനെകൂടി ആ കമ്മിറ്റിയിൽ ഉൾപ്പെടുത്തണമെന്നാണ് എന്റെ 555-ാം നമ്പർ ഭേദഗതി. ഈ പരാതികൾ അന്വേഷിക്കുന്നതിനു വേണ്ടിയുള്ള സർക്കാർ രൂപീകരിച്ചിരിക്കുന്ന കമ്മിറ്റിയുടെ കാലാവധി പറഞ്ഞിട്ടില്ല. മൂന്നു വർഷമായി അതിന്റെ കാലാവധി നിജപ്പെടുത്തണമെന്നാണ് എന്റെ 574-ാം നമ്പർ ഭേദഗതി.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : ഞാൻ എന്റെ 556-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(556) In Clause 7(1) after (e) the following shall be added:

"(f) a Vice Chancellor of any one of the Universities of Kerala".

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : ഞാൻ എന്റെ 559-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(559) In Clause 7 (i) after item (1) add the following items:

"(f) a Chartered Accountant of repute—Member.

(g) a member of the Medical Council of India.

(h) a member of the All India Council of the Technical Education.

(i) Secretary, Health Department.

(j) Secretary to Government, Higher Education—Member Secretary.

ക്യാപിറ്റേഷൻ ഫീസ് വാങ്ങുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് പരിശോധിക്കുന്നതിനുവേണ്ടിയാണ്. യഥാർത്ഥത്തിൽ ഇസ്ലാമിക അക്കാദമി കോളേജിലെ കുട്ടികളുടെ പ്രവേശനവും ഫീസുമായി ബന്ധപ്പെട്ടു കൊണ്ടുള്ള കമ്മിറ്റിയാണ് ഉദ്ദേശിക്കുന്നത്. സുപ്രീംകോടതി വിധിക്ക് എതിരായിട്ടുള്ള കമ്മിറ്റി. ഈ ഒരു കമ്മിറ്റിയുടെ ആവശ്യമില്ല. കമ്മിറ്റി വാങ്ങിയിരിക്കുന്നത് കുട്ടികളുടെ പ്രവേശനത്തെ സംബന്ധിച്ചും ഫീസുമായും ബന്ധപ്പെട്ടുകൊണ്ടുള്ള പരാതിയെ സംബന്ധിച്ച് അന്വേഷിക്കുന്നതിനുള്ള കമ്മിറ്റിയാണ്. ആ കമ്മിറ്റിയിൽ വളരെ വ്യക്തമായി ഇസ്ലാമിക അക്കാദമി കേസിൽ പറഞ്ഞിട്ടുള്ളത്, Chartered Accountant, Member of the Medical Council, All India Council of the Technical Education, Secretary Health, Secretary Higher Education, Member Secretary. അതാണ് കമ്മിറ്റി. ഈ കമ്മിറ്റിയുടെ ആവശ്യമെന്തെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ആർക്കു വേണ്ടിയാണ് ഈ കമ്മിറ്റി?

ശ്രീ. കെ. പി. മോഹനൻ: ഞാൻ എന്റെ 562-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(562) After Clause 7 (1) (e) add the following:

"(d) A member representing the Teachers Association of Professional Colleges".

ശ്രീ. വി. കെ. സി. മമ്മത്കോയ : ഞാൻ എന്റെ 563-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(563) The following item shall be added at the end of Clause 7(1):

(f) Three members elected by the members of the Kerala Legislative Assembly from among themselves.

(g) Two members elected by the members of Lok Sabha representing any Constituency in the State of Kerala from among themselves.

പരാതി പരിഹരിക്കുവാനുള്ള ഈ കമ്മിറ്റിയിൽ നിയമസഭയിൽ നിന്നും മൂന്നു സാമാജികരെയും അതുപോലെ രണ്ട് എം. പി.-മാരെയുംകൂടി ഉൾപ്പെടുത്തണം.



LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സർ, ഞാൻ എന്റെ 564-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുകയാണ്.

(564) In Clause 7(1) add the following item as item (f):

(f) An educational expert who belongs to the Scheduled Caste or Scheduled Tribe Community—Member.

ഈ കമ്മിറ്റി രൂപീകരിക്കപ്പെടുമ്പോൾ എസ്.സി./എസ്.ടി. പ്രാതിനിധ്യം മറ്റു കാര്യങ്ങളെ കുറിച്ചൊക്കെ പരിശോധിക്കണമെന്നുണ്ടെങ്കിൽ എസ്.സി./എസ്.ടി. ഭാഗത്തുനിന്നുള്ള നല്ല എക്സ്പേർട്ട് ആയിട്ടുള്ള മെമ്പറെ ചേർക്കണമെന്നാണ്. അത് അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u> : ഞാൻ എന്റെ 566-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(566) Clause 7(1) shall be recast as follows:

"a committee consisting of Cheif Minister, Opposition Leader and Chief Justice of the High Court of Kerala shall be constituted for the purpose of selecting a retired Judge of the Supreme Court or High Court of Kerala as Chairman and a member from the list of the following officials, namely:

Secretary to Government, Higher Education Department, Secretary to Government, Health and Family Welfare, Law Secretary and the Commissioner of Entrance Examination. A Vice-Chancellor from one of the Universities of Kerala shall also be a member."

കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുമ്പോൾ മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, ഹൈക്കോടതി ചീഫ് ജസ്റ്റിസ് എന്നിവരുമായി ആലോചിച്ച് ഒരു പുതിയ പാനൽ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും. ആ കമ്മിറ്റി ഏറ്റവും പ്രധാനപ്പെട്ട കമ്മിറ്റിയാണ് നമ്മൾ രൂപീകരിക്കുന്നത്. അതുപോലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചപ്പോൾ നിർദ്ദേശിച്ചത് കേരളത്തിലുള്ള ഏതെങ്കിലും ഒരു വൈസ് ചാൻസ്‌ലർ ആ കമ്മിറ്റിയിൽ അംഗമായിരിക്കണം. ആ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. എസ്. സുപാൽ</u> : ഞാൻ എന്റെ 573-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുകയാണ്.

(573) After Clause 7(3) a new sub clause shall be added:

"(4) The tenure of the committee shall be for a period of three years and re-constituted thereafter."

ക്യാപിറ്റേഷൻ വാങ്ങുന്ന കോളേജുകൾക്ക് കൂടുതൽ പഴുതുകൾ ഉണ്ടാക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് ഈ ബില്ലിലുള്ളത്. ഇവിടെ ശ്രീ. കെ. സി. ജോസഫ് പറയുകയുണ്ടായി. ഗവൺമെന്റിന്റെ ഔദാര്യംകൊണ്ടാണ് രണ്ടു സ്വാശ്രയ കോളേജിനോടൊപ്പം ഒരു ഗവൺമെന്റ് കോളേജ് എന്നുള്ള നിലയ്ക്ക് തീരുമാനിക്കുവാൻ ഇടയായിട്ടുള്ളത് എന്ന്. ആരുടെയും ഔദാര്യം കൊണ്ടല്ല.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ പ്രതിപക്ഷം, ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഇവിടുത്തെ വിദ്യാർത്ഥികളും അതുപോലെ തന്നെ ചെറുപ്പക്കാരും രാഷ്ട്രീയ പ്രസ്ഥാനങ്ങളും സമരം നടത്തി. അതിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ നിർബന്ധിതരായി തീർന്നതാണ്. അല്ലാതെ നിങ്ങളുടെ ഔദാര്യമല്ല. മറ്റു സംസ്ഥാനങ്ങളിലെ ലോബിയെ സഹായിക്കുന്ന കാര്യം ഇവിടെ പറഞ്ഞു. ഈ നിയമം രണ്ടു മൂന്നു വർഷക്കാലമായി താമസിപ്പിച്ചുകൊണ്ട് ഇവിടത്തെ വിദ്യാർത്ഥികളെ മറ്റു സംസ്ഥാനങ്ങളിലേക്കു പോകുവാൻ അവസരം ഉണ്ടാക്കിയ നിങ്ങൾ ഈ ആരോപണം ഉന്നയിക്കുന്നത് മലർന്നു കിടന്ന് തുപ്പുന്നതിനു തുല്യമാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): ശ്രീ കെ. സി. ജോസഫ് അവതരിപ്പിച്ച 551, 554 എന്നീ ഭേദഗതികൾ സ്വീകാര്യമാണ്. അതിന്റെകൂടെ കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 564-ാം നമ്പർ ഭേദഗതി An educational expert who belongs to the Scheduled Caste or Scheduled Tribe Community Member എന്നതും സ്വീകരിക്കുന്നു. മറ്റു ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 551, 554 എന്നീ ഭേദഗതികളെയും ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 564-ാം നമ്പർ ഭേദഗതിയെയും

അനുകൂലിക്കുന്നവർ ....................

പ്രതികൂലിക്കുന്നവർ......................

(ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.)

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 535-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 536, 557 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 537-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഡോ. തോമസ് ഐസക് അവതരിപ്പിച്ച 538, 552 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 539, 561 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 540, 558, 568, 570 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 541, 547, 567 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 546, 571 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ടി. അഹമ്മദ് അലി നമ്പർ അവതരിപ്പിച്ച 548-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 553, 575 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ശക്തൻ അവതരിപ്പിച്ച 555, 574 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ അവതരിപ്പിച്ച 556-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 559-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 562-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. സി. മമ്മത് കോയ അവതരിപ്പിച്ച 563-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 566-ാംനമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി.എസ്. സുപാൽ അവതരിപ്പിച്ച 573-ാംനമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

**Shri Thomas Unniyadan**: Sir, I move the following amendment.

(578) In Clause 8, for the word, "college", wherever it occurs, the words, "self financing Professional College" shall respectively be substituted.

സർ, ഞാൻ 6-ാം വകുപ്പിലെ 524-ാം ഭേദഗതിയിൽ ആവശ്യപ്പെട്ട കാര്യം തന്നെയാണ്. അതായത് "any college" എന്നുള്ളതിന്റെ സ്ഥാനത്ത് Self Financing Professional College എന്നാക്കണമെന്നുള്ളതാണ്.

**Shri K. P. Rajendran**: Sir, I move the following amendments.

(579) In Clause 8 for the words "recommend to" substitute the word "direct" and insert the word "for" after the word "Government".

(597) In Clause 8 a new proviso shall be added as follows:

"Provided the Government and the University shall provide necessary facilities for the students to continue their education in the case of disaffiliation of any college by the University".

LIBRARY ARCHIVES Kerala Legislative Assembly

അഫിലിയേഷൻ പിൻവലിക്കൽ അതാണ് ഏറ്റവും വലിയ പീനൽ ക്ളാസായിട്ട് വരുന്നത്. അഫിലിയേഷൻ പിൻവലിക്കുന്നത് റെക്കമെന്റേഷൻ എന്നുപറഞ്ഞാൽ പോരാ, ഡയറക്ട് ചെയ്യണം. 597 - അഫിലിയേഷൻ പിൻവലിച്ചു കഴിഞ്ഞാൽ ആ കോളേജിൽ പഠിക്കുന്ന കുട്ടികളുടെ future ഒരു പ്രധാനപ്പെട്ട കാര്യമാണ്. അഫിലിയേഷൻ പിൻവലിച്ചു കമ്മിറ്റി പരിശോധിച്ച് അവർക്ക് പറയാനുള്ള അവസരം മാനേജ്മെന്റ് കൊടുത്ത് കമ്മിറ്റിക്ക് ഉത്തമ ബോധ്യം വരുന്നു. കമ്മിറ്റി ഗവൺമെന്റിലേക്ക് റെക്കമെന്റ് ചെയ്തു. ഗവൺമെന്റ് തീരുമാനം എടുത്തു അവരുടെ അഫിലിയേഷൻ വിത്ഡ്രോ ചെയ്തു. ആ കോളേജിൽ പഠിക്കുന്ന കുട്ടികളുടെ തുടർന്നുള്ള പഠനത്തെ സംബന്ധിച്ച് വ്യക്തത വേണം. കോട്ടയത്തെ എഞ്ചിനീയറിംഗ് കോളേജിനെ സംബന്ധിച്ച് ശ്രീമതി മേഴ്സി രവി കഴിഞ്ഞദിവസം ഇവിടെ ഒരു സബ്മിഷൻ അവതരിപ്പിച്ചു. ഞാൻ കഴിഞ്ഞ ദിവസം ചൂണ്ടിക്കാണിച്ചു, രണ്ടാം വർഷം വന്ന വിദ്യാർത്ഥികൾ നല്ല മെറിറ്റിൽ ഓപ്റ്റ് ചെയ്ത് കോളേജിൽ പോയി ചേർന്നാൽ സെക്കന്റ് ഇയർ വന്നപ്പോഴാണ് കോളേജിന്റെ അഫിലിയേഷനെ സംബന്ധിച്ച് പ്രശ്നം വന്നത്. അവരുടെ തുടർന്നുള്ള പഠനത്തെ സംബന്ധിച്ച് യൂണിവേഴ്സിറ്റിയിലും ഗവൺമെന്റിലും മന്ത്രിമാരുടെ ഓഫീസിലും ഞങ്ങളുടെയൊക്കെയെടുത്തും കുട്ടികളുടെ രക്ഷകർത്താക്കൾ നിരവധി തവണ വന്നിട്ടുണ്ട്. അതുകൊണ്ട് അങ്ങനെയൊരവസ്ഥ ഉണ്ടാകരുത്. കുറേ കോളേജുകളുടെ അഫിലിയേഷൻ വിത്ഡ്രോ ചെയ്യേണ്ടി വരുമല്ലോ. അങ്ങനെ വരുമ്പോൾ ഇവിടെ മെറിറ്റിലൊക്കെ വന്നുചേർന്ന കുട്ടികളുടെയൊക്കെ ഭാവി പോകരുത്. അതുകൊണ്ട് ഈ ഭേദഗതി തള്ളിക്കളയരുത്.

**Shri Thampanoor Ravi**: Sir, I move the following amendment.

(580) In Clause 8 the word "immediately" shall be added between the words "in force the University" and shall disaffiliated.

സർ, ഞാൻ സംസാരിക്കുന്നില്ല.

**Shri Kodiyeri Balakrishnan**: Sir, I move the following amendment.

(584) In Clause 8, add the following at the end, namely:

"and the university shall make alternative arrangements for the continuance of the course of study of the students of the disaffiliated colleges."

അഫിലിയേഷൻ പിൻവലിച്ച് കോളേജ് ഏറ്റെടുക്കുകയോ പഠിക്കുന്ന കുട്ടികൾക്ക് പകരം സംവിധാനം ഏർപ്പെടുത്തുകയോ ചെയ്യുക എന്നുള്ളതാണ് എന്റെ ഭേദഗതി.

**Shri K. V. Kunhiraman**: Sir, I move the following amendment.

(585) Delete the proviso to Clause 8

**Shri P. S. Supal**: Sir, I move the following amendment.

(591) In the proviso to Clause 8 delete the words "other than the receipt of capitation fee".

സർ, ഞാൻ പറഞ്ഞിട്ട് കാര്യമില്ല.

**Shri K. P. Satheesh Chandran**: Sir, I move the following amendment.

LIBRARY ARCHIVES Kerala Legislative Assembly

(592) The proviso to Clause 8 shall be recast as follows:

"provided that if the Government is satisfied that the provisions of this Act are not complied by the Management of any Self Financing Professional Colleges the Government may take over the management of that college for a period as decided by the Government."

ഈ നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്ന മാനേജ്മെന്റുകൾക്കെതിരായി സ്വീകരിക്കാവുന്ന നടപടികളെ സംബന്ധിച്ച ഭാഗങ്ങൾ പലതും അവ്യക്തമാണ്. പഴുതുകളുണ്ട്. അതുകൊണ്ട് മാനേജ്മെന്റുകൾ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തണം. വ്യവസ്ഥകൾ ലംഘിക്കുന്ന സാഹചര്യത്തിൽ ഒരു നിശ്ചിത കാലയളവിൽ സർക്കാർ ഏറ്റെടുക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

**Shri K. Radhakrishnan**: Sir, I move the following amendment.

(598) Clause 8 shall be recast as follows:

*Withdrawal of affiliation.*— If the Committee is satisfied that any college has contravened or failed to comply with any provision contained in this Act. It may without prejudice to any other penalty under this Act recommend to the concerned University the disaffiliation of the College from the University and the University may after giving the management an opportunity of being heard, disaffiliate the college concerned forthwith notwithstanding anything contained in any other law for the time-being in force.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 578-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ .....................

പ്രതികൂലിക്കുന്നവർ.......................

(ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.)

ശ്രീ. കെ.പി. രാജേന്ദ്രൻ അവതരിപ്പിച്ച 579, 597 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 580-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 584-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ.വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 585-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി.എസ്. സുപാൽ അവതരിപ്പിച്ച 591-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ അവതരിപ്പിച്ച 592-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 598-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

**Shri N. Sakthan**: Sir, I move the following amendment.

(600) In Clause 9 after the words "provisions of this Act" shall the following words shall be inserted "other than receipt of capitation fee".

ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥ ലംഘിക്കുന്നവർക്ക് 5 ലക്ഷം രൂപയാണ് പിഴ പറഞ്ഞിരിക്കുന്നത്. അതിൽ നിന്ന് ക്യാപ്പിറ്റേഷൻ ഫീ ഒഴിവാക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. ക്യാപ്പിറ്റേഷൻ ഫീ അടയ്ക്കുന്നവർക്ക് അതിനെപ്പറ്റി പരാതി അന്വേഷിക്കുന്നതിന് പ്രത്യേകം സംവിധാനവും പ്രത്യേക ശിക്ഷയും ഉള്ളതുകൊണ്ട് ഇതിൽ നിന്ന് ക്യാപ്പിറ്റേഷൻ ഫീ ഒഴിവാക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

**Shri A. C. Shanmugha Das**: Sir, I move the following amendment.

(602) In Clause 9 after the words "be punished" the following shall be substituted:

"with imprisonment upto 5 years with a fine upto five lakhs rupees".

അഞ്ചു കൊല്ലം എന്നു പറയുമ്പോൾ അങ്ങനെ പറയാമോ എന്ന് തോന്നിപ്പോകും. ഈ ബില്ല് മാനേജ്മെന്റും ഗവൺമെന്റും തമ്മിൽ ഒത്തുകളിച്ച ദുർമുഖ സന്തതിയാണ്. ഈ ബില്ല് മാനേജ്മെന്റിനു വേണ്ടിയുള്ള ബില്ലാണ്. ഇതിലെ വ്യവസ്ഥകൾ ആരെങ്കിലും ലംഘിക്കുന്നുവെങ്കിൽ അതിന് ക്രൂരവും കഠിനവുമായ ശിക്ഷ കൊടുത്തേ മതിയാകൂ എന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

**Shri Kodiyeri Balakrishnan**: Sir, I move the following amendment.

(603) In Clause 9, for the words "which may extend to five lakhs rupees" substitute the following:

"which may not be less than five lakhs rupees and which may extend to twenty lakh rupees; and imprisonment for a period which may extend to one year or with both".



LIBRARY ARCHIVES Kerala Legislative Assembly

സർ, ഇത് ലംഘിക്കുന്ന ആളുകൾക്കുള്ള ശിക്ഷ സംബന്ധിച്ചാണ് ഇതിനകത്ത് പറയുന്നത്. 5 ലക്ഷം രൂപയാണ് പിഴ. 50 ലക്ഷം രൂപ വാങ്ങുന്നവർക്ക് 5 ലക്ഷം പിഴ ഏർപ്പെടുത്തിയിട്ടെന്തു കാര്യം? അതുകൊണ്ട് അവരെ നിയന്ത്രിക്കണമെങ്കിൽ ഒരു വർഷത്തെ തടവ് കൊടുക്കണമെന്നാണ് പറയാനുള്ളത്. അപ്പുറത്ത് ഇരിക്കുന്നവർ പറഞ്ഞു 2 സ്വാശ്രയ കോളേജ് = ഒരു ഗവൺമെന്റ് കോളേജ് എന്ന തത്വം നടപ്പാക്കാനാണ് എന്ന്. 3 കൊല്ലമായിട്ട് നടപ്പാക്കാത്തവരാണ് ഇത് പറയുന്നത്. കാരക്കോണം കോളേജിലെ മെറിറ്റ് സീറ്റിലുള്ള വിദ്യാർത്ഥികൾ ഇപ്പോഴും ഗവൺമെന്റ് ഫീസല്ല കൊടുക്കുന്നത്. അതുപോലും മാറ്റാൻ കഴിയാത്ത ആളുകൾ ഇവിടെ മേഞ്ഞ് നടക്കുകയാണ്.

**Shri K. P. Rajendran**: Sir, I move the following amendment.

(604) In Clause 9 for the words "may extend to 5 lakhs" substitute the words "shall be 25 lakhs rupees or above".

ഫൈൻ കുറച്ച് വർദ്ധിപ്പിക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

**Shri Thampanoor Ravi**: Sir, I move the following amendment.

(605) In Clause 9 for the words "five lakhs" the words "three lakhs" shall be substituted.

**Shri N. Rajan**: Sir, I move the following amendment.

(606) In Clause 9 for the words "five lakhs rupees" the words "fifteen lakhs rupees" shall be substituted.

**Shri Mankodu Radhakrishnan**: Sir, I move the following amendment.

(607) In Clause 9, for the words "rupees 5 lakhs" the words "rupees 10 lakhs" shall be substituted.

**Shri T. K. Balan**: Sir, I move the following amendment.

(609) In Clause 9 substitute the words "25 lakhs" for the words "five lakhs".

ഒരു കാര്യം ശപിച്ചുകൊണ്ട് പറയുകയാണ്. മാനേജ്മെന്റിന്റെ മൂക്കിൽ കയറിടാൻ 5 ലക്ഷം എന്നുള്ളത് 25 ലക്ഷമെങ്കിലും ഫൈൻ.ചെയ്യണം.

**Shri T. P. M. Sahir**: Sir, I move the following amendment.

(617) In Clause 9 substitute the words "Fifty lakhs" for the words "Five lakhs".

**Shri M. V. Jayarajan**: Sir, I move the following amendment:

(621) In Clause 9 in the 2nd line after the words "extend to" the word 'five' shall be deleted and the word "fifteen" shall be inserted and after the word "rupees" the words "and imprisonment for one year".

LIBRARY ARCHIVES Kerala Legislative Assembly

ബില്ലിൽ പറയുംപോലെ അഞ്ചു ലക്ഷം രൂപ പിഴ ഈടാക്കിയാൽ ഇവരെ എങ്ങനെ പിടിക്കാനാണ്? ശ്രീ. കോടിയേരി പറഞ്ഞതുപോലെ 40 ലക്ഷം രൂപ വാങ്ങുന്നവരെ ഈ അഞ്ചു ലക്ഷം കൊണ്ട് എന്തു ചെയ്യാനാണ്? അതുകൊണ്ട് ഒരു വർഷത്തെ കഠിന തടവ് വേണം. ഈ ഫൈൻ വർദ്ധിപ്പിക്കുകയും വേണം. ആരൊക്കെയാണ് ഇവരെന്ന് അറിയുമോ? യൂനുസ് കുഞ്ഞ്, കശുവണ്ടി മുതലാളി. ബഹുമാനപ്പെട്ട ശ്രീ. ബാബു ദിവാകരന് അറിയാമല്ലോ അവരാണിന്ന് കോളേജ് തുടങ്ങുന്നത്. ലീഗിന്റെ നേതാവ്. കശുവണ്ടി ഫാക്ടറിയിലാണ് കോളേജ് തുടങ്ങുന്നത്. സി.ബി.ഐ. കേസ് ഇപ്പോൾ ഹൈക്കോടതി ജാമ്യം നിഷേധിച്ചു. അവരെ ഈ അഞ്ച് ലക്ഷം കൊണ്ട് എന്താക്കാനാണ്? ഇന്നത്തെ രാഷ്ട്രദീപികയിൽ ഒരു വാർത്തയുണ്ട്. വിവാഹിതരായി. കർണ്ണാടകയിലെ മുൻ മന്ത്രി ജോണിന്റെ മകന്റെ വിവാഹമാണ്. പങ്കെടുത്തത് ബഹുമാനപ്പെട്ട മന്ത്രി കെ. വി. തോമസും ബഹുമാനപ്പെട്ട യു.ഡി.എഫ്. കൺവീനർ ഉമ്മൻ ചാണ്ടിയും. അവർ പങ്കെടുക്കണം. കോൺഗ്രസിന്റെ നേതാക്കൻമാരാണല്ലോ അവർ. അവർ പോകണം. ആരാണ് ടി. ജോൺ. ടി. ജോൺ അവിടുത്തെ മദ്യ വ്യാപാരി മാത്രമല്ല പ്രൊഫഷണൽ വിദ്യാഭ്യാസ വ്യാപാരി. ഈ പ്രൊഫഷണൽ വിദ്യാഭ്യാസ വ്യാപാരിയായിട്ടുള്ള ജോണിന് അഞ്ചു ലക്ഷം മൂക്കിൽ വലിക്കാനില്ല. അതുകൊണ്ട് അഞ്ചു ലക്ഷമൊക്കെ പിഴ അടപ്പിക്കുക എന്നു പറഞ്ഞാൽ തന്നെ നിങ്ങൾ ആരുടെ കൂടെയാണ് നിൽക്കുന്നത് എന്ന് വ്യക്തമാണ്. ഞാനിവിടെ ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച ഭേദഗതി വായിച്ചു നോക്കി. 605-ാം നമ്പർ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത് അഞ്ചു ലക്ഷം മൂന്നു ലക്ഷമായി കുറയ്ക്കണമെന്നാണ്. യൂനുസ് കുഞ്ഞുമാർ കച്ചവടം നടത്തുമ്പോൾ ആ കച്ചവടത്തിന് കൂടുതൽ ലാഭമുണ്ടാക്കണമെന്ന ഭേദഗതിയാണ്. അപ്പോൾ കശുവണ്ടി ഫാക്ടറി എൻജിനീയറിംഗ് കോളേജായി കൂടുതൽ വ്യാപാരം നടത്തി പാവപ്പെട്ട വിദ്യാർത്ഥികളിൽ നിന്നും ഇത്തരത്തിൽ കച്ചവടം നടത്തി ലാഭമുണ്ടാക്കാൻ പോകുന്നവർക്ക് മൂക്കുകയർ ഇടണം. ഞങ്ങൾ പാവപ്പെട്ട വിദ്യാർത്ഥികളുടെ കൂടെയാണ്. അവർ വ്യാപാരികളാണ്. ഞങ്ങളും അവരും തമ്മിലുള്ള വ്യത്യാസം അതാണ്. അതുകൊണ്ട് അങ്ങേയറ്റം പ്രതിഷേധത്തോടുകൂടി ഈ ഭേദഗതി മൂവ് ചെയ്യുന്നു.

**Shri Kovoor Kunjumon**: Sir, I move the following amendment:

(622) In Clause 9 for the words "be punished with fine which may extend to five lakhs rupees" shall be substituted with the following words:

"be punished with imprisonment for a term which may extend to three years and shall also be liable to fine which may extend to five lakhs rupees".

ഈ താപ്പാനകൾക്ക് നൽകിയ അഞ്ചു ലക്ഷം ഒന്ന് ശ്വാസം വിടാൻ പോലും ഇല്ല. ഇവിടെ ശ്രീ. കോടിയേരി പറഞ്ഞതുപോലെ 10 വർഷം കഠിന തടവു തന്നെ കൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

**Shri A. K. Balan**: Sir, I move the following amendment:

(624) Recast Clause 9 as follows:

"whoever contravenes any of the provisions of this act shall, on conviction be punished with fine which may extend to 10 lakhs rupees and with imprisonment for three years or with both".

എന്റെ ഭേദഗതിക്ക് അടിസ്ഥാനം ബഹുമാനപ്പെട്ട രാജൻ ബാബുവിന്റെ 601-ാം ഭേദഗതിയാണ്. അദ്ദേഹം അത് പിൻവലിച്ചു. അദ്ദേഹത്തിന്റെ ഭേദഗതി ഒരു വർഷം കഠിന തടവാണ്. ഇവിടെ പ്രതിപക്ഷം പോലും പറയാത്തതാണ്. സാധാ ഇംപ്രിസൺമെന്റാണ് ഞങ്ങൾ പറഞ്ഞത്. ഒരു വർഷം കഠിന തടവും പിഴയും or with both ആണ് പറഞ്ഞിരുന്നത്. ശ്രീ. രാജൻ ബാബു അൽപ്പമെങ്കിലും അതിൽ ഉറച്ചു നിൽക്കണം. ഞങ്ങൾ പിന്താങ്ങാം. ഈ താപ്പാനകളെ നിയന്ത്രിക്കുന്നതിന് ആനയുടെ വായിൽ അമ്പഴങ്ങ എറിഞ്ഞതുപോലെയാണ്. ഒരു കോടി കൈക്കൂലി വാങ്ങി അഞ്ചു ലക്ഷം കൊടുത്താൽ എന്താണ് വരാൻ പോകുന്നത്? അതുകൊണ്ട് എന്റെ ഭേദഗതി three years imprisonment, then, 10 lakhs fine or with both. ഈ അഞ്ചു ലക്ഷം കൊണ്ടുമാത്രം അതിനെ മീറ്റ് ചെയ്യാൻ കഴിയില്ല. അതുകൊണ്ട് ഇംപ്രിസൺമെന്റ് വേണം. Imprisonment, fine or with both അല്ലെങ്കിൽ ബഹുമാനപ്പെട്ട രാജൻ ബാബുവിന്റെ ഭേദഗതി ഞങ്ങൾ അംഗീകരിക്കാം.

**Shri M. A. Waheed**: Sir, I move the following amendment:

(625) Clause 9 shall be recast as follows:

"9 penalties whoever contravenes any of the provisions of this act shall on conviction, be punished with a fine of ₹ 10 lakhs".

ഒരു വർഷം മുതൽ 10 വർഷം വരെ കഠിന തടവിന് ഈ മാനേജ്മെന്റുകളെ ശിക്ഷിക്കണമെന്നുള്ളതാണ് പ്രതിപക്ഷത്തിന്റെ അഭിപ്രായം. എന്നു പറഞ്ഞാൽ അവരിവിടെ സെൽഫ് ഫിനാൻസിംഗ് കോളേജ് നടത്തരുത്. രണ്ട് സ്വാശ്രയ കോളേജ് എന്നത് ഒരു ഗവൺമെന്റ് കോളേജ് എന്ന തത്വം പോലും അട്ടിമറിക്കാൻ തന്നെയുള്ള പ്രതിപക്ഷത്തിന്റെ ശ്രമത്തിൽ ഞാൻ പ്രതിഷേധിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി ( ശ്രീ. നാലകത്ത് സൂപ്പി) : അഞ്ചു ലക്ഷമെന്നുള്ളത് ഇപ്പോൾ മതി. ഒരു തുടക്കമാണല്ലോ. ആ തുടക്കത്തിൽ അതു മതി. നമുക്ക് വെയ്റ്റ് ചെയ്യാം. മാനേജ്മെന്റുകൾ ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങുന്നുവെങ്കിൽ കൂടുതൽ ഇംപോസ് ചെയ്യാം. അതാണ് സർക്കാരിന്റെ നിലപാട്.

(ഭേദഗതികൾ സ്വീകാര്യമല്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എൻ. ശക്തൻ അവതരിപ്പിച്ച 600-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എ. സി. ഷൺമുഖദാസ് അവതരിപ്പിച്ച 602-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 603-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 604-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 605-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എൻ. രാജൻ അവതരിപ്പിച്ച 606-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ അവതരിപ്പിച്ച 607-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 609-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. പി. എം. സാഹിർ അവതരിപ്പിച്ച 617-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 621-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 622-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 624-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 625-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

### 9-ാം വകുപ്പിനു ശേഷമുള്ള പുതിയ വകുപ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. എ. നീലലോഹിതദാസൻ നാടാർക്ക് ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

**Dr. A. Neelalohithadasan Nadar**: Sir, I move the following amendment:

(626) After Clause 9 a new clause shall be added as clause '10' and re-number the remaining clauses.

"(10) the principle of reservations followed by the Kerala Public Service Commission shall be implemented in letter and spirit in the matter of appointment of Lecturers and other Employees in the Self Financing Professional Colleges."

9-ാം വകുപ്പിനു ശേഷം ഒരു പുതിയ വകുപ്പായി ചേർക്കണമെന്നാണ് ഞാൻ പറയുന്നത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഞാൻ നേരത്തെ സൂചിപ്പിച്ചതു പോലെ പിന്നോക്ക സമുദായ മുന്നണിയുടെ നേതാവായിരുന്ന ആളാണ്. പിന്നോക്ക സമുദായ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുള്ള നിയമസഭാ കമ്മിറ്റിയുടെ ചെയർമാനായിരുന്ന ആളാണ്. ഈ കാലഘട്ടത്തിലെ സംവരണത്തിന് വാദിച്ചിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആളാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാകട്ടെ കേന്ദ്രത്തിൽ ഭരണത്തെ നിലനിർത്തുന്ന പാർട്ടിയുടെ വർക്കിംഗ് കമ്മിറ്റി മെമ്പറാണ്. കേന്ദ്ര ഭരണം ഇപ്പോൾ അംഗീകരിക്കുന്ന പൊതു മിനിമം പരിപാടിയിൽ സ്വകാര്യ മേഖലയിലും സംവരണം വ്യാപകമാക്കണം എന്ന് തീരുമാനിച്ചിട്ടുണ്ട്. ഇവിടെ ഈ നിയമം പാസാക്കി അതിന് നിയമപരമായ പരിരക്ഷ ഭരണഘടനയിൽ തന്നെ നൽകാൻ നീങ്ങുമ്പോൾ സെൽഫ് ഫിനാൻസിംഗ് പ്രൊഫഷണൽ കോളേജുകളിലെ അദ്ധ്യാപകരുടെ നിയമനത്തിലും മറ്റ് ജീവനക്കാരുടെ നിയമനത്തിലും റിസർവേഷൻ പാലിക്കണം. അതുകൊണ്ട് ഞാൻ എന്റെ ഭേദഗതി ശക്തിയായി പ്രസ്സ് ചെയ്യുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. നാലകത്ത് സൂപ്പി</u>): സംവരണം എയ്ഡഡ് കോളേജിനും എയ്ഡഡ് സ്കൂളിനും നടപ്പാക്കിയിട്ടില്ല. ഗവൺമെന്റിന് മാത്രമേയുള്ളൂ. സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ നടപ്പാക്കണമെന്നാണ് ബഹുമാനപ്പെട്ട മെമ്പറുടെ ഭേദഗതിയിൽ ഉന്നയിച്ചത്. അത് സ്വീകാര്യമല്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : 626-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ ..................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

<u>10-ാം വകുപ്പ്</u>

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

**Shri A. C. Shanmugha Das**: Sir, I move the following amendment:

(627) In Clause 10 after the words "published in the Gazette" add the following:

"or on the complaint of any person aggrieved by the violation of the provisions of this Act".

വലിയ തർക്കമുള്ള ഭേദഗതിയല്ല. ഗസറ്റിൽ പ്രസിദ്ധീകരിക്കാൻ അധികാരം നൽകുന്നതാണ്.

**Shri Kovoor Kunjumon**: Sir, I move the following amendment:

(628) In Clause 10 after the words "in the Gazette" the following shall be added "or on a private complaint by the person who filed the complaint referred under sub-clause (2) of Clause 6, after giving sixty days notice to the officer authorized by the Government in this behalf, regarding his intention to file the private complaint.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. നാലകത്ത് സൂപ്പി</u>): ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. സി. ഷൺമുഖദാസ് അവതരിപ്പിച്ച 627-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 628-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

11-ാം വകുപ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതിയില്ല.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

12-ാം വകുപ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ: താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

**Shri K. V. Kunhiraman**: Sir, I move the following amendment:

(629) In Clause 12 (1) delete the words "but not later than two years from the date of commencement of this Act".

**Shri Kodiyeri Balakrishnan**: Sir, I move the following amendment:

(630) In Clause 12 (1) add the following proviso:

"Provided any order affecting the fee structure or seats earmarked for Government or management quota shall be issued only on the recommendation of the expert committee constituted under sub-clause (1) (b) of Clause 4".

ഗവൺമെന്റ് സ്വമേധയാ ചെയ്യാതെ എക്സ്പെർട്ട് കമ്മിറ്റിയുമായി ആലോചിച്ച് ചെയ്യണമെന്നതാണ് എന്റെ ഭേദഗതി.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 629-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 630-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

13-ാം വകുപ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ: താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

**Shri Kodiyeri Balakrishnan**: Sir, I move the following amendment:

(631) In Clause 13, for the words "the Government may" substitute the following:

"The Government may after obtaining the prior approval of concerned Subject Committee."

**Shri Thomas Unniyadan**: Sir, I move the following amendment:

(632) In Clause 13(2) for the words "under this section" the words "under this act" shall be substituted.

'Under this section' എന്നുള്ളതിന് പകരം 'under this Act' എന്ന് ആക്കണം.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : 13-ാം വകുപ്പിലെ ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 631-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 632-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

മി. ഡെപ്യൂട്ടി സ്പീക്കർ: ഇനി പറയുന്ന ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

**Shri K. C. Joseph**: Sir, I move the following amendments:

(91) In the title for the words "Fixation of Fees" substitute the words "Fixation of Fees structure".

(103) In the long title between the words "professional colleges" and "in the State of Kerala" insert the following words: "and institutions coming under deemed universities functioning".

(114) In the preamble between the words "Professional Colleges" and "in the State of Kerala", insert the following words: "and institutions coming under deemed universities functioning".

(120) In Clause 1(1) For the words "Fixation of Fees" substitute the words:

'Fixation of Fees structure'

**Shri V. Chenthamarakshan**: Sir, I move the following amendment:

(94) The title of the Bill shall be amended as follows:

"THE KERALA UNAIDED PROFESSIONAL COLLEGES (PROHIBITION OF CAPITATION FEES AND GOVERNMENT REGULATIONS FOR ADMISSION AND FIXATION OF FEES) BILL, 2004"

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ഇതിലേയ്ക്ക് കടക്കുന്നതിനുമുമ്പ് 12-ാം വകുപ്പിന് വന്നിരിക്കുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണൻ നിർദ്ദേശിച്ച ഒരു ഭേദഗതിയെ സംബന്ധിച്ച് പറയുകയാണ്. അത് ആ clause - ന് suit ചെയ്യുന്നതല്ല. ശ്രീ. കോടിയേരിയുടെ അമെന്റ്മെന്റ് 630.............................(ബഹളം) വകുപ്പുമായി ബന്ധപ്പെട്ട് പോകുന്നില്ലായെങ്കിൽ മാറ്റാവുന്നതേയുള്ളൂ..................(ബഹളം) ................ശ്രീ. ജയരാജൻ ശാന്തമായി കേൾക്കൂ.

മി. ഡെപ്യൂട്ടി സ്പീക്കർ : അത് കറക്ട് ചെയ്തിട്ടുണ്ട്.

ശ്രീ. ടി.എം. ജേക്കബ് : ശാന്തമായി കേൾക്കൂ. ...............(ബഹളം).............. ശ്രീ. എം. വി. ജയരാജൻ ഇതൊന്ന് കേൾക്കൂ.

മി. ഡെപ്യൂട്ടി സ്പീക്കർ : അത് കറക്ട് ചെയ്തു.

ശ്രീ. ടി.എം. ജേക്കബ് : ശ്രീ. ജയരാജൻ ഇതിൽ ക്ഷോഭിക്കേണ്ട കാര്യമില്ല. ബഹുമാനപ്പെട്ട കോടിയേരി അവതരിപ്പിച്ച ഭേദഗതി സ്വീകരിക്കാമെന്നു തോന്നിയതുകൊണ്ടാണ് മന്ത്രി പറഞ്ഞത്. ................(ബഹളം)............. മറ്റൊന്ന്.............ഇതൊന്ന് കേൾക്ക്...........പറയട്ടെ.......... ഒരു വാക്ക് പറയാൻ അനുവദിക്കൂ................. അത് സ്വീകരിക്കാമെന്ന് കരുതിയപ്പോൾ.....................അത് Clause 12 (1)-ന് സ്യൂട്ട് ചെയ്യുന്ന അമെന്റ്മെന്റല്ല. പിന്നെ എങ്ങനെ ചേർക്കാൻ കഴിയും. അതുകൊണ്ടാണ് അത് റിക്വസ്റ്റ് ചെയ്തത്. അത് റീ-ഓപ്പൺ ചെയ്ത അനുഭവങ്ങൾ നമ്മുടെ നിയമസഭയിലുണ്ട്.

**Shri P. Narayanan**: Sir, I move the following amendment:

(95) The title of the Bill shall be amended as follows:

"The Kerala Unaided and Self Financing Professional Colleges (Prohibition of Capitation Fees and Procedure for Admission and Fixation of Fees) Bill, 2004".

(118) In Clause 1 (1) after the words "the Kerala" and before the words "Self financing" the words "Unaided and" shall be added

**Shri N. Sakthan**: Sir, I move the following amendment:

(96) The title of the Bill shall be recast as follows:

"The Kerala Unaided Professional Colleges (Prohibition of Capitation Fee and Procedure for Admission) Bill, 2004".

LIBRARY ARCHIVES Kerala Legislative Assembly

**Shri M. V. Jayarajan:** Sir, I move the following amendments:

(97) The title of the Bill shall be amended as follows:

"The Kerala Unaided and Government Controlled Professional Colleges (Prohibition of Capitation Fees and Procedure for Admission and Fixation of Fees) Bill, 2004."

(113) In the Preamble after the words "Self financing" the words "and government controlled" shall be inserted.

(119) In Clause 1 (1) After the words 'Self financing' the words "and Government controlled" shall be inserted.

(127) Clause 1 (2) shall be substituted as follows:

"(2) This Act will have a retrospective effect from 2002-2003 onwards."

ഞങ്ങൾക്കും കുറച്ച് വിഷമമുണ്ട് സർ. അവിടെ നിന്ന് പറഞ്ഞത് എന്തെന്ന് കേട്ടില്ല എന്നു പറഞ്ഞപ്പോൾ അതൊന്ന് റിപ്പീറ്റ് ചെയ്യണമെന്ന് പറഞ്ഞപ്പോൾ അതിന് ചെവി കൊടുക്കാൻ, പ്രതിപക്ഷത്തോട് ലവലേശം ബഹുമാനമുണ്ടായിരുന്നുവെങ്കിൽ അവർ പറയുമായിരുന്നു. എന്നിട്ട് ചൂടപ്പംപോലെ അതങ്ങ് പാസ്സാക്കിപ്പോയി. എന്നിട്ട് ഇപ്പോൾ നിങ്ങൾ സഹകരിക്കണമെന്ന് പറയുന്നു. മനസ്സില്ല. അതുതന്നെ. അതാണ് മറുപടി. അതുകൊണ്ട് നിങ്ങൾക്ക് കുറെ ഭൂരിപക്ഷമുണ്ടെന്നു കരുതി പ്രതിപക്ഷത്തെ ചവിട്ടി അരയ്ക്കരുത്. നിയമനിർമ്മാണത്തിൽ ഞങ്ങൾ കുറച്ച് കാര്യം ചെയ്തു കൊണ്ടിരിക്കുകയാണ്. നിയമനിർമ്മാണത്തെക്കുറിച്ച് പഠിച്ചിട്ടാണ് വരുന്നത്. ഈ സമയത്ത് ചവിട്ടി അരയ്ക്കുമ്പോൾ ഒന്നിടങ്ങോട്ട് പ്രതിപക്ഷത്തോട് ബഹുമാനം കാണിക്കണം. സർ 97-ാം നമ്പർ ഭേദഗതിയിൽ ഗവണ്മെന്റ് നിയന്ത്രണമുള്ള പ്രൊഫഷണൽ കോളേജുകൂടി ഉൾപ്പെടുത്തണമെന്നാണ് എന്റെ അമന്റ്മെന്റ്. എൽ.ബി.എസ്., പരിയാരം, 'കേപ്പ്', ഐ.എച്ച്.ആർ.ഡി. തുടങ്ങിയവയെ ഇതിൽ കൊണ്ടുവരണം. 113 അതിനനുസരിച്ചുള്ള ഭേദഗതി തന്നെയാണ്. 119-ഉം അതിന്റെ തുടർച്ചയായിട്ടുള്ള ഭേദഗതിയാണ്. 127-ൽ ഈ നിയമം എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്ന ക്ലോസാണ്. സ്വകാര്യ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിൽ വ്യാപകമായ രീതിയിൽ ആരംഭിച്ചത് 2002-2003 വർഷം മുതലാണ്. എന്നുമുതലാണോ സ്വകാര്യ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിൽ ആരംഭിച്ചത് അന്നു മുതൽ ഇതിന് പൂർവ്വകാല പ്രാബല്യം നൽകുന്നില്ലായെങ്കിൽ പരിയാരം മെഡിക്കൽ കോളേജിലേയും കാരക്കോണം മെഡിക്കൽ കോളേജിലേയും പുഷ്പഗിരി മെഡിക്കൽ കോളേജിലേയും പി.എം.എസ്. ഡന്റൽ കോളേജിലേയും ആ സമയത്ത് ആരംഭിച്ച മറ്റ് എൻജിനീയറിംഗ് കോളേജുകളിലേയും വിദ്യാർത്ഥികൾക്ക് ഫീസ് കൊടുക്കേണ്ടിവരും. മെറിറ്റ് സീറ്റിൽ ചേർന്ന കുട്ടികൾ ഇനി മാനേജ്മെന്റ് തീരുമാനിക്കുന്ന ഫീസ് എത്രയാണോ അത്രയും കൊടുക്കേണ്ടിവരും. അത് ഇത്തരം ഒരു നിയമനിർമ്മാണം നടത്തുന്ന പരിതസ്ഥിതിയിൽ നമ്മൾ ഗൗരവമായി പരിഗണിക്കണം. ബഹുമാനപ്പെട്ട മന്ത്രി ഇത് ഗൗരവമായി പരിഗണിച്ചിട്ടില്ല. ധാരാളം കുട്ടികൾ ഇത്തരം സ്ഥാപനങ്ങളിൽ മെറിറ്റ് ക്വോട്ടായിൽ പ്രവേശനം ലഭിച്ചപ്പോൾ പോയത് മറ്റ് സ്ഥാപനങ്ങളിൽ നിന്ന് ഹയർ ഓപ്ഷൻ വാങ്ങിയവരാണ്. അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ഫീസ് കൊടുത്തു പഠിക്കാനുള്ള അവസരം ഉണ്ടാക്കേണ്ട ബാധ്യത നമുക്കുണ്ട്. ചില വിദ്യാർത്ഥികളാണെങ്കിൽ ബാങ്കുകളിൽ നിന്ന് കടമെടുത്തിട്ടുണ്ട്. ചില വിദ്യാർത്ഥികൾ അവരുടെ കൈവശമുള്ള വീടും പറമ്പും പണയപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് അത്തരം വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്., എൻജിനീയറിംഗ്, എന്നിവ പൂർത്തീകരിക്കാൻ കഴിയാത്ത സ്ഥിതിയിലേയ്ക്ക് എത്തും. അതുകൊണ്ട് ഇത് ഗൗരവമായി കണക്കിലെടുക്കണം. 127-ാം നമ്പർ ഭേദഗതി എന്നു പറയുന്നത് എന്നു മുതൽ ആണോ, സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിൽ ആരംഭിച്ചത് അന്നുമുതൽ ഇതിന് മുൻകാല പ്രാബല്യം കൊടുക്കണമെന്നാണ്.

**Shri V. K. C. Mammed Koya**: Sir, I move the following amendment:

(98) The title of the Bill shall be amended as follows:

"THE KERALA SELF FINANCING PROFESSIONAL COLLEGES (PROHIBITION OF CAPITATION FEES AND PROCEDURE FOR ADMISSION AND FIXATION OF FEES) BILL, 2004."

തലവാചകത്തിൽ The Kerala Unaided Professional Colleges എന്നതിനു പകരം The Kerala Self financing Professional Colleges എന്നാക്കണം. ബില്ലിൽ ബാക്കിയുള്ള ഭാഗങ്ങളിലെല്ലാം അങ്ങനെയാണ് വരുന്നത്.

**Shri P. P. George**: Sir, I move the following amendments:

(99) The title shall be amended as follows:

"The Kerala Unaided Professional Colleges (Procedure for Admission) Bill, 2004."

(116) Preamble shall be recast as follows: "Preamble:—

whereas, it is necessary and expedient to lay down the procedure for admission of students in the self financing professional colleges in the State of Kerala and for matters incidental thereto".

(122) Clause 1 (1) shall be recast as follows:

"(1) This Act may be called the Kerala Self financing Professional Colleges (Procedure for Admission) Act, 2004."

ഇതിൽ Prohibition of Capitation Fees and Procedure for Admission and Fixation of Fees എന്ന് പറഞ്ഞിരിക്കുകയാണ്. Prohibition of Capitation Fees എന്നു പറയുന്നത് കേട്ടാൽ തോന്നും നമ്മുടെ നാട്ടിൽ ക്യാപ്പിറ്റേഷൻ ഫീസും അഴിമതിയും ധാരാളമായി നടക്കുന്നു എന്ന്. മുമ്പൊരിക്കൽ Prevention of Corruption എന്ന് ബില്ലിന് പേരിട്ടതുപോലെ ഒരു കാര്യവുമില്ല. വേറൊരാൾ ഇത് വായിക്കാൻ ഇടവന്നാൽ ഇതിന്റെ എല്ലാ അർത്ഥത്തിലും procedure for admission വരും. ഫീസ് ഫിക്സ് ചെയ്യുന്ന കാര്യം വരും. ക്യാപ്പിറ്റേഷൻ ഫീസ് അടയ്ക്കുന്ന കാര്യം വരും.



LIBRARY ARCHIVES Kerala Legislative Assembly

ആ ഒരൊറ്റ വാക്കേ വേണ്ടൂ. ഇത്ര വലിയ വെയ്റ്റില്‍ കൊടുത്ത് അപമാനിക്കുന്ന പേര് ഇതിന് കൊടുക്കേണ്ട ആവശ്യം സത്യത്തിലില്ല. അതുകൊണ്ട് ഇത് സ്വീകരിക്കണം. ഇതിനോട് corresponding ആയിട്ടുള്ള changes ആണ് 116-ലും 122-ലും വരുന്നത്, അതും ചേര്‍ക്കണമെന്ന് അഭ്യര്‍ത്ഥിക്കുന്നു.

**Shri T. N. Prathapan**: Sir, I move the following amendment:

(100) In the long title for the words "to prohibit capitation fee" substitute the words "to prohibit the payment and collection of capitation fee".

**Shri Kovoor Kunjumon**: Sir, I move the following amendments:

(101) In the long title, between the words "and" and "fixation" insert the words "control and".

(109) In the preamble between the words "of students and" and "fixation of fee" insert the words "control and".

**Shri E. M. Augusthy**: Sir, I move the following amendments:

(104) In the long title after "incidental" add "ancilliary".

(115) In the Preamble after "incidental" add "ancilliary"

**Shri K. P. Rajendran**: Sir, I move the following amendment:

(111) In the Preamble after the word "students" insert the word "reservation".

സര്‍, വിദ്യാര്‍ത്ഥികളുടെ പ്രവേശനവും ഫീസ് നിശ്ചയിക്കലും അതുപോലെ ക്യാപ്പിറ്റേഷന്‍ ഫീസ് നിരോധിക്കലുമെല്ലാം ഉള്‍പ്പെടുത്തുന്നതോടൊപ്പംതന്നെ വളരെ പ്രധാനപ്പെട്ടതാണ് എസ്.സി., അതുപോലെ മറ്റ് പിന്നോക്കവിഭാഗത്തില്‍പെട്ട വിദ്യാര്‍ത്ഥികളുടെയൊക്കെ റിസര്‍വേഷന്‍. അത്തരം കാര്യങ്ങളില്‍ ഒരു വ്യക്തത ഇതിന്റെ പ്രിയാമ്പിളില്‍ ഉണ്ടാകണം. ഞങ്ങള്‍ ഇവിടെ നിന്ന് അവതരിപ്പിച്ച പ്രധാനപ്പെട്ട രണ്ടുമൂന്നു പോയിന്റില്‍ നമ്മള്‍ തമ്മിലുള്ള അഭിപ്രായ വ്യത്യാസം നിങ്ങള്‍ പറയുന്നത് മനസ്സിലാക്കാം. പക്ഷേ, ഈ ബില്ലിനകത്തു നിന്നുകൊണ്ട് ഇത് കുറ്റമറ്റതാക്കാന്‍ ഞങ്ങള്‍ അമെന്റ്മെന്റ്സൊക്കെ നല്ലവണ്ണം വായിച്ച് പഠിച്ചതാണ്, നല്ലവണ്ണം ഹോംവര്‍ക്ക് ചെയ്തിട്ടാണ് ഇവിടെ അവതരിപ്പിക്കുന്നത്. ഞങ്ങള്‍ പറഞ്ഞ ഒരു കാര്യംപോലും കേള്‍ക്കാനുള്ള സന്മനസ്സ് നിങ്ങള്‍ കാണിച്ചില്ല. അതുകൊണ്ടാണ് ഞങ്ങള്‍ പ്രതിഷേധം പ്രകടിപ്പിച്ചത്. അതില്‍ പ്രത്യേകിച്ച് വളരെ പ്രധാനപ്പെട്ട ഒരു ഭേദഗതി, ഇത് ക്യാപ്പിറ്റേഷന്‍ ഫീ വാങ്ങിയതിന്റെ പേരില്‍ നിയമപരമായി അഫിലിയേഷന്‍ പിന്‍വലിച്ചുകഴിഞ്ഞാല്‍ ആ വിദ്യാര്‍ത്ഥികള്‍ എവിടെ പഠിക്കണമെന്ന കാര്യത്തില്‍പോലും നിങ്ങള്‍ കൈമലര്‍ത്തി. അങ്ങനെയാണോ ഒരു ബില്ലിന്റെ ചര്‍ച്ചയില്‍ ചെയ്യേണ്ടത്. ഈ നിയമം പാസ്സാക്കി വച്ചാല്‍ ഇതിലൊരു ഭേദഗതി വരണമെങ്കില്‍ എത്രകാലം കഴിയണം. എത്ര ബുദ്ധിമുട്ടുണ്ട്. ഈ സഭയുടെ എത്ര സമയം അതിനുവേണ്ടിവരും. എത്ര ദിവസത്തെ സിറ്റിംഗ് വേണ്ടിവരും. വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങള്‍ പ്രതിപക്ഷത്തുള്ള ഞങ്ങള്‍ പറഞ്ഞാല്‍ പ്രതിപക്ഷം പറഞ്ഞതുകൊണ്ട് സ്വീകരിക്കാന്‍ പറ്റില്ല എന്ന നിലപാടെടുക്കുന്നത് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

കാരക്കോണം മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികളുടെ പ്രശ്നം ഞങ്ങൾ പലതവണ ഉന്നയിച്ചു. നിങ്ങളെടുക്കുന്ന തീരുമാനത്തിന്റെ ഫലമായി ഒന്നിൽ ചിലപ്പോൾ കോടിരൂപ മെറിറ്റ് പ്രവേശനം തേടി ആയിരത്തിനുതാഴെ റാങ്ക് ലിസ്റ്റിൽ വന്ന കുട്ടികൾ കൊടുക്കണം. ഒന്നിൽ ചിലപ്പോൾ കോടി രൂപ അധികമായി അടച്ചില്ലായെങ്കിൽ അടുത്തയാഴ്ച കുട്ടികളെ കോളേജിൽ നിന്ന് പുറത്താക്കുകയില്ലേ. അത്തരം കാര്യങ്ങൾ ഉന്നയിച്ചാൽ വളരെ പാവപ്പെട്ട വീടുകളിൽ ഉള്ള കുട്ടികളാണ്. അവർ അവരുടെ നിവൃത്തികേട് ഞങ്ങളുടെ അടുത്തുവന്ന് കരഞ്ഞു പറഞ്ഞു. അതൊന്ന് പറഞ്ഞാൽ കേൾക്കാൻ ആ തെറ്റ് തിരുത്താൻ, ഇത്തരത്തിൽ ഒരു ഭേദഗതി വരണമെന്നു പറഞ്ഞാൽ എന്താണ് ഇത്ര നിർദ്ദയമായി പെരുമാറുന്നത്? കഴിഞ്ഞ കൊല്ലം എൻജിനീയറിംഗ് കോളേജിലെ കുട്ടികളുടെ മെറിറ്റിന്റെ കാര്യത്തിൽ നിങ്ങളെടുത്ത ഒരു തീരുമാനത്തിന്റെ ഫലമായി ആ കുട്ടികൾ മുഴുവൻ മാനേജ്മെന്റ് സീറ്റിലെ ഫീസ് കൊടുക്കേണ്ടി വന്നു. പതിമൂന്നര കോടി രൂപ ഞങ്ങൾ കണക്കുവച്ച് പറഞ്ഞില്ലേ? നിങ്ങളുടെ തീരുമാനത്തിന്റെ ഫലമായി പതിമൂന്നരക്കോടി രൂപയല്ലേ മെറിറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ഈ മാനേജ്മെന്റിൽ അടയ്ക്കേണ്ടിവന്നത്? ഇത്തരം കാര്യങ്ങൾ സഭയിൽ ഉന്നയിച്ചാൽ അത് കേൾക്കാൻ, ചിലത് ഉൾക്കൊള്ളാൻ തയ്യാറാകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി ശ്രദ്ധിക്കുന്നതുകൊണ്ടാണ് പറയുന്നത്. അതിനുള്ള പ്രതിഷേധമാണ് ഇവിടെ മെമ്പർമാർ പ്രകടിപ്പിച്ചത്.

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(112) In Preamble after "Fixation of fee structure" add the following: "and conducting the course".

ശ്രീ. തമ്പാനൂർ രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(117) In Clause (1) The Word "State" shall be inserted between the words "Kerala" and "Self financing".

നമ്മുടെ കേരള നിയമസഭ ഇൻഡ്യയ്ക്കാകെ മാതൃകയായി നിരവധി നിയമനിർമ്മാണം നടത്തിയ സഭയാണ്. ഇപ്പോൾ ഒരുപടി മുന്നോട്ട് പോയിരിക്കുകയാണ്. ഇൻഡ്യയിൽ ആദ്യമായി സ്വാശ്രയ വിദ്യാഭ്യാസ രംഗത്ത് ഒരു നിയമം പാസ്സാക്കുന്ന ആദ്യത്തെ സഭ കേരള നിയമസഭയാണ്. ശ്രീ. ജയരാജന്റെ പ്രസംഗം കേട്ടാൽ ഇവിടെ ഇത് ആരംഭിക്കുവാൻ പോകുന്ന ആളുകൾ ഒളിച്ചോടുന്ന സ്ഥിതിയാണുള്ളതെന്നു തോന്നും. നിങ്ങളുടെ സമീപനം മാറ്റണമെന്ന് പറയുകയാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(121) For Clause 1 Sub-clause 1 Substitute the following:

"This act may be a called 'The Kerala Unaided Self financing Professional College' (Prohibition of Capitation Fees and Procedure for Admission and Fixation of Fees) 2004."



LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ഉന്നത വിദ്യാഭ്യാസം പ്രത്യേകിച്ച് പ്രൊഫഷണൽ വിദ്യാഭ്യാസം പരിപൂർണ്ണമായി വരേണ്യവർഗ്ഗത്തിന് കീഴ്പ്പെടുകയാണ്. കേരളത്തിൽ കൊള്ളലാഭത്തിനുപറ്റിയ ഏറ്റവും നല്ല മേഖല വിദ്യാഭ്യാസ മേഖലയെന്ന് തെളിയിക്കുകയാണ് ഗവൺമെന്റ്. ഇതിൽ—

'The Kerala Unaided Self financing Professional College' (Prohibition of Capitation Fees and Procedure for Admission and Fixation of Fees) 2004 എന്നുള്ളതാണ് എന്റെ ഭേദഗതി. ഈ ഹെഡ്ഡിംഗ് വരാൻ കാരണം ഇതിന്റെ പിന്നിൽ ശ്രീ. കെ. എം. മാണിയാണുള്ളത്. അത് വളരെ വ്യക്തമായി അറിയാം. നാളെ കേരളത്തിൽ എല്ലാ എയ്ഡഡ് കോളേജുകൾക്കും അനുബന്ധമായി സെൽഫ് ഫിനാൻസിംഗ് പ്രൊഫഷണൽ കോളേജുകൾ വരാൻ പോവുകയാണ്. നിലവിലുള്ള ഇൻഫ്രാസ്ട്രക്ച്ചർ ഉപയോഗപ്പെടുത്തികൊണ്ട് ഇതായിരിക്കും എല്ലായിടത്തും വരുക. അതുകൊണ്ടാണ് അൺ എയ്ഡഡ് സെൽഫ് ഫിനാൻസിംഗ് എന്നുതന്നെയാക്കണമെന്ന് ഞാൻ പറഞ്ഞത്. എന്റെ ഭേദഗതി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>ഡോ: തോമസ് ഐസക്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(123) Recast sub-clause (1) of clause 1 as follows:

"(1) Short title and commencement.—(1) This Act may be called Kerala Self Financing Professional Colleges (Ensuring equity and excellence in admission and prohibiting capitation fees Act, 2004."

<u>ശ്രീ. എം. എ. വാഹീദ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(124) Clause 1 (1) shall be recast as follows:

"1. Short title and commencement:—This Act may be called the Kerala State Self financing Professional Colleges (Prohibition of Capitation fees and Procedure for Admission and Fixation of Fees) Act, 2004."

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(125) For sub-clause (1) of Clause (1), substitute the following;

"(1) This Act may be called the Kerala Self financing Professional Colleges (Abolition of Capitation fees and regulating the admission and fees) Act, 2004."

(126) For Clause 1, sub-clause 2, substitute the following:

"(2) It shall be deemed to have come into force from the 1st day of April 2004."

LIBRARY ARCHIVES Kerala Legislative Assembly

നിയമനിർമ്മാണം വളരെയേറെ അവധാനതയോടുകൂടി നടത്തേണ്ട ഒരു പ്രക്രിയയാണ്. ഇപ്പോൾ ഇവിടെ 12 വകുപ്പുകളുടെ ചർച്ച കഴിഞ്ഞു. 13-ാം വകുപ്പിൽ കടന്നു. ഇതുവരെ നടന്ന നടപടിക്രമം നോക്കിയാൽ ഈ ഗവൺമെന്റ് ഈ പ്രശ്നം സീരിയസ്സായിട്ട് എടുത്തിട്ടില്ല. ഏറ്റവും ഒടുവിൽ മാനേജുമെന്റിന് എന്തെങ്കിലും ബുദ്ധിമുട്ട് കടന്നുകൂടിയ ഏതെങ്കിലും വകുപ്പ് ഉണ്ടോയെന്ന് പരിശോധിക്കുവാൻ കണ്ണാടിവച്ച് ആൾ ഇരിക്കുന്നുണ്ട്. എന്റെ 630-ാം നമ്പർ ഭേദഗതി അംഗീകരിച്ചുവെന്ന് ആദ്യം മന്ത്രി പറഞ്ഞു. മാനേജ്മെന്റിന് കുറച്ച് പ്രയാസമുണ്ടാകുന്ന വകുപ്പാണെന്ന് മനസ്സിലായതുകൊണ്ട് ശ്രീ. ഉമ്മൻചാണ്ടി കുറിപ്പ് കൊടുത്ത് അത് അംഗീകരിക്കണ്ടായെന്ന്. ഒറ്റ മിനിട്ടുകൊണ്ട് അത് പിൻവലിച്ചു. ഈ ബില്ല് ഇങ്ങനെയാണ് തകരുന്നത്. ഇതിന് മുമ്പ് ഇവിടെ തയ്യാറാക്കിയ ബില്ലുകളെ സംബന്ധിച്ച് അറിയാമോ? വാറ്റ് (VAT) ബിൽ പാസ്സാക്കിയെടുത്തു. ഇതുവരെ വെളിച്ചം കണ്ടില്ല. വനസംരക്ഷണ ബിൽ പാസ്സാക്കിയെടുത്തു. വെളിച്ചം കണ്ടില്ല. ഇതാണ് ഇവിടെ പാസ്സാക്കിയ പഴയ ബില്ലുകളിലൊക്കെ സംഭവിച്ചത്. ഒരുതരത്തിലുമുള്ള ധാരണയുമില്ലാതെ തട്ടിക്കൂട്ടി നിയമനിർമ്മാണം നടത്തുന്ന ഈ ഗവൺമെന്റിന്റെ സമീപനത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ കൂടുതലൊന്നും സംസാരിക്കുന്നില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, 1-ാം വകുപ്പും പീഠികയും ഇപ്പോഴുള്ളതുപോലെ മതി. അതിൽക്കൂടുതൽ വേണ്ട. ഭേദഗതികളൊന്നും അംഗീകരിക്കുന്നില്ല. ബഹുമാനപ്പെട്ട എ. കെ. ബാലൻ നാലുവട്ടം പറഞ്ഞു അൺ എയ്ഡഡ് കോളേജുകളിൽ എയ്ഡഡ് കോഴ്സ് കൊടുക്കണമെന്ന്. നാലുവട്ടം അങ്ങോട്ടു പറയുകയാണ് കൊടുക്കില്ലായെന്ന്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: 111, 121, 127 എന്നീ ഭേദഗതികൾ പ്രസ് ചെയ്യുന്നു. ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: മേൽപ്പറഞ്ഞ ഭേദഗതികളെ അനുകൂലിക്കുന്നവർ.... പ്രതികൂലിക്കുന്നവർ....

(സഭാഗംങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ— 39

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. ,, മഞ്ഞളാംകുഴി അലി
3. ,, എ. എ. അസീസ്
4. ,, കോടിയേരി ബാലകൃഷ്ണൻ
5. ,, എ. കെ. ബാലൻ
6. ,, ടി. കെ. ബാലൻ
7. ,, വി. ചെന്താമരാക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

8. ശ്രീ. ടി. കെ. ദേവകുമാർ
9. ,, പി. സി. ജോർജ്
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
12. ,, കെ. കെ. ജയചന്ദ്രൻ
13. ,, എം. വി. ജയരാജൻ
14. ,, പി. ജയരാജൻ
15. ഡോ. കെ. സി. ജോസഫ്
16. ശ്രീ. വി. സി. കബീർ
17. ,, എം. കുമാരൻ
18. ,, കെ. വി. കുഞ്ഞിരാമൻ
19. ,, കോവൂർ കുഞ്ഞുമോൻ
20. ,, വി. കെ. സി. മമ്മത്കോയ
21. ,, മത്തായി ചാക്കോ
22. ,, കെ. പി. മോഹനൻ
23. ,, എ. സി. മൊയ്തീൻ
24. ,, പിരപ്പൻകോട് മുരളി
25. ,, സി. കെ. നാണു
26. ,, പി. നാരായണൻ
27. ഡോ. എ. നീലലോഹിതദാസൻ നാടാർ
28. ശ്രീ. കെ. രാധാകൃഷ്ണൻ
29. ,, മാങ്കോട് രാധാകൃഷ്ണൻ
30. ,, ശ്രീ. എൻ. രാജൻ
31. ,, കെ. പി. രാജേന്ദ്രൻ
32. ,, രാജു എബ്രഹാം
33. ,, ടി. പി. രാമകൃഷ്ണൻ
34. ,, സാജു പോൾ
35. ,, കെ. പി. സതീശ് ചന്ദ്രൻ
36. ,, എ. സി. ഷൺമുഖദാസ്
37. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
38. ശ്രീ. പി. എസ്. സുപാൽ
39. ഡോ. തോമസ് ഐസക്ക്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## പ്രതികൂലിക്കുന്നവർ—67

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, കെ. അച്ചുതൻ
5. ,, സി. ടി. അഹമ്മദ് അലി
6. ,, എ. കെ. ആന്റണി
7. ,, എൻ. ഡി. അപ്പച്ചൻ
8. ,, ഇ. എം. അഗസ്തി
9. ,, കെ. ബാബു
10. ,, ബാബു ദിവാകരൻ
11. ,, ആർ. ബാലകൃഷ്ണപിള്ള
12. ,, പി. കെ. കെ. ബാവ
13. ,, ടി. വി. ചന്ദ്രമോഹൻ
14. ,, കെ. എ. ചന്ദ്രൻ
15. ,, എം. എ. ചന്ദ്രശേഖരൻ
16. ,, പി. പി. ജോർജ്
17. ,, എം. എം. ഹസ്സൻ
18. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
20. ശ്രീ. ഉമ്മൻ ചാണ്ടി
21. ,, ടി. എം. ജേക്കബ്
22. ,, ജോണി നെല്ലൂർ
23. ,, കെ. സി. ജോസഫ്
24. ,, ജോസഫ് എം. പുതുശ്ശേരി
25. ,, പി. ജെ. ജോയി
26. ,, വർക്കല കഹാർ
27. ,, കെ. എൻ. എ. ഖാദർ
28. ,, കെ. കെ. നായർ
29. ,, പി. കെ. കുഞ്ഞാലിക്കുട്ടി
30. ,, ലൂഡി ലൂയിസ്
31. ,, കെ. എം. മാണി
32. ,, ഇ. ടി. മുഹമ്മദ് ബഷീർ
33. ,, കെ. മോഹൻ കുമാർ
34. ,, സി. മോയിൻകുട്ടി
35. ,, ആര്യാടൻ മുഹമ്മദ്
36. ,, സി. പി. മുഹമ്മദ്
37. ,, എം. കെ. മുനീർ

38. ശ്രീ. എം. മുരളി
39. പ്രൊഫ. എ. ഡി. മുസ്തഫ
40. ശ്രീ. എഴുകോൺ നാരായണൻ
41. ,, എം. കെ. പോൾസൺ മാസ്റ്റർ
42. ,, വി. ജെ. പൗലോസ്
43. ,, അടൂർ പ്രകാശ്
44. ,, ടി. എൻ. പ്രതാപൻ
45. ,, ജി. പ്രതാപവർമ്മ തമ്പാൻ
46. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
47. ,, ടി. യു. രാധാകൃഷ്ണൻ
48. ശ്രീമതി രാധാ രാഘവൻ
49. ശ്രീ. എ. എൻ. രാജൻ ബാബു
50. ,, യു. സി. രാമൻ
51. ,, തമ്പാനൂർ രവി
52. ,, ടി. പി. എം. സാഹിർ
53. ,, എൻ. ശക്തൻ
54. ,, കെ. ശങ്കരനാരായണൻ
55. ശ്രീമതി മാലേത്ത് സരളാദേവി
56. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
57. ശ്രീ. കെ. കെ. ഷാജു
58. ശ്രീമതി ശോഭനാ ജോർജ്
59. ശ്രീ. നാലകത്ത് സൂപ്പി
60. ,, ഡി. സുഗതൻ
61. ,, എ. സുജനപാൽ
62. പ്രൊഫ. കെ. വി. തോമസ്
63. ശ്രീ. പി. ടി. തോമസ്
64. ,, തോമസ് ചാഴികാടൻ
65. ,, എം. എ. വാഹീദ്
66. ,, കെ. സി. വേണുഗോപാൽ
67. ,, ബി. വിജയകുമാർ

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ—39

പ്രതികൂലിക്കുന്നവർ—67

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 91, 103, 114, 120 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. വി. ചെന്താമരാക്ഷൻ അവതരിപ്പിച്ച 94-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. നാരായണൻ അവതരിപ്പിച്ച 95, 118 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ശക്തൻ അവതരിപ്പിച്ച 96-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 97, 113, 119 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. സി. മമ്മത്കോയ അവതരിപ്പിച്ച 98-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. പി. ജോർജ് അവതരിപ്പിച്ച 99, 116, 122 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 100-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 101, 109 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ഇ. എം. അഗസ്തി അവതരിപ്പിച്ച 104, 115 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഡോ. തോമസ് ഐസക് അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 124-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 125, 126 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, 2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനുള്ള നടപടിക്രമവും ഫീസ് നിശ്ചയിക്കലും) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഈ ബില്ലിന്റെ ചർച്ചാവേളയിൽ പ്രതിപക്ഷം പറഞ്ഞതുകൂടെ പരിഗണിച്ചുകൊണ്ട് എല്ലാപേർക്കും കൂടി യോജിക്കാവുന്ന വിധത്തിൽ ഒന്നാക്കിമാറ്റുക എന്നായിരുന്നു സബ്ജക്ട് കമ്മിറ്റിക്ക് വിടുന്നതിനുമുൻപ് ഇവിടെ പ്രകടിപ്പിച്ച അഭിപ്രായം. എന്നാൽ സബ്ജക്ട് കമ്മിറ്റിക്ക് പോയതിനുശേഷം ആ പ്രകടിപ്പിക്കപ്പെട്ട മനോഭാവം അട്ടിമറിക്കപ്പെട്ടതായിട്ടാണ് കാണുന്നത്. അതിനുപിന്നിൽ പ്രവർത്തിച്ച ആളുകളെയും അതിനോട് ഗവൺമെന്റിന് അഭിപ്രായ വ്യത്യാസമില്ലാത്ത മനോഭാവവും ഇവിടെ കാണുകയുണ്ടായി. സ്വാഭാവികമായിട്ടും 50 സീറ്റുകളെ സംബന്ധിച്ച് യാതൊരു നിയന്ത്രണവുമില്ലാതെ മാനേജ്മെന്റിന് കോഴ വാങ്ങാവുന്ന സമീപനം സംബന്ധിച്ചാണ് പ്രതിപക്ഷം ശക്തമായി ഇവിടെ എതിർപ്പ് പ്രകടിപ്പിച്ചത്. ആദ്യത്തെ ചർച്ചയിൽ നിങ്ങൾക്ക് തോന്നി ഒരു പരിധിവരെ അതുശരിയാണെന്ന്. പിന്നെ എന്തോ മാനേജുമെന്റിന്റെ ഭാഗത്തുനിന്നുള്ള ആളുകളുടെ സമ്മർദ്ദത്തിന് വിധേയമായി നിങ്ങൾ അതിൽ നിന്ന് മാറിയെന്നാണ് മനസ്സിലാക്കുവാൻ കഴിഞ്ഞത്. ചുരുക്കത്തിൽ 50 ശതമാനം സീറ്റിൽ സ്വാശ്രയ മാനേജുമെന്റിന് ഏത് വലിയ തുകയും ലേലം വിളിക്കുവാനുള്ള അവസരം നിങ്ങൾ നൽകിയിരിക്കുകയാണ്. സുപ്രീംകോടതി വിധിച്ചത് ക്യാപ്പിറ്റേഷൻഫീ വാങ്ങാൻ പാടില്ലെന്നാണ്. നിങ്ങൾ ഡെവലപ്മെന്റ് ഫീസ് എന്ന പേരിൽ വാങ്ങുവാൻ അവർക്ക് സൗകര്യം ചെയ്തുകൊടുത്തിരിക്കുകയാണ്.

സർ, ഡീംഡ് യൂണിവേഴ്സിറ്റിയെ നിങ്ങൾ ബില്ലിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കി. ഇതിന്റെ ചർച്ച നടക്കുന്ന അവസരത്തിൽ ആരെല്ലാം ഇവിടെ തമ്പടിക്കുന്നു എന്നുള്ളത് ഓരോന്നിലായിട്ടുള്ള മാറ്റങ്ങളിൽ നിന്ന് എനിക്ക് മനസ്സിലാക്കാൻ കഴിയും. ചുരുക്കത്തിൽ നിങ്ങൾ സ്വാശ്രയ മാനേജുമെന്റിനു വേണ്ടി സംസ്ഥാനത്തെ കുട്ടികളേയും രക്ഷകർത്താക്കളേയും പ്രൊഫഷണൽ വിദ്യാഭ്യാസത്തെ നല്ല നിലയിൽ നടക്കണമെന്ന് ആഗ്രഹിക്കുന്നവരേയുമെല്ലാം തന്നെ അവഹേളിക്കുന്ന നിലയിൽ അവരെ ഒരു പ്രക്ഷോഭത്തിലേയ്ക്ക് തള്ളിവിടാൻ വേണ്ടി നീങ്ങുന്നതായിട്ടാണ് മനസ്സിലാക്കുന്നത്. നിങ്ങളുടെ ഈ നാണംകെട്ട സമീപനത്തിന് കൂട്ടു നിൽക്കാൻ ഞങ്ങൾക്കു കഴിയുന്നില്ല. അതുകൊണ്ട് നിങ്ങളുടെ ഇത്തരത്തിലുള്ള സമീപനത്തിൽ പ്രതിഷേധിച്ചുകൊണ്ട് തുടർന്നുള്ള സഭാ നടപടികൾ ഞങ്ങൾ ബഹിഷ്ക്കരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം മുഴക്കിക്കൊണ്ട് സഭയുടെ തുടർ നടപടികൾ ബഹിഷ്ക്കരിച്ച് പുറത്തുപോയി)

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, സുപ്രധാനമായ ഒരു നിയമ നിർമ്മാണത്തിന്റെ അവസാന ഘട്ടത്തിൽ ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾ ഇങ്ങനെയൊരു പ്രകടനം കാഴ്ച വച്ചത് വളരെ നിർഭാഗ്യകരമായിപ്പോയി. ഈ നിയമനിർമ്മാണം കൊണ്ട് കേരളത്തിൽ എന്തോ വലിയൊരു ആപത്ത് സംഭവിച്ചിരിക്കുന്നു എന്നൊരു പുകമറ സൃഷ്ടിക്കാനാണ് ഇവർ ശ്രമിച്ചത്.

10.00 p.m.]

കാൽ നൂറ്റാണ്ടു കാലമായി കേരളത്തിൽ മാറിമാറി വന്ന ഗവൺമെന്റുകൾ തുടർന്നു വന്ന സിദ്ധാന്തപരമായ കടുംപിടിത്തം, പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കേരളത്തിന് ഉണ്ടാക്കിവച്ച തകർച്ചയ്ക്ക്, കേരളത്തിലെ പതിനായിരക്കണക്കിന് വിദ്യാർത്ഥികൾ വർഷംതോറും കോടിക്കണക്കിന് രൂപ കോഴപ്പണമായി അയൽ സംസ്ഥാനങ്ങളിൽ കൊടുക്കേണ്ടി വരുന്ന ദുരവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കുന്ന ഒരു പുതിയ നിലപാടാണ് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിച്ചത്. ബഹുമാനപ്പെട്ട ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ആണ് ഇതിന് തുടക്കം കുറിച്ചത്. കുറ്റിപ്പുറം എൻജിനീയറിംഗ് കോളേജും ഐ.എച്ച്.ആർ.ഡി. പോലുള്ള സ്ഥാപനങ്ങളുമാണ് ആദ്യം തുടങ്ങിയത്. അതിന്റെ ചുവടു പിടിച്ച് യു.ഡി.എഫ്. ഗവൺമെന്റ് ഇത്തവണ വ്യാപകമായ തോതിൽ പ്രൊഫഷണൽ മേഖലയിൽ സ്വാശ്രയ സ്ഥാപനങ്ങൾ തുടങ്ങാൻ അനുമതി നൽകി. ഇതിന്റെ ഫലമായി കോടിക്കണക്കിന് രൂപ, വർഷം തോറും 300 മുതൽ 500 കോടിരൂപ വരെ നഷ്ടം ഉണ്ടാകുന്നുണ്ടെങ്കിൽ അത് നമ്മുടെ അയൽ സംസ്ഥാനങ്ങളിലെ സ്വകാര്യ പ്രൊഫഷണൽ മാനേജുമെന്റുകൾക്ക് മാത്രമാണ്. കേരളത്തിലെ വളരെ ജനസ്വാധീനമുള്ള വ്യക്തികൾ പോലും മാനേജ്മെന്റ് ചോദിക്കുന്ന കോഴപ്പണവുമായി അയൽ സംസ്ഥാനങ്ങളിലെ പ്രൊഫഷണൽ മാനേജുമെന്റുകളുടെ വാതിൽക്കൽ മുട്ടുമ്പോൾ ഈ വർഷത്തെ അഡ്മിഷൻ കഴിഞ്ഞുപോയി, അടുത്ത വർഷത്തേയും പൂർത്തീകരിച്ചു, വേണമെങ്കിൽ രണ്ടു-മൂന്നു വർഷം കഴിഞ്ഞ് നിങ്ങളുടെ കുട്ടിക്ക് സീറ്റു തരാം എന്ന് പറഞ്ഞ് രക്ഷകർത്താക്കളേയും കുട്ടികളേയും ക്യൂവിൽ നിർത്തി അപമാനിക്കുന്ന സാഹചര്യം ആയിരുന്നു ഈ പുതിയ നയം യു.ഡി.എഫ്. സർക്കാർ സ്വീകരിക്കുന്നതുവരെ ഉണ്ടായിരുന്നത്. ചോദിക്കുന്ന കോഴപ്പണം വാങ്ങി രണ്ടും മൂന്നും വർഷം നമ്മുടെ വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് വേണ്ടി കാത്തു കിടക്കേണ്ട സ്ഥിതി ഉണ്ടാക്കിയിരുന്ന മാനേജ്മെന്റുകൾ ഓരോന്നും കേരളത്തിലെ സ്വാശ്രയ മേഖല തുറന്നുകൊടുത്തശേഷം കഴിഞ്ഞ വർഷം മുതൽ കേരളത്തിലെ ലോഡ്ജുകളിൽ കാത്തുകിടന്ന് കേരളത്തിൽ വിദ്യാർത്ഥികളെ ക്യാൻവാസ് ചെയ്യുന്ന സ്ഥിതിയിലേയ്ക്ക് ഈ രംഗം മാറ്റിയത് യു.ഡി.എഫ്. സർക്കാരിന്റെ നയം വന്നശേഷമാണ്. ഇന്ന്

LIBRARY ARCHIVES Kerala Legislative Assembly

യു.ഡി.എഫ്. സർക്കാർ എടുത്ത നയത്തിന്റെ ഫലമായി തുടങ്ങിയ പ്രൊഫഷണൽ സ്ഥാപനങ്ങൾ പൂട്ടിച്ചാൽ വീണ്ടും പഴയപടി കേരളത്തിലെ വിദ്യാർത്ഥികളും രക്ഷകർത്താക്കളും അയൽ സംസ്ഥാനങ്ങളിലോ പ്രൊഫഷണൽ മാനേജുമെന്റുകളുടെയോ വീട്ടുപടിക്കൽ പോയി കാത്തുകിടക്കേണ്ട ദുരവസ്ഥയുണ്ടാകും. പ്രതിപക്ഷം അറിഞ്ഞോ അറിയാതെയോ അയൽ സംസ്ഥാനങ്ങളിലെ സ്വകാര്യ വിദ്യാഭ്യാസ ലോബിയെ സഹായിക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്. ഇവിടെ പല സുഹൃത്തുക്കളും അക്കാര്യം പറഞ്ഞു. ഈ ബിൽ പാസ്സാകുന്നതോടുകൂടി സ്വാശ്രയ സ്ഥാപനങ്ങൾ വന്നതോടുകൂടി നാളെ റിസർവേഷൻ എന്താകും, പാവപ്പെട്ട പട്ടികജാതിക്കാരുടെ സ്ഥിതി എന്താകും എന്നൊക്കെ പലരും അപ്പുറത്തു നിന്ന് ഉൽക്കണ്ഠപ്പെടുന്നത് കണ്ടു. ഉറങ്ങുന്നവനെ വിളിച്ചുണർത്താം. ഉറക്കം നടിക്കുന്നവനെ എത്ര കുടം വെള്ളമൊഴിച്ചാലും വിളിച്ചുണർത്താൻ സാധ്യമല്ല. സ്വാശ്രയസ്ഥാപനങ്ങൾ വരുന്നതിന്റെ ഫലമായി കേരളം ഭരിച്ച മാറിമാറി വന്ന ഗവൺമെന്റുകൾ കഷ്ടപ്പെട്ട് പടുത്തുയർത്തിയ എൻജിനീയറിംഗ് കോളേജുകൾ, മെഡിക്കൽ കോളേജുകൾ, ആയുർവ്വേദ കോളേജുകൾ, ദന്തൽ കോളേജുകൾ, നഴ്സിംഗ് കോളേജുകൾ എന്നിവയ്ക്കൊന്നും ഒരു കോട്ടവുമില്ല. ആ കോളേജുകളെല്ലാം അതേപടി കേരളത്തിൽ നിലനിൽക്കുന്നു. ഈ സർക്കാർ വന്ന ശേഷം ആ കോളേജുകളിൽ കുറേയെങ്കിലും സീറ്റ് വർദ്ധിപ്പിച്ചതല്ലാതെ ഒരു സീറ്റ് പോലും കുറഞ്ഞില്ല. നിലവിലുള്ള സർക്കാർ കോളേജിലെല്ലാം സർക്കാർ വക മെഡിക്കൽ കോളേജിൽ, എൻജിനീയറിംഗ് കോളേജിൽ, ആയുർവ്വേദ കോളേജിൽ, ദന്തൽ കോളേജിൽ, നഴ്സിംഗ് കോളേജിൽ എന്നിവയിലെല്ലാം മുഴുവൻ സീറ്റുകളും പ്രൊട്ടക്റ്റ് ചെയ്തിരിക്കുകാണ്. ആ സീറ്റുകളിലൊക്കെ സാമ്പത്തികപരിമിതി ഉള്ളപ്പോഴും ഗവൺമെന്റ് കോളേജുകളിലേയ്ക്ക് അദ്ധ്യാപകരെ നിയമിക്കുന്നു, പാരാ മെഡിക്കൽ സ്റ്റാഫിനെ നിയമിക്കുന്നു, മറ്റു സ്റ്റാഫുകളെ നിയമിക്കുന്നു. എല്ലാ ഗവൺമെന്റ് കോളേജുകളുടേയും സ്റ്റാൻഡേർഡ് ഉയർത്താൻ ഗവൺമെന്റ് ശ്രമിക്കുന്നു. നേരത്തേ പാവപ്പെട്ടവർക്ക് കിട്ടിക്കൊണ്ടിരുന്ന എല്ലാ സീറ്റുകളും, കേരളത്തിലെ പ്രൊഫഷണൽ കോളേജിൽ ഗവൺമെന്റ് കോളേജിൽ കിട്ടിയിരുന്ന മുഴുവൻ സീറ്റുകളും അതേപടി നിൽക്കുകയാണ്. ആ സീറ്റിന് പുറമേയാണ് ഗവൺമെന്റ് സ്ഥാപിച്ച, ഗവൺമെന്റിന്റെ പുതിയ നയത്തിന്റെ ഫലമായി പതിനായിരക്കണക്കിന് സീറ്റുകൾ സ്വാശ്രയ കോളേജുകളിൽ ഉണ്ടായത്. അതുണ്ടായപ്പോൾ ഗവൺമെന്റ് ഒരു കാര്യം തീരുമാനിച്ചു. നേരത്തേയുള്ള സീറ്റുകൾ നിലനിൽക്കുന്നതിന്റെ കൂടെ പതിനായിരക്കണക്കിന് പുതിയ സീറ്റുകൾ ഉണ്ടാകുമ്പോൾ അതിന്റെ ഒരു ഭാഗം കേരളത്തിലെ സാധാരണക്കാരായ കുട്ടികൾക്കു

LIBRARY ARCHIVES Kerala Legislative Assembly

കൂടി ലഭിക്കണം. അതുകൊണ്ട് ഗവൺമെന്റ് പറഞ്ഞു, സ്വാശ്രയ കോളേജുകൾ വരട്ടെ. വിദ്യാഭ്യാസ മേഖല തുറന്നുകൊടുക്കാം. പക്ഷെ അങ്ങനെ തുറന്നു കൊടുക്കുന്നതിന്റെ ഫലമായി ഉണ്ടാകുന്ന സ്ഥാപനങ്ങളിൽ പഠിക്കാൻ ഇവിടെ സാമ്പത്തികമായി ശക്തിയുള്ളവർക്ക് മാത്രം പോരാ, സമ്പന്നവിഭാഗത്തിന് മാത്രം പോരാ, പുതിയ അവസരങ്ങളുടെ നേർപകുതി ഇവിടത്തെ സാധാരണക്കാരുടെ കുട്ടികൾക്കും ഉണ്ടാകണം. അതുകൊണ്ട് എല്ലാ സ്വാശ്രയ സ്ഥാപനങ്ങളിലും പകുതി സീറ്റ് ഗവൺമെന്റിന്, പകുതി മാനേജ്മെന്റിന്. രണ്ട് സ്വാശ്രയ കോളേജുകൾ ഉണ്ടാകുമ്പോൾ ഒരു ഗവൺമെന്റ് കോളേജിന്റെ ഫലമുണ്ടാകണം. 50 ശതമാനം ഗവൺമെന്റ് സീറ്റിൽ റിസർവേഷൻ വ്യവസ്ഥയോടുകൂടി മെറിറ്റിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ തെരഞ്ഞെടുക്കും. 50 ശതമാനം മാനേജ്മെന്റിന് ഇത് തുടങ്ങിയപ്പോഴുള്ള നിലപാടാണ്. സ്വാശ്രയ കോളേജുകൾക്ക് എൻ.ഒ.സി. കൊടുത്തപ്പോൾ തന്നെ ഈ സർക്കാരിന്റെ നിലപാട് അതാണ്. അന്ന് പ്രതിപക്ഷത്തിന് തർക്കമില്ലായിരുന്നു, വിദ്യാർത്ഥി സംഘടനകൾക്ക് തർക്കമില്ലായിരുന്നു, മാനേജുമെന്റിനും തർക്കമില്ലായിരുന്നു. ഇല്ലാത്ത സ്ഥലത്ത് പുതിയ സ്ഥാപനങ്ങൾ വരട്ടെയെന്ന് എല്ലാവരും അനുകൂലിച്ചു, മാനേജുമെന്റുകളും രാഷ്ട്രീയ കക്ഷികളും അധ്യാപക സംഘടനകളും വിദ്യാർത്ഥി സംഘടനകളുമെല്ലാം അനുകൂലിച്ചു. കോളേജുകൾ യാഥാർത്ഥ്യമായി കഴിഞ്ഞപ്പോൾ എല്ലാവരുടേയും നിലപാടുകളിൽ വ്യത്യാസമുണ്ടായി. കോളേജുകൾ യാഥാർത്ഥ്യമായിക്കഴിഞ്ഞപ്പോൾ ചില മാനേജുമെന്റുകൾ 50% സീറ്റ് ഗവൺമെന്റിൽ നിലനിർത്തുന്ന കാര്യത്തിൽ മടി കാണിച്ചു, അഥവാ ഗവൺമെന്റിനു തന്നാൽത്തന്നെ അവിടുത്തെ ഫീസിന്റെ കാര്യം മാനേജുമെന്റ് നിശ്ചയിക്കുമെന്നുള്ള നിലപാടുവന്നു. അതിന്റെപേരിലാണ് തർക്കമുണ്ടായത്, അതിന്റെ ഫലമായി കേസുകളുണ്ടായി. ഗവൺമെന്റ് അന്നും ആ നിലപാടിൽ നിന്നു. കഴിഞ്ഞ വിദ്യാലയ വർഷത്തിൽ കേരളമാകെ സംഘർഷമായിരുന്നു. അന്ന് വിദ്യാർത്ഥികൾ മുഴക്കിയ മുദ്രാവാക്യം 50% ഗവൺമെന്റ് സീറ്റിൽ ഗവൺമെന്റ് കോളേജുകളിലെ ഫീസ് നിശ്ചയിക്കണമെന്നായിരുന്നു, അതിനായിരുന്നു സമരം. അതിന് ചില മാനേജുമെന്റുകൾ സമ്മതിച്ചില്ല. കോടതിയിൽ പോയി കേസുണ്ടായി, അതിനെത്തുടർന്ന് പ്രത്യാഘാതങ്ങളെല്ലാമുണ്ടായി. ഈ നിയമത്തിൽ എന്താണ് പറയുന്നത്? 50% സീറ്റ് ഗവൺമെന്റ് പറയുന്നതുപോലെ merit cum reservation, അത് ആദ്യകാലം മുതൽ വിദ്യാർത്ഥി സംഘടനകൾ പറഞ്ഞ ഡിമാൻഡാണ്. 50% മാനേജുമെന്റിന്. ഒരു ഘട്ടത്തിൽപ്പോലും 50% മാനേജുമെന്റ് സീറ്റിൽ നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് പറഞ്ഞിട്ടില്ല, എൻ.ഒ.സി. കൊടുത്തപ്പോഴും

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ടില്ല, കഴിഞ്ഞ വർഷവും പറഞ്ഞിട്ടില്ല. നേർപകുതി ഗവൺമെന്റ് സീറ്റ് എന്നുള്ള നിലപാട് ആദ്യം മുതലുള്ളതാണ്. എൻ.ഒ.സി. കൊടുക്കുന്ന ഒരു ഘട്ടത്തിലും കഴിഞ്ഞ വർഷംവരെ പ്രതിപക്ഷവും പറഞ്ഞിട്ടില്ല. കഴിഞ്ഞവർഷം കേരളമൊട്ടാകെ വിദ്യാർത്ഥി പ്രക്ഷോഭണം ആളിപ്പടർന്ന് ഇവിടെ രക്തച്ചൊരിച്ചിലുണ്ടായപ്പോഴും അന്ന് ഒരു പ്രതിപക്ഷ പാർട്ടിയും ഒരു വിദ്യാർത്ഥി സംഘടനയും മാനേജുമെന്റ് സീറ്റിന്റെ പേരിൽ നിയന്ത്രണമേർപ്പെടുത്തണമെന്നു പറഞ്ഞിട്ടില്ല. അന്നത്തെ തർക്ക വിഷയം ഗവൺമെന്റിനു കിട്ടുന്ന 50% സീറ്റിന്റെ ഫീസിനെക്കുറിച്ചായിരുന്നു, അതിന്റെ നിയന്ത്രണത്തെക്കുറിച്ചായിരുന്നു. അതേക്കുറിച്ചുള്ള സംശയമെല്ലാം മാറി പരിപൂർണ്ണമായി 50% സീറ്റിൽ ഗവൺമെന്റ് ഫീസ് എന്നായിക്കഴിഞ്ഞപ്പോൾ അത് ഞങ്ങൾ സമ്മതിച്ചിരിക്കുന്നു, ഞങ്ങൾ എന്തോ വിട്ടുവീഴ്ച ചെയ്തിരിക്കുന്നു എന്നാണ് പ്രതിപക്ഷം. ഈ സർക്കാരിന് ഈ കാര്യത്തിൽ വ്യക്തമായ കാഴ്ചപ്പാടുണ്ട്. കേരളം ഇന്ത്യയുടെ ഭാഗമാണ്. അയൽ സംസ്ഥാനങ്ങളിൽ മുഴുവൻ നൂറുകണക്കിന് പ്രൊഫഷണൽ സ്ഥാപനങ്ങൾ വരികയും നമ്മുടെ കുട്ടികൾ ഇവിടെ സ്ഥാപനമില്ലാത്തതിന്റെ പേരിൽ അയൽ സംസ്ഥാനങ്ങളിൽ പഠിക്കുകയും ചെയ്യുന്ന സ്ഥിതി തുടരാൻ സാധ്യമല്ല. അങ്ങനെ ഒരു സിദ്ധാന്തപരമായ കടുംപിടിത്തം കേരളം മാത്രം സ്വീകരിച്ചുകൊണ്ടിരുന്നാൽ കേരളത്തിന്റെ ഭാവിക്ക് അത് അപകടമാണ്. കോടിക്കണക്കിന് രൂപ ആണ്ടുതോറും അയൽ സംസ്ഥാനങ്ങളിലേയ്ക്ക് ഒഴുകുന്നു. അതുകൊണ്ട് അയൽ സംസ്ഥാനങ്ങൾ സ്വീകരിക്കുന്ന നിലപാട് കേരളത്തിലുമാകാം. കർണാടകയിലും ആന്ധ്രയിലും തമിഴ്നാട്ടിലും മാത്രമല്ല പശ്ചിമബംഗാളിൽ വരെ self-financing കോളേജുകളുണ്ട്. പശ്ചിമ ബംഗാളിലെ ഗവൺമെന്റ് കോളേജിൽപ്പോലും കേരളത്തിലെ ഗവൺമെന്റ് കോളേജിൽ കൊടുക്കുന്ന ഫീസിന്റെ നാലിരട്ടിയോ അഞ്ചിരട്ടിയോ ഫീസ് ഈടാക്കുന്നു. അപ്പോൾ ബംഗാളിലും മറ്റെല്ലാ സംസ്ഥാനങ്ങളിലും self-financing കോളേജുകൾ വരുമ്പോൾ കേരളം മാത്രം ഇതിൽനിന്നെല്ലാം വ്യത്യസ്തമായി ഒരു സിദ്ധാന്തപരമായ കടുംപിടിത്തം പിടിച്ച് ഇവിടെ പ്രൊഫഷണൽ സ്ഥാപനങ്ങൾ പുതുതായി വരണ്ട, പണമുള്ളവരുടെ കുട്ടികൾ പുറത്തുപോയി പഠിക്കട്ടെ എന്നുള്ള നിലപാട് സ്വീകാര്യമല്ല. അയൽ സംസ്ഥാനങ്ങൾക്ക് സ്വീകാര്യമായ നിലയിൽ കേരളത്തിലും മാറ്റം വരണം. അങ്ങനെ സ്വാശ്രയ സ്ഥാപനങ്ങൾ കൊണ്ടുവരാൻ തീരുമാനിച്ചു. ഗവൺമെന്റ് വരുത്തിയ മാറ്റമാണത്, ആ മാറ്റത്തിന്റെ ഗുണഫലങ്ങൾ ഇന്ന് ഈ സംസ്ഥാനത്തുമുണ്ടായിട്ടുണ്ട്. അപ്പോൾ അതിന്റെ പ്രയോജനം സമ്പത്തുള്ളവർക്കും സാധാരണക്കാർക്കും കിട്ടണമെന്ന് ഗവൺമെന്റിന് നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ടാണ് 50% സീറ്റ് നിർബന്ധമായും ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നവർക്കായിരിക്കണം, Entrance Commissioner നടത്തുന്ന പരീക്ഷയിൽ ജയിക്കുന്നവർക്കായിരിക്കണം, അവരുടെ ഫീസ് സർക്കാർ പറയുന്നതു പോലെയായിരിക്കണം എന്നു തീരുമാനിച്ചത്. അതു സാധിച്ചു കഴിഞ്ഞാൽ ഇനി തർക്കം പറഞ്ഞ് ഈ സ്ഥാപനങ്ങൾ അടച്ചു പൂട്ടിക്കണമെന്നുള്ള ആഗ്രഹം ഗവൺമെന്റിനില്ല. ഇവിടെ വിദ്യാഭ്യാസ മേഖല തുറന്നുകൊടുത്ത് അയൽ സംസ്ഥാനങ്ങളിലേയ്ക്ക് ഒഴുകിയിരുന്ന കോടിക്കണക്കിന് പണത്തിന്റെ ഒഴുക്ക് നിർത്തി, പതിനായിരക്കണക്കിന് കുട്ടികൾക്ക് കേരളത്തിൽ പഠിക്കാൻ അവസരം നൽകിയ ഈ സർക്കാർ കേരളത്തിൽ തുടങ്ങിയ ഒരു മെഡിക്കൽ കോളേജും ഒരു എഞ്ചിനീയറിംഗ് കോളേജും ഒരു ഡെന്റൽ കോളേജും, ഒരു ആയുർവേദ കോളേജും, ഒരു സിദ്ധ കോളേജും, ഒരു നഴ്സിംഗ് കോളേജും പൂട്ടാൻ ആഗ്രഹിക്കുന്നില്ല, പൂട്ടാൻ ഞങ്ങൾ സമ്മതിക്കില്ല. അക്രമത്തിൽക്കൂടി അത്തരം സ്ഥാപനങ്ങളെ അടിച്ചു തകർക്കാൻ ശ്രമിച്ചാൽ, നിയമം കൈയിലെടുക്കുന്നവരെ ശക്തമായി ഈ സർക്കാർ നേരിടും. സാധാരണക്കാരുടെ കുട്ടികളുടെ താല്പര്യങ്ങൾ സംരക്ഷിക്കും. അതോടൊപ്പം ഈ സ്ഥാപനങ്ങൾ കേരളത്തിൽ നിലനിൽക്കണം, ഇനിയും ധാരാളമായി സ്വാശ്രയ സ്ഥാപനങ്ങൾ പുതിയ മേഖലയിലുണ്ടാകണം, ആ സ്ഥാപനങ്ങളെ അന്തർദ്ദേശീയ നിലവാരമുള്ള സ്ഥാപനങ്ങളായി വളർത്തിക്കൊണ്ടുവരണം, അതാണ് ഈ സർക്കാരിന്റെ ആഗ്രഹം. അതിനെ അനുകൂലിക്കുന്നതിനുപകരം 50% എന്നുള്ള നിലപാട് അംഗീകരിച്ചതിനുശേഷം സ്വാശ്രയ സ്ഥാപനങ്ങളെയെല്ലാം തകർക്കുന്നതിനുപറ്റിയ ഒരു നിലപാട് പ്രതിപക്ഷം സ്വീകരിച്ചത് ആർക്കുവേണ്ടിയാണ്? കേരളത്തിലെ വിദ്യാർത്ഥികൾക്കുവേണ്ടിയല്ല, കേരളത്തിലെ രക്ഷാകർത്താക്കൾക്കുവേണ്ടിയല്ല, അറിഞ്ഞായാലും ഇല്ലെങ്കിലും ഈ നിലപാടിന്റെ പ്രയോജനം കിട്ടാൻ പോകുന്നത് അയൽ സംസ്ഥാനങ്ങളിലെ സ്വകാര്യ വിദ്യാഭ്യാസ ലോബിക്കുമാത്രമാണ്. അവരെ സഹായിക്കുന്ന, ആത്മഹത്യാപരമായ കേരളത്തിന്റെ താല്പര്യത്തിനെതിരായ നടപടിയാണത്. കേരളത്തിലെ വിദ്യാർത്ഥികളുടെ താല്പര്യത്തിനെതിരായ, കേരളം ഉന്നത വിദ്യാഭ്യാസത്തിന് destination point ആയി അടുത്ത 5-10 കൊല്ലം കഴിയുമ്പോൾ ആകണമെന്ന് ആഗ്രഹിക്കുന്ന താല്പര്യത്തിനെതിരായ ഒരു നിലപാട് ഈ ഘട്ടത്തിൽ പ്രതിപക്ഷങ്ങൾ എടുത്തത് നിർഭാഗ്യകരമായിപ്പോയി. അവർ ഇത് ആലോചിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു, തെറ്റുതിരുത്തുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഏതായാലും വളരെ ആലോചനകൾക്കുശേഷം ഏറ്റവും സുപ്രധാനമായ ഒരു നിയമം ഇവിടെ നമുക്ക് പാസ്സാക്കാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. ഇനിയും തർക്കിക്കാതെ, ബഹളം വയ്ക്കാതെ, സംഘർഷമുണ്ടാക്കാതെ, രക്തച്ചൊരിച്ചിലില്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

ഈ നിയമം യാഥാർത്ഥ്യമാക്കുവാൻ എല്ലാവരും, വിദ്യാർത്ഥി സംഘടനകളും രാഷ്ട്രീയ പാർട്ടികളും മാനേജുമെന്റുകളും യാഥാർത്ഥ്യബോധം ഉൾക്കൊള്ളണം, കേരളത്തിലെ അന്തരീക്ഷത്തിൽ മാനേജുമെന്റുകൾക്ക് പരിപൂർണ്ണ സ്വാതന്ത്ര്യമുള്ള സ്വാശ്രയ കോളേജുകൾ എന്തുകൊണ്ട് കഴിഞ്ഞ 30 വർഷമായി കേരളത്തിലുണ്ടായില്ല. കേരളത്തിലെ അന്തരീക്ഷം അതായിരുന്നു, ആ അന്തരീക്ഷം മനസ്സിലാക്കിക്കൊണ്ടാണ് ഈ ഗവൺമെന്റ് യാഥാർത്ഥ്യബോധമുള്ള നിലപാട് സ്വീകരിച്ചത്. ഈ നിലപാടുമായി സഹകരിക്കുവാൻ മാനേജുമെന്റും തയ്യാറാകണം, മാനേജുമെന്റുകൾക്കും യാഥാർത്ഥ്യബോധം വേണം, പ്രതിപക്ഷത്തിനുമാത്രമല്ല മാനേജുമെന്റുകൾക്കും വിദ്യാർത്ഥി സംഘടനകൾക്കും രാഷ്ട്രീയ പാർട്ടികൾക്കുമെല്ലാവർക്കും യാഥാർത്ഥ്യ ബോധം വേണം. ഗവൺമെന്റ് എടുത്ത നിലപാട് കേരളത്തിന്റെ നന്മയ്ക്കാണ്, കേരളത്തിലെ വിദ്യാർത്ഥികളുടെ നന്മയ്ക്കാണ്, രക്ഷാകർത്താക്കളുടെ നന്മയ്ക്കാണ്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ പുരോഗതിക്ക് ആവശ്യമാണ്. അപ്പോൾ എല്ലാ വിഭാഗങ്ങളും മാനേജുമെന്റും രാഷ്ട്രീയ പാർട്ടികളും വിദ്യാർത്ഥി സംഘടനകളും അധ്യാപക സംഘടനകളും എല്ലാവരും ഗവൺമെന്റുമായി സഹകരിച്ചുകൊണ്ട് ഈ വർഷമെങ്കിലും രക്തച്ചൊരിച്ചിലില്ലാതെ സമാധാനപരമായി ഉന്നത വിദ്യാഭ്യാസ രംഗം പ്രവർത്തിക്കാനുള്ള സാഹചര്യമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനും ഫീസ് നിശ്ചയിക്കലിനും ഉള്ള നടപടിക്രമവും) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.........................

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2004 ജൂലായ് 6-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്ന തിലേയ്ക്കായി സഭ രാത്രി 10.19-ന് പിരിഞ്ഞു.)



LIBRARY ARCHIVES Kerala Legislative Assembly